# THE MALANKARA SYRIAN CATHOLIC CHURCH

# IInd MAJOR ARCHIEPISCOPAL ASSEMBLY 2019

# "GRACE FILLING FAMILIES"

THEMATIC GUIDELINES
FOR STUDY AND DISCUSSION
(*Lineamenta*)

Imprimatur:

✠ **Moran Mor Baselios Cardinal Cleemis**
Major Archbishop - Catholicos
of the Syro - Malankara Catholic Church

*Prepared by:*
Most Rev. Dr. Thomas Mar Eusebius (Convenor)
Most Rev. Dr. Thomas Mar Anthonios
Most Rev. Dr. Samuel Mar Irenios

*Published by:*
Major Archiepiscopal Curia
Catholicate Centre
Trivandrum - 695 004, Kerala.

*Published on:*
1 March 2019

*Printed at:*
St. Mary's Press, Pattom
Trivandrum. Ph:- 0471 2446116

# ഉള്ളടക്കം


| | |
|---|---|
| | പേജ് |
| ദ്വിതീയ അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന | |
| അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ സന്ദേശം | 5 |
| പഠനത്തിനും ചർച്ചയ്ക്കുമായുള്ള മാർഗരേഖ (*Lineamenta*) | 7-102 |

# The Syro-Malankara Catholic Church

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: + 91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com


## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രണ്ടാമത് സഭാ അസംബ്ലിക്ക് ഒരുക്കമായുള്ള പഠനരേഖ

## 'കൃപ നിറയുന്ന കുടുംബങ്ങൾ'

## സന്ദേശം

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു സ്വയംഭരണ സ്വയാധികാര സഭയായി ആഗോള കത്തോലിക്കാ സഭാ കൂട്ടായ്മയിൽ ഉൾച്ചേർന്നതിന്റെ 15-ാം വാർഷികത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. അതിന്റെ പശ്ചാതലത്തിൽ നമ്മുടെ സഭാത്മകജീവിതത്തെ പരിശുദ്ധാത്മ നിറവിൽ പരിചിന്തനം ചെയ്യുന്നതിനും ദൈവസംസർഗ്ഗത്തിൽ കൂടുതൽ ഉൾച്ചേർക്കുന്നതിനുമായി രണ്ടാമത്തെ സഭാ അസംബ്ലി വിളിച്ചുകൂട്ടുവാൻ 2018 ഫെബ്രുവരി 19 മുതൽ 23 വരെ കാതോലിക്കേറ്റ് സെന്ററിൽ കൂടിയ സഭയുടെ 22-ാമത് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. സുദീർഘമായ ചർച്ചകൾക്കുശേഷം, നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, സമൂഹത്തിന്റെ അടിസ്ഥാനഘടകമായ 'കുടുംബം', സഭയുടെ ദ്വിതീയ അസംബ്ലിയുടെ പൊതുവിഷയമായി തിരഞ്ഞെടുത്തു. ഇതുവഴി "സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ" എന്ന പ്രഥമ അസംബ്ലിയുടെ വിഷയത്തിന്റെ തുടർച്ചയായി **"കൃപ നിറയുന്ന കുടുംബങ്ങളിലേക്ക്"** സഭയുടെ അടിയന്തിരമായ ശ്രദ്ധതിരിക്കുവാൻ ആഗ്രഹിക്കുകയാണ്. സങ്കീർണതകളുടെ നടുവിൽ ആയിരിക്കുന്ന കുടുംബാന്തരീക്ഷത്തിൽ ദൈവീക കൃപാമാരി പെയ്തിറങ്ങാൻ സഭ ഒന്നാകെ പ്രാർത്ഥിച്ച് ഒരുങ്ങേണ്ട കാലമാണിത്.

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് കൺവീനറായും, അഭിവന്ദ്യരായ തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ പിതാക്കന്മാർ അംഗങ്ങളായുള്ള ഒരു കേന്ദ്രകമ്മറ്റിയെ "കൃപ നിറയുന്ന കുടുബങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠനരേഖ തയ്യാറാക്കി സമർപ്പിക്കാൻ ചുമതലപ്പെടുത്തി. കേന്ദ്രകമ്മറ്റി തയ്യാറാക്കി സമർപ്പിച്ച കരടുരേഖ അഭിവന്ദ്യ പിതാക്കന്മാർ നിരവധി പ്രാവശ്യം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. അതിനുശേഷം അതതു രൂപതകളിൽനിന്ന് അഭിവന്ദ്യ പിതാക്കന്മാർ നിർദ്ദേശിച്ച ഒരു വൈദികനും, ഒരു അല്മായനും എന്ന തലത്തിൽ സഭയിലെ എല്ലാ ഭദ്രാസനങ്ങളിലെയും പ്രതിനിധികളും, പ്രത്യേകം നിയോഗിക്കപ്പെട്ടവരും പ്രസ്തുത രേഖ പഠനവിധേയമാക്കുകയും വിചിന്തനങ്ങൾ രേഖാമൂലം കേന്ദ്രസമിതിയെ അറിയിക്കുകയും ചെയ്തു. തുടർന്ന്, ബഹുമാനപ്പെട്ട ജോസഫ്

വള്ളിയാട്ടച്ചന്റെ പ്രത്യേക സഹായത്തോടെ തയ്യാറാക്കിയ പഠനത്തിനും ചർച്ചയ്ക്കുമായുള്ള പഠനരേഖയാണ് ഈ പുസ്തകത്തിലൂടെ പ്രസിദ്ധീകരിക്കുന്നത്. ഈ അടിസ്ഥാനരേഖ, രൂപതാ തലങ്ങളിൽ പഠനവിധേയമാക്കുന്നതിനും, രൂപതാ അസംബ്ലികൾ അതുവഴി സുഗമമായി നടത്തുന്നതിനുംവേണ്ടി ഓരോ രൂപതയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് ടീമിന് രണ്ടു ദിവസത്തെ പരിശീലനം സഭയുടെ ആസ്ഥാനകാര്യാലയത്തിൽവച്ച് 2019 ഫെബ്രുവരി 8, 9 തീയതികളിൽ ഇതിനോടകം നൽകുകയും ചെയ്തു.

**ഈ പഠനരേഖ 2019 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ ഇടവകതലത്തിലും, ജില്ലാതലത്തിലും, ഭദ്രാസനതലത്തിലും, രൂപതയിലെ വിവിധ പ്രേഷിതമേഖലകളിലും പഠന വിധേയമാക്കുകയും ചർച്ച ചെയ്യപ്പെടുകയും വേണം. ഭദ്രാസനാദ്ധ്യക്ഷന്റെ മേൽനോട്ടത്തിൽ ഈ കാര്യങ്ങൾ സമയബന്ധിതമായി ക്രമപ്പെടുത്തേണ്ടതാണ്. രൂപതാതലത്തിൽ നടത്തപ്പെടുന്ന അസംബ്ലിയുടെ അവലോകന റിപ്പോർട്ട് കാതോലിക്കേറ്റ് സെന്ററിലേക്ക് 2019 ജൂലൈ ആദ്യ ആഴ്ചയിൽതന്നെ അയച്ചുതരേണ്ടതാണ്. അതിനെത്തുടർന്ന്, 2019 ഒക്ടോബർ മാസം 8, 9, 10 തീയതികളിൽ നമ്മുടെ സഭാ അസംബ്ലി നടത്തുന്നതായിരിക്കും.**

ആധുനിക കാലഘട്ടത്തിൽ കുടുബജീവിതത്തെയും കുടുബമൂല്യങ്ങളെയും താറുമാറാക്കുന്ന അനേകം പ്രവണതകൾ നമ്മുടെ ചുറ്റിലും ദിനംപ്രതി വളർന്നു വരുന്നുണ്ട്. പാവനമായ കുടുംബബന്ധങ്ങളെ അത് സാരമായി ബാധിക്കുന്നു എന്നത് ഒരു സത്യമാണ്. സമൂഹത്തിന്റെയും സഭയുടെയും അടിസ്ഥാനഘടകമായ കുടുംബം സുദൃഢമായെങ്കിൽ മാത്രമേ സമൂഹവും, സഭയും നിലനിൽക്കുകയുള്ളൂ. കുടുംബമെന്ന ദൈവികപദ്ധതിയെ വിശ്വാസതീഷ്ണതയും സന്മാർഗ്ഗബോധവും ഭക്തിയും പരസ്പരബന്ധവും നിറഞ്ഞുനിൽക്കുന്ന കുടുംബങ്ങളാക്കി സഭയ്ക്കും സമൂഹത്തിനും കരുത്തു പകരുക എന്ന ലക്ഷ്യത്തോടെയാണ് ദ്വിതീയ സഭാ അസംബ്ലി വിളിച്ചുകൂട്ടുന്നത്. തിരുകുടുംബം നൽകുന്ന നല്ല ജീവിതമാതൃക സ്വായത്തമാക്കി കുടുംബബന്ധങ്ങൾ സുദൃഢമാകട്ടെ! അതിനുള്ള നല്ലൊരു അവസരമായി ഈ സഭാ അസംബ്ലിയെ നമുക്ക് ഹൃദയപൂർവ്വം സ്വീകരിക്കാം!

**ഈ പഠനരേഖ സഭയുടെ ആധികാരികമായ പ്രബോധനമല്ല. നിരവധി വ്യക്തികളുടെ നിർദ്ദേശങ്ങൾ അടങ്ങിയ പഠനസഹായി മാത്രമാണ്. സഭാ അസംബ്ലിക്കുശേഷം സഭാദ്ധ്യക്ഷൻ പ്രസിദ്ധീകരിക്കുന്ന പ്രബോധനരേഖയാണ് ആധികാരിക രേഖ എന്നത് ഏവരേയും ഓർമ്മപ്പെടുത്തട്ടെ!**

സഭാ അസംബ്ലിയുടെ ഈ അടിസ്ഥാന പഠനരേഖ സഭയുടെ പൊതുപഠനത്തിനും, വിശകലനത്തിനും, ചർച്ചയ്ക്കുമായി നൽകുന്നു.

ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ കർദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

01 മാർച്ച് 2019
കാതോലിക്കേറ്റ് സെന്റർ, പട്ടം

# "കൃപ നിറയുന്ന കുടുംബങ്ങൾ"

## പഠനത്തിനും ചർച്ചയ്ക്കുമായുള്ള മാർഗരേഖ

(*Lineamenta*)

# <u>ഉള്ളടക്കം</u>

പേജ്


**മുഖമൊഴി** 11

**ഒന്നാം ഭാഗം: കുടുംബത്തെക്കുറിച്ചുള്ള ക്രിസ്തീയ ദർശനം**

**അദ്ധ്യായം ഒന്ന്: പ്രത്യാശയോടും സന്തോഷത്തോടും കുടുംബങ്ങളെ ഉറ്റുനോക്കുമ്പോൾ** **14**

ദൈവസ്നേഹത്തിന്റെ ദിവ്യരഹസ്യം 14

*1.1. സമകാലീന സഭയുടെ സമീപനം* 14

കുടുംബം സമകാലീന സഭാ പ്രബോധനങ്ങളിൽ 14

മലങ്കര സഭയുടെ അജപാലന സമീപനത്തിൽ 16

*1.2. വെല്ലുവിളികളും പ്രശ്നങ്ങളും* 16

ആഗോള സാഹചര്യങ്ങൾ 16

മലങ്കര സഭയുടെ സവിശേഷ സാഹചര്യങ്ങൾ 17

*1.3. ഉറവിടങ്ങളും അടിത്തറകളും* 19

നവീന സമീപനത്തിന് അടിത്തറകൾ 19

ദൈവിക പുണ്യങ്ങളും ദൈവദത്തമായ നന്മകളും 20

കുടുംബവും ദൈവവിളിയും 21

**അദ്ധ്യായം രണ്ട്: വിവാഹം: വിശ്വാസത്തിൽ സ്വീകരിക്കപ്പെടുന്ന രഹസ്യം** **22**

ദൈവം കുടുംബത്തിന്റെ സ്ഥാപകൻ 22

*2.1. സ്നേഹത്തിന്റെ ദൈവികഭാവങ്ങൾ* 22

കുടുംബം ദൈവിക രഹസ്യം 22

ദാമ്പത്യസ്നേഹത്തിന്റെ മൗതിക ഭാവങ്ങൾ 23

*2.2. വിളിക്ക് അനുയോജ്യമായ കൃപാദാനം* 23

ഏകവും അവിഭക്തവുമായ സ്നേഹം 23

കുറവുകളെ മറികടക്കുന്ന സ്നേഹം 24

പൂർണ്ണതയിലേക്ക്, ക്ഷമയോടെ 25

വിശ്വാസമെന്ന അടിസ്ഥാനം 25

*2.3. സഭാത്മകമായ സമർപ്പണം* 26

ഗാർഹിക സഭ 26

വിളിയുടെ ഗർഭഗൃഹം 27

**അദ്ധ്യായം മൂന്ന്: കുടുംബം: സ്നേഹത്തിന്റെ ഭവനം** **29**

പരി. ത്രിത്വത്തിന്റെ ഛായയിൽ 29

*3.1. സ്നേഹത്തിന്റെ ഉറവിടങ്ങൾ* 29

ദൈവികസ്നേഹത്തിന്റെ പ്രകാശനം 29

ദൈവം, സ്ഥിരതയുടെ ആധാരം 30

വിശുദ്ധ കുർബാന എന്ന ശക്തിസ്രോതസ്സ് 30

തിരുക്കുടുംബത്തിന്റെ പാതയിൽ 31

*3.2. ശരീരം ധരിക്കുന്ന സ്നേഹം* 31

ലൈംഗികത എന്ന ദിവ്യദാനം 31

ഇണയും തുണയുമായി 32

വിശുദ്ധിയിലേക്കുള്ള വിളി 33

മനുഷ്യപ്രകൃതിയും ലൈംഗികതയും 33

*3.3. വിശ്വസ്തതയും ഫലസമൃദ്ധിയും* 34

ദാമ്പത്യത്തിന്റെ മാനുഷികമായ ആധാരം 34

മടക്കയാത്രയില്ലാത്ത വഴിയിറക്കം 35

ഫലസമൃദ്ധമായ സ്നേഹം 36

*3.4. സ്നേഹത്തിന്റെ നാനാർത്ഥങ്ങൾ* 37

അണുകുടുംബവും അനുബന്ധ കുടുംബങ്ങളും 37

ഉപവിയും ദാനധർമ്മവും 38

*3.5. വെല്ലുവിളിക്കപ്പെടുന്ന സ്നേഹം* 39

അപക്വമായ കാഴ്ചപ്പാടുകളുടെ സ്വാധീനം 39

സമർപ്പണം അസാധ്യമാക്കുന്ന മനോനിലകൾ 40

ലൈംഗിക അരക്ഷിതത്വം 41

കുടുംബവ്യവസ്ഥയുടെ സ്വാധീനങ്ങൾ തെറ്റാതിരിക്കണം 42

തിരിച്ചുപിടിക്കേണ്ട ചില നന്മകൾ 43

*3.6. സ്നേഹം പരാജയപ്പെടുമ്പോൾ* 45

സഭാപരമായ അജപാലന സമീപനം 45

വേർപിരിയലിന്റെ സാധ്യത 45

തോറ്റുകൊടുക്കാത്ത സ്നേഹം 47

*3.7. സ്നേഹത്തിന്റെ രണ്ട് രൂപങ്ങൾ* 48

ദാമ്പത്യസ്നേഹവും സമർപ്പണജീവിതവും 48

**അദ്ധ്യായം നാല്: കുടുംബം: ജീവന്റെ ഉറവിടം 49**

ജീവനും രക്ഷയും നൽകുന്ന സ്നേഹം 49

*4.1. ജീവന്റെ ആരംഭദശയിൽ* 49

ഉദരഫലം എന്ന സമ്മാനം 49

ജീവനിലേക്ക് തുറവിയുള്ള സ്നേഹം 50

കൃത്രിമ ജനനനിയന്ത്രണം എന്ന തിന്മ 51

കൃത്രിമ ജനനനിയന്ത്രണമല്ല കുടുംബക്രമീകരണം 52

ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും 52

കൃത്രിമ ഗർഭധാരണ മാർഗങ്ങൾ 53

ഗർഭഛിദ്രമെന്ന ഭയാനക തിന്മ 53

*4.2. ജീവന്റെ പരിപാലനത്തിൽ* 54

പുതുജീവന്റെ പരിപാലനം 54

വയോധികരും സവിശേഷ ശ്രദ്ധ അർഹിക്കുന്നവരും 55

അതിരുകളറിയാത്ത കരുതൽ 57

രോഗികളുടെയും മരണാസന്നരുടെയും ആത്മീയപരിപാലനം 58

*4.3. നിത്യജീവനിലേക്ക്* 59

മരണമെന്ന ക്രിസ്തീയ അനുഭവം 59

നിത്യജീവനും വിളിയും 60

**അദ്ധ്യായം അഞ്ച്: കുടുംബം: വിശ്വാസത്തിന്റെ വിളനിലം** **61**
വെറും ജിവനല്ല, കൃപാജീവിതം 61
*5.1. തലമുറകൾക്കിടയിൽ വിശ്വാസ കൈമാറ്റം* 61
തലമുറകളിലെ വിശ്വസ്തത 61
മാതൃകയും അനുധാവനവും 62
ദൈവദത്തമായ ഉത്തരവാദിത്വം 62
*5.2. വളരുന്ന വിശ്വാസം* 62
വിശ്വാസത്തിന്റെ ഉള്ളടക്കം 62
സ്വീകരിച്ച്, സ്വന്തമാക്കുന്ന നിയോഗം 63
വിശ്വാസത്തിന്റെ പരിപോഷണം 64
*5.3. കുടുംബം, ഇടവക, സമൂഹം* 65
ഭവനങ്ങളിലെ വിശ്വാസപരിപാലനം 65
ഒന്നാം പ്രമാണമെന്ന ആധാരശില 66
കർത്താവിന്റെ ദിനവും അവിടുത്തെ ജനവും 67
സ്വകാര്യ ലോകങ്ങൾ 68
സുവിശേഷത്തിന്റെ പ്രതിബദ്ധതകൾ 69
ദൈവത്തെ ശ്രവിക്കുന്ന ഇടങ്ങൾ 72
പ്രവർത്തി പഥത്തിലേക്ക് 72

## രണ്ടാം ഭാഗം – സമീപന രേഖ

**1. ഉത്തമ കുടുംബങ്ങളുടെ രൂപീകരണം** **74**
1.1. വിശ്വാസ രൂപീകരണം 74
1.2. മാനവീയ വിദ്യാഭ്യാസം 76
1.3. വിവാഹ ഒരുക്കം 77
1.4. സ്വതന്ത്രവും പൂർണ്ണവുമായ സമ്മതം 78
1.5. വിവാഹ കൂദാശയുടെ ആഘോഷം 79
1.6. നവകുടുംബങ്ങളുടെ പരിപാലനം 80
1.7. തുടരുന്ന രൂപീകരണം 82
**2. ക്രിസ്തീയ ഭവനങ്ങൾ നിർമ്മിക്കുമ്പോൾ** **82**
**3. വളരുന്ന കുടുംബം** **84**
3.1. മക്കളെ സ്വീകരിക്കുമ്പോൾ 84
3.2. മക്കളെ വളർത്തുമ്പോൾ 85
**4. ആദ്ധ്യാത്മിക വളർച്ച** **88**
**5. ഉത്തമ ക്രിസ്തീയ കുടുംബത്തിന്റെ സ്വാഭാവിക പ്രതിബദ്ധതകൾ** **90**
**6. പ്രതിസന്ധികളും പ്രശ്നങ്ങളും** **94**
6.1. ദുരുപയോഗത്തിന്റെ അന്തരീക്ഷം 94
6.2. പരിചരണം ആവശ്യമുള്ള വ്യക്തികൾ 98
6.3. മരണം 98
6.4. വേർപിരിവും വിവാഹമോചനവും 100
6.5. വിശ്വാസപരമായ വെല്ലുവിളികൾ 100
**7. അജപാലന പദ്ധതി** **101**
അടിക്കുറിപ്പുകൾ 103-104

# മുഖമൊഴി

മലങ്കര സുറിയാനി കത്തോലിക്കാ സഭ സ്വയംഭരണാവകാശമുള്ള മേജർ ആർക്കി-എപ്പിസ്കോപ്പൽ സഭയായതിന്റെ അനവധിയായ നന്മകൾ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. കാലാകാലങ്ങളിൽ ഉളവാകുന്ന സാഹചര്യങ്ങൾക്കനുസരിച്ച്, തങ്ങളുടെ സഭാസമൂഹത്തിന്റെ സവിശേഷ ശുശ്രൂഷകളുടെ രൂപഭാവങ്ങൾ തീരുമാനിക്കാൻ സഭാദ്ധ്യക്ഷനെ സഹായിക്കുന്ന ഒരു ഉപദേശക സമിതി എന്ന നിലയിൽ സഭയുടെ അസംബ്ലി വിളിച്ചുകൂട്ടുന്നതിന് പൗരസ്ത്യ കാനൻ നിയമം സഭാദ്ധ്യക്ഷനെ ചുമതലപ്പെടുത്തുന്നുണ്ട് (കാനൻ 140). സഭയിൽ എല്ലാ ജീവിതതുറകളിലുമുള്ള ദൈവജനത്തിന്റെയും ശുശ്രൂഷകരുടെയും പ്രതിനിധികൾ ഒരുമിച്ചുവരുന്ന മേജർ ആർക്കി - എപ്പിസ്കോപ്പൽ അസംബ്ലി, സഭയൊരുമിച്ച് പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്ക് കാതോർക്കുന്നതിനും ജീവിതനവീകരണത്തിനും ശാക്തീകരണത്തിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വലിയ ഒരു അവസരമാണ്.

2011-ൽ ഒന്നാം മലങ്കര കത്തോലിക്കാ സഭാ അസംബ്ലി, സഭയുടെ സുവിശേഷ ദൗത്യത്തെപ്പറ്റി വിചിന്തനം ചെയ്യുകയും, സുവിശേഷ വെളിച്ചത്തിൽ സ്വയം നവീകരിക്കുന്നതിനും ആ വെളിച്ചം അനേകരിലേക്ക് പകരുന്നതിനുമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. ഭാരതമെങ്ങും സുവിശേഷമെത്തിക്കാനുള്ള നമ്മുടെ സഭയുടെ നിയോഗം ചരിത്രപരമായി സഫലീകരിക്കുന്നതിൽ ഒരു പ്രധാന ശക്തിസ്രോതസ്സായി അന്നത്തെ സഭാപരമായ അനുഭവം ഇന്നും നിലനിൽക്കുന്നു.

ഇത്തവണ സഭാമക്കളൊരുമിച്ച്, സഭാ നേതൃത്വത്തോടു ചേർന്ന്, വീണ്ടും ഒരുമിച്ചുവരുമ്പോൾ 'കുടുംബം' എന്ന കൃപാദായകമായ കൂട്ടായ്മ ആണ് നമ്മുടെ ശ്രദ്ധാകേന്ദ്രമായി മാറുന്നത്. 'തങ്ങളുടെ മക്കളെ അത്യധികമായ സ്നേഹത്തോടെ വളർത്തുന്ന മാതാപിതാക്കളെയും, കുടുംബങ്ങളെയും പടുത്തുയർത്തുന്നതിനായി കഠിനാധ്വാനം ചെയ്യുന്ന സ്ത്രീപുരുഷന്മാരെയും'[1] നിറഞ്ഞ നന്ദിയോടെ സഭ ഓർക്കുന്നു. അവരുടെ അധ്വാനത്തോടും സമർപ്പണത്തോടും ചേർന്നു നിൽക്കാൻ സഭ ആഗ്രഹിക്കുന്നു. അനുദിന ജീവിതത്തിൽ അവർ സമർപ്പണത്തിന്റെ ആനന്ദത്തോടെ വഹിക്കുന്ന ഭാരങ്ങളെയും ക്ലേശങ്ങളെയും ബലിയായി സ്വീകരിക്കുന്ന കാരുണ്യവാന് നന്ദിയർപ്പിക്കുന്നു. മക്കളെ വളർത്തുന്നതിനും ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനുമുള്ള അവരുടെ പരിശ്രമങ്ങളിൽ ദൈവികവും കൗദാശികവുമായ ഊർജ്ജം പകരുന്നതിന് സഭ അഭിലഷിക്കുന്നു. ദൈവഹിതം അവർക്ക് നിത്യവും വെളിപ്പെടുന്നതിനും, പ്രതിസന്ധികളിൽ അവർ തളരാതിരിക്കുന്നതിനും ഉൽസുകയായ മാതാവിനെപ്പോലെ സഭ അവർക്ക് നിരന്തരം സംലഭ്യയാകുന്നു.

കുടുംബജീവിതത്തിന്റെ സമകാലീന വെല്ലുവിളികളെക്കുറിച്ച് അവബോധം ഉള്ളവരായിത്തീരുന്നതിന്, അവയെ ദൈവേഷ്ടത്തിനു യോജിച്ചവിധം നേരിടാൻ കരുത്താർജ്ജിക്കുന്നതിന്, പ്രായോഗികമായ അജപാലന-ജീവിത പദ്ധതികൾ രൂപപ്പെടുത്തുന്നതിന്, ഇന്നത്തെ കുടുംബങ്ങൾക്ക് യോജിച്ച ആദ്ധ്യാത്മിക പന്ഥാവിനെക്കുറിച്ച് ഒരുമിച്ച് ചിന്തിക്കുന്നതിന് നമുക്ക് ഈ വിലയേറിയ അവസരം നല്ല ഒരുക്കത്തോടും ഔൽസുക്യത്തോടും ഉപയോഗിക്കാം.

സഭാ അസംബ്ലിയിലെ ചർച്ചകൾക്ക് ദിശാബോധം നൽകുവാൻ കുടുംബത്തെ സംബന്ധിച്ച അടിസ്ഥാന സഭാദർശനങ്ങൾ നമ്മുടെ കാലത്തോടും സാഹചര്യങ്ങളോടും ബന്ധപ്പെടുത്തി വിശദീകരിക്കുന്ന ഒരു മാർഗരേഖ (പഠനസഹായി) പ്രസിദ്ധീകരിക്കുകയാണ്. ഇത് ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളെ സംബന്ധിച്ച ഒരു ദിശാസൂചി മാത്രമാണ്. ഇതിനോട് ബന്ധമുള്ള ദാർശനികവും പ്രായോഗികവുമായ അനവധി വിഷയങ്ങൾ സഭാജീവിതത്തിന്റെ വിവിധ തലങ്ങളിൽ ഇനി വരുന്ന നാളുകളിൽ നാം ചർച്ച ചെയ്യുന്നതായിരിക്കും. രണ്ടു ഭാഗ

ങ്ങളായാണ് ഈ രേഖ ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം ഭാഗം കുടുംബത്തെ സംബന്ധിച്ച അടിസ്ഥാന ദർശനം ക്രമീകൃതമായി ചർച്ച ചെയ്യുന്നു. രണ്ടാം ഭാഗത്തിൽ തുടർന്നുള്ള ചർച്ചകളിൽ പ്രായോഗിക സമീപനങ്ങളായി രൂപം കൊള്ളേണ്ട ആശയങ്ങളെപ്പറ്റി ഒരു രൂപരേഖ നൽകുന്നു.

ഒന്നാം ഭാഗത്തിന്റെ ഘടന ദൈവിക പുണ്യങ്ങളെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ വിവിധ സമീപനങ്ങൾ തീർച്ചയായും സാധ്യമാണ്. ഉദാഹരണമായി *അമോരിസ് ലെത്തീസ്യ* എന്ന പ്രബോധനം വി. പൗലോസിന്റെ സ്നേഹകീർത്തനത്തെ അധികരിച്ചാണ് വികസിക്കുന്നത്. അതുപോലെ വിവാഹത്തിന്റെ ത്രിവിധ നന്മകളായ ദാമ്പത്യ വിശ്വസ്തത, സന്താനപുഷ്ടി, കൗദാശിക കൃപ എന്നിവയെ അധികരിച്ചും കുടുംബത്തെക്കുറിച്ച് വിശദീകരിക്കാറുണ്ട്. ഈ ത്രിവിധ നന്മകളെ ദൈവിക പുണ്യങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാനാണ് നാം ശ്രമിക്കുന്നത്.

സ്നേഹത്തിന്റെയും ജീവന്റെയും ദാനമാണ് വിവാഹമെന്ന വിശുദ്ധ കൂദാശ. ഈ കൃപാദാനം ദൈവത്തിന്റെ രക്ഷാകര സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്നു. ദമ്പതികൾ പരസ്പരവും മക്കളും മാതാപിതാക്കളും തമ്മിലുമുള്ള സ്നേഹത്തിൽ ഈ ദൈവിക സ്നേഹം പുനരാവിഷ്കരിക്കപ്പെടുന്നു. ജീവൻ പ്രത്യാശയിൽ നിലനിൽക്കുന്നു. നിത്യജീവനിൽ പ്രത്യാശ പൂർത്തീകരിക്കപ്പെടുന്നു. ഇതിന്റെയും ഉറവിടവും പൂർത്തീകരണവും ദൈവം തന്നെയാണ്. സ്നേഹത്തിന്റെയും പ്രത്യാശയുടെയും കൃപാദാനം സ്വീകരിക്കുന്നത് വിശ്വാസത്തിലാണ്. വിശ്വാസത്തിന്റെ പങ്കുവയ്പ് സ്നേഹത്തിന്റെയും പ്രത്യാശയുടെയും ആവിഷ്കാരവുമാണ്. ദൈവിക പുണ്യങ്ങളുടെ ഈ പാരസ്പര്യം സൂചിപ്പിക്കുന്ന വിധത്തിലാണ് അദ്ധ്യായങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

രണ്ടാം അദ്ധ്യായത്തിൽ, വിശ്വാസത്തിൽ സ്വീകരിക്കപ്പെടുന്ന ദൈവികദാനം എന്ന നിലയിൽ വിവാഹത്തെ മനസ്സിലാക്കാൻ നാം ശ്രമിക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ സ്നേഹത്തിന്റെ ഉടമ്പടിയും ആവിഷ്കാരവുമായി കുടുംബത്തെ വിശകലനം ചെയ്യുന്നു. ജീവനെ സ്വീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതുവഴി ക്രിസ്തീയമായ പ്രത്യാശയെ പ്രഖ്യാപിക്കുന്ന ഇടമായി നാലാം അദ്ധ്യായം കുടുംബത്തെ സമീപിക്കുന്നു. വിശ്വാസം സ്വീകരിക്കപ്പെടുകയും ബലം പ്രാപിക്കുകയും ചെയ്യുന്ന പ്രാഥമിക ഇടമായി അഞ്ചാം അധ്യായത്തിൽ കുടുംബത്തിന്റെ പ്രാധാന്യം എടുത്തുപറയുന്നു.

ഈ പുണ്യങ്ങൾ പരസ്പര പൂരകങ്ങളായതുകൊണ്ട്, ഇവയെ ആധാരമാക്കി കുടുംബത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ചില വിഷയങ്ങൾ ഈ വിചിന്തനങ്ങളിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടാനിടയുണ്ട്. ഓരോ അദ്ധ്യായവും ഉൾക്കൊള്ളുന്ന കാഴ്ചപ്പാടിന്റെ പൂർണതക്ക് അത് ആവശ്യവുമാണ്.

ഈ പഠനരേഖയുടെ ഉള്ളടക്കം നാം പഠിക്കുകയും ചർച്ച ചെയ്യുകയും വേണം. പഠനത്തിലും സംവാദത്തിലും ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളെ നമ്മുടെ സഭയുടെ അടുത്ത അഞ്ചുവർഷത്തെ അപ്പസ്തോലിക ശുശ്രൂഷകളെ ബലപ്പെടുത്തുന്ന പ്രായോഗിക നിർദ്ദേശങ്ങളായി നാം പകർത്തേണ്ടതുണ്ട്. ആ ദിശയിലേക്കുള്ള ചില പ്രാഥമിക സൂചനകളാണ് ഈ രേഖയുടെ രണ്ടാം ഭാഗത്ത് സമീപനരേഖയായി നൽകിയിരിക്കുന്നത്. സഭാ അസംബ്ലിക്കുശേഷം അത്യഭിവന്ദ്യ കാതോലിക്കാബാവാ നൽകുന്ന പ്രബോധനരേഖയായിരിക്കും ഈ വിഷയത്തിലുള്ള ആധികാരിക പ്രബോധനം. ഈ പഠനസഹായിയുടെ രചനയിൽ സഹായിച്ച ഏവരെയും കൃതജ്ഞതയോടെ ഓർക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**✠ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**

പഠനരേഖാ കമ്മിറ്റി കൺവീനർ

# ഒന്നാം ഭാഗം:

# കുടുംബത്തെക്കുറിച്ചുള്ള ക്രിസ്തീയ ദർശനം

# അദ്ധ്യായം 1
# പ്രത്യാശയോടും സന്തോഷത്തോടും കുടുംബങ്ങളെ ഉറ്റുനോക്കുമ്പോൾ

**1. ദൈവസ്നേഹത്തിന്റെ ദിവ്യരഹസ്യം:** ദൈവം തൃക്കരങ്ങൾ കൊണ്ട് മണ്ണ് മെനഞ്ഞ് ആദിമനുഷ്യനെ സൃഷ്ടിച്ചു; അവൻ ഏകനായിരിക്കുന്നത് നല്ലതല്ല എന്നുകണ്ട് അവനെപ്പോലെയുള്ള ഒരു തുണയെ അവന്റെ ഉടലിൽ നിന്നുതന്നെ മെനഞ്ഞു എന്നാണ് സൃഷ്ടിയുടെ വിവരണം മനുഷ്യോല്പത്തിയെക്കുറിച്ച് പറയുന്നത് (ഉൽപ. 1-2). ഈ വിവരണത്തിന്റെ ഉള്ളർത്ഥം നമുക്ക് വിശദീകരിച്ചു തരുന്നത് ദൈവപുത്രനായ യേശു തന്നെയാണ്. സ്രഷ്ടാവ് ആദിമുതലേ അവരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു; ഇക്കാരണത്താൽ പുരുഷൻ മാതാവിനെയും പിതാവിനെയും വിട്ട് സ്ത്രീയോട് പറ്റിച്ചേരും; അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് (മർക്കോസ് 10, 7-9, മത്താ. 19, 3-7). സ്ത്രീ പുരുഷന്മാരുടെ പരസ്പരബന്ധം, അതിന്റെ ശാരീരികവും വൈകാരികവുമായ തലങ്ങളിൽ പവിത്രവും രക്ഷാകരമായ സന്തോഷം പ്രദാനം ചെയ്യുന്നതുമാണെന്ന് വചനം സാക്ഷിക്കുന്നു (ഉത്തമഗീതം, സങ്കീ. 45). ദൈവത്തിന് തന്റെ ജനത്തോടുള്ള രക്ഷാകരമായ സ്നേഹം അതിൽ നിഴലിക്കുന്നു. മനുഷ്യന്റെ അവിശ്വസ്തതയെപ്പോലും മറികടന്ന് അവനെ പൊതിഞ്ഞു പിടിക്കുന്ന തന്റെ ആർദ്രഹൃദയത്തെ ഒരു പ്രണയിതാവിന്റെ മനസ്സിനോട് തമ്പുരാൻ തന്നെ ഉപമിക്കുന്നു (ഹോസിയ 3). എല്ലാ ഉപമകളുടെയും പൂർത്തീകരണമായി അവൻ കാൽവരിയിൽ അർപ്പിച്ച ബലിയെ പുതിയനിയമം ദാമ്പത്യസ്നേഹത്തിന്റെ ഭാഷയിലൂടെയാണ് വിശദീകരിക്കുക. തന്റെ വധുവിനെ കളങ്കരഹിതയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിന് അവളെ വിശുദ്ധീകരിക്കുവാൻ തന്നെത്തന്നെ സമർപ്പിച്ചു. രക്ഷാദായകവും കരുണാർദ്രവുമായ ഈ സ്നേഹം ജീവിക്കുന്നതിനാണ് ക്രിസ്തീയ ദമ്പതികൾ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് എഫേസ്യ ലേഖനകർത്താവ് വ്യക്തമാക്കുന്നുണ്ട് (എഫേ. 5, 25-33). ഇക്കാരണത്താൽ, ക്രിസ്തീയ വിവാഹം ദൈവകൃപയുടെ അന്യാദൃശ്യമായ ഉറവിടവും വിശുദ്ധമായ വിളിയുമാണ്. ഈ കൃപയുടെ നിറവിലാണ് ക്രിസ്തീയ കുടുംബങ്ങൾ രൂപംകൊള്ളുന്നത്.

മനുഷ്യചരിത്രത്തിന്റെ ഗതിവിഗതികളിൽ അതുല്യമായ ഈ ദാനം പലവിധമായ വെല്ലുവിളികളിലൂടെയും പ്രശ്നങ്ങളിലൂടെയും കടന്നുവന്നിട്ടുണ്ട്. കൃപയുടെ അടയാളങ്ങളെ വിശ്വസ്തതയോടെ സംരക്ഷിക്കുകയും കാലഘട്ടത്തിനു യോജ്യമാംവിധം വിശദീകരിച്ച് തന്റെ മക്കൾക്ക് നൽകുകയും ചെയ്യുന്ന തിരുസഭ നമ്മുടെ കാലത്തും മാതൃനിർവിശേഷമായ വാൽസല്യത്തോടെ ഈ കർത്തവ്യം നിർവഹിക്കുന്നു.

## *1.1. സമകാലീന സഭയുടെ സമീപനം*

**2. കുടുംബം സമകാലീന സഭാ പ്രബോധനങ്ങളിൽ:** ആധുനിക ലോകത്തിൽ ക്രിസ്തീയ കുടുംബങ്ങൾ അനവധി വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്; അതേ സമയം പ്രത്യാശയോടെ വിവാഹ കൂദാശയെ സമീപിക്കുന്നവർക്ക് അത് എന്നും ദൈവത്തിനു പ്രീതികരമായ ജീവിതത്തിന്റെ സാധ്യതകൾ തുറന്നിടുന്നു. സഭ എക്കാലത്തും ഈ പ്രശ്നങ്ങളെയും സാധ്യതകളെയുംപറ്റി നിരന്തരം ധ്യാനിക്കുകയും വിശ്വാസികളെ പ്രബോധിപ്പിക്കുകയും സഭക്കു

പുറത്തുള്ളവരുമായി സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സുനഹദോസ് **"സഭ ആധുനികലോകത്തിൽ"** (*ഗൗദിയും എത് സ്പെസ്*) എന്ന പ്രമാണരേഖയിൽ (47-52) നൽകിയിരിക്കുന്ന പ്രബോധനങ്ങൾ തന്നെയാണ് ആധുനിക കാലത്ത് ഈ വിഷയത്തിലുള്ള അടിസ്ഥാന പ്രബോധനം. 1980-ൽ റോമിൽ നടന്ന മെത്രാന്മാരുടെ സുനഹദോസിനുശേഷം വി. ജോൺ പോൾ രണ്ടാമൻ പാപ്പാ പ്രസിദ്ധീകരിച്ച **"കുടുംബം എന്ന കൂട്ടായ്മ"** (*ഫമിലിയാരിസ് കൊൺസോർസ്യോ*) എന്ന് തലക്കെട്ടുള്ള അപ്പസ്തോലിക ആഹ്വാനം വത്തിക്കാൻ സുന്നഹദോസിന്റെ പ്രബോധനത്തെ സമഗ്രമായി വിശദീകരിക്കുന്നു. കുടുംബങ്ങൾക്കുള്ളിൽ സ്ത്രീകൾ വഹിക്കുന്ന പ്രത്യേക ഉത്തരവാദിത്തങ്ങളെപ്പറ്റി **"സ്ത്രീത്വത്തിന്റെ മഹത്വം"** (*മുളിയേരിസ് ദിഞ്ഞിത്താത്തെം*, 1988) എന്ന തിരുവെഴുത്ത് വിശദീകരിക്കുന്നു. കുടുംബങ്ങൾ ക്രിസ്തുവിലും സഭയിലുമുള്ള തങ്ങളുടെ കൂട്ടായ്മ നവീകരിക്കണമെന്നും സ്നേഹസംസ്കാരം പരിപോഷിപ്പിക്കണമെന്നും വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ **"കുടുംബങ്ങൾക്കൊരു കത്ത്"** (*ഗ്രാത്തിസിമാം സാനേ* 1994) എന്ന തിരുവെഴുത്തിലൂടെ പഠിപ്പിച്ചു. പരി. ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ വിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയ **"സ്നേഹത്തിന്റെ കൂദാശ"** (*സാക്രമെന്തും കാരിത്താത്തിസ്*) എന്ന തിരുവെഴുത്തിന്റെ 27 മുതൽ 29 വരെ ഖണ്ഡികകളിൽ കുടുംബജീവിതത്തിന്റെ കുർബാനാത്മക മാനത്തെക്കുറിച്ച് മനോഹരമായി വിവരിക്കുന്നുണ്ട്. ദാർശനിക ഭാഷയിൽ *ഇറോസ്* (eros) എന്നു വിളിക്കപ്പെടുന്ന വൈകാരികവും ലൈംഗികവുമായ സ്നേഹം അതിൽതന്നെ നന്മനിറഞ്ഞതാണെന്നും, ക്രിസ്തീയ മൂല്യങ്ങളിൽ പരിപാലിക്കപ്പെടുമ്പോൾ അത് പുണ്യത്തിനു നിദാനം ആകുമെന്നും ബനഡിക്റ്റ് പാപ്പ, **"ദൈവം സ്നേഹമാകുന്നു"** (*ദേവൂസ് കാരിത്താസ് എസ്ത് - 2005*) എന്ന ചാക്രികലേഖനത്തിൽ പഠിപ്പിക്കുന്നു.

ഈ പ്രബോധനങ്ങളുടെയെല്ലാം തുടർച്ചയും ആനുകാലികമായ പുനർവായനയുമാണ് പരി. ഫ്രാൻസിസ് പാപ്പായുടെ പ്രബോധനങ്ങളിൽ നിന്ന് നമുക്ക് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്നത്. തന്റെ അപ്പസ്തോലിക ശുശ്രൂഷയുടെ ആരംഭത്തിൽ പ്രസിദ്ധീകരിച്ച **"വിശ്വാസത്തിന്റെ വെളിച്ചം"** (*ലൂമെൻ ഫീദേയി, 2013*) എന്ന ചാക്രിക ലേഖനത്തിൽ വിശ്വാസജീവിതം കുടുംബജീവിതത്തിന്റെ ആധാരമാകുന്നത് എങ്ങനെയെന്ന് പരിശുദ്ധ പിതാവ് വിശദീകരിക്കുന്നു (അധ്യായം 4). വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ദൈവം ദാനവും ചുമതലയുമായി നൽകുന്ന **"സ്നേഹത്തിന്റെ സന്തോഷം"** (*അമോരിസ് ലെത്തീസ്യ*, 2016) വിവരിക്കുന്ന അപ്പസ്തോലികാഹ്വാനം ഈ പരിശുദ്ധ പിതാവിന്റെ ശുശ്രൂഷയെത്തന്നെ അടിസ്ഥാനപരമായി നിർവചിക്കുന്ന ഒരു രേഖയായി മാറിക്കഴിഞ്ഞിരിക്കുന്നു. കുടുംബങ്ങളെ അനുധാവനം ചെയ്യുന്നതിൽ അജപാലകർക്കുണ്ടാകേണ്ട കരുണാർദ്രമായ മനസ്സൊരുക്കമാണ് ഈ തിരുവെഴുത്തിലെ സവിശേഷമായ ശ്രദ്ധ.

**സാർവത്രിക സഭയുടെ മതബോധന ഗ്രന്ഥം** ദൈവിക കൂദാശയെന്ന നിലയിൽ വിവാഹത്തിന്റെ അർത്ഥം സമഗ്രമായി വിശദീകരിക്കുന്നുണ്ട് (1601-1666). സ്ത്രീയും പുരുഷനുമായുള്ള മനുഷ്യസൃഷ്ടിയുടെ പാരസ്പര്യവും (369-373) വിവാഹബന്ധത്തിൽ അതിനുള്ള സവിശേഷമായ സ്ഥാനവും (2360-2379) മതബോധന ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്. **പൗരസ്ത്യ സഭയുടെ കാനോൻ സമാഹാരം** 776-866 ലും വിവാഹത്തെ സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങളും നിയമങ്ങളും നൽകിയിട്ടുണ്ട്.

**3. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അജപാലന സമീപനം:** കുടുംബങ്ങളുടെ ആദ്ധ്യാത്മിക നവോത്ഥാനമാണ് യഥാർത്ഥമായ സുവിശേഷവേലക്കുള്ള വഴി എന്ന ദർശനം ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ഉൾക്കൊണ്ടിരുന്നു[2]. ഇത്തരമൊരു നവോത്ഥാന ത്തിന്റെ ഉറവകളായിട്ടാണ് അദ്ദേഹം ആശ്രമങ്ങൾ വിഭാവനം ചെയ്തത്. **"കുടുംബങ്ങൾക്കൊരു കത്ത്"** എന്ന ലഘുരചനയിൽ ത്യാഗനിർഭരമായ പ്രാർത്ഥനയിലേക്കും, ഉപവിയിലേക്കും ദാന ധർമ്മത്തിലേക്കും തുറക്കുന്ന പരസ്പരസ്നേഹത്തിലും അധിഷ്ഠിതമായ ജീവിതം ആദർശ മായി സ്വീകരിക്കുവാൻ പിതാവ് ദമ്പതികളെ ആഹ്വാനം ചെയ്യുന്നുണ്ട്. കുടുംബജീവിതത്തിന്റെ ആത്മീയോൽക്കർഷത്തിലേക്കുള്ള സവിശേഷമായ ശ്രദ്ധ മലങ്കര സുറിയാനി കത്തോലിക്കാ സഭ അഭംഗുരം നിലനിർത്തിയിരുന്നു. ദൈവദാസൻ കുടുംബസ്ഥർക്കായി മനസ്സിൽകണ്ടിരുന്ന തൃതീയാശ്രമത്തിനായി തയ്യാറാക്കിയ ജീവിതചര്യയെ അധികരിച്ചാണ് 2011-ലെ സഭാ അസം ബ്ലിക്ക് ശേഷം സുവിശേഷ സംഘത്തിനായുള്ള ജീവിതശൈലി ചിട്ടപ്പെടുത്തിയത് എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്.

പ്രാർത്ഥന, ഉപവി, അധ്വാനം, സന്താനങ്ങളുടെ സ്വഭാവരൂപീകരണം എന്നിവയിൽ അധി ഷ്ഠിതമായ ഒരു കുടുംബജീവിതക്രമം മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ അജപാലന വീക്ഷണത്തിന്റെ അടിസ്ഥാന ദർശനങ്ങളിലൊന്നായിരുന്നു. മാറിവരുന്ന സാമ്പത്തിക സാമൂഹ്യ സാഹചര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾക്കിടയിൽ ക്രൈസ്തവമൂല്യങ്ങളിൽ ഉറച്ചുനിന്ന് സ്ഥിരമായി അധ്വാനിക്കാനുള്ള സഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന ക്രിയാത്മകമായ സമീപനം മലങ്കര സുറിയാനി കത്തോലിക്ക സഭ സ്വായത്തമാക്കിയത് ആ പുണ്യപിതാവ് സഭയെ നയിച്ച കാലത്താണ്. 'കുടുംബം ഒരു വിശ്വാസകൂട്ടായ്മ' എന്ന ആശയത്തിനു പ്രാധാന്യം നൽകിയ ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ, ദൈവദാനവും കൃപയും എന്ന നിലയിൽ കുടുംബത്തെ സ്വീകരിക്കുവാനും വിശ്വാസപരിപോഷണത്തിനുള്ള ഉത്തമ വേദിയായി കുടുംബത്തെ പരിഗണിക്കുവാനും സഭയെ പ്രബോധിപ്പിച്ചിരുന്നു[3].

പൂർവ്വപിതാക്കന്മാരുടെ പ്രബോധനവും ഔൽസുക്യവും ഉൾക്കൊണ്ട്, 'കുടുംബ കേന്ദ്രീ കൃതമായ' പ്രായോഗിക സഭാദർശനത്തെ[4] മുൻനിർത്തിയാണ് സഭാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായും വന്ദ്യപിതാക്കന്മാരും പ്രത്യാശയോടും സന്തോഷ ത്തോടും സഭയിലെ കുടുംബങ്ങളെ ഉറ്റുനോക്കുന്നത്. 2011-ലെ സഭാ അസംബ്ലി **"സുവിശേഷ കയായ മലങ്കര സുറിയാനി കത്തോലിക്ക സഭ"** എന്ന വിഷയത്തെക്കുറിച്ചാണ് വിചിന്തനം ചെയ്തത്. പ്രവാചകപരവും പ്രഘോഷണപരവുമായ ശുശ്രൂഷ കുടുംബത്തിൽനിന്ന് ആരംഭി ക്കുന്നു എന്ന് ഈ അസംബ്ലി വ്യക്തമാക്കി[5]. അനന്തര നടപടികളിൽ സുവിശേഷം ജീവിക്കുന്ന തിനും സാക്ഷ്യപ്പെടുത്തുന്നതിനും കുടുംബങ്ങളെ സജ്ജമാക്കുന്നതിനുള്ള മാർഗങ്ങൾ [6] ഉൾപ്പെടു ത്തുകയും ചെയ്തു. അസംബ്ലിക്കുശേഷം പ്രവർത്തനമാരംഭിച്ച സുവിശേഷസംഘം കുടുംബ ങ്ങളുടെ ആത്മീയ നവീകരണത്തിലാണ് പ്രധാനമായും ശ്രദ്ധിക്കുന്നത്.

### *1.2. വെല്ലുവിളികളും പ്രശ്നങ്ങളും*

**4. ആഗോള സാഹചര്യങ്ങൾ:** വിശുദ്ധിയുടെയും സ്ഥിരോൽസാഹത്തിന്റെയും അനുഭവങ്ങൾ മാത്രമല്ല കുടുംബങ്ങളുടേത്. തളർച്ചയും ഇടർച്ചയും അടിക്കടി ഉണ്ടാകുന്നതു മാത്രമല്ല, പാപ ത്തിന്റെയും കൃപാനിഷേധത്തിന്റെയും അനുഭവങ്ങളും കുടുംബങ്ങളിലുണ്ടാകുന്നുണ്ട്. നീതി

നിഷേധിക്കപ്പെട്ട്, കുടുംബങ്ങൾ അവരുടെ സ്വാഭാവികമായ വിളി പിൻചെല്ലാൻ സാധിക്കാതെ വിഷമിക്കുന്ന അവസ്ഥകളുമുണ്ട്. സാംസ്കാരികവും സാമ്പത്തികവുമായ അതിവേഗ മാറ്റങ്ങളുമായി പൊരുത്തപ്പെടാതെ പിൻതള്ളപ്പെട്ട് പോകുന്നുണ്ട്. വിവരസാങ്കേതിക വിദ്യയുടെ പുരോഗതിയും സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വഴിതെറ്റിയ ബന്ധങ്ങളുടെ വളർച്ചയും കുടുംബങ്ങൾക്കുള്ളിൽ വിള്ളലുകൾ വീഴ്ത്തുന്നുണ്ട്. തൊഴിൽ തേടിയുള്ള കുടിയേറ്റം സ്ഥിരമായ വേർപിരിയലിലേക്ക് കുടുംബങ്ങളെ തള്ളിവിടുന്നുണ്ട്. പരിധിവിട്ട സ്വാതന്ത്ര്യത്തിന്റെ തത്ത്വശാസ്ത്രങ്ങൾ, പ്രത്യേകിച്ച് സ്ത്രീപുരുഷ സമത്വത്തെപ്പറ്റിയുള്ള തെറ്റായ സമീപനങ്ങൾ, കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനെ ബാധിക്കുന്നുണ്ട്. ഇങ്ങനെയുള്ള അനവധി വിഷയങ്ങളിൽ സാർവത്രിക സഭ സമീപകാലത്തെ പ്രബോധനങ്ങളിൽ കുടുംബങ്ങൾക്ക് ദിശാബോധം നൽകുന്നുണ്ട്[7] . ആഗോള സാഹചര്യങ്ങളെ മുൻനിർത്തി നൽകപ്പെട്ടിട്ടുള്ള ഈ പ്രബോധനങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച് തുടർച്ചയായി വിശകലനം ചെയ്യുകയും സ്വാംശീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

**5. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സവിശേഷ സാഹചര്യങ്ങൾ:** ഭാരതത്തിലെയും വിശിഷ്യാ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെയും ചില സവിശേഷ സാഹചര്യങ്ങൾ പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്. ജാതിപോലെയുള്ള സാമൂഹിക ഉച്ചനീചത്വങ്ങളുടെ പശ്ചാത്തലത്തിലാണ് ഭാരതത്തിൽ ഇപ്പോഴും സാമൂഹികബന്ധങ്ങൾ രൂപമെടുക്കുന്നത്. വിവാഹത്തിൽ ദമ്പതികൾ പരസ്പരം തെരഞ്ഞെടുക്കുന്നതിൽ ന്യായരഹിതമായ സ്വാധീനം ചെലുത്തുന്ന ഒരു ശക്തിയായി ജാതിചിന്ത ക്രൈസ്തവരുടെയിടയിലും നിലനിൽക്കുന്നു. സ്ത്രീപുരുഷ അസമത്വം രൂക്ഷമായി നിലനിൽക്കുന്നതുകൊണ്ട് സ്ത്രീധനം പോലെയുള്ള ദുരാചാരങ്ങൾ പ്രബലപ്പെടുന്നു. പെൺകുട്ടികൾക്ക് തങ്ങൾക്ക് താല്പര്യമുള്ള വിവാഹബന്ധങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള തടസ്സങ്ങൾ വർദ്ധിച്ചുവരുന്നു.

വിവാഹ ഉടമ്പടിയിൽ ന്യായരഹിതമായ സ്വാധീനം ചെലുത്തുന്ന മറ്റൊരു ഘടകമാണ് സമ്പത്ത്. സമീപകാലത്തുണ്ടായ സാമ്പത്തിക പുരോഗതിയിൽ അറിഞ്ഞും അറിയാതെയും കടന്നുവന്ന കച്ചവട സംസ്കാര താല്പര്യങ്ങൾ കുടുംബങ്ങളെ അസ്ഥിരപ്പെടുത്തുകയും അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയും ചെയ്യുന്നുണ്ട്. തൊഴിൽ സംബന്ധമായ സാഹചര്യങ്ങൾ മൂലം വിവാഹ ജീവിതത്തിന്റെ തുടക്കം മുതൽതന്നെ പരസ്പരം പിരിഞ്ഞുജീവിക്കുവാൻ നിർബന്ധിതരാകുന്ന ദമ്പതികൾ ഇന്നു വളരെ അധികമാണ്. വിദ്യാഭ്യാസം സാമ്പത്തിക സുരക്ഷിതത്വത്തിനായുള്ള മൽസര ഓട്ടം മാത്രമാകുമ്പോൾ കുട്ടികളുടെയും യുവാക്കളുടെയും സ്വഭാവസംസ്കരണത്തിലും വിശ്വാസ പരിശീലനത്തിലുമുള്ള താല്പര്യം നഷ്ടമായിപ്പോകുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പ്രത്യേകിച്ച് മിഷൻ മേഖലകളിലുള്ള പല കുടുംബങ്ങളും മതാന്തര സാഹചര്യമുള്ളവയാണ്. പല ക്രൈസ്തവ കൂട്ടായ്മകളിൽ അംഗത്വമുള്ളവർ ഒരുമിച്ചു വസിക്കുന്ന കുടുംബങ്ങൾ അനേകസ്ഥലങ്ങളിലുമുണ്ട്. ഇത്തരം കുടുംബങ്ങളുടെ വിശ്വാസപരവും വികാരപരവുമായ കെട്ടുറപ്പിനു കൂടുതൽ ഉതകുന്ന ക്രിസ്തീയ അജപാലന സമീപനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.

യൂറോപ്പിലെ കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളിലെ സാംസ്കാരിക മാറ്റങ്ങൾക്ക് നാന്ദിയായത് 18-ാം നൂറ്റാണ്ടിലെ വ്യാവസായിക വിപ്ലവവും പത്തൊൻപതാം നൂറ്റാണ്ടിലെ ലൈംഗിക വിപ്ലവവും ഇരുപതാം നൂറ്റാണ്ടിന്റെ അവസാനമുണ്ടായ വിവരവിപ്ലവവും ആണ്. ഈ മൂന്ന് സാംസ്കാ

രിക പ്രതിഭാസങ്ങളുടെയും അനുരണനങ്ങൾ ഭാരത സമൂഹത്തിലേക്ക് ശക്തിയായി കടന്നു വന്നത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ്. ഇവ മൂന്നിനേയും ഒരുമിച്ച് അഭിമുഖീകരിക്കേണ്ടി വന്നത് ഭാരതസഭയുടെ സവിശേഷമായ വെല്ലുവിളിയാണ്. ഇന്റർനെറ്റ് വ്യാപകമായതോടെ സ്വയം തെരഞ്ഞെടുക്കുന്ന 'പാഠ്യപദ്ധതിയിൽ' ലൈംഗിക വിദ്യാഭ്യാസം നേടിയാണ് പുതുതലമുറ വിവാഹത്തിനൊരുങ്ങുന്നത്. പരസ്പരം പങ്കുവയ്ക്കുന്ന മധുരവാക്കുകൾക്കു ആത്മസമർപ്പണത്തിന്റെ തരിമ്പുപോലും ആവശ്യമില്ലാത്ത വിദൂര സൗഹൃദങ്ങൾ മൊബൈൽ ഫോൺ വഴി എളുപ്പമായതോടെ കുടുംബങ്ങൾക്കുള്ളിലുണ്ടാവേണ്ട പരസ്പര സാമീപ്യവും ഊഷ്മളതയും നഷ്ടമാവുകയും ബന്ധങ്ങളിൽ വിള്ളലുകൾ വീഴുകയും ചെയ്യുന്നു. സ്വാഭാവിക സൗഹൃദങ്ങളായി അവസാനിക്കേണ്ട പല ബന്ധങ്ങളിലേക്കും ലൈംഗികതയുടെ അതിപ്രസരമുണ്ടാവുന്നതിനും ഇടയാകുന്നുണ്ട്.

സ്ത്രീസമത്വ ചിന്തകളിൽ ആശാവഹമായ പുരോഗതി പലയിടത്തും ഉണ്ടാകുന്നുണ്ടെങ്കിലും അതിന് ആനുപാതികമായ സാംസ്കാരിക സമന്വയമുണ്ടാകാത്തത് വിവാഹബന്ധങ്ങൾ എളുപ്പത്തിൽ വേർപെടുത്തുന്നതിലും ഗർഭഛിദ്രവും ശുദ്ധതയും പോലെയുള്ള അടിസ്ഥാന വിഷയങ്ങളിലുള്ള ആശയക്കുഴപ്പത്തിലുമൊക്കെ എത്തുന്നുണ്ട്. വിവാഹമോചിതർക്കും വേർപെട്ട് ജീവിക്കുന്നവർക്കും പാശ്ചാത്യ നാടുകളിലുള്ള സാമൂഹ്യ സുരക്ഷിതത്വം ഭാരതത്തിലില്ലാത്ത സാഹചര്യം സവിശേഷമായ അജപാലനശ്രദ്ധ അർഹിക്കുന്ന വിഷയമാണ്.

കഴിഞ്ഞ ദശാബ്ദം വരെ, നാടുവിട്ട് ജോലി ചെയ്യുന്നവരുടെ സമൂഹമായിരുന്നു കേരളം. ഇന്ന് കേരളത്തിനുള്ളിൽ തൊഴിലിനായി ദേശാന്തരവാസം ചെയ്യുന്നവർ നിരന്തര സാന്നിധ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ കുടുംബവ്യവസ്ഥയിൽ ഈ സാന്നിധ്യം ഉണ്ടാക്കാനിടയുള്ള മാറ്റം ഇനിയും പഠനവിധേയമായിട്ടില്ല.

ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവും മറ്റു സാംസ്കാരിക മാറ്റങ്ങളും കൊണ്ടു വന്ന ഒരു ഉപോല്പന്നമാണ് വർദ്ധിച്ചുവരുന്ന വന്ധ്യത (infertility). ദത്തെടുക്കൽപോലെയുള്ള കാര്യങ്ങളിലും സഭാപരമായ ഒരു സമീപനം ആവശ്യമാണ്.

സാമൂഹ്യ സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തതമൂലം രോഗാവസ്ഥയെ കൈകാര്യം ചെയ്യുന്നത് മധ്യവർഗത്തിനു താഴെയുള്ള കുടുംബങ്ങൾക്ക് തികച്ചും ദുഷ്കരമാണ് ഇന്നത്തെ ഇന്ത്യയിൽ. ഉദാഹരണത്തിന്, ക്യാൻസർ പോലെ ഒരു രോഗത്തിന് ഒരു കുടുംബത്തെ പൂർണമായ അരക്ഷിതത്വത്തിലേക്ക് എടുത്തെറിയാൻ കഴിയുന്നു. അംഗപരിമിതരുടെയും ഭിന്നശേഷിക്കാരുടെയും സവിശേഷ ആവശ്യങ്ങളിലേക്കും കൂടുതൽ ശ്രദ്ധിക്കുന്നതിനും കുടുംബങ്ങളെ ബലപ്പെടുത്തേണ്ടതുണ്ട്. മദ്യപാനാസക്തി ധാരാളം കുടുംബങ്ങളെ സാമ്പത്തികമായും വൈകാരികമായും തകർത്തുകളയുന്നു. സമാനമായ വെല്ലുവിളികൾ മയക്കുമരുന്നിന്റെ ഉപയോഗത്തിൽ നിന്നും സെൽഫോൺ ഉൾപ്പെടെയുള്ള വസ്തുക്കളോടുള്ള ആശ്രിതത്വത്തിൽ നിന്നും ഉണ്ടാകുന്നുണ്ട്.

മേല്പറഞ്ഞ കാര്യങ്ങൾ ഉദാഹരണങ്ങൾ മാത്രമേ ആകുന്നുള്ളൂ. സവിശേഷ ശ്രദ്ധ അർഹിക്കുന്ന മേഖലകൾ കൂടുതൽ കണ്ടെത്തുന്നതിനും പഠിക്കുന്നതിനും കർമ്മപദ്ധതികൾക്ക് രൂപം നൽകുന്നതിനും കൂടുതൽ സംഭാഷണങ്ങൾ ആവശ്യമാണ്.

## *1.3. ഉറവിടങ്ങളും അടിത്തറകളും*

**6. നവീന സമീപനത്തിന് അടിത്തറകൾ:** കുടുംബങ്ങളെ സംബന്ധിച്ച ക്രിസ്തീയ സമീപനത്തിന് എന്തെല്ലാമാണ് നാം അടിത്തറയായി സ്വീകരിക്കുക? കുടുംബ സംവിധാനത്തെ ദൈവികമായ വിളിയും ദാനവുമായി നമുക്ക് ചൂണ്ടിക്കാണിച്ചുതന്നത് ദൈവപുത്രനായ യേശുക്രിസ്തു തന്നെയാണ്. **തിരുവചനത്തിൽ** നിന്നാണ് കുടുംബത്തെ സംബന്ധിച്ചുള്ള അടിസ്ഥാന ധാരണകൾ രൂപപ്പെടേണ്ടത്. വചനത്തിന്റെ ഏറ്റവും സമഗ്രമായ ധ്യാനം **ആരാധനക്രമ**ത്തിലാണുള്ളത്. **സഭാപിതാക്കന്മാർ** വചനത്തിന് കാലികവും എന്നാൽ, മാർഗദർശകവുമായ വ്യാഖ്യാനം നൽകിയവരാണ്. മലങ്കര ആരാധനക്രമവും സുറിയാനി സഭയിലെ പിതാക്കന്മാരും വിവാഹത്തെ ദൈവികമായ സന്തോഷത്തിലും മിശിഹാ സഭക്ക് നൽകിയ രക്ഷാകരമായ സ്നേഹത്തിലും രൂപപ്പെടുത്തണം എന്ന് ഉദ്ബോധിപ്പിക്കുന്നു. തിരുവചനത്തിന്റെ ആനുകാലികമായ വ്യാഖ്യാനം ലഭിക്കുന്നത് തിരുസഭയിലെ **പ്രബോധനാധികാര**ത്തിൽ നിന്നാണ്. ഈ അധികാരത്തോടു ചേർന്നു നിന്നാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സഭയെ പഠിപ്പിക്കുന്നതും നയിക്കുന്നതും. വചനത്തെ സംബന്ധിച്ച തിരിച്ചറിവിന്റെ ഏറ്റവും സാർവത്രികവും, അടിസ്ഥാനപരവുമായ ഉറവിടം മനുഷ്യഹൃദയങ്ങളിലേക്ക് നിരന്തരം ചൊരിയപ്പെടുന്ന പരിശുദ്ധാത്മാവാണ്. ആത്മാവുമായുള്ള ഹൃദയസംവാദത്തിൽ ദൈവജനം വചനത്തിന്റെ ആഴവും പരപ്പും വിവേചിച്ചറിയുകയും ആവിഷ്കരിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ദൈവജനത്തിന്റെ ജീവിതത്തോടുള്ള നിരന്തര സംവാദത്തിലാണ് സഭയിലെ പ്രബോധനാധികാരം നിലനിൽക്കുന്നത്. പരിശുദ്ധാത്മാവ് ദൈവഹിതത്തെ സംബന്ധിച്ച് ദൈവജനത്തിനു നൽകുന്ന നിരന്തരമായ തിരിച്ചറിവാണ് ***സെൻസൂസ് ഫിദേലിയും*** (വിശ്വാസികളുടെ ഉൾക്കാഴ്ച) എന്ന് വിളിക്കപ്പെടുന്നത്. ഈ ഉള്ളറിവുമായുള്ള ക്രിയാത്മകവും പ്രായോഗികവുമായ സംവാദത്തിന്റെ ഏറ്റവും നിയതരൂപമാണ് സഭാ അസംബ്ലി എന്നത് ഈ അവസരത്തിൽ ഓർക്കേണ്ടതാണ്.

വിവാഹം ഒരു ദൈവിക യാഥാർത്ഥ്യമെന്നതുപോലെ മനുഷ്യജീവിതത്തിന്റെ ഏറ്റവും ദൈനംദിനവും പ്രായോഗികവുമായ സാധാരണതകൾ ഉൾക്കൊള്ളുന്ന യാഥാർത്ഥ്യവുമാണ്. ഈ സാധാരണതകളിലാണ് കുടുംബജീവിതത്തിന്റെ നാനാർത്ഥങ്ങൾ നാം കണ്ടെത്തുന്നത്. അതുകൊണ്ടുതന്നെ, കുടുംബത്തെക്കുറിച്ച് വചനാധിഷ്ഠിതമായ ഒരു സംവാദത്തിൽ മാനുഷികമായ അറിവിനും അന്വേഷണത്തിനും അനിഷേധ്യമായ സ്ഥാനമുണ്ട്. കുടുംബ വ്യവസ്ഥയെക്കുറിച്ചും സാമൂഹ്യപരിണാമങ്ങളെക്കുറിച്ചും ചരിത്രപരവും സാംസ്കാരികവുമായ അറിവുള്ളവർ ഈ സംഭാഷണത്തിൽ പങ്കെടുക്കേണ്ടതാണ്. കുടുംബം സഭയുടെയെന്നപോലെ രാഷ്ട്രത്തിന്റെയും അടിസ്ഥാന ഘടകമാണ്. അതുകൊണ്ട്, രാജ്യത്തെ നിയമവ്യവസ്ഥയെക്കുറിച്ച് ജ്ഞാനമുള്ളവരുടെ ഉൾക്കാഴ്ചകൾ നമുക്കാവശ്യമാണ്.

കുടുംബം ജീവന്റെ പരിപോഷണത്തിലെ അടിസ്ഥാന കാവലാളാണ്. ജീവശാസ്ത്രപരമായ അറിവുകളും ഈ സംഭാഷണത്തിന്റെ ഭാഗമാവണം. മനുഷ്യനോട് പ്രതിപത്തിയുള്ള ഏത് ദർശനത്തെയും ശ്രദ്ധാപൂർവ്വം കേൾക്കേണ്ട ഒരിടമാവണം ഈ സംഭാഷണം. സവിശേഷമായി, അസാധാരണ വെല്ലുവിളികളോ പ്രത്യേകം ആവശ്യങ്ങളോ ഉള്ള കുടുംബസാഹചര്യങ്ങളെക്കുറിച്ച് നടന്ന ആധികാരികമായ പഠനങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഉദാഹരണമായി

വിവാഹമോചനം, മദ്യപാനം, നവീന ലൈംഗിക അഭിരുചികൾ മുതലായവയെ സംബന്ധിച്ചും, കഠിനരോഗികൾക്കും, വയോധികർക്കും, ഭിന്നശേഷിക്കാർക്കും നൽകേണ്ട സവിശേഷ അനുധാവനത്തെക്കുറിച്ചും ശാസ്ത്രീയമായി നടന്നിട്ടുള്ള പഠനങ്ങൾ നിരന്തരം ശ്രദ്ധിക്കേണ്ടതാണ്. സവിശേഷ ശ്രദ്ധ ആവശ്യമുള്ള കുടുംബങ്ങളെക്കുറിച്ച് - വിധവകളെയും വിഭാര്യരെയും കുറിച്ച്, ഏകസ്ഥരെക്കുറിച്ച്, ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെക്കുറിച്ച്, മദ്യപാനാസക്തി ഇടവക സമൂഹങ്ങളിൽ ഉയർത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് - ഒരു ഡേറ്റാബെയ്സ് (Database) നമ്മുടെ ഭദ്രാസനങ്ങളിൽ ഉണ്ടായെങ്കിലേ അജപാലന സമീപനം ശാസ്ത്രീയവും ഫലപ്രദവുമാകൂ.

സഭാപരവും വൈജ്ഞാനികവുമായ ഉറവിടങ്ങളെപ്പോലെ പ്രധാനമാണ് ഭാരതീയ സംസ്കാരം നൽകുന്ന ബലമുള്ള അടിത്തറ. വിവാഹത്തെ ദൈവിക കർമ്മമായും കുടുംബ ജീവിതത്തെ ഈശ്വര സാക്ഷാത്കാരത്തിനുള്ള മാർഗങ്ങളിലൊന്നായും ഈ സംസ്കാരം കരുതുന്നു. ജീവിത പങ്കാളിയും സന്താനങ്ങളും ഈശ്വരൻ കനിഞ്ഞു നൽകുന്ന ദാനങ്ങളായി ഈ സംസ്കാരം തിരിച്ചറിയുന്നു. വിവാഹത്തെ വ്യക്തികൾ തമ്മിലുള്ള ഉടമ്പടി എന്നതിനേക്കാൾ അധികമായി കുടുംബങ്ങൾ തമ്മിലുള്ള ഉടമ്പടിയായി മനസ്സിലാക്കുന്നത് ഈ പൈതൃകത്തിന്റെ ഒരു സവിശേഷതയാണ്. നവ കുടുംബങ്ങൾ തങ്ങളുടെ മാതൃകുടുംബങ്ങളുമായി ചേർന്ന് ജീവിക്കണമെന്നും മാതാപിതാക്കളിൽ നിന്നും മുതിർന്ന ബന്ധുക്കളിൽ നിന്നും മാർഗനിർദ്ദേശം സ്വീകരിച്ചും, അവരെ ഉചിതമായി ശുശ്രൂഷിച്ചും ജീവിക്കണമെന്നും ഈ സംസ്കാരം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ദാമ്പത്യ വിശ്വസ്തത ഉന്നതമായ ഒരു മൂല്യമായി ഈ പൈതൃകം കരുതിയിരുന്നു. കാലാകാലങ്ങളിലെ സാംസ്കാരിക വ്യതിയാനങ്ങളിൽ ബഹുഭാര്യാത്വവും പുരുഷകേന്ദ്രീകൃത അധികാരമൂല്യങ്ങളും ഉൾപ്പെടെ തിന്മകരമായ പലതും ഈ സംസ്കാരത്തെ മലിനമാക്കിയിട്ടുണ്ടെങ്കിലും ഇതിൽ നിന്ന് നമുക്ക് സ്വീകരിക്കാവുന്ന ബലവും ഊർജ്ജവും ഏറെയാണ്.

**7. ദൈവിക പുണ്യങ്ങളും ദൈവദത്തമായ നന്മകളും:** ത്രിത്വൈക ദൈവത്തിന്റെ സാദൃശ്യത്തിൽ ജീവന്റെയും സ്നേഹത്തിന്റെയും പരിപോഷണത്തിൽ നിലനിൽക്കുന്ന കൂട്ടായ്മയാണ് കുടുംബം എന്ന് തിരുവചനവും സഭയുടെ സജീവപാരമ്പര്യവും നമ്മെ പഠിപ്പിക്കുന്നു. ഏകാകിയായിരുന്ന പുരുഷന് തുണയായി സ്ത്രീയെ നൽകിയ ദൈവം തന്നെയാണ് (ഉൽപ. 2, 18) ഈ കൂട്ടായ്മയുടെ ഉറവിടം. അവരുടെ പരസ്പര സ്നേഹം ഫലദായകമായിരിക്കണമെന്ന് (ഉൽപ. 1, 28) നിഷ്കർഷിച്ചതും അതേ ദൈവമാണ്. ദൈവത്തിൽനിന്ന് ഉറവെടുക്കുന്ന എല്ലാ കൃപയേയും പോലെ ഇത് വിശ്വാസത്തിൽ സ്വീകരിക്കേണ്ട ദാനവും ജീവിതംകൊണ്ട് അളന്നറിയേണ്ട ഒരു രഹസ്യവുമാണ് (എഫേ. 5, 32). മറ്റു വാക്കുകളിൽ പകർത്തിയാൽ ദൈവത്തിൽ നിന്ന് സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന സ്നേഹം, പുതുതലമുറകളിലേക്ക് ജീവൻ പകരുന്ന ആത്യന്തികമായ പ്രത്യാശ, ദൈവദാനത്തിന്റെ ഉൾപൊരുളിലേക്ക് വെളിച്ചം പകരുന്ന വിശ്വാസം എന്നിവയാണ് കുടുംബജീവിതത്തിന്റെ അടിത്തറകൾ. കുടുംബം ദൈവത്തിന്റെ കൂട്ടായ്മയുടെ പ്രതിരൂപം മാത്രമല്ല ദൈവിക പുണ്യങ്ങളുടെ പ്രാഥമിക വിളനിലം കൂടിയാണ്.

സഭാപിതാക്കന്മാരും കാലാകാലങ്ങളായുള്ള സഭയുടെ പ്രബോധനങ്ങളും വിവാഹത്തിന്റെ അടിസ്ഥാന നന്മകളായി പഠിപ്പിക്കുന്ന മൂന്നു കാര്യങ്ങളുണ്ട്; **ദാമ്പത്യവിശ്വസ്തത** (ബോനും ഫീദേയി), **സന്താനങ്ങൾ** (ബോനും പ്രോലിസ്), **കൗദാശികമായ കൃപ** (ബോനും

സാക്രമെന്തി)[8]. വിശ്വസ്തതയുടെ അടിസ്ഥാനം ദമ്പതികൾ തമ്മിലുള്ള പരസ്പര സ്നേഹമാണ്. സന്താനങ്ങൾ ജീവന്റെ ഭാവി വാഗ്ദാനങ്ങൾ എന്ന നിലയിൽ പ്രത്യാശയുടെ അടയാളങ്ങളാണ്. കൗദാശികമായ കൃപ ദമ്പതികൾ പ്രാപിക്കുന്നത് വിശ്വാസത്തിലാണ്. ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈ പുണ്യങ്ങളെയും നന്മകളെയും അധികരിച്ചാണ് ഈ പഠന രേഖയിലെ വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

**8. കുടുംബവും ദൈവവിളിയും:** വിളിയും ദാനവുമായ കുടുംബജീവിതത്തെക്കുറിച്ച് പരിചിന്തിക്കുമ്പോൾ, സവിശേഷമായ വിളികൾക്ക് പ്രത്യുത്തരം നൽകി സഭയെന്ന വിശാലകുടുംബത്തിന്റെ പരിപോഷണത്തിനായി ജീവിതം സമർപ്പിച്ച സുവിശേഷകരെയും സന്യസ്തരെയും വൈദികരെയും നാം ഓർക്കേണ്ടതുണ്ട്. ദൈവജനമെന്ന മാവ് പുളിക്കുവാനായി ദൈവം തൃക്കരങ്ങളാൽ കുഴച്ചുചേർക്കുന്ന പുളിമാവാണവരുടെ ജീവിതം. വൈദികരുടെ ശുശ്രൂഷവഴിയാണ് സ്നേഹത്തിന്റെ പരമോന്നത ദൃഷ്ടാന്തമായ വി. കുർബാന സഭയിൽ പങ്കുവയ്ക്കപ്പെടുന്നത്. വൈദികരും സന്യസ്തരും സുവിശേഷകരും അടങ്ങുന്ന ശുശ്രൂഷാ സ്ഥാനികൾ വഴിയാണ് വിശ്വാസത്തിന്റെ പരിപോഷണം സഭയിൽ പ്രധാനമായും നടക്കുന്നത്. അവരുടെ വാക്കും പ്രാർത്ഥനയും അവരിലൂടെ പങ്കുവയ്ക്കപ്പെടുന്ന കൗദാശിക ശുശ്രൂഷകളും സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും ഉത്തമമാതൃകകളും ദൈവരാജ്യത്തിന്റെ അച്ചാരവും പ്രതീക്ഷയുമാണ്. കുടുംബത്തെക്കുറിച്ചുള്ള പരിചിന്തനം അവസാനിക്കുന്നത് എപ്പോഴും സമർപ്പിതരെപ്രതിയുള്ള കൃതജ്ഞതാ പ്രകാശനത്തിലായിരിക്കും.

## അദ്ധ്യായം 2
## വിവാഹം: വിശ്വാസത്തിൽ സ്വീകരിക്കപ്പെടുന്ന രഹസ്യം

**9. ദൈവം കുടുംബത്തിന്റെ സ്ഥാപകൻ:** മനുഷ്യനെ ദമ്പതികളായി സൃഷ്ടിക്കുകയും അവരുടെ പാരസ്പര്യത്തിൽ സൃഷ്ടിയുടെ തുടർച്ച ഉറപ്പിക്കുകയും ചെയ്ത ദൈവമാണ് കുടുംബം എന്ന സംവിധാനത്തിന്റെ സ്ഥാപകൻ. അത് മനുഷ്യന്റെ സ്വന്തം താല്പര്യവും തീരുമാനവുമനുസരിച്ച് രൂപംകൊള്ളുന്ന ഒന്നല്ല. ക്രിസ്തീയ ദർശനമനുസരിച്ച് ദൈവമാണ് സ്ത്രീപുരുഷന്മാരെ യോജിപ്പിച്ച് പരിപാവനമായ കുടുംബജീവിതത്തിന് അടിസ്ഥാനമിട്ടത്. "ദാമ്പത്യ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും ഗാഢമായ കൂട്ടായ്മ സ്രഷ്ടാവ് സ്ഥാപിച്ചതും അവിടുന്നു നല്കിയ നിയമങ്ങളിൽ അധിഷ്ഠിതവുമാണ്. വിവാഹത്തിന്റെ കർത്താവ് ദൈവം തന്നെയാണ്"[9]. "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപിരിക്കരുത്" എന്ന് അരുളിച്ചെയ്തുകൊണ്ട് സുവിശേഷത്തിൽ യേശു പഠിപ്പിക്കുന്നത് എല്ലാ വിവാഹബന്ധങ്ങളിലും ദൈവകൃപയുടെ ഈ സാന്നിധ്യമുണ്ടെന്നാണ്.

### *2.1. സ്നേഹത്തിന്റെ ദൈവികഭാവങ്ങൾ*

**10. കുടുംബം ദൈവിക രഹസ്യം:** ദാമ്പത്യ സ്നേഹത്തിൽ പ്രതിഫലിക്കുന്നത് ദൈവവും ദൈവജനവും തമ്മിലുള്ള പരിശുദ്ധവും രക്ഷാകരവുമായ സ്നേഹമാണ്. പുതിയനിയമം ക്രിസ്തുവും സഭയും തമ്മിലുള്ള രക്ഷാകരമായ ഐക്യത്തോടാണ് വിവാഹബന്ധത്തെ വിശദീകരിക്കുന്നത് (എഫേ. 5, 23-26) രക്ഷയുടെ രഹസ്യത്തോട് ഇത്രയും ചേർന്നുനിൽക്കുന്നതുകൊണ്ടാണ് പൗലോസ് ദാമ്പത്യത്തെ 'രഹസ്യം' എന്നു വിളിക്കുന്നത്. ആദിദമ്പതികളുടെ സൃഷ്ടി വിവരിച്ചുകൊണ്ട് ആരംഭിക്കുന്ന വി. ഗ്രന്ഥം അവസാനിക്കുന്നത് കുഞ്ഞാടിന്റെ വിവാഹവിരുന്നോടെയാണ് (വെളി. 19). സൃഷ്ടിയുടെ ചരിത്രത്തെ മുഴുവൻ ഉൾക്കൊള്ളുന്ന രഹസ്യമായി ദാമ്പത്യസ്നേഹം ഇവിടെ വെളിപ്പെടുന്നു. അതുകൊണ്ടാണ് വി. അഗസ്തീനോസിനെപ്പോലെയുള്ള പിതാക്കന്മാർ **'മിസ്തേരിയോൺ'** (ദിവ്യരഹസ്യം, കൗദാശികത) ക്രിസ്തീയ വിവാഹത്തിന്റെ അടിസ്ഥാന സ്വഭാവമാണെന്ന് പഠിപ്പിക്കുന്നത്.

പൗരസ്ത്യ കാനൻ നിയമം വിവാഹത്തിന്റെ കൗദാശികത ഇങ്ങനെ വിശദീകരിക്കുന്നുണ്ട്: "വിവാഹ ഉടമ്പടി സൃഷ്ടികർത്താവിനാൽ സ്ഥാപിതവും അവിടുത്തെ നിയമങ്ങളാൽ നിയന്ത്രിതവുമാണ്. ഇതുവഴി പുരുഷനും സ്ത്രീയും തമ്മിൽ പിൻവലിക്കാൻ പാടില്ലാത്ത വ്യക്തിഗതമായ സമ്മതത്താൽ പരസ്പരമുള്ള സമ്പൂർണ ജീവിതക്കൂട്ടായ്മ സംസ്ഥാപിതമാകുകയും ചെയ്യുന്നു. സ്വഭാവത്താൽതന്നെ ഇത് ദമ്പതികളുടെ നന്മയ്ക്കും, സന്താനോല്പാദനത്തിനും, മക്കളുടെ ശിക്ഷണത്തിനുമായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു". ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള സാധുവായ വിവാഹം അതിനാൽത്തന്നെ ഒരു കൂദാശയാണ് - കാരണം ക്രിസ്തു ഈ ഉടമ്പടിയിൽ സന്നിഹിതനായി അതിനെ ഉറപ്പിക്കുന്നു. ക്രിസ്തുവിന് സഭയോടുള്ള അന്യൂനമായ ഐക്യത്തിന്റെ പ്രതിരൂപമായിത്തീർന്നുകൊണ്ട് ദമ്പതികൾ ദൈവത്താൽ യോജിപ്പിക്കപ്പെടുകയും കൗദാശിക വരപ്രസാദത്താൽ വിശുദ്ധീകരിക്കപ്പെടുകയും ശക്തരാക്കപ്പെടുകയും ചെയ്യുന്നു. വിവാഹത്തിന്റെ സ്വാഭാവികമായ സവിശേഷതകളാണ് അതിന്റെ ഏകത്വവും (unity) അവിഭാജ്യതയും (indisolubility). ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തിൽ കൂദാശ എന്ന നിലയിൽ ഇവയ്ക്ക് പ്രത്യേകമായ ദൃഢത കൈവരുന്നു[10]. മാമോദീസാ

സ്വീകരിച്ച രണ്ടുപേർ തമ്മിലുള്ള വിവാഹത്തിൽ ക്രിസ്തുവും സഭയും തമ്മിലുള്ള അചഞ്ചലമായ സ്നേഹം കൃപയുടെ ആവാസത്താൽ പ്രതിഫലിക്കുന്നതുവഴി, അവരുടെ പരസ്പര സ്നേഹത്തിനും സമർപ്പണത്തിനും ദൈവികമായ ദൃഢത കൈവരുന്നു. ഏത് പ്രതിസന്ധിയിലും വേർപിരിയാതെയും പരസ്പരം വിശ്വസ്തരായും ജീവിക്കുന്നതിന് ഈ കൃപ അവരെ സഹായിക്കുന്നുണ്ട്.

**11. ദാമ്പത്യസ്നേഹത്തിന്റെ മൗതിക ഭാവങ്ങൾ:** മലങ്കര ആരാധനാക്രമത്തിൽ വിവാഹ കൂദാശയുടെ മുഴുവൻ പ്രാർത്ഥനകളും മിശിഹായും അവിടുത്തെ മണവാട്ടിയും തമ്മിലുള്ള ബന്ധത്തെ അധികരിച്ചാണ്. വിവാഹ കൂദാശയിലൂടെ മണവാളനായ ക്രിസ്തുവുമായുള്ള ആഴമായ വ്യക്തിബന്ധത്തിലായിത്തീർന്ന് അവിടുത്തെ ദിവ്യരഹസ്യങ്ങളുടെ മനോഹാരിത നിരന്തരം ധ്യാനിച്ച് ആ അഴകിൽ ആഹ്ലാദിക്കാനും, അവിടുത്തോടുള്ള ദിവ്യപ്രേമത്താൽ തിന്മയെ ജയിച്ച് ഹൃദയസ്വാതന്ത്ര്യം നേടി അവിടുത്തെ തിരുമാർവിൽ സുഖനിദ്ര പ്രാപിച്ചാനന്ദിക്കുകയും ചെയ്തുകൊണ്ടാണ് സ്ത്രീപുരുഷന്മാർ വൈവാഹിക ജീവിതത്തിലേക്കു പ്രവേശിക്കേണ്ടത്. ക്രിസ്തുവിന്റെ മനോഹര ചരിത്രം കേട്ട്, രാഗാഗ്നിയാൽ എരിഞ്ഞ്, അവിടുത്തെ പാദസ്പർശമേറ്റ ഇടങ്ങളിലെല്ലാം അവിടുത്തെ അനുധാവനം ചെയ്യുന്ന മണവാട്ടിയുടെ ആത്മപ്രകാശനമായിട്ടാണ് 'ഏദൻതോട്ട വിധാതാവേ' എന്ന ഗാനം[11] വിഭാവനം ചെയ്തിരിക്കുന്നത്. ലൗകികമായ തീർത്ഥാടനത്തിന്റെ ഭാരങ്ങൾ വകവയ്ക്കാതെ മണവാളനായ ക്രിസ്തുവിനെ നിരന്തരം അന്വേഷിക്കുകയും, അന്വേഷിച്ചു കണ്ടെത്തി അവനിൽ ആത്മനിർവൃതി അഥവാ സുഖനിദ്ര പ്രാപിച്ചാനന്ദിക്കുകയും ചെയ്തുകൊണ്ടാണ് മണവാളനും മണവാട്ടിയും വൈവാഹിക ജീവിതത്തിലേക്കു പ്രവേശിക്കേണ്ടത്[12]. ക്രിസ്തുവിന്റെയും സഭയുടെയും മണവാളത്വത്തോട് ഐക്യപ്പെട്ട്, സഭയോട് ചേർന്ന് ക്രിസ്തുവിന്റെ അഴകിലലിഞ്ഞ് സ്നേഹത്താൽ നൃത്തം വയ്ക്കുന്ന മനസ്സോടെയാണ് അവർ പരിശുദ്ധ സ്നേഹത്തിന്റെ മണവറ പൂകുന്നത്.

ദാമ്പത്യസ്നേഹത്തിന്റെ മൗതികമായ മാനം വെളിവാക്കുന്നവയാണ് ഈ ആരാധനാഗീതങ്ങൾ. ദമ്പതികൾ തമ്മിലുള്ള വിശ്വസ്തതയും അവരുടെ പരസ്പര സ്നേഹത്തിന്റെ സ്ഥിരതയും ക്രിസ്തുവിന്റെ നിർമലവും രക്ഷാകരവുമായ സ്നേഹത്തിന്റെ പ്രകാശനങ്ങളാവണം. ദമ്പതികൾ പരസ്പരം സ്നേഹിക്കേണ്ടത് അവരെപ്രതി അല്ല, ക്രിസ്തുവിനെപ്രതി. മാതാപിതാക്കൾ മക്കളെ സ്നേഹിക്കേണ്ടത് മക്കളെ പ്രതിയല്ല, മറിച്ച് ക്രിസ്തുവിനെപ്രതി. ദൈവത്തിന് ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കണം. ദൈവത്തെപ്രതി മാത്രം മറ്റുള്ളവരെയും മറ്റെല്ലാറ്റിനെയും സ്നേഹിക്കണം. ഇപ്രകാരം, സ്വജീവിതത്തെ ചിട്ടപ്പെടുത്തി ദൈവത്തോടൊത്തുള്ള സൗഭാഗ്യപൂർണമായ ജീവിതം നയിക്കാനുള്ള വേദിയാണ് കുടുംബജീവിതം. വിവാഹം കൂദാശയാണെന്ന ആശയത്തിന്റെ പ്രായോഗികതലം ഇതിലും മെച്ചമായി അവതരിപ്പിക്കാനാവില്ല.

## *2.2. വിളിക്ക് അനുയോജ്യമായ കൃപാദാനം*

**12. ഏകവും അവിഭക്തവുമായ സ്നേഹം:** കൂദാശ എന്ന നിലയിൽ, വിശ്വാസത്തിൽ സ്വീകരിക്കപ്പെടുന്ന കൃപാദാനം എന്ന നിലയിൽ, വിവാഹത്തെ മനസ്സിലാക്കുമ്പോൾ ദാമ്പത്യത്തിന്റെ അവിഭാജ്യതയെപ്പറ്റിയുള്ള സങ്കല്പങ്ങൾക്ക് കൂടുതൽ മിഴിവ് വരുന്നുണ്ട്. ഒന്നാമതായി, വിവാഹത്തിന്റെ കൗദാശികത്വം സ്നേഹത്തെ ബലപ്പെടുത്തുകയും ദൈവികമായ ഒരു തലത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു. ക്രിസ്തുവിനെ മുൻനിർത്തി പരസ്പരം സ്നേഹിക്കുന്ന രണ്ടുപേർക്ക്

അവരുടെ ജീവിതത്തിലെ ക്ലേശങ്ങളെയും ഭാരങ്ങളെയും ലഘുവാക്കുന്ന കുരിശിന്റെ സന്തോഷം ദാനമായി ലഭിക്കുന്നു. പരസ്പരം ക്ഷമിക്കുന്നതിനും ക്ലേശങ്ങളിൽ ചേർന്നുനിൽക്കുന്നതിനും കരുത്തുണ്ടാകുന്നു. അഞ്ചപ്പത്തെ അനേകായിരങ്ങൾക്കായി പകുത്തവൻ അവരുടെ പരസ്പര സ്നേഹത്തിൽ നിന്ന് ഉപവിയുടെ അത്ഭുതങ്ങൾ വിരിയിക്കുന്നു. അവരുടെ ദൃഷ്ടി സ്വർഗീയ മായ സ്നേഹത്തിലായതുകൊണ്ട്, ജീവിത പങ്കാളികളുടെ പരാജയങ്ങളോ, അവിശ്വസ്തതയോ പോലും അവരുടെ സ്നേഹത്തെ അസ്ഥിരപ്പെടുത്തുന്നില്ല. നിരുൽസാഹപ്പെടുത്താത്തതും സദാ ഉണർവുള്ളതുമായ ശുശ്രൂഷയിൽ അവർ തങ്ങളുടെ പ്രിയപ്പെട്ടവരെ പൊതിഞ്ഞുനിർത്തുന്നു. അവരുടെ മക്കൾക്ക് മാലാഖമാർ കാവൽ നടക്കുന്നു.

രണ്ടാമതായി കൂദാശയിൽ ഇറങ്ങിവന്ന് ദമ്പതികളുടെ ജീവിതസമർപ്പണത്തിനു സാക്ഷിയും സഖിയും ആകുന്ന നിത്യമണവാളൻ അവരുടെ ഹൃദയൈക്യത്തെ അവിഭക്തമായി നിലനിർത്തുന്നു. മാനുഷിക സ്നേഹവും ദൈവിക കാരുണ്യവും ഒന്നുചേരുന്ന ദൈവ-മനുഷ്യ സമാഗമത്തിന്റെ മുദ്രയാണ് വിവാഹകർമ്മം. ദമ്പതിമാരുടെ സ്വതന്ത്ര മനസ്സോടെയുള്ള പൂർണ സമ്മതത്തെ സഭ സ്വീകരിച്ച് അംഗീകാര മുദ്രവച്ച് ഉറപ്പിക്കുകയും ദൈവതിരുമുമ്പിൽ കൃപാവ രത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇപ്രകാരം പൂർണമനസ്സോടെ നല്കിയ സമ്മതത്തെ തിരുസഭയിലൂടെ ദൈവം അംഗീകരിച്ച് കൗദാശികമായ മുദ്രവച്ച് ഉറപ്പിച്ചു കഴിഞ്ഞാൽ ആ വിവാഹബന്ധത്തെ വേർപെടുത്താൻ ദൈവത്തിനല്ലാതെ (മരണത്തിലൂടെ) മറ്റാർക്കും അവ കാശമില്ല[13]. ഭാര്യാഭർത്താക്കന്മാർ പരസ്പരം നൽകുന്ന സമ്മതം രണ്ടുപേരും "ഒരു ശരീരം ആയിത്തീരുന്നതിൽ" പൂർത്തിയാക്കപ്പെടുന്നു (ഉൽപ. 2:24; മർക്കോ. 10:8; എഫേ. 5:31). സ്ത്രീയു ടെയും പുരുഷന്റെയും സ്വതന്ത്രമായ സമ്മതത്തിന് ദൈവം അംഗീകാരം കൊടുക്കുമ്പോഴാണ് അത് ഉടമ്പടിയായിതീരുന്നത്. സഭ അംഗീകരിച്ച് കൗദാശികമായി ആശീർവദിക്കുന്നതോടെ വിവാഹ ഉടമ്പടി ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ ഭാഗമായിത്തീരുന്നു. ദൈവത്തിന്റെ വിശ്വസ്തത ഉറപ്പു നല്കുന്ന ഒരു ഉടമ്പടി അതിൽനിന്ന് ഉത്ഭവിക്കുന്നു[14]. യഥാർത്ഥമായ ദാമ്പത്യ സ്നേഹം ദൈവികസ്നേഹത്തിലേക്ക് ഉയർത്തപ്പെടുന്നു[15].

**13. കുറവുകളെ മറികടക്കുന്ന സ്നേഹം:** മാനുഷികമായ സ്നേഹത്തിന് പല പരിമിതികൾ ഉണ്ട്. പരിമിതികൾ പലപ്പോഴും സ്നേഹത്തിന്റെ, സഹജീവിതത്തിന്റെ പാതയെ വെല്ലുവിളി കൾകൊണ്ടു നിറക്കുന്നു. 'ദമ്പതികൾ അവരുടെ സ്നേഹത്തിന് കർത്താവിനെ മധ്യസ്ഥനായി സ്വീകരിക്കു'മ്പോഴാണ്[16] സ്വന്തം സ്നേഹത്തിന്റെ പരിമിതികൾ മറികടക്കുന്നതിനും, ജീവിത പങ്കാളിയുടെ സ്നേഹത്തിന്റെ പരിമിതികളെ മറക്കുന്നതിനുമുള്ള ആന്തരികശക്തി അവർക്ക് ലഭിക്കുക.

കുരിശിൽ ദാനമായി സ്വന്തം ജീവനെ സമർപ്പിച്ച ക്രിസ്തുവിന്റെ സ്നേഹമാണ് വിവാഹ കൂദാശയുടെ അടിസ്ഥാനവും മാതൃകയും. പരിത്യക്തതയുടെ പാരമ്യംവരെ സ്നേഹത്തിൽ വിശ്വസ്തനായിരിക്കുകയും മരണകരമായ പീഡകൾക്കു നടുവിൽ പീഡകർക്കുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്തവന്റെ സ്നേഹമാണത്. സ്നേഹത്തിന്റെ സഹയാത്രയിൽ ദമ്പതികളിൽ ഒരാൾക്ക് പറ്റുന്ന പിഴവ് പലപ്പോഴും പങ്കാളിയിൽ മുറിവായി വളരുകയും, പരസ്പരൈക്യ ത്തിന്റെ ആധാരമൊന്നും കാണാനാകാതെ ബന്ധങ്ങൾ തകർച്ചയിലേക്ക് കൂപ്പുകുത്തുകയും ചെയ്യുന്നത് ഇന്ന് വളരെയേറെ വർദ്ധിച്ചിരിക്കുന്നു. തുടർച്ചയായ പ്രാർത്ഥനയിൽ, ദൈവ വചനത്തിന്റെയും വിശുദ്ധ കുരിശിന്റെയും ധ്യാനത്തിൽ, വിശുദ്ധ കുമ്പസാരത്തിലും കുരി

ശിലെ സ്നേഹപാരമ്യത്തിന്റെ ആവർത്തനം തന്നെയായ വിശുദ്ധ കുർബാനയിലും പങ്കെടുക്കുന്നതിലൊക്കെ ദമ്പതികൾ തങ്ങളുടെ സ്നേഹത്തെ ബലപ്പെടുത്തണം. കൗദാശികവും ദൈവികവുമായ അടിത്തറകൾ നഷ്ടപ്പെടുമ്പോൾ സ്നേഹം ദുർബലവും ക്ലേശഭരിതവുമാകുന്നു. കുരിശിന്റെ ചൈതന്യത്തോട് ചേർന്നുനിൽക്കുമ്പോൾ അതിന് മരണതുല്യമായ വേദനകൾ വഹിച്ച് ഉയിർത്തെഴുന്നേൽക്കാൻ കഴിയുന്നു.

**14. പൂർണ്ണതയിലേക്ക്, ക്ഷമയോടെ:** തീർച്ചയായും ഇത് ഒരു ആദർശപരമായ ചിത്രമാണ്. ഭൂമിയിലെ ഒരു കുടുംബവും ഉന്നതമായ ഈ ദൈവിക രഹസ്യത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നില്ല. മുമ്പൊരിടത്ത് സൂചിപ്പിച്ചതുപോലെ പല അകലങ്ങളിൽനിന്ന് അവിടേയ്ക്ക് യാത്ര ചെയ്യുന്ന അവസ്ഥയിലാണ്.

എങ്കിലും, ഈ ആദർശപരമായ ആശയമാണ് കുടുംബത്തിന്റെ കൗദാശികമായ ജീവിതം നിശ്ചയിക്കുന്നത്. മനുഷ്യന് എത്ര അപ്രാപ്യമെങ്കിലും ദൈവത്തിന്റെ രക്ഷാകരമായ സ്നേഹവും കുരിശിൽ ദൈവപുത്രൻ സഭക്കുവേണ്ടി നടത്തിയ ആത്മസമർപ്പണവും ഒക്കെ പരമമായ സത്യങ്ങളാണ്. ആ സത്യത്തിലേക്കുള്ള തീർത്ഥാടനത്തിനിടയിൽ അതിന്റെ പാതയ്ക്ക് അല്പവും ഉപകരിക്കാത്ത ചില വഴിത്തിരിവുകളിലേക്ക് പലപ്പോഴും കുടുംബങ്ങൾ എത്തിച്ചേരും. അഭിസാരികയെ സ്വന്തം ജനവും മക്കളുടെ ജനനിയുമാക്കിയ മഹോന്നതൻ (ഹോസിയ 2), പലപ്പോഴും കരുണാർദ്രമായ തന്റെ ശബ്ദത്താൽ ദമ്പതികളുടെ ചെവികളിൽ നേർവഴി മന്ത്രിച്ചുകൊടുത്ത് അവരെ തിരികെക്കൊണ്ടുവരും. ചിലപ്പോഴെങ്കിലും മാനുഷികമായ ഹൃദയകാഠിന്യമോ തിരിച്ചറിവിന്റെ കുറവോ ഒക്കെ തിരിച്ചുവരവ് അസാധ്യമാക്കാറുണ്ട്. ചില സാഹചര്യങ്ങളിൽ ദമ്പതികൾ വേർപിരിഞ്ഞ് ജീവിക്കുന്നത് അനിവാര്യമാകുന്നുണ്ട്. എന്നാൽ, വേർപിരിയലിനുശേഷം മറ്റൊരു പങ്കാളിയെ തിരഞ്ഞെടുത്തു ജീവിക്കുന്നത് ഇത്തരത്തിൽ വിവാഹത്തിന്റെ ആദിമ ഏകതയിലേക്കു തിരിച്ചുവരവ് അസാധ്യമാക്കാൻ ഇടയുള്ള ഒരു സാഹചര്യമാണ്. അത്തരം ജീവിതാവസ്ഥയിലുള്ളവർ അതു തുടരുന്നിടത്തോളമെങ്കിലും കൂദാശാപരമായ വ്യവഹാരത്തിനു പുറത്തുനിന്നുകൊണ്ട് ദൈവകൃപയിലേക്ക് മടങ്ങിവരാനുള്ള വഴികൾ അന്വേഷിക്കണമെന്ന് സഭ നിഷ്കർഷിക്കുന്നു. അവർ സ്വീകരിച്ചിരിക്കുന്ന മാമോദീസായും അവരുടെ ദാമ്പത്യ സാഹചര്യവും തമ്മിൽ പൊരുത്തപ്പെടാത്ത ഒരു അവസ്ഥ ഉണ്ടാകുന്നതുകൊണ്ടാണിത്.

ഇത്തരത്തിൽ ഉള്ളവർ സഭാ സമൂഹത്തിനു പുറത്തല്ല, ഉള്ളിൽ തന്നെയാണ്. കൂദാശ സ്വീകരണത്തിലൊഴികെ ദൈവാരാധനയിലുള്ള പങ്കാളിത്തത്തിന് ഇവർക്ക് തടസങ്ങളില്ല. ഇവർ സഭയുടെ മറ്റ് പ്രാർത്ഥനാശുശ്രൂഷകളിലും അനുതാപത്തിന്റെ പൊതുകർമ്മങ്ങളിലും പരസ്നേഹ പ്രവർത്തികളിലും പങ്കുചേരുകയും, കൗദാശിക ജീവിതത്തിന്റെ കൃപയോട് പരമാവധി ചേർന്നു ജീവിക്കുവാൻ യത്നിക്കുകയും വേണം. ദൈവത്തിന്റെ കൃപയെ മുൻനിർത്തി ഈ അവസ്ഥയിലുള്ള ദമ്പതികളെ എങ്ങനെ സഹായിക്കണമെന്ന് *അമോരിസ് ലെത്തീസ്യ* വിശദമായിത്തന്നെ പഠിപ്പിക്കുന്നുണ്ട്[17].

**15. വിശ്വാസമെന്ന അടിസ്ഥാനം:** വിവാഹത്തിന്റെ സ്വാഭാവിക അടിസ്ഥാനം ദമ്പതികൾ തമ്മിലുള്ള സ്നേഹമാണ്. എന്നാൽ കൂദാശ എന്ന നിലയിൽ അതിന് ദൈവികമായ അടിത്തറകളുണ്ട്. ദൈവിക കൂദാശ എന്ന നിലയിൽ വിവാഹം ദമ്പതികൾ എളിമയോടെ ദൈവതൃക്കരങ്ങളിൽനിന്ന് സ്വീകരിക്കുന്ന ദാനമാണ്. ഈ പശ്ചാത്തലത്തിൽനിന്ന് നോക്കുമ്പോൾ, മാനുഷികമായ ഉടമ്പടി എന്ന രീതിയിൽ വിവാഹത്തെ മനസ്സിലാക്കാൻ നടത്തുന്ന എല്ലാ ശ്രമങ്ങളും അപൂർണ്ണമാണ് എന്ന് മനസ്സിലാക്കേണ്ടതുണ്ട്.

സ്നേഹത്തിന്റെ ഉടമ്പടി എന്ന നിലയിൽ പക്വമായി വിവാഹജീവിതത്തെ സമീപിക്കാൻ ചെറുപ്പക്കാരെ ഒരുക്കാനുള്ള ശ്രമങ്ങൾ ഇന്ന് പലതരത്തിൽ നടക്കുന്നുണ്ട്. അതോടൊപ്പം വിശ്വാസത്തെയും, കൂദാശ എന്ന നിലയിൽ, കുടുംബബന്ധങ്ങളുടെ അടിസ്ഥാനമായി സ്വീകരിക്കേണ്ടതുണ്ട്. വിശ്വാസത്തോടെ സ്വീകരിക്കേണ്ട ദിവ്യദാനമാണ് വിവാഹ കൂദാശ. മാനസികമായും സാമൂഹ്യമായും തൊഴിൽപരവും ഒക്കെ ആയ അടുപ്പങ്ങൾ മുൻനിർത്തി വിവാഹബന്ധങ്ങൾ തെരഞ്ഞെടുക്കുമ്പോൾ, വിശ്വാസജീവിതത്തിനുള്ള സാധ്യതയും കൂടി പ്രാഥമിക പരിഗണനകളിൽ ഒന്നായി സ്വീകരിക്കുന്നതിന് യുവജനതയെ നാം ഒരുക്കണം.

### *2.3. സഭാത്മകമായ സമർപ്പണം*

**16. ഗാർഹിക സഭ:** വിവാഹത്തിന്റെ കൗദാശികമാനത്തെ മുൻനിർത്തിയാണ് കുടുംബത്തെ ഗാർഹിക സഭ എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് വിളിക്കുന്നത്. വിവാഹത്തിൽ നൽകപ്പെടുന്ന കൗദാശിക കൃപയാണ് കുടുംബ കൂട്ടായ്മയെ സഭയുടെ അടിസ്ഥാന ഘടകമാക്കി മാറ്റുന്നത്.

ക്രിസ്തീയ ദമ്പതികൾ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ, ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിന്റെയും ഫലദായകമായ സ്നേഹത്തിന്റെയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ ഭാഗഭാക്കുകളാവുകയും ചെയ്യുന്നു. തങ്ങളുടെ ദാമ്പത്യജീവിതവും സന്താനങ്ങളുടെ വളർത്തലും പരിശീലനവും വഴി വിശുദ്ധി പ്രാപിക്കുവാൻ അവർ പരസ്പരം സഹായിക്കുന്നു. അങ്ങനെ ജീവിതാന്തസ്സിലും ജീവിതരീതിയിലും ദൈവജനത്തിന്റെ ഇടയിൽ അവർക്ക് അവരുടേതായ പ്രത്യേക സ്ഥാനമുണ്ട്. എന്തുകൊണ്ടെന്നാൽ, അവരുടെ ഐക്യത്തിൽ നിന്ന് ഒരു കുടുംബം രൂപം കൊള്ളുന്നു. അവിടെ മനുഷ്യസമൂഹത്തിന്റെ പുതിയ പൗരന്മാർ ജന്മമെടുക്കുകയും ചെയ്യുന്നു. ഇവർ ദൈവജനത്തിന്റെ യുഗങ്ങളിലൂടെയുള്ള നിലനില്പിനുവേണ്ടി പരിശുദ്ധാത്മാവിന്റെ ജ്ഞാനസ്നാനപ്രസാദവരം മൂലം ദൈവസുതരാക്കപ്പെടുന്നു. 'ഗാർഹിക സഭ' (Domestic Church) എന്നു വ്യവഹരിക്കപ്പെടാവുന്ന കുടുംബത്തിൽ മാതാപിതാക്കളാണ് വാക്കുകളും മാതൃകകളും വഴി കുട്ടികളോട് ആദ്യം വിശ്വാസം പ്രസംഗിക്കേണ്ടത്[18].

ദൈവത്തിന്റെ പരമോന്നത സ്നേഹം വെളിപ്പെടുന്ന, ദൈവജനം പിറവി കൊള്ളുകയും വിശുദ്ധിയുടെ പടവുകളിൽ ചുവടുവയ്ക്കുകയും സഭയിലെ സവിശേഷദൗത്യങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന ഇടമാണ് കുടുംബം.

ദൈവജനത്തിന്റെ അടിസ്ഥാന ഘടകമെന്ന നിലയിൽ സഭയുടെ പൗരോഹിത്യ, രാജകീയ, പ്രവാചകത്വ വിളികളിൽ ഓരോ കുടുംബവും സവിശേഷമായ പങ്കുവഹിക്കുന്നു. ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള ഉടമ്പടിവഴി അവിടുത്തെ വിശുദ്ധജനവും രാജകീയ പുരോഹിതഗണവുമായിത്തീർന്ന ക്രിസ്തു ശിഷ്യർ (1 പത്രോ. 2:9) ക്രിസ്തുവഴി "ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കാൻ" (1 പത്രോ. 2:5) കടപ്പെട്ടിരിക്കുന്നു. "ദമ്പതികൾ അവരിൽ ചൊരിയപ്പെട്ട വിശുദ്ധീകരണത്തിന്റെ കൃപ അനുദിന ജീവിതത്തിലേക്ക് പകർത്താനുള്ള ദാനവും വിളിയും ഈ കൂദാശയിൽ നിന്ന് സ്വീകരിക്കുന്നതുപോലെ തന്നെ, ഈ കൂദാശ തങ്ങളുടെ ജീവിതങ്ങളെ മുഴുവനായും ആത്മീയ ബലിയായി പകർത്താനുള്ള കൃപയും ധാർമിക ഉത്തരവാദിത്വവും അവർക്ക് നൽകുന്നുണ്ട്."[19] അനുദിന ജീവിതത്തിലെ സഹനങ്ങളിൽ കുടുംബത്തിനുള്ളിൽ ക്ഷമാപൂർണ്ണമായ പരസ്പര വിനിമയങ്ങളിൽ, നിസ്വാർത്ഥമായ സ്നേഹത്തിന്റെ നിമിഷ

ങ്ങളിൽ, ഉപവിയിൽ, മറ്റുള്ളവരുടെ നന്മയിലേക്ക് തുറക്കുന്ന പ്രാർത്ഥനയിൽ ഒക്കെ കുടുംബം അതിന്റെ അനുദിന പൗരോഹിത്യവൃത്തി അനുഷ്ഠിക്കുന്നു.

ഒരു കൂദാശ എന്ന നിലയിൽ ദാമ്പത്യത്തിൽ ആത്മസമർപ്പണം നടത്തുന്നത് ദൈവത്തിന്റെ ഹിതം എളിമയോടെ ഏറ്റെടുക്കലാണ്. 'അവിടുത്തെ രാജ്യം വരേണമേ' എന്ന ആത്മാർത്ഥമായ പ്രാർത്ഥന അങ്ങനെ കുടുംബജീവിതത്തിന്റെ കാതലാകുന്നു.  മക്കളെ നല്ലവഴി പഠിപ്പിക്കുന്ന മാതാപിതാക്കൾ ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിൽ ക്രിയാത്മകമായ പങ്കുവഹിക്കുന്നു. ദൈവേഷ്ടത്തിനനുസരിച്ച് ജീവിതം ക്രമീകരിക്കുന്നതിൽ, സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ സമ്മർദ്ദങ്ങൾക്ക് വഴിപ്പെടാതെ മക്കളെ ജനിപ്പിക്കുന്നതിൽ, നീതിക്കുവേണ്ടി സഹജീവികളോട് കൂട്ടുചേരുന്നതിൽ ക്രിസ്തീയ മൂല്യങ്ങൾ കൈവിടാതെ രാഷ്ട്രസേവനം ചെയ്യുന്നതിൽ ഒക്കെ കുടുംബങ്ങൾ രാജകീയ ധർമ്മം നിർവഹിക്കുന്നു.

ദാമ്പത്യവിശ്വസ്തതയുടെ അനുകരണീയമായ അനുഷ്ഠാനം വഴിയായും മക്കൾക്ക് നൽകുന്ന ജീവിതപാഠങ്ങൾ വഴിയായും കുടുംബം സ്വഭവനത്തിൽ സുവിശേഷ പ്രഘോഷണവും നിർവഹിക്കുന്നുണ്ട്. കുടുംബത്തിന്റെ വിദ്യാഭ്യാസ ദൗത്യം സുവിശേഷം പകരുകയും പ്രകാശിതമാകുകയും ചെയ്യുന്ന യഥാർത്ഥത്തിലുള്ള ശുശ്രൂഷ തന്നെ ആണെന്ന് പരിശുദ്ധ ജോൺ പോൾ പാപ്പ ചൂണ്ടിക്കാട്ടുന്നുണ്ട്. ജീവിതസാക്ഷ്യംവഴി മാതാപിതാക്കൾ കുട്ടികൾക്ക് ആദ്യത്തെ സുവിശേഷ ദാതാക്കളാകുന്നു. അവരോടൊപ്പം പ്രാർത്ഥിക്കുകയും അവർക്ക് വേദപുസ്തകം വായിച്ചുകൊടുക്കുകയും അവരെ മിശിഹായുടെ ശരീരത്തിന്റെ രഹസ്യങ്ങളിലേക്ക്, സഭയിലും വി. കുർബാനയിലും വെളിവാകുന്ന ദിവ്യരഹസ്യങ്ങളിലേക്ക്, പരിചയപ്പെടുത്തുകയും ചെയ്യുമ്പോൾ, അവർ ശാരീരികമായ വിധത്തിൽ മാത്രമല്ല, ആത്മീയ ജീവനെ സംബന്ധിച്ചും മാതാപിതാക്കളായി മാറുന്നു എന്ന് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു[20]. ദമ്പതികൾ തമ്മിലുള്ള സ്നേഹത്തിന്റെ ക്ഷമാപൂർവമായ അനുഷ്ഠാനത്തിലും സുവിശേഷം പ്രഘോഷിക്കപ്പെടുന്നുണ്ട്. ഇത്തരത്തിൽ, അടുത്ത തലമുറയിലേക്കു അരികിലുള്ളവരിലേക്കും സുവിശേഷമെത്തിക്കുന്നതിൽ ഗാർഹിക സഭ അതിന്റെ പ്രവാചക ധർമ്മം നിർവഹിക്കുന്നു.

കൂദാശയെന്ന നിലയിൽ വിവാഹത്തെ മനസ്സിലാക്കുകയും അതിനോട് ചേർത്ത് കുടുംബത്തെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുമ്പോൾ നാം അനിവാര്യമായി എത്തുന്നത് ഈ ത്രിവിധ ദൗത്യങ്ങളെ സംബന്ധിച്ച ബോധ്യത്തിലാണ്. ഈ ദൗത്യങ്ങൾ അനുഷ്ഠിക്കപ്പെടുമ്പോൾ കുടുംബം വിശ്വാസം പ്രകാശിപ്പിക്കുകയും നൽകുകയും ആഴപ്പെടുത്തുകയും ചെയ്യുന്ന കൂട്ടായ്മയായി മാറും.

**17. വിളിയുടെ ഗർഭഗൃഹം:** തങ്ങളിൽ ഭരമേൽപ്പിച്ചിരിക്കുന്ന പൗരോഹിത്യപരവും പ്രവചനപരവും രാജകീയവുമായ ശുശ്രൂഷകൾ നിർവഹിക്കുക മാത്രമല്ല, ശുശ്രൂഷാ പൗരോഹിത്യത്തിലേക്കും സന്യാസ സമർപ്പണത്തിലേക്കും ഉത്തമ സന്താനങ്ങളെ വളർത്തി ഒരുക്കുന്നതും കുടുംബങ്ങളുടെ സ്വാഭാവികമായ ഉത്തരവാദിത്തമാണ്. സമർപ്പണ ജീവിതത്തിൽ നിന്ന് യുവജനങ്ങളെ പിന്തിരിപ്പിക്കുന്ന പ്രലോഭനങ്ങളുടെ സംസ്കാരം ഭവനങ്ങളിൽ പിടിമുറുക്കുമ്പോഴാണ് ശുശ്രൂഷാ ജീവിതത്തിലേക്കും സമർപ്പണ ജീവിതത്തിലേക്കുമുള്ള വിളികൾ കുറയുന്നതും വിളികൾക്ക് തിളക്കം കുറയുന്നതും. "തീയിൽ നിന്ന് വലിച്ചെടുത്ത കൊള്ളി" ആയതുകൊണ്ടാണ് തന്റെ പുരോഹിതനായ ജോഷ്വാ കളങ്കിതനായിരിക്കുന്നത് എന്ന് ദൈവം പിശാചിനോട് ന്യായവാദം ചെയ്യുന്ന ഒരു രംഗം സഖറിയാ പ്രവാചകന്റെ പുസ്തകത്തിലുണ്ട് (സഖ. 3). കുടുംബ

ബന്ധങ്ങളിൽ പൊതുവായി വരുന്ന ദൗർബല്യങ്ങൾ പുരോഹിതരാകാനുള്ള വിളി സ്വീകരിക്കുന്നവരുടെ വ്യക്തിത്വങ്ങളെയും ബാധിക്കാതിരിക്കില്ല. പ്രാർത്ഥനയുടെ നിശബ്ദത ആവശ്യത്തിനുള്ള ഭവനങ്ങളിലാണ് കുട്ടികൾക്ക് ദൈവസ്വരം കേൾക്കുന്നതിനും വിവേചിച്ചറിയുന്നതിനും സാധിക്കുന്നത്. കൂദാശകളുടെ കൃപയിൽ സ്വയം ബലപ്പെടുത്തുന്ന മാതാപിതാക്കൾക്കാണ് തങ്ങളുടെ മക്കൾക്ക് ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും മാതൃകകൾ പകർന്നു നൽകാൻ സാധിക്കുന്നത്. കൃപയുടെ നിറവിൽ സഹജീവികളുടെ കുറ്റങ്ങളെയും കുറവുകളെയും പരിഹരിക്കാനറിയുന്ന മാതാപിതാക്കളാണ് അജപാലന ശുശ്രൂഷയുടെ ആദ്യപാഠങ്ങൾ നൽകുന്നത്.

കുടുംബങ്ങൾ വിശ്വാസത്തിൽ വിവാഹ കൂദാശയുടെ കൃപകൾ സ്വീകരിക്കപ്പെടുന്ന ഇടങ്ങൾ മാത്രമല്ല, അവയിലാണ് വിശ്വാസം ജീവിതങ്ങളിലേക്ക് സ്വാംശീകരിക്കപ്പെടുകയും പരിപോഷിക്കപ്പെടുകയും ചെയ്യുന്നത്. ഇക്കാര്യത്തെക്കുറിച്ച് നാം അഞ്ചാമത്തെ അധ്യായത്തിൽ പരിചിന്തനം ചെയ്യുന്നതാണ്.

കുടുംബങ്ങളിൽ പങ്കുവയ്ക്കപ്പെടുന്ന സ്നേഹത്തിന് കൗദാശികമാനങ്ങളുണ്ട്, ഒപ്പം മാനുഷിക ഭാവങ്ങളുമുണ്ട്. ഈ സ്നേഹത്തിന്റെ പങ്കുവയ്പിൽ സന്താനങ്ങൾ ജനിക്കുകയും തങ്ങളുടേതായ സ്നേഹജീവിതങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുമ്പോഴാണ് കുടുംബങ്ങൾ അവയുടെ സ്വാഭാവികമായ വിളി പൂർത്തിയാക്കുന്നത്. അടുത്ത രണ്ട് അധ്യായങ്ങളിലായി സ്നേഹകൂട്ടായ്മ എന്ന നിലയിൽ കുടുംബത്തിന്റെ സ്ഥാനത്തെക്കുറിച്ചും, അതിൽ ജീവന്റെ പരിപോഷണം എങ്ങനെ ദൈവം ക്രമീകരിച്ചിരിക്കുന്നു എന്നും നമുക്ക് ചിന്തിക്കാം.

## അദ്ധ്യായം 3
## കുടുംബം: സ്നേഹത്തിന്റെ ഭവനം

**18. പരി. ത്രിത്വത്തിന്റെ ഛായയിൽ:** 'മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല' എന്ന ദൈവ വചനത്തിൽ നിന്നാണ് വിവാഹം എന്ന വ്യവസ്ഥിതിയുടെ ആരംഭം. അവന് അനുയോജ്യയായ ഒരു തുണയെ നൽകുവാൻ അവിടുന്ന് ആഗ്രഹിച്ചു (ഉൽപ. 2, 18; തുണ, ഉതകുന്ന സഹായി എന്നുതന്നെയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം. മലയാളം ബൈബിളിലെ 'ഇണ' എന്ന പദം യോജ്യമല്ല). 'പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ച' ഈ ആദിമ ദമ്പതികളെ ദൈവം സൃഷ്ടിയിലെ തന്റെ ഔന്നത്യത്തിന്റെ അടയാളങ്ങൾകൊണ്ട് മഹത്വമണിയിച്ചു; വർദ്ധിച്ച് ഭൂമിയിൽ നിറയുക, അതിനെ അധീനമാക്കുക, അതിലെ ജീവജാലങ്ങളെ ഭരിക്കുക എന്ന് കൽപിക്കുമ്പോൾ ഭൂമിക്കുമീതേ ദൈവത്തിന്റെ പ്രതിച്ഛായകളായി അവരെ ദൈവം നിയമിക്കുകയാണ്. പരസ്പര സ്നേഹവും, മാതൃത്വത്തിലേക്കും പിതൃത്വത്തിലേക്കുമുള്ള വിളിയുംവഴി അവർ ദൈവസദൃശ്യരാകുന്നു. പുരുഷനും സ്ത്രീയുമായ ഈ ആദിമ കുടുംബത്തിൽ ദൈവത്തിന്റെ ഛായയും സാദൃശ്യവും സൃഷ്ടിയിൽ വെളിവാകുന്നത് യാദൃശ്ചികമല്ല. "നമ്മുടെ ദൈവം അവിടുത്തെ അഗാധ രഹസ്യത്തിൽ ഏകാന്തതയല്ല, മറിച്ച് ഒരു കുടുംബമാണ്. എന്തെന്നാൽ, പിതൃത്വവും പുത്രത്വവും കുടുംബബന്ധങ്ങളുടെ ആധാരമായ സ്നേഹവും അവനിൽ കുടികൊള്ളുന്നു. ദൈവകുടുംബത്തിലെ ആ സ്നേഹം പരിശുദ്ധാത്മാവാണ്[21]. കൂട്ടായ്മയാവുമ്പോഴാണ് മനുഷ്യനിൽ ത്രിത്വച്ഛായ വെളിവാകുന്നത്. ദമ്പതികളുടെ പരസ്പര സ്നേഹത്തിൽ, അതിന്റെ സൃഷ്ടിപരതയിൽ, ദൈവത്തിന്റെ ആന്തരിക ജീവൻ നിഴലിക്കുന്നു എന്ന് പരി. ഫ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നത് അതുകൊണ്ടാണ്[22].

### *3.1. സ്നേഹത്തിന്റെ ഉറവിടങ്ങൾ*

**19. ദൈവികസ്നേഹത്തിന്റെ പ്രകാശനം:** ഒരാൾ മറ്റൊരാൾക്ക് രക്ഷക്ക് ഉതകുന്ന, തുണയായിത്തീരുന്ന സ്നേഹത്തെ 'രഹസ്യം' എന്നു വിളിക്കുമ്പോൾ വി. പൗലോസ് ചെയ്യുന്നതും ദമ്പതികൾക്കിടയിലെ യഥാർത്ഥ സ്നേഹത്തിന്റെ ദൈവികഭാവം വെളിപ്പെടുത്തുകയാണ്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ പരിശുദ്ധവും രക്ഷാകരവുമായ സ്നേഹമാകണം ദമ്പതികൾക്കിടയിൽ ഉണ്ടാകേണ്ടത് എന്ന് അപ്പസ്തോലൻ പഠിപ്പിക്കുന്നു. ദാമ്പത്യ സ്നേഹത്തെ ദൈവികമായ സ്നേഹത്തിൽ നിന്നോ ക്രിസ്തീയമായ ഉപവിയിൽ നിന്നോ വ്യത്യസ്തമായ ഒന്നായല്ല മനസ്സിലാക്കേണ്ടത്, മറിച്ച് ആ ദിവ്യസ്നേഹത്തിന്റെതന്നെ ഏറ്റവും അഗാധവും പരിശുദ്ധവുമായ ആവിഷ്കാരമായിട്ടാണ്. അതുകൊണ്ട് വി. പൗലോസിന്റെ സ്നേഹഗീതം ഉദ്ധരിച്ച് പൂർണ്ണമായി വ്യാഖ്യാനിച്ചുകൊണ്ടാണ് പരി. ഫ്രാൻസിസ് പാപ്പാ ദാമ്പത്യ സ്നേഹം എന്താണെന്ന് വിശദീകരിക്കുന്നത്[23]. ക്ഷമാപൂർണമായ, ശുശ്രൂഷോന്മുഖമായ, അസൂയയിൽ നിന്നും അഹങ്കാരത്തിൽ നിന്നും കോപത്തിൽ നിന്നും മുക്തമായ, സഹനവും സ്ഥിരതയും മുഖമുദ്രയായ ക്രിസ്തീയ സ്നേഹമാണ് ദമ്പതികൾക്കിടയിൽ ജീവിതസമർപ്പണംവഴി പൂർണ്ണതയുടെ ഉന്നത ഭാവങ്ങൾ പ്രാപിക്കുന്നത്. അവരിലെ സ്നേഹത്തെ പൂർത്തീകരിക്കുന്നത് കൂദാശവഴി അവരിൽ സന്നിഹിതനാകുന്ന കർത്താവ് തന്നെയാണ്. വിവാഹ കൂദാശയിൽ ദമ്പതികൾ സ്വീകരിക്കുന്ന

കൃപ എല്ലാറ്റിലുമുപരി അവരെ നയിക്കുന്നത് സ്നേഹത്തിന്റെ പരിപൂർത്തിയിലേക്കാണെന്നും ഇത് അഴിവില്ലാത്ത ഐക്യത്തിൽ അവരെ ശക്തിപ്പെടുത്തുന്നതിനാണെന്നും സാർവത്രിക സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു[24].

**20. ദൈവം, സ്ഥിരതയുടെ ആധാരം:** ദാമ്പത്യത്തിലെ സ്നേഹം നിലനിൽക്കണമെങ്കിൽ ദൈവ സാമീപ്യം അനിവാര്യമാണ് എന്നുകൂടിയാണ് ഇതിനർത്ഥം. 'കപട സ്നേഹങ്ങളെ നീക്കിക്കള യുന്നവരും അന്യോന്യം സ്നേഹിക്കുവാൻ തക്കവണ്ണം സ്നേഹാഗ്നിയാൽ ഹൃദയങ്ങളെ ജ്വലി പ്പിക്കുന്നവനുമായ കർത്താവിനെ[25] തങ്ങളുടെ ഹൃദയവിനിമയത്തിനു മധ്യസ്ഥനായി നിർത്തു വാൻ ദമ്പതികൾക്ക് സാധിക്കുമ്പോഴാണ് സ്നേഹത്തിനു സ്ഥിരതയുണ്ടാവുക. തിരുവചനം കുടുംബത്തിൽ യേശുവിന്റെ സജീവ സാന്നിധ്യത്തിന്റെ പ്രധാന ഉറവിടമാണ്. വചനത്തിന്റെ സൃഷ്ടിപരമായ ഇടപെടൽ തകർച്ചകളിൽ നിന്ന് ഹൃദയങ്ങളെ സുഖപ്പെടുത്തുകയും പരസ്പരം ഭാരങ്ങൾ വഹിക്കുന്നതിൽ ദമ്പതികളെ ബലപ്പെടുത്തുകയും ചെയ്യും. വിശ്വാസപൂർവം വിളി ക്കുന്നവർക്ക് സമീപസ്ഥനായ ദൈവസന്നിധിയിൽ ഭാരങ്ങൾ ഇറക്കിവയ്ക്കുന്നതുവഴിയായി അവരുടെ അനുദിനജീവിതത്തിലെ ക്ലേശങ്ങൾ ലഘുവും സന്തോഷപ്രദവുമായിത്തീരും. ഭൗമിക ജീവിതകാലത്ത് കുടുംബങ്ങളിലെ തകർച്ചകളിലേക്ക് കരുണാപൂർവം കടന്നുചെന്നവനാണ് യേശു എന്ന് ഫ്രാൻസിസ് മാർപാപ്പ അനവധി ഉദാഹരണങ്ങളിലൂടെ നമ്മെ ഓർമ്മിപ്പിക്കു ന്നുണ്ട്[26]. കാനായിലെ വിവാഹവിരുന്നിൽ ആ കുടുംബത്തിനുവേണ്ടി മധ്യസ്ഥത വഹിച്ച പരി ശുദ്ധ അമ്മയെ ദമ്പതികൾ തങ്ങളുടെ പ്രാർത്ഥനകൾക്ക് സഹായമായി സ്വീകരിക്കണം.

**21. വിശുദ്ധ കുർബാന എന്ന ശക്തിസ്രോതസ്സ്:** സഭയെ വിശുദ്ധീകരിക്കാനായി ക്രിസ്തു അർപ്പിച്ച തിരുബലിയിൽ സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യസ്വഭാവത്തിൽ സൃഷ്ടി മുതൽ പതിഞ്ഞിട്ടുള്ള ദൈവികപദ്ധതിയുടെ പൊരുൾ വെളിപ്പെടുന്നതുകൊണ്ട്, മാമോ ദീസാ സ്വീകരിച്ചിട്ടുള്ള സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹം ക്രിസ്തുവിന്റെ രക്തത്തി ലുള്ള നവീനവും സനാതനവുമായ ഉടമ്പടിയുടെ യഥാർത്ഥ അടയാളമായി മാറുന്നു[27]. ആ അർത്ഥത്തിൽ ദമ്പതികളുടെ പരസ്പരസ്നേഹം ഏറ്റം സ്പഷ്ടമായും ദൈവികമായ ആഴ ത്തിലും വെളിപ്പെടുന്നത് പരിശുദ്ധ കുർബാനയിലാണ്. വി. കുർബാന ഐക്യത്തിന്റെ പരമോന്നത കൂദാശയാണ്. വ്യക്തിപരമായും സംഘാതമായും അത് നമ്മെ ക്രിസ്തുവുമായി ഐക്യപ്പെടു ത്തുന്നു. ക്രിസ്തു നമുക്ക് നൽകിയ സ്നേഹത്തിനു സമാനമായ സ്നേഹത്തിൽ സഹോദര ങ്ങൾക്ക് സ്വയം പങ്കുവയ്ക്കാൻ അതു നമ്മെ നിർബന്ധിക്കുന്നു. ഒരാളുടെ ജീവൻ മറ്റൊരാളുടെ ജീവനിലേക്ക് പൂർണ്ണമായി അലിയുന്ന അനുഭവം എന്ന നിലയിൽ വിശുദ്ധ കുർബാനയുടെ അനുഭവത്തിൽ ദാമ്പത്യസ്നേഹത്തിന്റെ മൗതികമായ ഭാവങ്ങൾ വെളിപ്പെടുന്നു.

മാമോദീസാ വിവാഹത്തിന്റെ മൗതികരഹസ്യത്തോട്, ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തോട്, വിശ്വാസികളെ അടിസ്ഥാനപരമായി ബന്ധപ്പെടുത്തുന്നു. വിശുദ്ധ കുർബാന ക്രിസ്തുവും സഭയും തമ്മിലുള്ള രക്ഷാകരമായ സ്നേഹം ജീവിക്കുവാൻ ദമ്പതികളെ പ്രാപ്ത രാകുന്നു. **ക്രിസ്തീയ സ്നേഹത്തിന്റെ ഉറവിടം**[28] എന്ന നിലയിൽ വി. കുർബാന ദമ്പതിക ളുടെ പരസ്പര സ്നേഹത്തെ തുടർച്ചയായി വിശുദ്ധീകരിക്കുകയും, മക്കളും മാതാപിതാക്കളും ബന്ധുജനങ്ങളും അടങ്ങുന്ന സ്നേഹത്തിന്റെ വലിയ കൂട്ടായ്മയിലേക്ക് ഉപവിയുടെ വഴികൾ

തുറക്കുകയും ചെയ്യുന്നു. രണ്ടുപേർ ചേരുന്ന പരസ്പരൈക്യം സഭയെന്ന വലിയ ശരീരത്തിൽ നടക്കുന്ന ഒന്നായതുകൊണ്ട് സഭാജീവിതത്തിന്റെ വിവിധ കൈവഴികളിലേക്കും, വിശാലമായ ലോകത്തിന്റെ സാധ്യതകളിലേക്കും അവരുടെ സ്നേഹത്തെ തിരിച്ചുവിടുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. വി. കുർബാന സ്നേഹത്തിന്റെ, അപരോന്മുഖതയുടെ, പരമോന്നതിയും പൂർണ്ണതയും ആകുന്നുവല്ലോ.

കത്തോലിക്കാ വിശ്വാസത്തിലും പ്രബോധനത്തിലും **സ്നേഹത്തിന്റെ കൂദാശ** എന്ന് വിളിക്കപ്പെടുന്നത് വി. കുർബാനയാണ്. അതേസമയം വി. കുർബാനയിൽ ആവിഷ്കരിക്കപ്പെടുന്ന, സ്വയം സമർപ്പിക്കുന്ന സ്നേഹം നിരന്തരമായും അന്യാദൃശ്യമായ ആഴത്തിലും ഉൾക്കൊള്ളുന്ന ഒന്നാണ് കുടുംബജീവിതത്തിലെ ആത്മസമർപ്പണം. ശരീരം മറ്റൊരാൾക്കായി സമർപ്പിക്കുന്ന സ്നേഹത്തിൽ, അത് ദാമ്പത്യത്തിലായാലും, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലായാലും, വി. കുർബാനയുടെ അർത്ഥം മറ്റൊരിടത്തുമില്ലാത്തവിധം വെളിവാകുന്നുണ്ട്. ഈ സത്യം ഉൾക്കൊണ്ടുകൊണ്ട് വി. ജോൺ ക്രിസോസ്റ്റം തുടങ്ങി പൗരസ്ത്യ പിതാക്കന്മാരും ചിന്തകരും വിവാഹത്തെയും സ്നേഹത്തിന്റെ കൂദാശ എന്ന് വിളിക്കുന്നുണ്ട്.

**22. തിരുക്കുടുംബത്തിന്റെ പാതയിൽ:** ദൈവത്താൽ വിളിക്കപ്പെട്ട് പരസ്പരം ഭരമേല്പിക്കപ്പെട്ടവർ എന്ന നിലയിൽ കുടുംബങ്ങളുടെ ഉന്നത മാതൃക നസറത്തിലെ തിരുക്കുടുംബം തന്നെയാണ്. വിശുദ്ധ യൗസേപ്പിൽ നിന്ന് വിട്ടുവീഴ്ചയില്ലാത്ത വിശ്വസ്തതയുടെയും, ധീരമായ ശുദ്ധതയുടെയും, അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ലഭിക്കേണ്ട ഉണർവുള്ള കരുതലിന്റെയും ബഹുമാനത്തിന്റെയും മാതൃക ഭർത്താക്കന്മാർക്ക് ലഭിക്കുന്നു. പരിശുദ്ധ അമ്മയിൽ എല്ലാ കുടുംബിനികൾക്കും അവരുടെ യഥാർത്ഥ വ്യക്തിത്വമെന്തായിരിക്കണമെന്ന് വെളിപ്പെടുന്നു. കുടുംബത്തിൽ പുരുഷനോടൊപ്പം തന്നെയുള്ള അവളുടെ ബഹുമാന്യത, കുടുംബ ജീവിതത്തിലെ വെല്ലുവിളികളിലുള്ള ഉത്തരവാദിത്വപൂർണ്ണമായ സമർപ്പണം, വിശാലമായ മനുഷ്യസമൂഹത്തിലേക്ക് തുറക്കുന്ന ഉപവി ഇതിലെല്ലാം നസറത്തിലെ മറിയം പ്രകാശപൂരിതമായ മാതൃകയാണ്; കുടുംബിനികൾക്കെന്നല്ല എല്ലാവർക്കും. സ്വയം ത്യജിച്ച്, ദൈവത്തോടുള്ള വിശ്വസ്തതയിൽ പുത്രന്റെ കുരിശിനോട് ചേർന്ന് ഇളക്കമില്ലാത്ത പ്രത്യാശയോടും ശാന്തതയോടും കൂടി ബലിയിൽ പങ്കുചേരുന്ന മറിയം ഉത്തമ ദൃഷ്ടാന്തമാണ്.

### *3.2. ശരീരം ധരിക്കുന്ന സ്നേഹം*

**23. ലൈംഗികത എന്ന ദിവ്യദാനം:** ദാമ്പത്യം സന്തതികളും അവരുടെ കുടുംബങ്ങളും ഒക്കെയായി ജിവന്റെ കൂട്ടായ്മയിലേക്ക് വളരുന്നത് ദമ്പതികൾ അവരുടെ ശരീരങ്ങളെ പരസ്പരം സമർപ്പിക്കുന്നത് വഴിയായിട്ടാണ്. “അവർ രണ്ടല്ല, ഒരു ശരീരമാണ് (മാംസമാണ് എന്ന് വാച്യാർത്ഥം)” എന്ന തിരുവചനത്തിൽ ദാമ്പത്യത്തിലെ ശാരീരികവും വൈകാരികവുമായ ഐക്യം സംബന്ധിച്ച് ദൈവഹിതം വെളിവാകുന്നു. ലൈംഗികത ഒരു ദൈവികദാനമാണ്. അതേസമയം അത് ഒരു മാനുഷിക ചോദനയുമാണ്. ശരീരത്തിന്റെ എല്ലാ വ്യഗ്രതകളെയും പോലെ അതിൽ നന്മയുടെയും തിന്മയുടെയും സാധ്യതകളുണ്ട്. മാമോദീസ സ്വീകരിച്ചവർ വിവാഹിതരാകുമ്പോൾ അവരുടെ മധ്യേ സന്നിഹിതനാകുന്ന ക്രിസ്തു അവരുടെ ശാരീരികവും വൈകാരികവുമായ വിനിമയങ്ങളെ ‘സ്വീകരിക്കുകയും ഉറപ്പിക്കുകയും വിശുദ്ധീകരിക്കുകയും ഉയർത്തുകയും

ചെയ്യുന്നു. അങ്ങനെ അവ വിവാഹത്തിന്റെ കൗദാശികതയിലൂടെ പൂർണമാക്കപ്പെടുന്നു'[29]. സ്ത്രീ പുരുഷന്മാരുടെ ലൈംഗിക വ്യതിരിക്തത സന്താനോല്പാദനം മുൻനിർത്തി നൽകപ്പെട്ടതു മാത്ര മല്ല, അതിന് "സ്നേഹത്തെ വെളിപ്പെടുത്താനുള്ള കഴിവുണ്ട്, മനുഷ്യവ്യക്തിയെ ദാനമായിപ്പ കർത്തുന്ന സ്നേഹത്തെ അത് വെളിപ്പെടുത്തുന്നു" എന്ന് പരി. ഫ്രാൻസിസ് പാപ്പാ വി. ജോൺ പോൾ പാപ്പായെ ഉദ്ധരിച്ചുകൊണ്ട് വിശദീകരിക്കുന്നു[30]. പരിശുദ്ധമായ ഈ തലത്തിൽ ലൈംഗികചോദനകൾ ശരീരത്തിന്റെ ദാമ്പത്യമാനത്തെയും സ്വയംദാനത്തിന്റെ സമഗ്രമായ മഹത്വത്തെയും കണ്ടെത്താൻ സഹായിക്കുന്നവയാണ്[31].

ദമ്പതികൾ തമ്മിലുള്ള സ്നേഹത്തിന്റെ അടിസ്ഥാനപരമായ ഒരു ഭാവമാണ് ലൈംഗികത. ഇണചേരുന്ന പ്രവർത്തിയിൽ മാത്രമല്ല, ഇണയായി ജീവിക്കുന്നതിലൂടെ നിരന്തരം സ്നേഹ മായും സഹജീവനമായും ശാരീരികവും മാനസികവുമായ കരുതലായും പകരേണ്ട ഒന്നാണത്. സ്ത്രീയും പുരുഷനും അവരുടെ ശാരീരികവും മാനസികവുമായ പാരസ്പര്യത്തിൽ അധി ഷ്ഠിതമായ രീതിയിൽ ശാരീരിക സ്നേഹത്തെ ആവിഷ്കരിക്കുന്നത് വിവാഹിതരുടെ ആത്മീ യതയുടെ തന്നെ അടിസ്ഥാനഭാവമാണ്. ശാരീരികമായ സ്നേഹപ്രകടനത്തെ വിലക്കുകളുടെ ഉള്ളിൽ തളച്ച സംസ്കാരമാണ് നമ്മുടേത്. സാംസ്കാരികമായ വിലക്കുകൾക്കുപരി, സ്വാത ന്ത്ര്യത്തോടെയും എന്നാൽ, പ്രകടനപരതയിലേക്ക് വീണുപോകാതെയും ശാരീരികവും വൈകാരി കവുമായ ഐക്യം പ്രകടിപ്പിക്കാൻ ദമ്പതികൾക്ക് സാധിക്കണം. സ്പർശനവും ഒരുമിച്ചുള്ള ഉല്ലാസവും സ്വകാര്യ വിനിമയങ്ങളുമെല്ലാം ഈ സഹയാത്രയുടെ ഭാഷയിൽ ഉൾപെടുന്നു. ശാരീരി കമായോ വൈകാരികമായോ അവശതയോ രോഗമോ അനുഭവിക്കുന്ന പങ്കാളിയെ ഉചിത മായി പരിചരിക്കുന്നത് ഇതിന്റെ അതിപ്രധാനമായ ഭാഗമാണ്. നിരന്തരമുള്ള ഈ പങ്കുവയ്പിന്റെ ഭാഗമായും പരിപൂർത്തിയായും ആവിഷ്കരിക്കപ്പെടുന്ന ലൈംഗികബന്ധം ശരിയായ അർത്ഥ ത്തിൽ ശരീരവും ആത്മാവും പങ്കുവയ്ക്കുന്ന വേദിയാകുന്നു. വി. കുർബാനയിൽ ആവിഷ്കരി ക്കപ്പെടുന്ന ദൈവസ്നേഹം ഈ പൂർണ്ണമായ പങ്കുവയ്പിൽ മനോഹരമായി ആവിഷ്കരിക്ക പ്പെടുന്നുണ്ട്. ജീവിതം മുഴുവൻ ബലിയും ആരാധനയുമായി പകർത്താൻ ഈ പൂർണമായ പങ്കുവയ്പ് ദമ്പതികളെ പ്രാപ്തരാക്കുന്നു. ഇപ്രകാരം, ശാരീരികമായും വൈകാരികമായും ദമ്പതികൾ പരസ്പരം സംലഭ്യരാകുന്നത് വിവാഹത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തങ്ങളിൽ ഒന്നായി വി. പൗലോസും ചൂണ്ടിക്കാണിക്കുന്നുണ്ട് (1 കോറി. 7, 3-5).

ഇണയെ സ്വന്തം ശാരീരികാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഉപാധി മാത്ര മായി കാണുന്ന ലൈംഗിക അഭിനിവേശം സ്നേഹത്തിനു വിരുദ്ധവും, വിവാഹ കൂദാശയുടെ ഉന്നതമായ മഹിമക്ക് യോജിക്കാത്തതുമാണ്. ദാമ്പത്യം മറ്റൊരു വ്യക്തിയെ ഉപയോഗിക്കാ നുള്ള ലൈസൻസ് അല്ല. ദമ്പതികളുടെ പരസ്പര സമ്മതം ദാമ്പത്യ ലൈംഗികതയുടെ ധാർമിക ഉരകല്ലാണ്. എന്നാൽ, ധാർമികതക്ക് വിരുദ്ധമോ ആരോഗ്യത്തിനും അന്തസ്സിനും ഹാനികരമോ അല്ലാത്ത എല്ലാ സാഹചര്യങ്ങളിലും പരസ്പരം സമ്മതം നൽകാനുള്ള ഔദാര്യം ദമ്പതികൾ അവരുടെ ദൈനംദിന വിനിമയങ്ങൾ വഴി രൂപപ്പെടുത്തേണ്ടതാണ്.

**24. ഇണയും തുണയുമായി:** ഇണയാകാൻ മാത്രമല്ല, ഇണയും തുണയുമാകാനാണ് ദൈവം ആദിമനുഷ്യരെ ദമ്പതികളായി സൃഷ്ടിച്ചത്. വിവാഹത്തിനുള്ളിലെ ശാരീരികവും വൈകാരി

കവുമായ വിനിമയം കേവലം ലൈംഗിക വിനിയമങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. അവർ ഒരു മാംസമായിത്തീരും എന്ന വചനത്തിൽ ഉപയോഗിക്കുന്ന മാംസം എന്ന വാക്ക് മനുഷ്യാവസ്ഥയുടെ സാകല്യത്തെയാണ് സൂചിപ്പിക്കുന്നത്. ലൈംഗികമായ പരസ്പരപൂരകത്വം രണ്ടു വ്യക്തികളുടെ മുഴുവൻ ജീവിതപദ്ധതിയുടെയും പങ്കുവയ്പായി അവരെന്തായിരിക്കുന്നോ അതിന്റെയെല്ലാം, അവർക്കെന്തെല്ലാമുണ്ടോ അവയുടെയെല്ലാം പങ്കുവയ്പായി മാറുമ്പോഴാണ്[32] ഇണ തുണയാകുന്നത്. വൈകാരിക ജീവിതത്തിൽ തുടർച്ചയായ സാമീപ്യം നൽകാതെ, ഭാരങ്ങളും പ്രയാസങ്ങളും പരസ്പരം പങ്കുവയ്ക്കാതെ, സ്വപ്നങ്ങൾ പരസ്പരം സഫലീകരിക്കാനുള്ള ബലം നൽകാതെ, സൗഹാർദ്ദത്തിന്റെ തുടർച്ച നൽകാതെ, ശാരീരിക അവസ്ഥകൾ പരസ്പരം മനസ്സിലാക്കാതെയുള്ള ലൈംഗികബന്ധം, അതിന്റെ മനുഷ്യാന്തസ്സിനെ നശിപ്പിക്കുകയും ശാരീരിക ചോദനകളുടെ നിഷ്ഫലമായ പൂർത്തീകരണം മാത്രമായി അവശേഷിക്കുകയും ചെയ്യും. ദാനത്തിന്റെ ഏറ്റവും അഗാധങ്ങളെ സ്പർശിക്കാൻ കഴിവുള്ള ശാരീരിക ബന്ധം അതിന്റെ ലക്ഷ്യത്തിൽ നിന്ന് മാറ്റപ്പെടുമ്പോൾ സ്വാർത്ഥസുഖത്തിന്റെ മാത്രം ആഘോഷമാവും.

**25. വിശുദ്ധിയിലേക്കുള്ള വിളി:** ദമ്പതികൾ അവരുടെ സ്നേഹം പരസ്പര സ്വീകാര്യതയിൽ പൂർത്തീകരിക്കുന്നത് തന്നെയാണ് ദാമ്പത്യജീവിതത്തിലെ ആദ്ധ്യാത്മികത. ഈ സ്നേഹം ശാരീരിക ജീവിതത്തിന്റെ എല്ലാ ഭാവങ്ങളെയും ഉൾക്കൊള്ളുന്നതാണ്; ലൈംഗികമായ പാരസ്പര്യം അതിന്റെ സ്വാഭാവിക ആധാരവുമാണ്. മുൻപ് സൂചിപ്പിച്ചതുപോലെ ശരിയായ സൗഹൃദവും സഹവർത്തിത്വവും ആത്മീയമായ സഹയാത്രയും ഈ പരിപൂർണ്ണ വിനിമയത്തിന്റെ ഭാഗമാണ്. ഈ പരസ്പര വിനിമയത്തിലാണ് ദമ്പതികൾ വിശുദ്ധിയിലേക്കുള്ള അവരുടെ വിളി പൂർത്തീകരിക്കുന്നത്. വിശുദ്ധി എന്നത് വൈവാഹിക ബന്ധത്തിനു പുറത്തുനിന്ന് സ്വീകരിക്കേണ്ട മൂല്യമല്ല; വിവാഹിതരുടെ വിശുദ്ധിക്ക് ആധാരം വിവാഹബന്ധം തന്നെയാണ്. പരസ്പര രക്ഷക്കും, ആത്മീയമായ ഉന്നമനത്തിനും, മാനസികവും ശാരീരികവുമായ സംതൃപ്തിക്കും, സന്തതികളുടെ ജനനത്തിനും രൂപീകരണത്തിനും ഉതകുന്ന വിധത്തിൽ ദമ്പതികൾ പരസ്പരം സ്നേഹിക്കുന്നതിൽ അവരുടെ വിശുദ്ധീകരണത്തിനാവശ്യമായ എല്ലാ കൃപകളും ദൈവം വർഷിക്കുന്നു. വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളെ വിശുദ്ധരായി പ്രഖ്യാപിക്കുമ്പോൾ ലോകത്തിനു മുമ്പിലും കുടുംബങ്ങൾക്ക് മുമ്പിലും സഭ ഉയർത്തിക്കാട്ടിയത് ഈ ആദർശമാണ്.

**26. മനുഷ്യപ്രകൃതിയും ലൈംഗികതയും:** സ്ത്രീയും പുരുഷനുമായുള്ള പാരസ്പര്യമാണ് ദാമ്പത്യത്തിന്റെ സ്വാഭാവികമായ ആധാരം എന്ന് പറഞ്ഞല്ലോ. ഈ പാരസ്പര്യത്തിനു വിരുദ്ധമായ ലൈംഗിക ആഭിമുഖ്യങ്ങൾ മനുഷ്യചരിത്രത്തിൽ ഉടനീളം അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. സ്വവർഗ ലൈംഗികതയും ഭിന്നലൈംഗികതയുമൊക്കെ ഇന്ന് പരക്കേ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്. സ്വാഭാവികമായി ഇത്തരം ആഭിമുഖ്യങ്ങളോ സവിശേഷതകളോ ഉള്ള വ്യക്തികളെ മുൻവിധിയില്ലാതെ സമീപിക്കണമെന്നും സ്വാഭാവികമായ സാമൂഹ്യജീവിതം നയിക്കുന്നതിനുതകുന്ന ഇടങ്ങൾ അവർക്കുണ്ടാകണമെന്നും സഭ ആഗ്രഹിക്കുന്നു. തീർച്ചയായും നമ്മുടെ ആരാധനാലയങ്ങളും കൂട്ടായ്മകളും അവർക്കും അവകാശമുള്ള ഇടങ്ങളാണ്. എന്നാൽ, കുടുംബം രൂപീകരിക്കുന്നതിനുള്ള വിളി ലൈംഗിക പാരസ്പര്യത്തിൽ അധിഷ്ഠിതമായതുകൊണ്ട് സ്വവർഗ ലൈംഗികതയെ കുടുംബബന്ധത്തിന്റെ ആധാരമായി സഭ അംഗീകരിക്കുന്നില്ല.

ഇക്കാര്യത്തിലുണ്ടായ കോടതിവിധി സ്വവർഗ ദാമ്പത്യം നിയമപരമായ അവകാശനിഷേധത്തിനു കാരണമാകരുതെന്ന് നിർദ്ദേശിക്കുന്നുണ്ട്. ധാർമികതയെ സംബന്ധിച്ച ഒരു അഭിപ്രായ പ്രകടനമല്ല അത് എന്ന് ആ വിധിക്ക് അനുബന്ധമായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

പൊതുവായി, മനുഷ്യപ്രകൃതിക്കും അന്തസ്സിനും യോജിച്ച ലൈംഗിക അഭിരുചികളെ മാത്രമാണ് വിവാഹബന്ധത്തിന്റെ ആധാരമായി കാണുന്നത്. ഇതിനു വിരുദ്ധമായ വ്യതിയാനങ്ങളെ പക്വതയോടെ കൈകാര്യം ചെയ്യാൻ ഉതകുന്ന ലൈംഗിക വിദ്യാഭ്യാസം വളർച്ചയുടെ കാലത്ത് തന്നെ നൽകപ്പെടണം. സ്വാഭാവികമായ വ്യതിയാനങ്ങളെ മനസ്സിലാക്കി അനുയാത്ര ചെയ്യുന്നതിനോടൊപ്പം സാംസ്കാരികമോ വൈയക്തികമോ ആയ കാരണങ്ങളിൽനിന്ന് ഉണ്ടാകുന്ന വൈകൃതങ്ങളെയും ദുരുപയോഗങ്ങളെയും നിഷ്ഠയോടെ പ്രതിരോധിക്കുന്നതിനു വ്യക്തികളെ ശക്തരാക്കണം.

മനുഷ്യപ്രകൃതിയുമായി ബന്ധപ്പെട്ട അവകാശനിഷേധം കൂടുതൽ തുടർച്ചയായി നടക്കുന്നത് സ്ത്രീകൾക്കെതിരെയാണ്. പല വിവേചനങ്ങളും സമൂഹത്തിൽ ആഴമായി വേരോടിയിട്ടുള്ളവയായതുകൊണ്ട് നാം മിക്കപ്പോഴും ശ്രദ്ധിക്കാറില്ല എന്ന് മാത്രം. ജനിക്കാനിരിക്കുന്ന കുട്ടിയുടെ ലിംഗനിർണ്ണയം നടത്തി പെൺകുട്ടിയാണെങ്കിൽ ഗർഭത്തിൽവച്ചു കൊന്നുകളയുന്ന ക്രൂരത നിയമം മൂലം നിരോധിക്കപ്പെട്ടിട്ടും അടിക്കടി നടക്കുന്നുണ്ട്. പെൺകുട്ടികളെ പ്രസവിച്ചതിന്റെ പേരിൽ അമ്മമാർ കുടുംബത്തിൽ വിവേചനവും ദ്രോഹവും സഹിക്കുന്നുണ്ട്. ആർത്തവരക്തത്തിന് കല്പിക്കപ്പെട്ട അശുദ്ധി നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞുപോയിട്ടില്ല. സ്ത്രീവർഗ്ഗത്തിന്റെ വ്യത്യസ്തമായ സാമൂഹ്യധർമ്മങ്ങൾ പുതിയനിയമത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി സ്ത്രീയും പുരുഷനും ക്രിസ്തുവിൽ ഒന്നാണെന്നാണ് വിശുദ്ധഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നത് (ഗലാ.3:28). സ്ത്രീത്വം പരാധീനതയായി ചിത്രീകരിക്കപ്പെടുന്ന സാമൂഹ്യ സാമ്പത്തിക സമ്പ്രദായങ്ങൾ ഉണ്ടാക്കിവച്ചും സ്വാഭാവിക ശാരീരിക പ്രക്രിയകൾക്ക് അശുദ്ധി പ്രഖ്യാപിച്ചും വ്യക്തികളെ അകറ്റിനിർത്തുന്നത് സുവിശേഷ വിരുദ്ധമാണ്. മിക്കപ്പോഴും ഈ വിവേചനത്തിന്റെ തുടർച്ചയാണ് തൊഴിലിടങ്ങളിലും കുടുംബബന്ധങ്ങളിലും സമൂഹത്തിന്റെ മറ്റു മേഖലകളിലും അവർ അനുഭവിക്കുന്ന അവശതകളും, ഇക്കാലത്ത് വളരെയേറെ വർദ്ധിച്ചുവരുന്ന ലൈംഗിക അതിക്രമങ്ങളും. സ്ത്രീകൾ സമൂഹത്തിലും, സഭയിലും, കുടുംബത്തിലും വഹിക്കുന്ന സവിശേഷ പദവികളും പങ്കുകളും വിലമതിക്കപ്പെടുകയും മനുഷ്യയോഗ്യമായ ബഹുമതിയോടെ സമൂഹത്തിന്റെ എല്ലാ ഇടങ്ങളിലും അവർക്ക് ജീവിക്കാനുള്ള അവസരം നൽകപ്പെടുകയും വേണം. ഈ മാറ്റത്തിന്റെ വേരുകൾ കുടുംബത്തിൽ നിന്നുതന്നെയാണ് ആരംഭിക്കേണ്ടത്.

### *3.4. വിശ്വസ്തതയും ഫലസമൃദ്ധിയും*

**27. ദാമ്പത്യത്തിന്റെ മാനുഷികമായ ആധാരം:** പരസ്പരം അറിഞ്ഞും ഇഷ്ടപ്പെട്ടും പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാർ നൽകുന്ന പരസ്പരസമ്മതമാണ് വിവാഹ ബന്ധത്തിന്റെ മാനുഷികമായ ആധാരം. നിയമം അനുശാസിക്കുന്ന വിധത്തിലും സ്വാതന്ത്ര്യത്തോടെയും ഈ പരസ്പര സമ്മതം നടക്കുന്നു എന്ന് കുടുംബങ്ങളും വിവാഹബന്ധത്തിനു സാക്ഷിയാകുന്ന വിശ്വാസസമൂഹവും ഉറപ്പുവരുത്തണം. സാമ്പത്തികമോ സാമൂഹ്യമോ ആയ കാരണങ്ങളാൽ

സമ്മർദ്ദങ്ങൾക്ക് വഴങ്ങി ചെറുപ്പക്കാർ അപക്വമായ മനസ്സോടെയും അപൂർണ്ണമായ സമ്മതത്തോടെയും വിവാഹ ബന്ധങ്ങളിൽ പ്രവേശിക്കുന്നത് അപകടകരമായ പ്രവണതയാണ്. പരസ്പര സമ്മതം തിരിച്ചറിവോടെ രേഖപ്പെടുത്താൻ ഉതകുന്ന രീതിയിൽ പരസ്പരം അറിയുന്നതിന് പ്രതിശ്രുത വധൂവരന്മാർക്ക് അവസരമുണ്ടാകണം. അവരുടെ തെരഞ്ഞെടുപ്പിനെ പക്വമാകാൻ അനുവദിക്കുന്ന തരത്തിലുള്ള മാനസികവും ആത്മീയവുമായ ഒരുക്കത്തിനുള്ള അവസരങ്ങൾ ക്രിസ്തീയ സമൂഹം ലഭ്യമാക്കണം. തിരിച്ചറിവ് കൂടാതെയോ, വിവാഹബന്ധത്തിൽ ഏർപ്പെടാനുള്ള മാനസികവും ശാരീരികവും നൈയാമികവും ആയ അടിസ്ഥാനയോഗ്യതകൾ കൂടാതെയോ, ശാരീരികമോ മാനസികമോ ആയ സമ്മർദ്ദങ്ങൾക്ക് വഴിപ്പെട്ടോ നൽകുന്ന സമ്മതം വിവാഹബന്ധങ്ങൾ അസാധുവായിത്തീരുന്നതിന് മതിയായ കാരണമാണ്. കത്തോലിക്കാ സഭയുടെ നിയമക്രമം ഇത് അനുവദിക്കുന്നുണ്ട്.

**28. മടക്കയാത്രയില്ലാത്ത വഴിയിറക്കം:** ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ശിഷ്യന്മാർ മനസ്സിലാക്കാൻ ഏറ്റവുമധികം പ്രയാസപ്പെട്ട രണ്ടുകാര്യങ്ങൾ വിശുദ്ധ കുർബാനയെ സംബന്ധിച്ച പ്രബോധനവും (യോഹ. 6) ദാമ്പത്യവിശ്വസ്തതയെ സംബന്ധിച്ച പ്രബോധനവും (അങ്ങനെയെങ്കിൽ വിവാഹം ചെയ്യാതിരിക്കുകയാണല്ലോ ഭേദം, മത്താ. 19, 10) ആണെന്നത് യാദൃശ്ചികമല്ല. രണ്ടും സ്വയംദാനത്തിന്റെ ആഴങ്ങളെ സ്പർശിക്കുന്നവയാണ്. ദാമ്പത്യം സ്ത്രീപുരുഷ പാരസ്പര്യത്തിന്റെ വ്യക്തിതലത്തിലുള്ള പൂർത്തീകരണമാണ്. ഈ പൂർത്തീകരണം കൗദാശിക തലത്തിലേക്ക് ഉയരുമ്പോൾ അത് ദൈവികമായി അവിഭാജ്യമായിത്തീരുന്നു.

ഈ അവിഭാജ്യതക്ക് രണ്ടുവശങ്ങളുണ്ട്. ഒന്നാമത്തേത് ദമ്പതികളുടെ പരസ്പര വിശ്വസ്തതയാണ്. തുണയാകലിന്റെ പല മാനങ്ങളും ഭാവങ്ങളും സമൂഹജീവിതത്തിൽ ഉണ്ട്. ഇവയിൽ ഏറ്റവും ഉയിരിനോട് ചേരുന്നത് ദമ്പതികൾ തമ്മിലുള്ള പരസ്പര ലഭ്യതയാണ്. പരസംഗം മറ്റെല്ലാ പാപങ്ങൾക്കുമുപരി മനുഷ്യനെ അശുദ്ധനാക്കുന്നു എന്ന് (1 കോരി. 6, 18) വി. പൗലോസ് പഠിപ്പിക്കുന്നത് ശാരീരികസ്നേഹത്തിന്റെ ഈ ആഴത്തെക്കുറിച്ചാണ്. ദമ്പതികൾ ശാരീരികവും വൈകാരികവുമായി പരസ്പരം സംലഭ്യരാകുന്നത് അവരുടെ ശാരീരിക ചോദനകളുടെ ശുദ്ധീകരണത്തിനുതകുന്നു എന്ന് വി. പൗലോസ് മുതലുള്ള ആദിമ പിതാക്കന്മാർ ആവർത്തിച്ച് പഠിപ്പിച്ചിട്ടുള്ളതാണ്. പരസ്പര സ്നേഹത്തിലും വിശുദ്ധിയിലും അധിഷ്ഠിതമായ ഈ സംസർഗം അപരസാന്നിദ്ധ്യങ്ങളെ നിഷേധിക്കുന്നവയാണ്. ഇരുവരും ഒരുമിച്ച് രക്ഷാകരമായ ഐക്യത്തിൽ പരസ്നേഹമുള്ളവരായിത്തീരുക എന്നതാണ് മലങ്കര ആരാധനാക്രമത്തിൽ ദാമ്പത്യത്തേക്കുറിച്ച് കാണുന്ന ആശയം. ഒരാൾക്ക് മാത്രം സ്വന്തമായ സൗഹൃദമോ സ്നേഹമോ ഇല്ല. മക്കളോടും ബന്ധുക്കളോടും സുഹൃത്തുക്കളോടും ഉള്ള സ്നേഹം ദമ്പതികൾക്കിടയിൽ പങ്കുവയ്ക്കപ്പെടുന്ന അലംഘനീയമായ സ്വകാര്യതയും സമഗ്രതയും ഉള്ള, പരസ്പര സ്നേഹത്തിൽ നിന്ന് പുറപ്പെടുന്നതാകണം. അവരുടേതു മാത്രമായ ഇടങ്ങളിൽ ആഘോഷിക്കപ്പെടുന്ന ഈ സ്നേഹത്തിന്റെ ഏറ്റവും സ്വകാര്യവും ആഴമേറിയതുമായ ആവിഷ്കാരമാണ് ലൈംഗികത. അവിടെ മൂന്നാമതൊരു മനുഷ്യവ്യക്തിക്ക് സ്ഥാനമില്ല.

ഇക്കാരണത്താൽ, വിവാഹ ഉടമ്പടി തിരിച്ചുപോക്കില്ലാത്ത വഴിയിറക്കമാണ്. ഇതാണ് അവിഭാജ്യതയുടെ രണ്ടാമത്തെ അർത്ഥം. ദൈവത്താൽ മുദ്രവയ്ക്കപ്പെടുന്ന പരസ്പരദാനം

ആയുഷ്പര്യന്തമായ ഒരു ഉടമ്പടിയാണ്. ഇതാണ് അപ്പസ്തോലന്മാർക്ക് പോലും ഇടർച്ച നൽകിയ, ഇന്നും പലർക്കും ഇടർച്ചക്ക് നിദാനമായിരിക്കുന്ന സഭാപ്രബോധനങ്ങളിലൊന്ന്[33]. "രണ്ടു വ്യക്തികൾ തമ്മിലുള്ള സ്വയം ദാനമെന്ന നിലയിൽ (ദമ്പതികൾ തമ്മിലുള്ള) അഗാധമായ ഐക്യവും, കുഞ്ഞുങ്ങളുടെ നന്മയും, ദമ്പതികൾ പരിപൂർണ്ണമായി വിശ്വസ്തരായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു; ഇതിൽ നിന്ന് അവരുടെ ഐക്യം അവിഭാജ്യമാണെന്ന് സിദ്ധിക്കുന്നു"[34].

വ്യക്തിപരമായ വ്യത്യാസങ്ങൾ വെളിപ്പെടുമ്പോഴോ, വൈകാരിക അടുപ്പത്തിൽ വിള്ളൽ വീഴുമ്പോഴോ, സാമ്പത്തിക ക്ലേശങ്ങൾ പരസ്പരം പങ്കുവയ്ക്കാൻ അസാധ്യമാകുമ്പോഴോ, അനഃപത്യത പോലെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഇല്ലാതെ വരുമ്പോഴോ, രോഗാവസ്ഥകൾ അന്യോന്യം സ്വീകരിക്കാൻ സാധിക്കാതെ വരുമ്പോഴൊക്കെ ദമ്പതികൾക്ക് പരസ്പരം വഴി പിരിയാൻ സമൂഹക്രമവും നിയമവ്യവസ്ഥയും അനുവാദം നൽകുന്നുണ്ട്. വിവാഹത്തെ സംബന്ധിച്ച ക്രിസ്തീയ കാഴ്ചപ്പാട് ഇത്തരം വേർപിരിയലുകളെ പരമാവധി നിരുൽസാഹപ്പെടുത്തുന്നു. സ്നേഹപൂർവമായ ക്ഷമയ്ക്കും, സ്വന്തം നിറവുകൾകൊണ്ട് കൂട്ടാളിയുടെ കുറവുകളെ തീർക്കുന്ന ഔദാര്യപൂർണ്ണമായ പങ്കാളിത്തത്തിനും, സുവിശേഷാനുസൃതമായ ഉപവിക്കും മാനുഷികമായ മിക്ക പ്രശ്നങ്ങളെയും പരിഹരിക്കാൻ കെൽപുണ്ട് എന്ന് നമുക്കറിയാം. എങ്കിലും, തികച്ചും അവശ്യമായ അവസരങ്ങളിൽ ദാമ്പത്യബന്ധം വേരിപിരിയാൻ സഭാമക്കൾക്ക് അവകാശമുണ്ട്[35]. ഈ സാഹചര്യത്തിൽ പോലും ഒരിക്കൽ നിയമവിധേയമായും സ്വമനസ്സോടെയും നൽകപ്പെട്ട വിവാഹവാഗ്ദാനം ഇല്ലാതാകുന്നില്ല. വേർപിരിഞ്ഞു ജീവിക്കുന്നവർക്കും സിവിൽ നിയമപരമായ വിവാഹ മോചനം നേടിയവർക്കും മറ്റൊരു വിവാഹം കഴിക്കാനുള്ള അനുവാദം സഭ നൽകുന്നില്ല.

**29. ഫലസമൃദ്ധമായ സ്നേഹം:** ദമ്പതികൾ പരസ്പരം നടത്തുന്ന സമർപ്പണം, അവരുടെ ശാരീരികവും വൈകാരികവുമായ പരസ്പരദാനം, അതിൽ തന്നെ മഹോന്നതവും മഹത്തരവുമാണ്. അത് ദൈവസന്നിധിയിൽ സ്വീകാര്യമാകുന്നതിന് മറ്റ് ഉദ്ദേശലക്ഷ്യങ്ങൾ ആവശ്യമില്ല. ആ സ്നേഹത്തിന്റെ അടിസ്ഥാനപരമായ പരിപൂർത്തി ദമ്പതികൾക്കുണ്ടാകുന്ന സന്തോഷവും സംതൃപ്തിയും തന്നെയാണ്.

പക്ഷേ, ലൈംഗികത ഒരു സ്വാഭാവിക ചോദനയെന്ന നിലയിൽ സുഖാസ്വാദനത്തിന് മാത്രമായി നൽകപ്പെട്ടതല്ല. പ്രകൃതിയിൽ നമുക്ക് കാണാവുന്നതുപോലെ ലൈംഗികതയുടെ സ്വാഭാവിക പരിണിതി വംശത്തിന്റെ വർദ്ധനവിനും പരിപാലനത്തിനുംകൂടി ഉള്ളതാണ്. ഈ സ്വാഭാവിക ലക്ഷ്യത്തെ മനഃപൂർവ്വം നിഷേധിക്കുമ്പോൾ ലൈംഗികത പാപകരമായ സുഖാന്വേഷണത്തിലേക്ക് വഴുതുന്നു. സഭയിലെ ആദിമ പിതാക്കൻമാരുടെ കാലം മുതൽ ഇന്നോളം മുതൽ ഇത്തരം സ്വാർത്ഥമായ ലൈംഗികതയെ നിരുൽസാഹപ്പെടുത്തുന്നുണ്ട്. കൃത്രിമമായ ജനനനിയന്ത്രണ ഉപാധികൾ ഉപയോഗിച്ചുള്ള ലൈംഗികബന്ധം വിവാഹബന്ധത്തിന്റെ അടിസ്ഥാന സ്വഭാവത്തെ, ജീവന്റെ പരിപാലനത്തിലേക്കുള്ള നിർവിഘ്നമായ ശ്രദ്ധയെ നിഷേധിക്കുന്നതാണ്.

ദമ്പതികളുടെ പരസ്പര സ്നേഹം ജീവന്റെ പരിപാലനയെ ഉൾക്കൊള്ളുന്നതാകണം. ഇത് സന്താനോല്പാദനത്തെ മാത്രം ബാധിക്കുന്ന വിഷയമല്ല. മുതിർന്നവർക്ക് ആവശ്യമായ

ശുശ്രൂഷ നൽകുന്നതിനും, സവിശേഷമായ ആവശ്യങ്ങളുമായി ജനിച്ചവരോ, അപകടമോ രോഗമോ മൂലം പ്രത്യേകമായ ശ്രദ്ധ അർഹിക്കുന്നവരോ ആയ കുടുംബാംഗങ്ങൾക്ക് അവരുടെ അന്തസ്സിനും ആവശ്യങ്ങൾക്കുമനുസരിച്ചുള്ള പരിഗണനകൾ ലഭ്യമാക്കുന്നതിനും ദമ്പതികൾ ജാഗ്രതയുള്ളവരായിരിക്കണം.

ജീവന്റെ ഉറവിടം എന്ന നിലയിൽ നാം കുടുംബത്തെ പഠനവിഷയമാക്കുന്ന അടുത്ത അധ്യായത്തിൽ ഈ ഭാഗം കൂടുതൽ വിശദീകരിക്കുന്നതാണ്.

### *3.4. സ്നേഹത്തിന്റെ നാനാർത്ഥങ്ങൾ*

**30. അണുകുടുംബവും അനുബന്ധ കുടുംബങ്ങളും:** കുടുംബസ്നേഹം എന്നാൽ തീർച്ചയായും ദാമ്പത്യസ്നേഹം മാത്രമല്ല. മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹം കുടുംബത്തിന്റെ ഏറ്റവും മനോഹരമായ ഒരു ഭാവമാണ്. അതുപോലെ, ജീവിതത്തിൽ ഏതെങ്കിലും ഘട്ടത്തിൽ വഴിപിരിയാറുള്ള സഹോദരങ്ങളും ഈ സ്നേഹലോകത്തിന്റെ ഭാഗങ്ങളാണ്.

വളർച്ചയുടെ ദിശയിലുള്ള മക്കളോട് മാതാപിതാക്കൾക്കുള്ള കടമകളെക്കുറിച്ചാണ് തുടർന്നുവരുന്ന രണ്ട് അധ്യായങ്ങളും എന്നതിനാൽ അക്കാര്യങ്ങൾ ഇവിടെ വിശദീകരിക്കുന്നില്ല.

മാതാപിതാക്കളെയും വയോധികരെയും ദൈവതുല്യരായി കരുതണമെന്ന് പഠിപ്പിച്ചിരുന്ന സംസ്കാരമാണ് ഭാരതത്തിന്റേത്. വേദപുസ്തകം നമ്മോട് ആവശ്യപ്പെടുന്നതും അതാണ്. "പ്രായംചെന്നു നരച്ചവരുടെ മുൻപിൽ ആദരപൂർവ്വം എഴുന്നേൽക്കുകയും അവരെ ബഹുമാനിക്കുകയും വേണം. നിന്റെ ദൈവത്തെ ഭയപ്പെടുക. ഞാനാണു കർത്താവ്" (ലേവ്യ. 19, 32). വ്യാവസായിക നാഗരികതയുടെ ലോകം ഭൂതകാലത്തെ മാറ്റിനിർത്താൻ ശ്രമിക്കുന്ന ലോകമാണെന്ന് വി. ജോൺ പോൾ മാർപാപ്പ പരിതപിക്കുന്നു[47]. ഉപയോഗശൂന്യം എന്ന് തോന്നുന്നതിനെ വലിച്ചെറിയുന്ന സംസ്കാരം രൂപം കൊണ്ടിരിക്കുന്നു. "കൃതജ്ഞതയുടെയും വിലമതിക്കലിന്റെയും ആതിഥ്യത്തിന്റെയും സഞ്ചിതബോധത്തെ നാം ഉണർത്തേണ്ടിയിരിക്കുന്നു. അത് തങ്ങൾ സമൂഹത്തിന്റെ സജീവഭാഗമാണെന്നുള്ള ബോധം വയോജനങ്ങളിൽ ഉദ്ദീപിപ്പിക്കും"[48]. എന്ന് ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു. കുടുംബങ്ങളിൽ അവരുടെ സാന്നിധ്യം ഭൂതകാലത്തോട് ബന്ധപ്പെടുന്നതിനും തങ്ങളെക്കാൾ വലുതാണ് ചരിത്രം എന്ന തിരിച്ചറിവിൽ എളിമപ്പെടുന്നതിനും ഇളയതലമുറയെ സഹായിക്കും. എല്ലാറ്റിലുമുപരി മനുഷ്യശരീരത്തിന്റെ ക്ഷയോന്മുഖത തിരിച്ചറിയുന്നതിനും, ദൈവത്തിങ്കലേക്ക് എളിമയോടെ തിരിയുന്നതിനും അവരുടെ സാമീപ്യം സഹായകമാകും.

മക്കളുടെ വൈവാഹിക ജീവിതത്തിൽ നിന്ന് മാതാപിതാക്കൾ സ്വീകരിക്കേണ്ട ബഹുമാനപൂർവമായ അകലം കർതൃകല്പനയാണെന്ന് നാം പലപ്പോഴും മറക്കാറുണ്ട്. "പിതാവിനെയും മാതാവിനെയും വിട്ട്" ഭാര്യയോട് ചേരും (എഫേ. 5, 31) എന്നത് വാച്യാർത്ഥത്തിൽ എടുക്കേണ്ടതില്ലെങ്കിലും യുവതലമുറയുടെ അനുദിന ജീവിതത്തിൽ മാതാപിതാക്കൾ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്നത് പലപ്പോഴും നന്മയ്ക്കുപകരം ദോഷം ചെയ്യും. അനേക കുടുംബങ്ങളിൽ വിള്ളലുണ്ടാക്കുന്നത് ഈ കാരണങ്ങളിലാണെന്നത് യാഥാർത്ഥ്യമാണ്. ഔചി

ത്യപൂർവമായ നിശബ്ദതയും ഒരു ക്രിസ്തീയ പുണ്യമാണ്. മാതാപിതാക്കൾക്ക് സംലഭ്യരാകാൻ എളുപ്പമുള്ള അകലത്തിൽ നവകുടുംബങ്ങൾ പുതിയ ഭവനങ്ങൾ പണിയുകയാണ്, മറ്റു തരത്തിൽ ബാധ്യതകൾ ഇല്ലെങ്കിൽ, ഏറ്റവും ഫലപ്രദമായ മാർഗം.

വ്യത്യസ്ത കുടുംബങ്ങളിലേക്ക് ചേക്കേറിയാലും സഹോദരങ്ങൾ തമ്മിലുള്ള ബന്ധം ഊഷ്മളമായി തുടരുന്ന ഒരു സംസ്ക്കാരമാണ് നമ്മുടേത്. ഇന്നത്തെ കാലത്ത് വിശാല കുടുംബങ്ങളിലെ ബന്ധങ്ങൾ സംഘം ചേർന്നുള്ള ആഘോഷങ്ങളിലേക്കും ശക്തിപ്രകടനങ്ങളിലേക്കും മാത്രം ഒതുങ്ങുകയും പലതരം വടംവലികളിൽ അവസാനിക്കുകയും ഒക്കെ ചെയ്യുന്നത് സാധാരണമാണ്. പിന്നിലായിപ്പോകുന്നവർക്ക് ബലം പകരുകയും, മക്കളിലേക്ക് ഒരുമിച്ച് ശ്രദ്ധിക്കുകയും, തുടർച്ചയായി ഒരുമിച്ചുചേർന്ന് പ്രാർത്ഥിക്കുകയും, കരുതലിന്റെ കണ്ണും കയ്യുമായി കാവൽ നിൽക്കുകയും ചെയ്യുന്ന കൂട്ടുകുടുംബങ്ങളുടെ നന്മകളിലേക്ക് ഇടക്കെങ്കിലും ഒരു മടങ്ങിപ്പോക്ക് സഹോദരങ്ങൾക്ക് ആവശ്യമാണ്. നമ്മുടെ സവിശേഷ സാഹചര്യത്തിൽ കുടുംബയോഗങ്ങൾ മേനി പറച്ചിലിനും ആഘോഷത്തിനും ഉള്ള വേദികളായി ചുരുങ്ങാതെ, ക്രിയാത്മകമായ ഉപവിയുടെ വേദികളാക്കി മാറ്റുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്.

**31. ഉപവിയും ദാനധർമ്മവും:** മക്കളിലേക്കും ബന്ധുജനങ്ങളിലേക്കും മാത്രമല്ല, അയൽക്കാരിലേക്കും സവിശേഷമായി അശരണരിലേക്കും - തിരിയുന്ന ഉപവി കുടുംബബന്ധങ്ങളെ നിരന്തരം വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ആത്മീയ സ്രോതസ്സാണ്. സാമ്പത്തികമായി പിൻതള്ളപ്പെട്ടവരെയും, കുടിയേറ്റക്കാരെയും, അനാഥരാകുന്ന ശിശുക്കളെയും ഒക്കെ പരാമർശിച്ചിട്ടുള്ള സാർവത്രിക സഭയുടെ ആചാര്യന്മാർ ഈ വിഷയത്തിൽ നിരവധി മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭയുടെ അടിസ്ഥാനപരമായ ആത്മീയ ആഭിമുഖ്യങ്ങളിൽ ഒന്നാണിത്. വിവാഹവാഗ്ദാനത്തിനുള്ള ശുശ്രൂഷയിൽ ആമുഖമായി നൽകിയിരിക്കുന്ന തോബിത്തിന്റെ പുസ്തകത്തിൽ നിന്നുള്ള വായന (4, 5-13) ഈ ആത്മീയതയുടെ പരമ്പരാഗത സ്വഭാവമാണ് സൂചിപ്പിക്കുന്നത്. വിവാഹ കാര്യത്തിൽ സ്വജനത്തെ മാനിക്കണം എന്ന ഉപദേശത്തോടൊപ്പം തോബിത്ത് മകനു നല്കുന്നത് ദാനധർമ്മത്തിൽ നിരന്തരം ശ്രദ്ധിക്കണം എന്ന ഉപദേശമാണ്. ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബങ്ങൾക്കുള്ള കത്തിലും തപശ്ചര്യകളിൽ ബലം പ്രാപിച്ച പ്രാർത്ഥനയോടൊപ്പം കുടുംബങ്ങളുടെ നിലനില്പിനാധാരമായി ദാനധർമത്തെ ഉയർത്തിക്കാട്ടുന്നുണ്ട്.

ഇന്നത്തെ കാലഘട്ടത്തിൽ വിവാഹച്ചടങ്ങുകൾ ഉൾപ്പെടെ കുടുംബം പശ്ചാത്തലമായി വരുന്ന ആഘോഷങ്ങൾ ധാരാളിത്തത്തിന്റെ ഉതപ്പിലേക്ക് വഴുതിവീഴുന്നുണ്ട്. പലകുടുംബങ്ങളും സ്വന്തം സാമ്പത്തികസ്ഥിതി പോലും അപകടത്തിലാക്കുന്ന തരത്തിലുള്ള ദുർവ്യയമാണ് ആഘോഷങ്ങളിൽ കാണിക്കുക. ഇത് ഉപവിക്ക് വിരുദ്ധമായ സാംസ്കാരിക തിന്മയാണ്. വ്യക്തി തലത്തിലല്ല സമൂഹത്തിന്റെ വ്യവസ്ഥിതിയിൽ തന്നെ - സ്വാർത്ഥതയുടെ, അഹങ്കാരത്തിന്റെ, ആഡംബരത്തിന്റെ, സുഖഭോഗതൃഷ്ണയുടെ മാതൃകകൾ തുന്നിച്ചേർക്കപ്പെടുന്നു. സമീപത്തുള്ള ദരിദ്രനെ അവഗണിക്കുകകൂടി ചെയ്യുമ്പോൾ ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ (ലൂക്കാ. 16, 19-31) കർത്താവ് നല്കുന്ന താക്കീതാണ് വിസ്മരിക്കപ്പെടുന്നത്. കുടുംബവുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ ഉപവിയുടെയും സമഭാവനയുടെയും ആവിഷ്കാരങ്ങളാകാൻ കുടുംബങ്ങളും ഇടവക കൂട്ടായ്മകളും തീരുമാനിക്കേണ്ടതുണ്ട്.

## *3.5. വെല്ലുവിളിക്കപ്പെടുന്ന സ്നേഹം*

**32. അപക്വമായ കാഴ്ചപ്പാടുകളുടെ സ്വാധീനം:** കുടുംബരൂപീകരണത്തിന്റെ ആദ്യപടി വിവാഹത്തിനുള്ള ഒരുക്കമാണല്ലോ. ഇതിനുള്ള സഭാപരമായ ക്രമീകരണങ്ങൾ ഇന്ന് നടക്കുന്നുണ്ടെങ്കിലും യുവജനങ്ങളെ കുടുംബജീവിതത്തിന് ഒരുക്കുന്ന പക്വമായ കാഴ്ചപ്പാടുകൾ പകർന്നു നൽകാൻ സാധിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം.

*1. ലൈംഗികതയെ സംബന്ധിച്ച്:* ലൈംഗികതയും കുടുംബരൂപീകരണവും സംബന്ധിച്ച് യുവജനതയ്ക്ക് തുടർച്ചയായ രൂപീകരണം ആവശ്യമുണ്ട്. പ്രത്യേകിച്ച് ലൈംഗികതയെ സംബന്ധിച്ച് വികലമായ അറിവുകളും അപക്വമായ സ്വാതന്ത്ര്യബോധവും ഇന്നത്തെ വിവരവിപ്ലവത്തിന് അനുബന്ധമായി വളർന്നുവരുന്നുണ്ട്. ശാസ്ത്രീയമായി കൃത്യവും, ധാർമികതയിൽ ഉറച്ചതുമായ ലൈംഗിക വിദ്യാഭ്യാസം നൽകുന്നത് മാതാപിതാക്കളും, അധ്യാപകരും, അജപാലകരും ഉൾപ്പെട്ട മുതിർന്ന തലമുറ ഗൗരവമായി കാണണം. ദൃശ്യമാധ്യമങ്ങളിലോ, ഇന്റർനെറ്റിലോ സ്വന്ത താല്പര്യത്തിനനുസരിച്ച് കണ്ടെത്താവുന്ന ലൈംഗിക ഭാവനകളിൽ നിന്ന് യുവതീയുവാക്കൾ അവരുടെ ലൈംഗികത രൂപപ്പെടുത്താൻ അനുവദിക്കരുത്. ലൈംഗികതയുടെ അർത്ഥവും അതിനെ സംബന്ധിച്ച സത്യങ്ങളും യുവജനതക്ക് പകർന്നുനൽകാൻ സാധിക്കണം.

*2. മാനവികമായ കാഴ്ചപ്പാട്:* വ്യക്തികളോടുള്ള ബഹുമാനം അടിസ്ഥാന ആഭിമുഖ്യമായി മാറുന്ന ഒരു വിദ്യാഭ്യാസ പദ്ധതി ആവശ്യമാണ്. സ്കൂളുകളിലും കോളേജുകളിലും നിന്ന് മാനവിക വിഷയങ്ങൾ അപ്രത്യക്ഷമാവുകയും, തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസത്തിലേക്ക് മാത്രം പതിനേഴാം വയസ്സുമുതൽ യുവതീയുവാക്കൾ ചുരുങ്ങുകയും ചെയ്യുന്ന സാഹചര്യമാണിന്നുള്ളത്. മാനവികതയിലൂന്നിയ ജീവിത ദർശനങ്ങൾ യുവജനത്തിനു നൽകുന്നതിൽ സഭയും സഭയോട് ചേർന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ശ്രദ്ധിക്കണം. കുടുംബങ്ങളിൽ സ്നേഹനിഷേധത്തിന് ഇടയാക്കുന്ന നിലപാടുകൾ മാനവീയമായ കാഴ്ചപ്പാട് കുറഞ്ഞുവരുന്നതിൽ നിന്നു കൂടിയാണുണ്ടാകുന്നത്. ഇന്നത്തെ തലമുറയുടെ മുഖമുദ്രയായ വ്യക്തിത്വവാദത്തിൽ നിന്ന് സുവിശേഷം അകലം പാലിക്കുന്നു എന്ന് ശ്രദ്ധിക്കണം. മനുഷ്യവ്യക്തിയുടെ സമഗ്രമായ പൂർത്തി കണ്ടെത്തുന്നത് അവന്റെ സാമൂഹ്യ സ്വഭാവം നിഷേധിച്ചുകൊണ്ടല്ല. അപരനിലേക്ക് ഉത്തരവാദിത്വത്തോടെയും ഔദാര്യത്തോടെയും തിരിയാത്ത ഒരു തത്വശാസ്ത്രത്തിനും സുവിശേഷത്തിന്റെ വെളിച്ചത്തിൽ സ്ഥാനമില്ല.

*3. സ്ത്രീപുരുഷ സമത്വത്തെപറ്റി* ആരോഗ്യപൂർണമായ ഉൾക്കാഴ്ചകൾ സഭാസമൂഹത്തിൽ നിരന്തരം പങ്കുവയ്ക്കപ്പെടേണ്ടതുണ്ട്. സ്ത്രീകളെ സ്വന്തം സുഖത്തിനുള്ള ഉപകരണങ്ങളായിക്കാണുന്ന മനഃസ്ഥിതി, പഴകിയ പുരുഷാധിപത്യ ചിന്താഗതിയിൽ നിന്ന്, ക്രിസ്തീയ സമൂഹത്തിലും രൂഢമൂലമായിത്തീർന്നിട്ടുണ്ട്. ഭക്ഷണവും, വസ്ത്രവും, ലൈംഗികശ്രദ്ധയും നൽകിയാൽ അതുകൊണ്ട് ഭാര്യ സന്തുഷ്ടയായിരിക്കണം എന്ന് ശഠിക്കുന്ന ഭർത്താക്കന്മാർ ഇന്നത്തെ യുവതലമുറയിൽപോലുമുണ്ട്. ഇപ്പറഞ്ഞതിന്റെയൊക്കെ ആകെത്തുകയെക്കാൾ പ്രധാന പ്പെട്ടതാണ് വ്യക്തി എന്ന നിലയിൽ ബഹുമാനിക്കപ്പെടുന്നത്. പരസ്പരം സഫലീകരിക്കുന്ന സഹയാത്രയായി വിവാഹബന്ധങ്ങൾ മാറുന്നില്ല. അഭ്യസ്ഥവിദ്യരായ പല യുവതികളും തൊഴിലിനെയും മറ്റു ജീവിത സുസ്ഥിതികളെയും പറ്റിയുള്ള സ്വപ്നങ്ങൾ മാറ്റിവച്ച് ഭർത്താവിന്റെയോ കുടുംബത്തി

ന്റെയോ താല്പര്യങ്ങൾക്കിണങ്ങി ജീവിക്കേണ്ടി വരുന്നുണ്ട്. സ്ത്രീകളെ സ്വന്തം ജീവിതവും വ്യക്തിത്വവുമുള്ള സഹധർമ്മിണികളായിക്കാണാൻ ഇന്നത്തെ ആൺതലമുറക്ക് ഒരുക്കം വേണം. മാതൃത്വത്തിലാണ് സ്ത്രീയുടെ ജന്മസാഫല്യം, അതിനുവേണ്ടി അവൾ മറ്റെല്ലാം ത്യജിക്കണം എന്നൊക്കെ ഉള്ള കാല്പനിക ആശയങ്ങളിൽ നിന്ന് പെൺകുട്ടികളെത്തന്നെ സ്വതന്ത്രരാക്കാനും സവിശേഷമായ ശ്രദ്ധ ആവശ്യമാണ്.

*4. നവമാധ്യമ സ്വാധീനം:* വ്യവസ്ഥാപിതമായ ആൺമേൽക്കോയ്മക്കുതകുന്ന കാല്പനിക ആശയങ്ങളുടെയും, അപക്വ ലൈംഗികതയുടെയും വിഷവിത്തുകൾ പരക്കെ വിതയ്ക്കുന്നതിൽ നവമാധ്യമങ്ങൾക്കുള്ള പങ്ക് തിരിച്ചറിയപ്പെടണം. മാധ്യമങ്ങളുടെ അതിപ്രസരത്തിനു വിരുദ്ധമായി ദൈവവചനത്തിന്റെ വെളിച്ചത്തിലും ക്രൈസ്തവ സ്നേഹത്തിന്റെ തെളിച്ചത്തിലും സ്വന്തം ജീവിതങ്ങളെ പരിശോധിക്കുന്നതിനും വളർത്തുന്നതിനും യുവജനതയെ സഹായിക്കണം.

*5. വിവാഹ ബന്ധത്തെപ്പറ്റി തെറ്റായ ബോധ്യങ്ങൾ* വർദ്ധിച്ചുവരുന്നുണ്ട്. നഗരങ്ങളിലേക്ക് യുവജനങ്ങളുടെ ഒഴുക്ക് അധികരിച്ചതോടെ വിവാഹബന്ധത്തിൽ ഉൾപെടുന്നതിനു മുൻപ് തന്നെ ഒരുമിച്ച് താമസിക്കുന്നതിനും ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്നതിനും, വിശ്വാസ പശ്ചാത്തലമോ കുടുംബ പശ്ചാത്തലമോ പരിഗണിക്കാതെ ദാമ്പത്യബന്ധങ്ങൾ തെരഞ്ഞെടുക്കുന്നതിനും, വ്യക്തിപരമായ താല്പര്യങ്ങളുടെ അനുയോജ്യത പോലും ശരിയായി മനസ്സിലാക്കാതെ പരീക്ഷണാടിസ്ഥാനത്തിലുള്ള താൽക്കാലിക ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഇത്തരത്തിലുള്ളവരെ ശരിയായ മാർഗനിർദ്ദേശം നൽകി, ക്രിസ്തീയമായ മൂല്യങ്ങൾ പകർന്നുകൊടുത്ത് കൂദാശാപരമായ ദാമ്പത്യത്തിന്റെ തണലിലേക്ക് അവരെ കൂട്ടിക്കൊണ്ടുവരണം[38].

*6. പിന്നീടാകട്ടെ എന്നും, വേണ്ടെന്ന് വയ്ക്കുന്നവരും:* വിവാഹം ഒരു ആജീവനാന്ത സമർപ്പണമായതുകൊണ്ട് അത് പരമാവധി മുന്നോട്ട് മാറ്റിവയ്ക്കുന്നവരും യൗവനം അവിവാഹിതരായി കഴിയുന്നവരും ഇന്ന് എണ്ണത്തിൽ അധികമാവുന്നുണ്ട്. കാരണങ്ങൾ വ്യത്യസ്തമാവാം. സ്ഥിര ബന്ധങ്ങളെ സംബന്ധിച്ച ഭയം, താൽക്കാലിക ബന്ധങ്ങളുടെ സംലഭ്യതയും എളുപ്പവും, ഭാവിയെക്കുറിച്ചുള്ള ആകാംക്ഷ, സാമ്പത്തിക ഭദ്രതയില്ലായ്മ, യോജിച്ച ബന്ധങ്ങളെ ലഭിക്കാതെ വരുന്നത് ഒക്കെ പലപ്പോഴും കാരണമായി വരുന്നുണ്ട്. വിവാഹ ജീവിതത്തിന്റെ യഥാർത്ഥമായ നന്മയെക്കുറിച്ചും അതിൽ ലഭ്യമാകുന്ന ദൈവകൃപകളെക്കുറിച്ചും യുവജനതയിൽ ഉത്തമ വിശ്വാസം ഉളവാക്കേണ്ടതുണ്ട്. സാമ്പത്തികമായ കാരണങ്ങൾ കൊണ്ട് പിന്തള്ളപ്പെട്ടുപോകുന്നവരെ സഹായിക്കുവാനും, ഉചിതമായ ബന്ധങ്ങൾ കണ്ടെത്താൻ സഹായിക്കാനും സഭാസമൂഹങ്ങൾ കൂടുതൽ ശ്രദ്ധിക്കണം.

**33. സമർപ്പണം അസാധ്യമാക്കുന്ന മനോനിലകൾ:** വിവാഹ ജീവിതം ഉൾക്കൊള്ളുന്ന ജീവിത സമർപ്പണം അസാധ്യമായ മനോനിലയിലുള്ളവർക്ക് സാധുവായ വിവാഹ സമ്മതം നൽകാൻ അർഹതയില്ല. സഭാനിയമം ഇക്കാര്യം ഉറപ്പിച്ചുപറയുന്നത് വെളിവായ മാനസിക പ്രശ്നങ്ങൾ ഉള്ള വ്യക്തികളെക്കുറിച്ചാണ്. വിവാഹത്തിനു മുൻപുള്ള കാനോനിക പരിശോധനാകാലത്ത് ഇത്തരം പ്രശ്നങ്ങൾ ഉണ്ടോ എന്ന് ഉറപ്പുവരുത്താൻ അജപാലകരും വിശ്വാസകൂട്ടായ്മകളും ജാഗ്രത പുലർത്തേണ്ടതാണ്.

നിയമപരമായി ഇതിനോട് തുല്യമല്ലെങ്കിൽപോലും പ്രായോഗികമായി സമാനമായ പ്രശ്ന മാണ് ഇന്ന് വളരെയധികം കണ്ടുവരുന്ന ആസക്തികൾ (അഡിക്ഷൻസ്). ബാല്യം മുതലേ ഇന്ന് യുവജനതയെ ഗ്രസിക്കുന്ന വലിയ തിന്മകളാണ് മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും, മറ്റു ലഹരികളുടെയും ദുരുപയോഗം. ഇത് തുടർച്ചയാകുമ്പോൾ ചില വസ്തുക്കൾ കൂടാതെ വ്യക്തിക്ക് ജീവിക്കാൻ സാധിക്കാത്ത അവസ്ഥവരുന്നു. ഇതിനെ ആസക്തി (അഡിക്ഷൻ) എന്നാണ് വിവക്ഷിക്കുന്നത്. ആസക്തിയുടെ മാനസികാവസ്ഥയിൽ വ്യക്തി ഏറ്റവും വിലകൊടുക്കുന്നത് താൻ ആഗ്രഹിക്കുന്ന വസ്തുവിന്റെ സംലഭ്യതയാണ്. തന്നോടൊപ്പമുള്ള കുടുംബാംഗങ്ങളുടെയും മറ്റു സഹജീവികളുടെയും ജീവനും സുരക്ഷക്കും തന്റെതന്നെ ശാരീരികാരോഗ്യത്തിനു പോലും വില കല്പിക്കാൻ തദവസരത്തിൽ ആ വ്യക്തിക്ക് സാധിക്കാതെ വരുന്നു. ഈ അവസ്ഥ വിവാഹം ഉൾക്കൊള്ളുന്ന ആത്മസമർപ്പണം അസാധ്യമാക്കുന്നതാണ്.

ഇന്നത്തെ കാലത്ത് വർദ്ധിച്ചുവരുന്ന മറ്റൊന്നാണ് സാമൂഹ്യവിനിമയോപാധികളോടുള്ള ആസക്തി. സെൽഫോണിനോടും സാമൂഹ്യമാധ്യമ വേദികളിൽ രൂപപ്പെടുന്ന അപരവ്യക്തിത്വങ്ങളോടും ആശ്രയിച്ചുമാത്രം ജീവിക്കുന്നവർ ഏറിവരുന്നു. ഇവർ ക്രമേണ തങ്ങളുടെ ചുറ്റുമുള്ള യഥാർത്ഥ വ്യക്തികളെ അവഗണിക്കുകയും സാധാരണ സാമൂഹ്യജീവിതത്തിന് അശക്തരാവുകയും ചെയ്യും. പുതിയ സാങ്കേതികതയിൽ ഇന്ന് ഏറ്റവും വിൽക്കപ്പെടുന്നത് ലൈംഗിക ദൃശ്യങ്ങളും അനുഭൂതികളുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വിദൂര വസ്തുക്കളെയും വ്യക്തികളെയും ഡിജിറ്റൽ സാമീപ്യത്തിൽ അനുഭവിച്ചു നടത്തുന്ന സ്വയംഭോഗം അപകടകരമായ അഡിക്ഷനാണ്. ഈ ദുഃസ്വാധീനത്തിൽ അകപ്പെട്ടശേഷം വിവാഹിതരാകുന്ന പല ചെറുപ്പക്കാരും വിവാഹത്തിനുള്ളിലെ ലൈംഗികജീവിതത്തിൽ ശേഷിക്കുറവോ, താല്പര്യമില്ലായ്മയോ കാണിക്കുന്നു. ചിലപ്പോഴൊക്കെ ജീവിത പങ്കാളികളെ മനുഷ്യാന്തസ്സിനു യോജിക്കാത്ത ലൈംഗിക കർമ്മങ്ങൾക്ക് നിർബന്ധിക്കുന്നതായും കാണുന്നു.

ആസക്തിയുടെ ഏത് അവസ്ഥയും വിവാഹം മുന്നോട്ടുവയ്ക്കുന്ന സമഗ്രസമർപ്പണം എന്ന ആദർശത്തിനു വിരുദ്ധമാണ്. ഇത്തരം പ്രവണതകൾ തുടക്കത്തിൽ തന്നെ കണ്ടെത്തുകയും അവയെ നിയന്ത്രിക്കാൻ വ്യക്തികളെ സഹായിക്കുകയും വേണം. പലപ്പോഴും മനഃശാസ്ത്രപരമോ ശാരീരികമോ ആയ ചികിത്സകളും ഈ വ്യക്തികൾക്ക് ആവശ്യമുണ്ട്.

**34. ലൈംഗിക അരക്ഷിതത്വം:** മുൻപെങ്ങും ഇല്ലാത്തവിധത്തിൽ ലൈംഗിക കുറ്റകൃത്യങ്ങൾ ഏറിവരുന്ന കാലമാണിത്. ലൈംഗിക സ്വാതന്ത്ര്യത്തെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും ഉള്ള അപക്വമായ കാഴ്ചപ്പാടുകളും, കുറ്റകരമായ ലൈംഗിക വാസനകൾക്ക് പ്രചാരം നൽകുന്ന നവമാധ്യമ വേദികളും ഒക്കെ ഈ പ്രതിഭാസത്തിന് പിന്നിലുണ്ട്. പ്രത്യേകിച്ചും സ്വയം പ്രതിരോധിക്കാൻ കെല്പില്ലാത്തവർ - കുട്ടികൾ, സ്ത്രീകൾ, സാമ്പത്തികമോ സാമൂഹ്യമോ ആയ വിവേചനത്തിൽ ബലം നഷ്ടപ്പെട്ടവർ എന്നിവരാണ് - ലൈംഗിക അതിക്രമങ്ങൾക്ക് കൂടുതൽ ഇരയാകുന്നത്. ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകുക എന്നതാണിതിന്റെ അടിസ്ഥാനപരമായ പരിഹാരം. ഇതോടൊപ്പം, ദുർബലരോട് പക്ഷം ചേരുന്നതിനുതകുന്ന മാനവിക വിദ്യാഭ്യാസവും, ശ്രദ്ധ ആവശ്യമുള്ള വിഭാഗങ്ങൾക്ക് അടിസ്ഥാന സുരക്ഷാപാഠങ്ങളും നൽകണം. ആരോഗ്യകരമല്ലാത്ത സൗഹൃദങ്ങൾ, അനാവശ്യമായ ശാരീരിക വിനിമയങ്ങൾ, വിദൂര വിനിമയ മാർഗങ്ങളിലൂടെയുള്ള അനാവശ്യ ബന്ധങ്ങൾ എന്നിവയിൽ നിന്ന് കുട്ടികളും ചൂഷിതരാകാൻ ഇടയുള്ളവരും അകലം പാലിക്കണം.

ലൈംഗികതയുമായി ബന്ധമുള്ള കാര്യങ്ങൾ പരമാവധി മൂടിവയ്ക്കുന്ന സാംസ്കാരിക പൈതൃകം ഇക്കാര്യത്തിൽ അപകടകരമായ ഒരു സ്വാധീനമാണ്. മാനഹാനി ഭയന്നോ, ഭീഷണികൾക്ക് വഴങ്ങിയോ ചൂഷിതർ നിശബ്ദരാകുന്നത് ചൂഷകർക്ക് സൗകര്യമാകുന്നു. തൊഴിലിടങ്ങളിലെയും വിദ്യാലയങ്ങളിലെയും സുരക്ഷിതത്വത്തിനായി സാങ്കേതിക വിദ്യകൾ ഇന്ന് വികസിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിൽ ചൂഷണങ്ങൾ തുറന്നുപറഞ്ഞ് പരിഹാരം നേടാനുള്ള ക്രമീകരണങ്ങളും ഇന്ന് ഈയിടങ്ങളിൽ ഉണ്ട്. എന്നാൽ, ആത്മീയ ഇടങ്ങളിലും കുടുംബത്തിനുള്ളിൽപോലും ചൂഷണത്തിന്റെ കരങ്ങളും കണ്ണുകളും ഉണ്ടാകുന്നുണ്ട് എന്ന വസ്തുത കാണാതിരുന്നുകൂടാ. ഇടവകകളിലും മറ്റു പൊതു ക്രമീകരണങ്ങളിലും പരിശീലനം ലഭിച്ച കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നത് ഇത്തരുണത്തിൽ ഉചിതമായിരിക്കും.

വളർച്ചയുടെ പ്രായത്തിൽ ലൈംഗികമായി മുറിവേറ്റ മനസ്സ് പിൽക്കാല ലൈംഗികജീവിതത്തിന്റെ താളം തെറ്റിക്കുന്നത് സാധാരണമാണ്. ആരോഗ്യകരമായ കുടുംബജീവിതത്തിന് ഇത്തരത്തിലുള്ള മുറിവുകൾ പൂർണ്ണമായി സൗഖ്യം പ്രാപിക്കേണ്ടത് ആവശ്യമാണ്. ഈ വിഷയങ്ങളിൽ വേണ്ടത്ര പരിശീലനമില്ലാത്തവർ അപക്വമായ മതബോധത്തിന്റെയോ സ്വകാര്യ അനുഭവങ്ങളുടെയോ പശ്ചാത്തലത്തിൽ നൽകുന്ന ഉപദേശങ്ങൾ കൂടുതൽ അപകടകരമാണെന്നും ഓർത്തിരിക്കണം. പാപബോധം മുതലെടുത്ത് നടത്തുന്ന മാന്ത്രിക പരിഹാര നിർദ്ദേശങ്ങൾ പ്രശ്നങ്ങളെ വഷളാക്കുകയോ വഴിമാറ്റുകയോ അല്ലാതെ പരിഹരിക്കാറില്ല.

**35. കുടുംബവ്യവസ്ഥയുടെ സ്വാധീനങ്ങൾ തെറ്റാതിരിക്കണം:** കുടുംബ ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കളും കുടുംബങ്ങളിലെ മുതിർന്നവരും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന സംവിധാനമാണ് ഭാരതത്തിൽ പൊതുവേയുള്ളത്. വിവാഹിതരാകാൻ പോകുന്നവർക്ക് പരസ്പരം പരിചയപ്പെടുന്നതിനും പക്വമായ പരസ്പരസമ്മതം രൂപപ്പെടുത്തുന്നതിനും ഇന്ന് മിക്കപ്പോഴും അവസരം നൽകുന്നുമുണ്ട്. മുതിർന്നവർക്ക് യോജ്യമായ പങ്കാളിത്തം നൽകി പുതുകുടുംബങ്ങൾ രൂപപ്പെടുത്തുന്നത് കുടുംബങ്ങളുടെ കെട്ടുറപ്പിന് ഒരു പരിധി വരെ സഹായകമാകുന്നുണ്ട്. എന്നാൽ, മുതിർന്നവരുടെ സ്വാധീനം പരിധികൾ ലംഘിക്കാതിരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. എല്ലാ സാധാരണ സാഹചര്യങ്ങളിലും വിവാഹിതരാകാൻ പോകുന്നവർ പരസ്പരം അടുത്തറിയുന്നതിനും പക്വമായ വിവാഹ സമ്മതം അറിയിക്കുന്നതിനും അവസരമൊരുക്കേണ്ടതാണ്. സ്നേഹത്തിൽ നിന്നും പരസ്പര ബഹുമാനത്തിൽ നിന്നും ബന്ധങ്ങൾ ആരംഭിക്കുന്നില്ലെങ്കിൽ ഒരു മതകർമ്മത്തിന്റെ ശക്തി മുഖാന്തിരമോ, സമൂഹത്തിന്റെ സമ്മർദ്ദം കൊണ്ടോ വിവാഹിതർ പരസ്പരം സ്നേഹിച്ചുകൊള്ളണമെന്നില്ല.

പലപ്പോഴും സ്വന്തം താല്പര്യങ്ങൾക്ക് വിരുദ്ധമായി വിവാഹം കഴിക്കാൻ ചെറുപ്പക്കാർ നിർബന്ധിതരാകുന്ന സാഹചര്യങ്ങൾ അനവധിയാണ്. മിക്കപ്പോഴും പെൺകുട്ടികളാണ് ഈ സാഹചര്യത്തിന്റെ ഭാരം കൂടുതൽ വഹിക്കേണ്ടിവരുന്നത്. മറ്റാരോ തെരഞ്ഞെടുത്ത ഒരാളോടൊപ്പം ജീവിതം പങ്കിടാൻ ആയുഷ്കാലമത്രയും ചെറുപ്പക്കാർ വിധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുവാൻ പാടില്ല. അപക്വമായ തെരഞ്ഞെടുപ്പുകൾ ചെറുപ്പക്കാരുടെ ഭാഗത്തു നിന്നുണ്ടായാൽ മുതിർന്നവർ സംവാദപരമായി ഇടപെടുകയും തിരുത്തുകയും വേണം. എന്നാൽ ബന്ധങ്ങൾ അടിച്ചേല്പിക്കപ്പെടരുത്. സാമ്പത്തിക സാഹചര്യങ്ങളോ, ജാതിയോ, ഭൗതികമായ മറ്റു

സുരക്ഷിതത്വങ്ങളോ പരസ്പരം യഥാർത്ഥമായി സ്നേഹിക്കുന്ന ചെറുപ്പക്കാരെ നിർബന്ധ പൂർവ്വം പിരിച്ചുവിടുന്നതിന് മാനദണ്ഡങ്ങളാകരുത്. യേശുക്രിസ്തുവിനെ തള്ളിക്കളയുന്ന സിദ്ധാന്തങ്ങളോ മാനദണ്ഡങ്ങളോ പരിഷ്കാരത്തിന്റെയും സംസ്കാരിക ഔന്നത്യത്തിന്റേയും അടയാളമായി സ്വീകരിക്കുന്നത് നമ്മുടെ കുടുംബങ്ങൾ അവലംബിക്കുവാൻ പാടില്ല.

വിവാഹിതരാകാൻ ആഗ്രഹിക്കുന്ന ആളിന്റെ മാനസിക പക്വതയെക്കുറിച്ച് പലപ്പോഴും മാതാപിതാക്കളും മുതിർന്നവരും ശരിയായ ബോധ്യങ്ങൾ രൂപപ്പെടുത്താത്തത് വലിയ അപകടങ്ങൾ ഉണ്ടാക്കുന്നുണ്ട്. മദ്യപാനമോ, മയക്കുമരുന്നോ പോലെയുള്ള ശീലങ്ങൾക്ക് അടിമയായ ചെറുപ്പക്കാരെയോ, സാമ്പത്തിക അച്ചടക്കമില്ലാത്ത ആൺമക്കളെയോ, മാനസിക വളർച്ചയെത്തിയിട്ടില്ലാത്ത ചെറുപ്പക്കാരെയോ ഒക്കെ, വസ്തുതകൾ മനഃപൂർവ്വം മറച്ചുവച്ച്, വിവാഹജീവിതത്തിലേക്ക് തള്ളിവിടുന്ന പതിവുണ്ട്. ഒരു കല്യാണം കഴിച്ചാൽ നേരെയായിക്കൊള്ളും എന്ന തെറ്റായ പ്രതീക്ഷയാണിവിടെ തീരുമാനങ്ങളെ വഴിതെറ്റിക്കുന്നത്; ഇതിന്റെ ആനുകൂല്യം മിക്കപ്പോഴും ലഭിക്കുന്നത് പുരുഷപ്രജകൾക്കാണ്. പങ്കാളിയായി വരുന്ന ഒരാളിന്റെ ജീവിതത്തിലെ പ്രതീക്ഷകൾ എന്നേക്കുമായി തല്ലിക്കെടുത്താമെന്നല്ലാതെ ഇതിൽ നിന്ന് നന്മയൊന്നും ഉണ്ടാകാനില്ല.

മക്കളുടെ മാനത്തിനും ജീവിതത്തിനും മാതാപിതാക്കൾ വിലപറയുന്നതിന്റെ വ്യവസ്ഥാപിത രൂപം മാത്രമാണ് സ്ത്രീധനം. സ്നേഹത്തിൽ അധിഷ്ഠിതമായ ഉടമ്പടി എന്ന വിവാഹത്തിന്റെ സ്വാഭാവിക സങ്കല്പത്തിനുതന്നെ വിരുദ്ധമാണിത്. പലപ്പോഴും ഇത് ഗാർഹിക പീഡനങ്ങൾക്കും കൊലപാതകങ്ങൾക്കും വഴിതെളിക്കുന്നുണ്ട്. ഈ സാമൂഹ്യതിന്മ ക്രൈസ്തവ കൂട്ടായ്മയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. അതേസമയം നവകുടുംബങ്ങളുടെ രൂപീകരണത്തിൽ ദമ്പതികളിരുവരുടെയും മാതാപിതാക്കൾ സാമ്പത്തികമായ പങ്ക് നിർവഹിക്കേണ്ടതാണ്. വിലപേശലിന്റെയും അപഹരണത്തിന്റെയും അന്തരീക്ഷത്തിലല്ലാതെ ശരിയായ പങ്കുവയ്പിന്റെ ചൈതന്യത്തിൽ കുടുംബസ്വത്തിന്റെ ഓഹരി അടുത്ത തലമുറയുമായി പങ്കിടാനുള്ള സാഹചര്യങ്ങളുണ്ടാകണം. ഭാരതീയ പശ്ചാത്തലത്തിൽ വിവാഹവുമായി ബന്ധപ്പെട്ട് നടക്കുന്ന മിക്ക ചടങ്ങുകളുടെയും സാമ്പത്തിക ബാധ്യത വധുവിന്റെ കുടുംബത്തെ ആണ് ഭാരപ്പെടുത്തുന്നത്. ഇത്തരം ചടങ്ങുകളും ആഘോഷങ്ങളും ക്രിസ്തീയ സമൂഹം ഒഴിവാക്കണം; ക്രൈസ്തവ ശൈലിക്ക് അനുരൂപമാക്കണം.

**36. തിരിച്ചുപിടിക്കേണ്ട ചില നന്മകൾ:** ദാമ്പത്യ സ്നേഹത്തെ പറ്റിയുള്ള തെറ്റിദ്ധാരണകൾ കൊണ്ടോ പുതിയ സംസ്കാരത്തിന്റെ കടന്നുകയറ്റംകൊണ്ടോ ഒക്കെ കുടുംബങ്ങളിൽനിന്ന് അപ്രത്യക്ഷമാകുന്ന കുറെ നന്മകളുണ്ട്. അവയ്ക്കുണ്ടായ ക്ഷതം കുടുംബങ്ങളെ കൂടുതൽ അസ്ഥിരമാക്കിക്കൊണ്ടിരിക്കുന്നു.

ദമ്പതികൾ തമ്മിലുണ്ടാകേണ്ട സംഭാഷണമാണ് ഇവയിൽ ആദ്യത്തേത്. ജീവിത പദ്ധതികൾ പരസ്പരം കൈമാറുന്നതിനും, ആഭിമുഖ്യങ്ങൾ പരസ്പരം മനസ്സിലാക്കുന്നതിനും, കുറവുകളിൽ ബലം പകരുന്നതിനും, നന്മകൾ പങ്കുവയ്ക്കുന്നതിനുമൊക്കെ ദമ്പതികൾ തമ്മിൽ ആത്മാർത്ഥവും നിരന്തരവുമായ സംഭാഷണം ഉണ്ടാകണം. ദാമ്പത്യ സ്നേഹത്തിന്റെ ആദ്യ ഇരിപ്പിടം ഹൃദയമല്ല, ചെവികളാണ്. പരസ്പരം കേൾക്കുന്നതിന് മനസ്സിലാക്കുന്നതിന് ദമ്പതി

കൾ സ്വയം സാവകാശം നൽകിയാൽ അവരുടെ സ്നേഹം ഉറപ്പുള്ളതായിത്തീരും. ആധുനിക ജീവിതം അടിച്ചേല്പിക്കുന്ന തിരക്കുകൾ കൊണ്ടോ, സ്വന്തം ഇഷ്ടം മാത്രം നടപ്പിലാക്കാനുള്ള താല്പര്യം കൊണ്ടോ, സാമൂഹ്യ മാധ്യമങ്ങളുടെയും ഭവനത്തിലുള്ള വിനോദോപാധികളുടെയും സ്വാധീനം കൊണ്ടോ ഒക്കെ ഇന്ന് ദമ്പതികൾക്കിടയിൽ പരസ്പരം കേൾക്കുന്നതിനുള്ള അവസരം ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

സംഭാഷണ ഉപാധിയായി രംഗത്തുവന്ന സെൽഫോണുകളുടെ ഉപയോഗം യഥാർത്ഥമായ സംഭാഷണത്തെയും സംവാദത്തെയും നശിപ്പിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. ദൂരത്തുനിന്ന് കേൾക്കുന്ന സുഹൃത്തിന് തന്റെ ജീവിതപങ്കാളിയെക്കാൾ തന്നോട് സഹതാപവും അടുപ്പവും ഉണ്ടെന്ന മിഥ്യാധാരണ എളുപ്പത്തിൽ ഉണ്ടാകുന്നു. അടുത്തുനിന്ന് പ്രശ്നത്തിന്റെ നാനാവിധമായ ഭാരം പങ്കുപറ്റുന്ന പങ്കാളിയെക്കാൾ സംസാരിക്കാൻ എളുപ്പം വിദൂരത്തുള്ള സുഹൃത്തിനോടാണ്. ഇത്തരം എളുപ്പസൗകര്യങ്ങൾ വൈകാരിക ആശ്രിതത്വത്തിലേക്കും ബന്ധങ്ങളുടെ തകർച്ചയിലേക്കും നയിക്കാൻ അധികം സമയമൊന്നും വേണ്ട.

ആധുനിക സംസ്കാരത്തിന്റെ മറ്റൊരു ഉപോല്പന്നമാണ് ആരോഗ്യകരമായ സ്വകാര്യതയുടെ നഷ്ടം. ഡിജിറ്റൽ മാധ്യമങ്ങൾ സംഭാഷണങ്ങൾ എളുപ്പമാക്കി എന്നത് ശരിയാണ്. കിടപ്പറകളിലേക്ക് പോലും ഇലക്ട്രോണിക് കണ്ണുകളും ചെവികളും തുറന്നുവയ്ക്കുക കൂടിയാണ് ഈ മാധ്യമങ്ങൾ ചെയ്യുന്നത്. ദമ്പതികൾ തമ്മിൽ ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ പോലും, അവർക്കിടയിൽ ശരിയായി ചർച്ച ചെയ്യപ്പെടുന്നതിനു മുൻപുതന്നെ, അതിവേഗം സുഹൃത്തുക്കളുടെ ചെവിയിലെത്തുന്നു. പരസ്പരമുള്ള സംവാദത്തിനുപകരം നാനാ ഭാഗത്തുനിന്നുള്ള അഭിപ്രായങ്ങളിൽ സംഭാഷണങ്ങൾ വഴിതെറ്റുന്നു. പ്രശ്നങ്ങൾ പരിഹരിക്കാതെ ശ്രദ്ധയിൽ നിന്ന് മറയുകയോ അമിത ശ്രദ്ധകൊണ്ട് അതിഗൗരവം ആർജ്ജിക്കുകയോ ചെയ്യുന്നു. ഒരാൾക്ക് പറ്റുന്ന ചെറിയ അബദ്ധം പോലും സോഷ്യൽ മീഡിയയിലെ തമാശയായിട്ടാണ് അയാളുടെ ശ്രദ്ധയിൽപ്പെടുക. സ്നേഹപൂർവമായ തിരുത്തലിനുള്ള ഇടം ഇല്ലാതാകുന്നു. കിടപ്പറകളിൽ പോലും ദമ്പതികളുടെ സുഹൃദ്വലയം നിരന്തര സാന്നിദ്ധ്യമാകുന്നതായി പരാതികളുണ്ട്.

ഇതിനോട് ചേർന്നുവരുന്ന ഒരു കാര്യമാണ് കുടുംബങ്ങളിൽ വ്യക്തികളുടെ സംലഭ്യത കുറഞ്ഞുവരുന്നത്. മാതാപിതാക്കൾക്ക് മക്കളുടെ അനുദിന പഠനകാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും, അനുദിന പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതിനും കുടുംബങ്ങളിൽ സമയം ആവശ്യമുണ്ട്. നവമാധ്യമങ്ങൾ ആ സമയം തീർത്തും ഇല്ലാതാക്കിയിട്ടുണ്ട്. പകരം ഭവനാംഗങ്ങൾ ഓരോരുത്തരും പുറത്തെ കൂട്ടുകാരുമായിട്ട് സ്വകാര്യമായോ അല്ലാതെയൊ സംസാരിക്കാൻ സമയം കണ്ടെത്തുന്നു. പഠന ചർച്ചകൾ വിദൂരഗ്രൂപ്പുകളിലാകുന്നു. ദൃശ്യമാധ്യമങ്ങൾ സന്ധ്യാസമയം കൗതുകകരമോ അതിവൈകാരികത കൊണ്ട് ആകർഷണീയമോ ആയ പരിപാടികൾ നിറച്ച് ലാഭം കൊയ്യുന്നു. കുടുംബാംഗങ്ങൾക്ക് മാത്രമായി മുൻകാലങ്ങളിൽ നീക്കിവച്ചിരുന്ന സ്വാഭാവിക സമയം ഇല്ലാതെയായിരിക്കുന്നു. ഒരുമിച്ചു ചിലവഴിക്കുന്ന സമയത്തുപോലും സംഭാഷണങ്ങളും വ്യക്തിപരമായ സാമീപ്യവും ഉണ്ടാകുന്നില്ല.

ജീവിതത്തിന്റെ തിരക്കുകളിൽ കുടുംബത്തിൽ സാന്നിദ്ധ്യമായിത്തീരാൻ പോലും സാധിക്കാത്തവരാണ് ഭൂരിഭാഗം പേരും. തൊഴിൽ സംബന്ധമായി ഭാര്യാഭർത്താക്കന്മാർ പിരിഞ്ഞു ജീവി

ക്കുന്നു. വിവാഹത്തിന്റെ പ്രാരംഭകാലത്തുപോലും ഒരുമിച്ചു ജീവിക്കുവാൻ മതിയായ സമയം പലരും കണ്ടുപിടിക്കുന്നില്ല. ഈ അസാന്നിദ്ധ്യത്തിലേക്ക് ടെലിഫോൺ സുഹൃത്തുക്കളും സോഷ്യൽ മീഡിയ സുഹൃത്തുക്കളും കയറിവരുമ്പോൾ വൈകാരികമായി വഴിപിരിഞ്ഞുപോകുന്ന കുടുംബങ്ങൾ ഒരുപാടുണ്ട്. പലപ്പോഴും നവമാധ്യമങ്ങളിൽ രൂപപ്പെടുന്ന സൗഹൃദങ്ങളിൽ ലൈംഗിക താല്പര്യങ്ങൾ വരുന്നതും കാണുന്നുണ്ട്.

സ്ഥലത്തുണ്ടെങ്കിലും സംവദിക്കുന്നുണ്ടെങ്കിലും പരസ്പരം ഉൾക്കൊള്ളാനാകാത്തത് അവനവനിലേക്ക് ചുരുങ്ങിത്തുടങ്ങിയ പുതുസംസ്കാരത്തിന്റെ ഭാഗമാണ്. തുണയായിത്തീരുന്ന ജീവിതവൃത്തിയുടെ അടിസ്ഥാന ഘടകം പങ്കാളിയുടെ സംതൃപ്തിയും ജീവിതസാഫല്യത്തിനായുള്ള ശ്രദ്ധയും അതിനായുള്ള ആത്മസമർപ്പണവുമാണ്. അവനവന്റെ 'എഫിഷ്യൻസി'യിലേക്കും 'പ്രൊഡക്റ്റിവിറ്റി'യിലേക്കും ചുരുങ്ങുന്ന പുതിയ സംസ്കാരം പാവനമായ ഈ ശ്രദ്ധയെ നശിപ്പിച്ചിട്ടുണ്ട്. സന്തോഷമോ സംതൃപ്തിയോ അനുഭവിക്കാനാകാതെ ഒരു പങ്കാളി പിന്തള്ളപ്പെട്ടു പോകുന്നതാണ് ഇതിന്റെ ഫലം. മിക്കവാറും ഇവിടെയും ദുരന്തഫലങ്ങൾ കൂടുതൽ അനുഭവിക്കുന്നത് സ്ത്രീകളാണ്.

### *3.6. സ്നേഹം പരാജയപ്പെടുമ്പോൾ*

**37. സഭാപരമായ അജപാലന സമീപനം:** കുടുംബത്തിനുള്ളിൽ - ദമ്പതികൾക്കിടയിലും മറ്റുള്ളവരുമായും - സ്നേഹം അതിന്റെ ശരിയായ ചൈതന്യത്തിൽ പങ്കുവയ്ക്കപ്പെടാത്ത നിരവധി സാഹചര്യങ്ങൾ ഇന്നുണ്ട്. ഇവയെല്ലാം തന്നെ വ്യക്തവും സമഗ്രവുമായ അജപാലന സമീപനങ്ങൾ ആവശ്യപ്പെടുന്നവയാണ്; പ്രാർത്ഥനയിൽ ദൈവമക്കളൊരുമിച്ച് ഉത്തരവാദിത്തമെടുത്ത് പരിഹരിക്കേണ്ട വിഷയങ്ങളാണ്. എന്നാൽ, വ്യക്തികളാണ് ദാമ്പത്യത്തിലെ അവസാന വാക്ക്. ദാമ്പത്യത്തിന്റെ ഉള്ളർത്ഥങ്ങളിൽ - വിശ്വാസജീവിതം, സന്താനോല്പാദനം, ബന്ധങ്ങളുടെ വളർച്ച മുതലായ എല്ലാ വിഷയങ്ങളിലും - തങ്ങളുടെ സവിശേഷ സാഹചര്യങ്ങൾ അനുസരിച്ച് ക്രിസ്തീയവും മാനവികവുമായ നല്ല തീരുമാനങ്ങൾ എടുക്കാൻ ഉതകുന്ന വിധത്തിൽ യുവതീയുവാക്കളുടെ മനഃസാക്ഷി രൂപീകരിക്കപ്പെടണം. വിവാഹ ഒരുക്കത്തെക്കുറിച്ചും, വിവാഹിതരുടെ അജപാലന ശ്രദ്ധയെപ്പറ്റിയും, സവിശേഷമായ തകർച്ചയോ വേർപിരിയലോ അനുഭവിക്കുന്ന കുടുംബങ്ങളെ അനുധാവനം ചെയ്യുന്നതിനെപ്പറ്റിയും സഭ നൽകിവരുന്ന പ്രബോധനങ്ങൾ[37] സഭയെന്ന നിലയിൽ പ്രായോഗികമാക്കുന്നതിന് മലങ്കര കത്തോലിക്കാ സഭ പ്രതിജ്ഞാബദ്ധമാകണം. നമ്മുടെ സഭാ സമൂഹത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സഭയെന്ന നിലയിൽ പൊതു മാർഗ നിർദ്ദേശങ്ങൾക്കനുസരിച്ച് നാം കണക്കിലെടുക്കേണ്ടതുണ്ട്. "സ്നേഹം എല്ലാം സഹിക്കുന്നു" (1 കൊരി. 13:7) എന്ന വചനം കുടുംബജീവിതത്തിന്റെ എല്ലാക്കാലത്തേക്കുമുള്ള നിയന്ത്രണ ഘടകമായിരിക്കണം. ഏതു വിഷയവും, എളുപ്പത്തിൽ ഹൃദയംകൊണ്ട് അംഗീകരിക്കുവാനാകാത്തതുപോലും, യേശുവിന്റെ സ്നേഹത്തിൽ നിന്നുകൊണ്ട് പരിഹരിക്കാനാവുമെന്ന് വിശ്വസിക്കണം. നിസ്സാര വിഷയത്തിന്റെ പേരിൽ പോലും വിവാഹം വേർപിരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നത് ക്രിസ്തീയമല്ല.

**38. വേർപിരിയലിന്റെ സാധ്യത:** വേർപിരിയുന്നവരുടെയും ഒറ്റക്കായിപ്പോകുന്നവരുടെയും സഭാജീവിതത്തെക്കുറിച്ച് പൊതുവായ ഉൾക്കാഴ്ചകളും അജപാലന നിർദ്ദേശങ്ങളും *അമോരിസ്*

*ലെത്തീസ്യ* വിശദമായിത്തന്നെ നൽകിയിട്ടുണ്ട്[39]. സാംസ്കാരികമായ പ്രത്യേകത കൊണ്ട് എടുത്തുപറയേണ്ടി വരുന്ന കാര്യം വേർപിരിയാനുള്ള അവകാശമാണ്. മാതാപിതാക്കളും അജപാലകരും ഉൾപ്പെടുന്ന മുതിർന്ന തലമുറ ഇതിനെക്കുറിച്ച് ധൈര്യത്തോടും ഔദാര്യത്തോടെയും സംസാരിച്ചു തുടങ്ങേണ്ടതുണ്ട്. വിവാഹമോചനങ്ങൾ ഭയാനകമായി വർദ്ധിച്ചുവരുന്ന കാലമാണിത്. അത് എളുപ്പമാക്കിത്തീർക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥിതി ശക്തിപ്രാപിക്കുന്നുണ്ട്. ഇതിന്റെ ദോഷകരമായ വശങ്ങളെ തീർച്ചയായും പ്രതിരോധിക്കണം. കുടുംബബന്ധങ്ങളിലെ പ്രശ്നങ്ങൾ സ്നേഹവും ക്ഷമയും അടിസ്ഥാനമാക്കി പരിഹരിക്കുന്നതിന് യുവതലമുറയ്ക്ക് മാർഗനിർദ്ദേശവും സഹായവും നൽകണം. നിസാരപ്രശ്നങ്ങൾ വേർപിരിയലിൽ എത്താതിരിക്കാനുള്ള നിരന്തര ജാഗ്രത യുവകുടുംബങ്ങൾക്ക് മീതേ ഉണർന്നിരിക്കണം. എങ്കിലും, ശാരീരിക ദുരുപയോഗത്തിന്റെയോ, മാനസിക പീഡനത്തിന്റെയോ ഭാരം അന്യായമായി ഒരു ജീവിതപങ്കാളി സ്ഥിരമായി സഹിക്കേണ്ടി വരുന്നുണ്ടെങ്കിൽ വേർപിരിഞ്ഞ് സുരക്ഷിതമായി ജീവിക്കാനുള്ള അവസരം ആ വ്യക്തി അർഹിക്കുന്നുണ്ട്[40]. കുഞ്ഞുങ്ങൾക്ക് ശരിയായി വളരാനുള്ള സാഹചര്യം നഷ്ടപ്പെടുന്ന ചില സാഹചര്യങ്ങളിലെങ്കിലും (കുഞ്ഞുങ്ങൾക്കെതിരായി ശാരീരികമോ ലൈംഗികമോ ആയ അതിക്രമം ഉള്ള സാഹചര്യങ്ങളിൽ പ്രത്യേകിച്ചും) ഈ അവകാശം ഉപയോഗിക്കുന്നത് ദമ്പതികളിലൊരാളുടെ കർത്തവ്യവുമാകാം. വിവാഹമോചനം പ്രോൽസാഹിപ്പിക്കാനാവില്ല; പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവണം മുൻഗണന.

അജപാലനപരമായ ഒരു പ്രായോഗിക പ്രശ്നവും ഇതിലുണ്ട്. മിക്കപ്പോഴും കുടുംബങ്ങളിൽ ദുരുപയോഗത്തിന്റെ (abuse) സാഹചര്യമുണ്ടെങ്കിൽ അതിന്റെ വേദന അനുഭവിക്കുന്ന വ്യക്തി മാത്രമായിരിക്കും ആശ്വാസത്തിനും ഉപദേശത്തിനുമായി അജപാലകരെ സമീപിക്കുന്നത്. ആ വ്യക്തിയെ ക്ഷമയുടെയും സ്നേഹത്തിന്റെയും പാഠങ്ങൾ ആവർത്തിച്ചു ചൊല്ലിക്കൊടുത്ത് ദുരുപയോഗത്തിന് ഇരയായി, മനുഷ്യാന്തസ്സിനു യോജ്യമല്ലാതെ, ജീവിക്കാൻ നിർബന്ധിക്കുന്ന അബദ്ധത്തിൽ അജപാലകർ ചിലപ്പോഴെങ്കിലും വീണുപോകുന്നു. തിന്മയെ പ്രതിരോധിക്കാനുള്ള നമ്മുടെ താല്പര്യം കുടുംബങ്ങളിലെ അക്രമവാസനയുള്ള പങ്കാളിയെയാണ് ലക്ഷ്യംവയ്ക്കേണ്ടത്. ഇരയായിത്തീരുന്നവരെ അല്ല. സ്വജീവിതത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഉചിതവും, പരമാവധി ഔദാര്യപൂർണ്ണവും, എന്നാൽ ധീരവുമായ തീരുമാനങ്ങളെടുക്കാൻ ഈ സാഹചര്യങ്ങളിൽ ദമ്പതികളുടെ മനഃസാക്ഷി രൂപപ്പെടുത്തുന്നത് അജപാലകരുടെ ഗൗരവമുള്ള ഉത്തരവാദിത്തമാണ്.

ഏതെങ്കിലും കാരണത്താൽ വിവാഹബന്ധം വേർപിരിഞ്ഞവർക്ക് വളരെയേറെ സാമൂഹ്യവിവേചനങ്ങൾ അനുഭവിക്കേണ്ടി വരുന്ന നാടാണിത്. താമസസ്ഥലവും ജോലിയും കണ്ടെത്തുന്നതിലും അന്തസ്സുള്ള സൗഹൃദങ്ങൾ രൂപപ്പെടുത്തുന്നതിലും എല്ലാം പരിമിതികൾ ഉണ്ടാകും. ഈ അവസ്ഥാവിശേഷം മാറണം. ക്രിസ്തീയമായ ഉപവിയോടെ ഈ ദുരവസ്ഥയിലെത്തിയ സഹോദരങ്ങളെ സ്വന്തം ജീവിതം തിരിച്ചുപിടിക്കാൻ സഹായിക്കുന്നത് ക്രിസ്തീയ കൂട്ടായ്മകളുടെ ഉത്തരവാദിത്വമാണ്.

വേർപിരിഞ്ഞു ജീവിക്കുന്ന ദമ്പതികളെ അമ്മയുടെ കാരുണ്യത്തോടെ അനുധാവനം ചെയ്യാനാണ് സഭ ആഗ്രഹിക്കുന്നത്. മാനസാന്തരത്തിന്റെയും അനുരഞ്ജനത്തിന്റെയും

സാധ്യതകൾ ക്ഷമയോടെ പിന്തുടരുന്നതിന് ദമ്പതികളെ സഹായിക്കണം. ദൈവകൃപ സ്വീക രിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും അവയുടെ സഭാപരമായ സാധ്യതകളെക്കുറിച്ചും അവരെ നിരന്തരം ബോധ്യപ്പെടുത്താൻ അജപാലകർ ശ്രദ്ധിക്കേണ്ടതാണ്[41].

അസാധുവായ സാഹചര്യങ്ങളിൽ വിവാഹിതരാവുകയും എന്നാൽ ആ ബന്ധം വേർപി രിക്കേണ്ട ആവശ്യം മനസ്സിലാക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് അതിനുള്ള വഴികൾ നിയമ ങ്ങളുടെ നൂലാമാലകളിൽ ദുഷ്കരമാകാതിരിക്കാൻ പരി. ഫ്രാൻസിസ് പാപ്പാ നിയമ നടപടികൾ ലഘൂകരിച്ചിരുന്നു[42]. ഇതിൻപ്രകാരം, വിവാഹം അസാധുവായി പരിഗണിക്കാനുള്ള കാരണ ങ്ങൾ വ്യക്തമാണെങ്കിൽ പല ഘട്ടത്തിലുള്ള വിചാരണകൾ ഒഴിവാക്കി വേഗത്തിൽ തീരുമാന മെടുക്കാൻ രൂപതാ മെത്രാന് അധികാരമുണ്ട്[43].

സാധുവായ വിവാഹ ബന്ധത്തിൽ നിന്ന് വേർപിരിഞ്ഞ് പുനർവിവാഹം ചെയ്തവ രെയും സഭ കരുണയോടെ അനുധാവനം ചെയ്യുകയും സഭാജീവിതത്തോട് കഴിയുന്നത്ര ചേർന്നു നിൽക്കാൻ അവരെ സഹായിക്കുകയും വേണം. അവർ സഭയിൽ നിന്ന് പുറന്തള്ളപ്പെട്ടവരല്ല[44]. വിശുദ്ധ കൂദാശകളിൽ പങ്കെടുക്കുന്നതിന് അവർക്ക് പൊതുവായി ഉള്ള വിലക്ക് നിലനിൽക്കു ന്നുണ്ട്. എങ്കിലും, തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവാഹബന്ധം ഉപേക്ഷിക്കേണ്ടി വരു ന്നവരുടെ കാര്യത്തിൽ ഓരോ വ്യക്തിയെയും അയാളുടെ സവിശേഷ സാഹചര്യത്തിൽ നിന്ന് മനസ്സിലാക്കാനും അർഹമായ പ്രോത്സാഹനവും സഹായവും നൽകുവാനും പാപ്പാ അജപാല കരോട് നിർദ്ദേശിക്കുന്നു. പ്രത്യേകിച്ച് ഇത്തരം കുടുംബങ്ങളിലെ കുട്ടികൾ സഭയോട് ചേർന്ന് ജീവിക്കുന്നതിന് ആവശ്യമായ എല്ലാ പ്രോത്സാഹനവും നൽകണം. മാതാപിതാക്കൾ കൂദാശാ ജീവിതത്തിൽ നിന്ന് മാറ്റിനിർത്തപ്പെടുമ്പോൾ കുട്ടികൾ ദൈവത്തിൽ നിന്ന് അകന്നുപോകാൻ ഇടയാകരുത്[45]. ഇക്കാര്യങ്ങൾ പരിഗണിച്ച് മറ്റു വിശ്വാസികൾക്ക് ഉതപ്പു നൽകാത്ത വിധത്തിൽ, പുനർവിവാഹിതരെയും പരമാവധി സഭാജീവിതത്തോട് ചേർത്തുനിർത്തണം എന്ന് പാപ്പ ഉദ്ബോധിപ്പിക്കുന്നു[46].

**39. തോറ്റുകൊടുക്കാത്ത സ്നേഹം:** ഏത് മാനുഷിക യാഥാർത്ഥ്യവും പോലെ അടിക്കടി നവീ കരണത്തിനും തിരുത്തലിനും വിധേയമാകേണ്ട ഒന്നാണ് ദാമ്പത്യത്തിലെയും കുടുംബത്തി ലെയും സ്നേഹം. ദൈവിക സ്നേഹത്തിലധിഷ്ഠിതമായി വിവാഹത്തെ സംബന്ധിച്ചു നൽകുന്ന വിവരണം അതിന്റെ ശരിയായ ആദർശരൂപം മാത്രമാണ്. ഭൂമിയിലെ കുടുംബങ്ങൾ ആ ആദർശ ത്തിലേക്ക് നിരന്തരം യാത്രചെയ്യുന്ന തീർത്ഥാടക കൂട്ടായ്മകൾ മാത്രമാണ്.

ഈ വിഷയത്തിൽ ദമ്പതികളും, മക്കളും അവരെ അനുയാത്ര ചെയ്യുന്നവരും ഒരുപോലെ ഉൾക്കൊള്ളേണ്ടുന്ന ഒരു വസ്തുതയാണ് പടിപടിയായുള്ള ഉയർച്ചയുടെ നിയമം[49]. സ്നേഹ ത്തിൽ നിലനിൽക്കുന്നതിന് ദമ്പതികളെ പ്രോൽസാഹിപ്പിക്കുന്നത് അവർ പൂർണരാണെന്ന ആത്മവിശ്വാസമല്ല. പൂർണത തന്നെയായ ക്രിസ്തു വിവാഹത്തിന്റെ ആദികാരണമായും വിവാ ഹിതർക്ക് കിരീടം നിർമ്മിക്കുന്നവനായും അവരെ അനുയാത്ര ചെയ്യുന്നുണ്ട് എന്ന വിശ്വാസമാണ്. അവിടുത്തെ സാന്നിദ്ധ്യത്തെ നിഷേധിക്കാത്ത ഒരു ജീവിതക്രമം സ്വീകരിക്കുകയും അതിൽ ക്രമാനുഗതമായി വളരുകയും ചെയ്യുക എന്നതാണ് അവർക്ക് മുന്നിലുള്ള വഴി. മറ്റു കുടുംബാം ഗങ്ങളുടെ വീഴ്ചകളും പരാജയങ്ങളും സമചിത്തതയോടെ ഉൾക്കൊണ്ട് മുന്നോട്ടുപോകാനുള്ള

ധൈര്യം അവിടെനിന്നാണ് ലഭിക്കുക. ദാമ്പത്യ സ്നേഹത്തിന്റെ ഒരു പ്രധാനഭാവം അത് തോറ്റു കൊടുക്കാത്ത സ്നേഹമാണെന്ന് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നത് ഇതു മുൻനിർത്തിയാണ്[50]. ഈ തീർത്ഥാടനത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവും, അവിടുത്തെ വചനവും അവരോടൊപ്പമുണ്ട്. ഇക്കാരണത്താൽ, വിവാഹബന്ധത്തിന്റെ അവിഭാജ്യതയെപ്പറ്റിയുള്ള സഭാപ്രബോധനം ഒരു ഭാരമായിട്ടല്ല, ദൈവദാനങ്ങളിൽ ആശ്രയിച്ച് പൂർത്തീകരിക്കേണ്ട വിളിയും ദാനവുമായിട്ടാണ് മനസ്സിലാക്കേണ്ടത്. അത് ദമ്പതികളുടെ തീരുമാനത്തിലോ അവരുടെ ശക്തിയിലോ മാത്രം ആശ്രയിച്ചുള്ള ഒന്നല്ല; ആഗ്രഹിക്കുന്നവർക്ക് കൃപ നിഷേധിക്കാത്ത കർത്താവ് അവർക്ക് നൽകുന്ന കൃപയാണ്.

## *3.7. സ്നേഹത്തിന്റെ രണ്ട് രൂപങ്ങൾ*

**40. ദാമ്പത്യസ്നേഹവും സമർപ്പണജീവിതവും:** പരിശുദ്ധാത്മ സാന്നിദ്ധ്യത്തിലൂടെയും വചനത്തിന്റെ പുനർവായനയിലൂടെയും കുടുംബങ്ങളെ തീർത്ഥാടനത്തിന്റെ പാതയിൽ ഉറപ്പിക്കുക എന്നതാണ് സമർപ്പിതരുടെ അടിസ്ഥാന കർത്തവ്യം. അവർ സ്വീകരിച്ചിരിക്കുന്ന കന്യാവ്രതം/ശുദ്ധത എന്ന പുണ്യത്തിൽ തന്നെ അധിഷ്ഠിതമായ വിവാഹ കൂദാശയുടെ നിഷേധമല്ല, മൗതികമായ പുനരാവിഷ്കാരമാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള ദാമ്പത്യസ്നേഹത്തിൽ പങ്കുചേരുക എന്നതാണ് കുടുംബത്തിലെ സ്നേഹത്തിന്റെ അടിത്തറ എന്നു നാം കണ്ടു. ആ രക്ഷാകരമായ ദാമ്പത്യത്തെ തങ്ങളുടെ ശരീരത്തിൽ തന്നെ ഉൾക്കൊള്ളുകയാണ് ബ്രഹ്മചാരികളും കന്യാവ്രതക്കാരും ചെയ്യുക[51]. സമർപ്പിതരുടെ ജീവിതത്തെ 'സ്നേഹത്തിന്റെ പരിപൂർത്തി' എന്നാണ് വത്തിക്കാൻ കൗൺസിൽ വ്യംഗ്യമായി വിളിച്ചിട്ടുള്ളത്. ഒന്നും തിരികെ നേടാനില്ലാത്ത നിർവ്യാജമായ സ്നേഹത്തെ അത് ആവിഷ്കരിക്കാനായി ശ്രമിക്കുന്നു. ദൈവരാജ്യത്തിലെ സ്വാതന്ത്ര്യത്തെ അത് പ്രതിനിധീകരിക്കുന്നു[52]. ഒരേ സ്നേഹത്തിന്റെ ഭൗതികവും യുഗാന്ത്യപരവുമായ മാനങ്ങളിൽ വീഴ്ചകളോടും പ്രയാസങ്ങളോടും കൂടി സഹയാത്ര ചെയ്യുന്നവരാണ് വിവാഹിതരും സമർപ്പിതരും.

# അദ്ധ്യായം 4
# കുടുംബം: ജീവന്റെ ഉറവിടം

**41. ജീവനും രക്ഷയും നൽകുന്ന സ്നേഹം:** പരിശുദ്ധ ത്രിത്വത്തിന്റെ ഛായയിലാണ് കുടുംബം എന്ന സ്നേഹകൂട്ടായ്മ സ്ഥാപിക്കപ്പെട്ടത് എന്ന് നാം കണ്ടല്ലോ. ഈ കൂട്ടായ്മ ജീവദായകമായ കൂട്ടായ്മ കൂടിയാണ്. അനാദിയിലേ പിതാവിന്റെ സ്നേഹത്തിൽ പുത്രൻ ജന്മം കൊള്ളുന്നു എന്നതാണ് പരിശുദ്ധ ത്രിത്വത്തെ കുറിക്കുന്ന പ്രാഥമികരഹസ്യം. പിതാവും പുത്രനും തമ്മിലുള്ള അനാദ്യന്തബന്ധത്തിന്റെ സ്നേഹശക്തിയായ പരിശുദ്ധാത്മാവ് ജീവനും ജീവദാതാവുമാണ്. ദമ്പതികളുടെ സ്നേഹത്തിൽ ഒരു ശിശു ജന്മം കൊള്ളുമ്പോൾ, അവർ സൃഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെ ജീവൻ പ്രതിബിംബിക്കുന്ന സജീവ ഛായകളായി മാറുന്നു[53].

പഴയനിയമത്തിൽ സൃഷ്ടിയുടെ കാലം മുതൽ കുഞ്ഞുങ്ങളുടെ ജനനം ദൈവം അതിശയകരമായി ഇടപെടുന്ന സംഭവങ്ങളായിട്ടാണ് വിവരിക്കുന്നത്. അബ്രഹാമിൽ നിന്ന് ഇസഹാക്ക് ജനിക്കുന്ന സംഭവത്തിലാണ് ആദിമ ഉടമ്പടിയുടെ തുടക്കം: “ഞാൻ നിന്നെ അനേകം ജനതകളുടെ പിതാവാക്കും” എന്നാണ് ഉടമ്പടിവാക്യം തന്നെ. മോശയുടെ ജനനവും അതിശയകരമായി ദൈവതൃക്കരങ്ങളാൽ ശിശു സംരക്ഷിക്കപ്പെടുന്നതുമാണ് പുറപ്പാടാനുഭവത്തിന്റെ ആരംഭം. പുതിയനിയമത്തെ സംബന്ധിച്ച വാഗ്ദാനം ഏറ്റം പ്രത്യക്ഷമായി നൽകപ്പെടുന്നത് ഒരു ശിശുവിന്റെ ജനനത്തെക്കുറിച്ചുള്ള അരുളപ്പാടിലാണ്. ദൈവത്തിന്റെ ഏറ്റവും ഉന്നതമായ രക്ഷാകരമായ വെളിപ്പെടുത്തൽ ഒരു ശിശുവിൽ നിന്നാണ് – “നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു... ഒരു ശിശുവിനെ നിങ്ങൾ കാണും”.

മനുഷ്യവംശത്തിന്റെ പുതുക്കത്തിനായി ദൈവം ഇടപെടുന്നു എന്ന വാഗ്ദാനമാണ് ഇങ്ങനെ അടയാളപ്പെടുത്തപ്പെട്ട ഓരോ ജനനത്തിലും ഉള്ളത്. യേശുവിന്റെ ജനനം അതിശയ ജനനങ്ങളുടെ അവസാനമാകുന്നത്, അവനുശേഷം അവനിൽ വിശ്വസിക്കുന്ന ഏവരും ജലത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും അതിശയജനനം പ്രാപിക്കുന്നവരാണ് എന്നതുകൊണ്ടാണ്.

## *4.1. ജീവന്റെ ആരംഭദശയിൽ*

**42. ഉദരഫലം എന്ന സമ്മാനം:** രക്ഷാകരചരിത്രത്തിൽ സന്താനങ്ങളുടെ ജനനം മിക്കപ്പോഴും ദൈവം ചരിത്രത്തിൽ ഇടപെടുന്നതിന്റെ അടയാളമാണ്. സന്തതികളെ ദൈവത്തിന്റെ ദാനങ്ങളായിട്ടുമാണ് രേഖപ്പെടുത്തുക. “കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും” (സങ്കീ. 127:3). നീതിമാന്, തന്റെ നിയമങ്ങളോട് വിശ്വസ്തനായവന്, ദൈവം കനിഞ്ഞുനൽകുന്ന പ്രതിഫലമാണ് സന്തതികൾ. “നിങ്ങൾ ഈ നിയമങ്ങൾ കേൾക്കുകയും വിശ്വസ്തതയോടെ പാലിക്കുകയും ചെയ്താൽ... അവിടുന്നു നിങ്ങളെ സ്നേഹിക്കുകയും അനുഗ്രഹിക്കുകയും വർധിപ്പിക്കുകയും ചെയ്യും. നിങ്ങൾക്ക് തരുമെന്ന് അവിടുന്നു നിങ്ങളുടെ പിതാക്കൻമാരോടു ശപഥം ചെയ്തിട്ടുള്ള നാട്ടിൽ നിങ്ങളെ സന്താനപുഷ്ടിയുള്ളവരും നിങ്ങളുടെ ഭൂമി ഫലപുഷ്ടിയുള്ളതുമാക്കും” (നിയമാ. 7:12-13). നീതിമാന്റെ സന്താനപുഷ്ടി അവനു ദൈവം നൽകുന്ന അനുഗ്രഹത്തിന്റെ അടയാളമാണ്. ഈ ആശയത്തിന്റെ തുടർച്ച പരോക്ഷമായി പുതിയനിയമത്തിലും കാണാം. മാതൃത്വം വഴിയാണ് സ്ത്രീ രക്ഷപ്രാപിക്കുക എന്ന് 1 തിമോ. 2:15 പറയുന്നു.

വിവാഹത്തെയും പ്രജനനത്തെയും തിന്മയായി കണ്ടിരുന്ന ജ്ഞാനവാദക്കാർക്കെതിരെ പ്രതികരിക്കുകയാണ് ലേഖനകർത്താവ് ഇവിടെ: വിനയവും വിശുദ്ധിയുമുള്ള സ്ത്രീക്ക് വിവാഹവും ഗർഭധാരണവും രക്ഷയുടെ അടയാളമാണ്. "പുരുഷൻ മാതാവിനെയും പിതാവിനെയും വിട്ട് സ്ത്രീയോട് ചേരും; അവരിരുവരും ഒരു ശരീരമായിത്തീരും" എന്ന വചനത്തിന്റെ ഉത്തമമായ പൂർത്തീകരണം സ്ത്രീപുരുഷ സംയോഗത്തിൽ നിന്ന് ഒരു ശിശു ജനിക്കുമ്പോഴാണ് എന്ന് പരി. ഫ്രാൻസിസ് മാർപാപ്പാ വിശദീകരിക്കുന്നുണ്ട്[54].

**43. ജീവനിലേക്ക് തുറവിയുള്ള സ്നേഹം:** ലൈംഗിക ബന്ധത്തിന്റെ സ്വാഭാവിക പരിണതിയും ദൈവികമായ സൃഷ്ടിശക്തിയുടെ അടയാളവുമായ സന്താനോല്പാദനത്തിന് ഉതകാത്ത വിധത്തിലുള്ള ലൈംഗികബന്ധത്തെ പഴയനിയമം നിഷിദ്ധമായി കരുതിയിരുന്നു. ഉദാഹരണത്തിന്, ആർത്തവകാലത്ത് ലൈംഗിക ബന്ധം പാടില്ല, (ലേവ്യ 18:19). പുതിയനിയമകാലത്ത് റോമൻ സംസ്കാരത്തിൽ വ്യാപകമായിരുന്ന കൃത്രിമമായ ജനന നിയന്ത്രണോപാധികളുടെ ഉപയോഗം പാപമാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത് ഈ വേദപുസ്തക സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണ്. സൃഷ്ടലോകം പാപത്തിന്റെ കെണി ആണെന്ന് കരുതിയിരുന്ന ജ്ഞാനവാദക്കാർ വിവാഹം പാപകരമായ ഒരു ജീവിതവ്യവസ്ഥിതിയുടെ ഭാഗമാണെന്നും ലൈംഗികബന്ധം തന്നെ തിന്മയാണെന്നും പഠിപ്പിച്ചിരുന്നു. ഈ പാഷണ്ഡതയ്ക്കെതിരെ ശക്തമായ നിലപാടെടുത്ത സഭാപിതാവാണ് അലക്സാണ്ട്രിയായിലെ വി. ക്ലെമന്റ്. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" എന്ന കർത്തൃവചനം (മത്താ. 18, 20) വ്യാഖ്യാനിച്ചുകൊണ്ട്, രണ്ടോ മൂന്നോ പേർ കർത്തൃനാമത്തിൽ ഒരുമിച്ചുകൂടുന്ന സ്വാഭാവിക ഇടം ദൈവനാമത്തിൽ പരസ്പരം സ്വീകരിക്കുന്ന ഭാര്യയും ഭർത്താവുമടങ്ങുന്ന കുടുംബം ആണെന്നും മൂന്നാമത്തെ ആൾ അവരുടെ ശിശു ആണെന്നും ഈ പിതാവ് പഠിപ്പിക്കുന്നു. ഇപ്രകാരം ശിശുവിനെ സ്വീകരിക്കുവാൻ കഴിയാത്ത വിധം ജീവിതത്തിൽ മറ്റു വ്യഗ്രതകൾ ഉള്ളവർ വിവാഹം കഴിക്കാതിരിക്കട്ടെ എന്നും അദ്ദേഹം നിഷ്കർഷിക്കുന്നു[55].

ഈ വിഷയത്തിലെ സഭാപ്രബോധനത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ള വി. അഗസതീനോസ് ലൈംഗികബന്ധത്തെ ഭക്ഷണത്തോട് ഉപമിക്കുന്നുണ്ട്. ഭക്ഷണം ശരീരത്തിന് എന്താണോ, അതുപോലെയാണ് വംശത്തിന്റെ നിലനില്പിന് ലൈംഗികബന്ധം. ആരോഗ്യത്തെ കരുതുന്നവർ മിതമായി ഭക്ഷണം കഴിക്കുന്നതുപോലെ, വംശവർദ്ധനവിനുള്ള താല്പര്യത്തിനു വിരുദ്ധമായി ഒന്നും പ്രവർത്തിക്കാതെ ആത്മനിയന്ത്രണത്തോടുകൂടിയ ലൈംഗികജീവിതമാണാവശ്യം. ലൈംഗികബന്ധത്തെ സന്താനോല്പാദനം എന്ന ഏകലക്ഷ്യം മാത്രം ഉദ്ദേശിച്ചുള്ള 'അനുവദനീയ തിന്മ' ആയി കണ്ടിരുന്ന എഴുത്തുകാർ അന്നത്തെ സഭയിലുണ്ടായിരുന്നു. എന്നാൽ അത് സഭയുടെ പൊതു പ്രബോധനമായിരുന്നില്ല. സ്വർണനാവുകാരനായ മാർ ഈവാനിയോസ് (വി. ജോൺ ക്രിസോസ്റ്റം) ദമ്പതികളുടെ സന്തോഷവും സംതൃപ്തിയും മുൻനിർത്തി സന്താനോല്പാദനത്തിന് സ്വാഭാവിക സാധ്യതയില്ലാത്തപ്പോൾ പോലും ലൈംഗികബന്ധം അഭികാമ്യമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്[57]. അതേസമയം കൃത്രിമമായും മനഃപൂർവമായും സന്താനോല്പാദനത്തെ തടയുന്നത് തിന്മയാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു[58]. വൈവാഹിക സ്നേഹത്തിന്റെ മഹത്വത്തെ പൂർണമായും അംഗീകരിക്കുന്ന ഈ പ്രബോധനമാണ് ആധുനികകാലത്ത് സഭ പിന്തുടരുന്നത്.

ജറുസലേമിനെ ദൈവത്തിന്റെ മണവാട്ടി എന്ന നിലയിൽ കന്യകയായും അതേസമയം ദൈവജനത്തിന്റെ അമ്മയായും കാണുന്ന ഒരു ദൈവശാസ്ത്രധാര പഴയനിയമത്തിൽ ഇട യ്ക്കിടെ പ്രത്യക്ഷപ്പെടുന്നുണ്ട് - പ്രത്യേകിച്ച് പാട്ടുകളുടെ പാട്ടിലും പ്രവാചകന്മാരിലും - ഇതു സ്പഷ്ടമാണ്. ഈ ചിന്തയുടെ ചുവടുപിടിച്ചാണ് സഭ ക്രിസ്തുവിന്റെ മണവാട്ടി ആണെ ന്നുള്ള ദർശനം പുതിയനിയമത്തിൽ ഉണ്ടാകുന്നത്. സഭ കന്യകയായ വധുവായും അനേക രുടെ മാതാവായും പിതാക്കന്മാരുടെ പ്രബോധനത്തിലും അടിക്കടി പ്രത്യക്ഷപ്പെടുന്നുണ്ട്. വിവാഹ ബന്ധത്തിൽ സ്വാഭാവികമായുള്ള രണ്ടുവരങ്ങളാണ് അതിന്റെ ശുദ്ധതയും സന്താന സിദ്ധിയും. അവർ രണ്ടാളും ഒരു ശരീരമായിത്തീരും എന്ന തിരുവചനം വ്യാഖ്യാനിച്ചുകൊണ്ട് സ്വർണനാവുകാരനായ മാർ ഈവാനിയോസ് നൽകുന്ന ഒരു പ്രബോധനം ശ്രദ്ധേയമാണ്: "ശരീരശ്രവങ്ങളുടെ സങ്കലനം വഴി ശിശു ജനിക്കുന്നു; അവർ മൂന്നുപേരും ഒരു ശരീരമായി ത്തീരുന്നു". ഫലദായകമായ ഈ സംയോഗത്തിൽ സഭയും ക്രിസ്തുവും തമ്മിലുള്ള പരിശു ദ്ധവും ഫലദായകവുമായ ദാമ്പത്യസ്നേഹം നിഴലിക്കുന്നു എന്നും വിശുദ്ധൻ തുടർന്നു പറയുന്നു[59]. വിവാഹത്തിൽ ശുദ്ധതയെ നിഷേധിക്കുന്നത് പാപകരമാകുന്നതുപോലെ, ദാമ്പത്യ ബന്ധത്തിന്റെ ഫലദായകത്വത്തെ നിഷേധിക്കുന്നതും പാപകരമായ മനഃസ്ഥിതിയാണ്.

**44. കൃത്രിമ ജനനനിയന്ത്രണം എന്ന തിന്മ:** ആദിമസഭ വ്യക്തമായി പഠിപ്പിച്ചിട്ടുള്ള ഈ വിഷയ ത്തിന്റെ തുടർച്ചയും പുനർവ്യാഖ്യാനവുമാണ് ആധുനിക കാലത്ത് വി. പോൾ ആറാമൻ മാർപാപ്പാ മുതൽ സൂക്ഷ്മവും വ്യക്തവുമായ സാഹചര്യ വിശകലനങ്ങളോടെ നൽകിയിട്ടുള്ളത്. ചരിത്ര പ്രധാനമായ **മനുഷ്യജീവൻ** *(ഹുമാനേ വീത്തേ)* എന്ന ചാക്രികലേഖനവും, വി. ജോൺ പോൾ മാർപാപ്പായുടെ **ജീവന്റെ സുവിശേഷം** (*ഏവൻഗേലിയും വീത്തേ*)[60] എന്ന തിരുവെഴുത്തു മാണ് ഈ വിഷയത്തിലെ അടിസ്ഥാന രേഖകൾ. കൃത്രിമമായ മാർഗങ്ങളിലൂടെ സന്താനോ ല്പാദനത്തിനുള്ള സാധ്യതകൾ തടഞ്ഞുകൊണ്ടുള്ള ലൈംഗികബന്ധം പാപകരമാണ് എന്ന് സഭ വ്യക്തമാക്കുന്നു. അടിസ്ഥാനപരമായി വിവാഹജീവിതത്തിലെ ശുദ്ധതക്ക് വിരുദ്ധമായാണ് ഇത്തരം പ്രവണതകളുണ്ടാകുന്നതെങ്കിലും മനുഷ്യജീവന്റെ മഹത്വത്തിനു വിരുദ്ധമായ ഒരു മനോഭാവം കൂടിയാണ് അതെന്ന് ജോൺ പോൾ പാപ്പാ വ്യക്തമാക്കുന്നുണ്ട്. സ്ഥിരമായ ജനന നിയന്ത്രണ മാർഗങ്ങൾ (ശസ്ത്രക്രിയ മുതലായവ) കൂടുതൽ സങ്കീർണമായ ധാർമികപ്രശ്ന മാണ്.

ജനസംഖ്യാ പ്രശ്നം ഉയർത്തുന്ന സാമ്പത്തികക്ലേശവും സാമൂഹ്യ വിഷയങ്ങളും ഉയർത്തിക്കാട്ടി, ജനന നിയന്ത്രണ മാർഗങ്ങൾ പ്രചരിപ്പിക്കുന്നതിൽ സർക്കാരുകൾതന്നെ മുന്നി ട്ടിറങ്ങുന്ന കാലമാണിത്. ധാർമിക വ്യവസ്ഥക്കെതിരേ നിയമവ്യവസ്ഥ നടത്തുന്ന കടന്നുകയ റ്റത്തെ സഭ എക്കാലത്തും എതിർത്തിട്ടുണ്ട്. ധാർമിക വിദ്യാഭ്യാസം നൽകുന്നതിൽ കുടുംബ ത്തിനുള്ള അവകാശത്തിൽ രാഷ്ട്രം കൈകടത്താൻ പാടില്ലെന്നും, കുടുംബവും രാഷ്ട്രവും ഇക്കാര്യത്തിൽ സ്വാഭാവിക പങ്ക് വഹിക്കുമ്പോൾ സഭക്ക് ഇക്കാര്യത്തിൽ അതിസ്വാഭാവിക മായ (ദൈവികമായ) ദൗത്യം നിർവഹിക്കാനുണ്ടെന്നും പതിനൊന്നാം പീയൂസ് പാപ്പാ വ്യക്ത മാക്കുന്നു[61].

പൊതുസമൂഹം ഈ വിഷയത്തിൽ വ്യത്യസ്തമായ കാഴ്ചപ്പാട് പുലർത്തുന്നതുകൊണ്ട്, സഭ എന്തുകൊണ്ട് ഈ വിഷയത്തിൽ ഗൗരവം പുലർത്തുന്നു എന്ന് സഭാമക്കൾ അറിഞ്ഞിരി ക്കേണ്ടതാണ്. ദാമ്പത്യ സ്നേഹത്തിന്റെ ദൈവദത്തമായ സ്വഭാവമാണ് ഇതിനാധാരം. സാർവ

ത്രികസഭയുടെ മതബോധന ഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ ഇങ്ങനെ പഠിപ്പിക്കുന്നു:

ദാമ്പത്യ ഐക്യം അതിന്റെ സ്വഭാവം കൊണ്ടുതന്നെ പ്രജനനത്തിലേക്ക് നയിക്കുന്ന ഒന്നാണ്. ജനിക്കുന്ന ശിശു ദമ്പതികളുടെ പരസ്പര സ്നേഹത്തോട് പുറമേനിന്ന് കൂട്ടിച്ചേർക്കപ്പെടുന്ന ഒന്നല്ല, പിന്നെയോ അവരുടെ പരസ്പരദാനത്തിന്റെ ഹൃദയത്തിൽ നിന്നുതന്നെ, അതിന്റെ ഫലവും സാക്ഷാത്കാരവുമായി ഉറവെടുക്കുന്ന ഒന്നാണ്. അവനോ അവളോ ഒരു പ്രക്രിയയുടെ അവസാനം പ്രത്യക്ഷപ്പെടുന്നില്ല. പിന്നേയോ ദാമ്പത്യ സ്നേഹത്തിന്റെ സാരാംശപരമായ ഭാഗം എന്ന നിലയിൽ ആരംഭം മുതലേ സന്നിഹിതനാ(യാ)ണ്. സ്നേഹത്തെ തന്നെ വികൃതമാക്കാതെ ആ സാന്നിധ്യത്തെ നിഷേധിക്കാനാവില്ല[62].

ദാമ്പത്യ സ്നേഹം സ്വഭാവത്തിൽ തന്നെ അടുത്ത തലമുറയിലേക്ക് ജീവൻ പകരുന്നതിനെ ഉൾക്കൊള്ളുന്നു. കൃത്രിമമായി അതിനെ തടയുന്നത് ആ സ്നേഹത്തെ തന്നെ വികലമാക്കുന്ന പ്രവൃത്തിയാണ്. ജീവന്റെ പ്രത്യുല്പാദനം വ്യക്തികളുടെയോ രാഷ്ട്രത്തിന്റെയോ താല്പര്യങ്ങൾക്ക് വിധേയമായി നടക്കാനുള്ളതല്ല[63]. ജീവദാതാവായ ദൈവത്തിന്റെ കരങ്ങളിൽനിന്ന് നന്ദിയോടെയും ഔദാര്യത്തോടെയും ഉത്തരവാദിത്വത്തോടെയും കൈപ്പറ്റേണ്ട ദാനമാണത്. ഇക്കാര്യങ്ങളിൽ ദമ്പതികളുടെ മനഃസാക്ഷിയെ രൂപീകരിക്കാൻ ഉതകുന്ന നിർദ്ദേശങ്ങളും ചർച്ചകളും സഭാവേദികളിൽ അടിക്കടി ഉണ്ടാകേണ്ടതാണ്. ജീവനോട് തുറവിയുള്ള സ്നേഹം വിവാഹത്തിന്റെയും ലൈംഗികതയുടെയും അടിസ്ഥാനഭാവമായതുകൊണ്ട്, സന്താനങ്ങൾ വേണ്ട എന്നു മുൻകൂട്ടി തീരുമാനിച്ച ശേഷം ആരെങ്കിലും വിവാഹബന്ധത്തിൽ പ്രവേശിച്ചാൽ അതിനാൽ തന്നെ വിവാഹം അസാധുവായിത്തീരും.

**45. കൃത്രിമ ജനനനിയന്ത്രണമല്ല കുടുംബക്രമീകരണം:** കൃത്രിമ ജനന നിയന്ത്രണത്തോടുള്ള സഭയുടെ എതിർപ്പ് ഉത്തരവാദിത്വ പൂർണമായ കുടുംബാസൂത്രണത്തിനു വിരുദ്ധമല്ല എന്ന് കൃത്യമായും മനസ്സിലാക്കേണ്ടതുണ്ട്. വികസ്വര ലോകത്തിലെ പ്രധാന വെല്ലുവിളികളിലൊന്നാണ് വിഭവങ്ങളുടെ ലഭ്യതയ്ക്ക് നിരക്കാത്ത ജനസംഖ്യാ വർദ്ധനവ്. പക്ഷെ അതിനുള്ള പരിഹാരം ജനസംഖ്യാ നിയന്ത്രണമല്ല, മറിച്ച് രാഷ്ട്രങ്ങൾ തമ്മിൽ വിഭവങ്ങൾ പങ്കുവയ്ക്കുന്നതിലും ജനങ്ങളെ പരസ്പരം സ്വീകരിക്കുന്നതിലും കൂടുതൽ സ്നേഹാധിഷ്ഠിതവും നീതിപൂർവകവുമായ സമീപനങ്ങൾ സ്വീകരിക്കുകയാണ് വേണ്ടതെന്ന് ആധുനിക കാലത്തെ മാർപാപ്പാമാർ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുന്നുണ്ട്[64]. ഓരോ കുടുംബത്തിന്റെയും സാമ്പത്തികവും സാമൂഹ്യവും മാനസികവുമായ സാഹചര്യങ്ങളോ ദമ്പതികളുടെ ആരോഗ്യമോ പരിഗണിക്കുമ്പോൾ കുട്ടികളുടെ എണ്ണത്തെ സംബന്ധിച്ചും അവർ ജനിക്കേണ്ട സമയത്തെ സംബന്ധിച്ചും ദമ്പതികൾക്ക് കൃത്യമായ പദ്ധതി ആവശ്യമാണ്. അത് ദമ്പതികൾ ദൈവസന്നിധിയിൽ എടുക്കേണ്ട തീരുമാനമാണ്, രാഷ്ട്രനിയമങ്ങൾ വഴി അടിച്ചേല്പിക്കേണ്ട ബാധ്യതയല്ല. ഈ പദ്ധതിയുടെ നടത്തിപ്പാകട്ടെ, ലൈംഗിക ബന്ധത്തിന് പ്രകൃതിതന്നെ നൽകുന്ന 'സുരക്ഷിത കാലയളവ്' മനസ്സിലാക്കിയും പഠിച്ചും ദമ്പതികൾ ഉത്തരവാദിത്വത്തോടെ ക്രമീകരിക്കേണ്ടതാണ്[65].

**46. ഉത്തരവാദിത്വ പൂർണ്ണമായ മാതൃത്വവും പിതൃത്വവും:** പ്രായോഗിക വ്യക്തത തികച്ചും ആവശ്യമായ ഒരു സങ്കല്പമാണിത്. കുഞ്ഞുങ്ങളെ ജനിപ്പിക്കുക എന്നാൽ ശാരീരികമായി ജനിപ്പിക്കുക എന്നു മാത്രമല്ല, അവരെ സ്നേഹത്തോടെ സ്വീകരിക്കുകയും മനുഷ്യാവസ്ഥക്ക് യോജിച്ച

വിധം ഉത്തമവ്യക്തികളായി വളർത്തുകയും, മതപരമായി പഠിപ്പിക്കുകയും കൂടി ആണെന്ന് വി. അഗസ്തീനോസ് പ്രബോധിപ്പിക്കുന്നു[66]. ഉത്തമസന്താനങ്ങളെ ലഭിക്കുന്നതിനുവേണ്ടിയാണ് വിവാഹ കർമ്മത്തിൽ സഭ പ്രാർത്ഥിക്കുന്നതും.

മനുഷ്യാന്തസിനു യോജിച്ച വിധത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നതിന്, അവർക്ക് വിദ്യാഭ്യാസവും ജീവിതായോധനവും നൽകുന്നതിന്, സ്വന്തമായി ജീവിതവഴിയിൽ ഇറങ്ങാൻ പ്രാപ്തരാകുന്നതിന് മാതാപിതാക്കൾക്കുള്ള വിഭവങ്ങളും സാഹചര്യങ്ങളും പലപ്പോഴും പരിമിതമായിരിക്കും. ഈ പരിമിതികൾ അവരെ തളർത്താനുള്ളതല്ല, വെല്ലുവിളികളെ അതിജീവിച്ച് വളരാനുള്ള സ്വാഭാവികമായ ഒരു പാഠ്യപദ്ധതിയാണ്. ഈ പാഠ്യപദ്ധതിയോട് പൊരുത്തപ്പെടാനും യാഥാർത്ഥ്യബോധത്തോടെ സാഹചര്യങ്ങൾ വിലയിരുത്തി, കുടുംബത്തിന്റെ വലിപ്പവും മുന്നോട്ടുള്ള വഴികളും നിശ്ചയിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്.

**47. കൃത്രിമ ഗർഭധാരണ മാർഗങ്ങൾ:** കൃത്രിമ ജനനനിയന്ത്രണ മാർഗങ്ങളുപയോഗിക്കുന്നതുപോലെ ധാർമിക പ്രശ്നങ്ങളുടെ ഒരു കലുഷിതമേഖലയാണ് കൃത്രിമ ഗർഭധാരണ മാർഗങ്ങളുടെ ഉപയോഗം. ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ ജീവിതശൈലി രോഗങ്ങളുടെ കടന്നുകയറ്റവും മറ്റു സാമൂഹ്യ ഘടകങ്ങളും നിമിത്തം സന്താനമില്ലാത്ത കുടുംബങ്ങളുടെ എണ്ണം ഇന്നു കൂടിവരുന്നുണ്ട്. വന്ധ്യതക്കും അതിനിടയാക്കുന്ന ശാരീരിക അവസ്ഥകൾക്കും തീർച്ചയായും ചികിത്സ ചെയ്യേണ്ടതാണ്. സ്വാഭാവിക ഗർഭധാരണത്തെ സഹായിക്കുന്ന എല്ലാ ചികിത്സാവിധികളും സ്വീകരിക്കാം. എന്നാൽ, കൃത്രിമ മാർഗങ്ങളുടെ സഹായത്തോടെ ഗർഭം ധരിക്കുന്നത് ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. ഇതും പ്രകൃതിദത്തമായ പ്രജനനമാർഗങ്ങളിലുള്ള ന്യായരഹിതമായ കടന്നുകയറ്റമാണ്. വന്ധ്യതയ്ക്ക് സ്വാഭാവികവും മനുഷ്യാന്തസിനു യോജിക്കുന്നതുമായ പരിഹാരങ്ങളില്ലെങ്കിൽ ദത്തെടുപ്പുപോലെ ക്രിസ്തീയമായ ഉപവിക്ക് കൂടുതൽ യോജിച്ച പരിഹാരങ്ങളിലേക്കാണ് ദമ്പതികൾ നീങ്ങേണ്ടത്[67]. മാതൃത്വവും പിതൃത്വവും ശാരീരിക വ്യതിയാനങ്ങളല്ല; മനസ്സിന്റെ, ആത്മാവിന്റെ ഒരുക്കങ്ങളാണ്.

സന്താനപുഷ്ടിയെ അനുഗ്രഹമായി ചിത്രീകരിച്ചിരുന്ന പാരമ്പര്യങ്ങളിൽ വന്ധ്യത ഒരു ശാപമായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു. ഇത് ശരിയായ മനോഭാവമല്ല. സ്വാഭാവികമായ കാരണങ്ങളാൽ മക്കളില്ലാത്ത മാതാപിതാക്കൾ പരസ്പരസ്നേഹത്തിലും മറ്റുള്ളവരുമായുള്ള സഹജീവനത്തിലെ ഉപവിയിലും തങ്ങളുടെ ദാമ്പത്യത്തിന്റെ അനുഗ്രഹം പൂർത്തീകരിക്കുന്നു. അവരുടെ സഹനം അനുഗ്രഹദായകമായ ഒരു വെല്ലുവിളിയാണ് - പ്രത്യേകിച്ച് മാതാപിതാക്കളുടെ സംരക്ഷണം നഷ്ടപ്പെട്ട കുട്ടികളുടെ വളർച്ചയിൽ, നേരിട്ടോ അല്ലാതെയോ, പങ്കുവഹിക്കാനുള്ള അനേകം അവസരങ്ങൾ അവർക്കുണ്ട്.

**48. ഗർഭഛിദ്രമെന്ന ഭയാനക തിന്മ:** ജീവന്റെ ഉറവിടമായ കുടുംബങ്ങളെത്തന്നെ മരണത്തിന്റെ സംസ്കാരം ഗൗരവമായി ബാധിച്ചിരിക്കുന്നു എന്ന് വി. ജോൺ പോൾ പാപ്പാ മുതലുള്ള മഹാപ്രധാനാചാര്യന്മാർ എല്ലാവരും ആവർത്തിച്ച് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. സഭയുടെ ആദിമ ഗ്രന്ഥങ്ങളിൽ ഒന്നായ ഡിഡാക്കെയിൽ[68] ഉൾപ്പെടെ നാശോന്മുഖമെന്ന് മുന്നറിയിപ്പ് തന്ന തിന്മയാണ് ഗർഭഛിദ്രം. ജീവൻ ഉറവെടുക്കുന്ന ഗർഭപാത്രത്തിൽ വച്ചു തന്നെ, മാതാപിതാക്കളുടെ മുന്നറിവോടും മിക്കപ്പോഴും സഹകരണത്തോടും, കുഞ്ഞുങ്ങളെ കൊന്നുകളയുന്ന ക്രൂരകൃത്യം കൊലപാതകത്തെക്കാളും കഠിനമായ പാപമാണ്. സ്ത്രീ സമത്വ വാദത്തോട് ചേർന്ന് പലപ്പോഴും ഉയർന്നുവന്നിട്ടുള്ള ഒരു അവകാശവാദമാണ് സ്വന്തം ഉദരത്തിലുണ്ടായത് നിലനിർത്ത

ണമോ നഷ്ടപ്പെടുത്തണമോ എന്നത് സ്ത്രീയുടെ അവകാശമാണ് എന്ന ചിന്ത. ഇത് മനുഷ്യത്വരഹിതമായ ഒരു സമീപനമാണ്. ഉദരത്തിൽ വളരുന്ന കുഞ്ഞ് അമ്മയുടെ ഉൾപ്പെടെ ആരുടെയും സ്വകാര്യ സ്വത്തല്ല[69]. ദൈവത്തിന്റെ നിത്യമായ സ്വപ്നത്തിലാണവൻ(ൾ) ജന്മം കൊള്ളുന്നത്; അവനെ/അവളെ ദൈവത്തിന്റെ കണ്ണോടെ കാണുന്നതും പരിപാലിക്കുന്നതും നമ്മുടെ കർത്തവ്യമാണ്.

അനല്പമായ ആശങ്കകളോടെയും എന്നാൽ അനവദ്യമായ ആത്മസംതൃപ്തിയോടെയും മാതൃത്വത്തിന്റെ നിമിഷങ്ങളെ, അതിന്റെ അക്ഷരങ്ങളിലൊതുങ്ങാത്ത ക്ലേശങ്ങളെ, നേരിടുന്ന ധീരാത്മക്കളായ അമ്മമാരെ സഭ നന്ദിയോടെ ഓർക്കുന്നു. പലപ്പോഴും വൈധവ്യത്തിന്റെയും ഒറ്റപ്പെടലിന്റെയും ഇരുട്ടിൽ, അധ്വാനത്തിന്റെ തളർച്ചയിൽ, ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വത്തിൽ തങ്ങളുടെ ഉള്ളിൽ വളരുന്ന കുഞ്ഞിൽ അവസാനത്തെ പ്രത്യാശയുടെ ഉദയം പ്രതീക്ഷിച്ചു ജീവിക്കുന്നവർ അവരുടെ ഇടയിലുണ്ട്. അവർക്ക് സമീപസ്ഥയാകാൻ സഭ ആഗ്രഹിക്കുന്നു. മാതൃത്വത്തിന്റെ അനുഭവത്തിൽ സ്നേഹത്തോടെ അവരെ അനുധാവനം ചെയ്യാനും ശുശ്രൂഷിക്കാനും സന്നദ്ധയാകുന്നു. പ്രത്യേകമായ സാഹചര്യത്തിൽ വിവാഹത്തിനുമുൻപ് ഗർഭംധരിച്ച് സാമൂഹ്യതിരസ്കാരത്തിന്റെ ഭാരം വഹിച്ച് ജീവിക്കുന്ന പെൺകുട്ടികളെ മാതൃനിർവിശേഷമായ കരുണയോടെ സ്വീകരിക്കുന്നതും കരുതുന്നതും സഭ സ്വന്തവിളിയായി തിരിച്ചറിയുന്നു. മരണത്തിന്റെ സംസ്കാരം മുന്നിൽ നിന്ന് പ്രലോഭിപ്പിക്കുമ്പോൾ പോലും സ്വന്തം ഉദരത്തിൽ വളരുന്ന കുഞ്ഞിന് ഈ സ്ത്രീകൾ പകരുന്ന സ്നേഹവും സംരക്ഷണവും മുൻജീവിതത്തിലെ ഏത് പതർച്ചയിൽനിന്നും അവരെ കരകയറ്റാനുതകുന്ന കൃപയുടെ വാഗ്ദാനങ്ങളാണ്.

### *4.2. ജീവന്റെ പരിപാലനത്തിൽ*

**49. പുതുജീവന്റെ പരിപാലനം:** പുതിയ ജീവനോടുള്ള പരിഗണന നമ്മുടെ മിക്ക കുടുംബങ്ങളിലും വേണ്ടുവോളം ഉണ്ട് എന്ന് സന്തോഷത്തോടെ സഭ ഓർക്കുന്നു. വളരുന്ന പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളുടെയും അവരുടെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ഒക്കെ വാൽസല്യവും ശ്രദ്ധയും അനുഭവിച്ചാണ് വളരുന്നത്. ഇത് നാം പ്രോത്സാഹിപ്പിക്കേണ്ട ഒരു പാരമ്പര്യമാണ്.

ആധുനിക ജീവിതസാഹചര്യങ്ങളിൽ ഇതിൽ വീഴ്ചകളുണ്ടാകുന്നുണ്ട് എന്നത് സങ്കടത്തോടെ സമ്മതിക്കേണ്ട വസ്തുതയാണ്. മാതാപിതാക്കൾ കുഞ്ഞുങ്ങളെ വ്യക്തിപരമായിത്തന്നെ ശ്രദ്ധിച്ചു വളർത്തുന്നതിന് പരമാവധി ശ്രമിക്കണം. ശിശുക്കളുടെ ശാരീരികമായ പരിരക്ഷ സാധ്യമായത്ര രീതിയിൽ കുടുംബാംഗങ്ങൾ തന്നെ നിർവഹിക്കണം. സ്നേഹമസൃണമായ സ്പർശനവും നോട്ടവും പുഞ്ചിരിയും ലാളനയുമെല്ലാം കുഞ്ഞുങ്ങളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. കുഞ്ഞിനെ മുലയൂട്ടുമ്പോഴും, എണ്ണതേയ്ക്കുമ്പോഴും, കുളിപ്പിക്കുമ്പോഴുമുള്ള അമ്മയുടെ ദൈവചിന്തയും, അതുവഴി പകർന്നുനല്കുന്ന ദൈവചൈതന്യവും കുഞ്ഞുങ്ങളുടെ ജീവിതത്തിലുടനീളം ചെലുത്തുന്ന സ്വാധീനം അളവില്ലാത്തതും അവർണനീയവുമാണ്. കുഞ്ഞുങ്ങൾ വളരുന്നതനുസരിച്ച് അവരുടെ സ്വഭാവരീതികളെയും ചിന്തകളെയും വാക്കുകളെയുമെല്ലാം പ്രോത്സാഹനജനകമായി നിയന്ത്രിക്കേണ്ടതും തിരുത്തൽശക്തിയായി നിലകൊള്ളേണ്ടതും മാതാപിതാക്കളുടെ ധർമ്മമാണ്.

**50. വയോധികരും സവിശേഷശ്രദ്ധ അർഹിക്കുന്നവരും:** ഗർഭസ്ഥ ശിശുക്കളുടെ കാര്യത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ജീവനെക്കുറിച്ചുള്ള സജീവ പരിഗണന ഉണ്ടാകേണ്ട മറ്റൊരു അവസ്ഥ വൃദ്ധരുടെയും വീണുപോയവരുടെയും ശുശ്രൂഷയാണ്.

"വാർധക്യത്തിൽ എന്നെ തള്ളിക്കളയരുതേ! ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുതേ" (സങ്കീ. 71, 9) എന്ന പ്രാർത്ഥനയിൽ വാർദ്ധക്യത്തിന്റെ അശരണത്വം വചനം കോറിയിടുന്നുണ്ട്. ജീവിതം മുഴുവൻ ലാഭനഷ്ടകണക്കുകളുടേതാകുന്ന പുതിയ കാലത്ത് മാതാപിതാക്കൾ പല മക്കൾക്കും ബാധ്യതകളായി മാറുന്നുണ്ട്. പരിഗണനയുടെ കുറവ് അവർക്കായി മാറ്റി വയ്ക്കുന്ന സമയത്തിലും വീടിനുള്ളിൽ അവർക്ക് നിശ്ചയിച്ചു നൽകുന്ന ഇടങ്ങളിലും, അവർക്കായി ചിലവഴിക്കാൻ മാറ്റിവയ്ക്കുന്ന ധനത്തിലും, അവർ ധരിക്കുന്ന വസ്ത്രങ്ങളുടെ പഴക്കത്തിലും, അവർക്കായി നീക്കിവയ്ക്കുന്ന ഭക്ഷണത്തിലും പോലും പ്രതിഫലിക്കാറുണ്ട്. ആരോഗ്യ പരിരക്ഷയിലും സാമൂഹ്യ സുരക്ഷയിലും അവർക്ക് സർക്കാരിൽ നിന്ന് കിട്ടുന്നത് നാമമാത്ര പരിഗണനയാണ്. മക്കൾ ജോലികളുടെ തിരക്കിലേക്ക് പറക്കുകയും അണുകുടുംബങ്ങളിലേക്ക് ചുരുങ്ങുകയും ചെയ്യുമ്പോൾ മിക്കവാറും അവർക്ക് തുണയാകുന്നത് കൂലിക്കെടുത്ത ശുശ്രൂഷകരും വൃദ്ധഭവനങ്ങളും ഒക്കെയാണ്.

നവോമി എന്ന വൃദ്ധമാതാവിനു നൽകിയ സ്നേഹമാണ് റൂത്ത് എന്ന വിജാതീയ സ്ത്രീയെ രക്ഷകന്റെ വംശവൃക്ഷത്തിലേക്ക് പടരുന്നതിനു സഹായിച്ചതെന്ന് തിരുവചനം സാക്ഷിക്കുന്നു (റൂത്ത്; മത്താ. 1,6). വൃദ്ധരായ മാതാപിതാക്കൾ സ്നേഹത്തിന്റെ തണലിൽ വിശ്രമിക്കുന്ന കുടുംബങ്ങളിലെ ഇളംതലമുറ സ്നേഹത്തിന്റെ വിലയറിഞ്ഞു വളരും. നിരാശയിലും ഒറ്റപ്പെടലിലും മരണം കാത്തുകഴിയുന്ന മുതിർന്നവരുള്ള ഭവനങ്ങളിൽ പുതിയ തലമുറ പഠിക്കുന്ന പാഠങ്ങൾ അവരുടെ മാതാപിതാക്കൾക്കുതന്നെ ഭാരമായി മടങ്ങിവരും.

സഭാസമൂഹം എന്ന നിലയിൽ, പുതിയ സാംസ്കാരിക സാമ്പത്തിക സാഹചര്യങ്ങളിൽ മാതാപിതാക്കളെ വേണ്ടവിധം ശ്രദ്ധിക്കുന്നതിൽ മക്കൾ അനുഭവിക്കുന്ന വെല്ലുവിളികൾ നാം തിരിച്ചറിയേണ്ടതുണ്ട്. ഒരാളുടെ വരുമാനം മതിയാകാതെ വരുന്ന സാഹചര്യത്തിലാണ് മിക്ക മധ്യവർഗ കുടുംബങ്ങളിലും യുവദമ്പതികൾ ജോലിക്കായി ഭവനങ്ങളിൽ നിന്ന് മാറുന്നതും വീടുകളിൽ മാതാപിതാക്കൾ തനിച്ചാകുന്നതും. ഇവിടെ മക്കളെ കുറ്റപ്പെടുത്തുന്നതിനു പകരം അവരോടൊപ്പം നിന്ന് മാതാപിതാക്കളുടെ ആവശ്യങ്ങൾക്കും മക്കൾക്കും ഇടയിൽ സംഭാഷണത്തിന്റെയും സഹജീവനത്തിന്റെയും പാലമാകുന്നതിന് അജപാലകർക്കും, സമർപ്പിതർക്കും, കൂട്ടായ്മകൾക്കും സാധിക്കണം.

മാതാപിതാക്കൾ ഉപേക്ഷിക്കപ്പെടുന്ന ഇടമായാണ് ഇന്ന് 'വൃദ്ധസദനങ്ങൾ' നമ്മുടെ സംസ്കാരത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇക്കാര്യത്തിൽ തികച്ചും വ്യത്യസ്തമായ സമീപനം സാധ്യമാണ്. മക്കളുടെ സാന്നിധ്യവും വ്യക്തിപരമായ ശ്രദ്ധയും തികച്ചും അസാധ്യമായ സാഹചര്യങ്ങളിൽ, സാധിക്കുമെങ്കിൽ അവരുടെ ഉത്തരവാദിത്വത്തിൽതന്നെ, മാതാപിതാക്കളെ സംരക്ഷിക്കാനുള്ള ഇടമായി വയോധിക ശുശ്രൂഷാഭവനങ്ങൾ വിഭാവനം ചെയ്യാവുന്നതാണ്. യഥാവിധി ഭക്ഷണവും വ്യായാമവും മരുന്നും ഉല്ലാസവും സൗഹൃദവും ലഭിക്കുന്ന ഇടങ്ങളായി, ക്രൈസ്തവമായ സ്നേഹത്തിന്റെ ഉപവിയുടെയും അനുയാത്ര ലഭിക്കുന്ന ഇടങ്ങളായി, ക്രിസ്തീയ സമൂഹങ്ങളുടെ ചുമതലയിൽ തന്നെ വയോധികർക്കുള്ള താൽക്കാലിക ഭവനങ്ങൾ ക്രമീകരിക്കാവുന്നതാണ്. മക്കൾക്ക് ജോലി നാട്ടിൽതന്നെ ആണെങ്കിൽ, ഡെ-കെയർ

എന്ന നിലയിലും, പകൽ സമയങ്ങളിൽ വീട്ടിൽ തന്നെ വസിക്കാൻ പ്രയാസമില്ലാത്ത വയോധികർക്ക് സായാഹനത്തിലും രാത്രിയിലും ഉള്ള വിശ്രമ ഇടങ്ങളായും ഒക്കെ ഇത്തരം ഭവനങ്ങൾ ഉണ്ടാകാവുന്നതാണ്. മക്കൾ ഒപ്പം വസിച്ചു ശുശ്രൂഷിച്ചില്ലെങ്കിലും ഉചിതമായ ശുശ്രൂഷ ലഭ്യമാക്കാം എന്ന കാര്യത്തിൽ മക്കളെയും മാതാപിതാക്കളെയും ബോധവൽക്കരിക്കണം.

ജീവന്റെ സംസ്കാരം ഭവനങ്ങളിൽ പടുത്തുയർത്തുന്നതിന്റെ ഭാഗമാണ് സ്ഥിരരോഗികളുടെയും, അംഗപരിമിതരുടെയും, ഭിന്നശേഷിക്കാരുടെയുംമേൽ ഉള്ള സവിശേഷശ്രദ്ധ. ഇങ്ങനെ ഒരംഗം എങ്കിലും ഉള്ള കുടുംബം സവിശേഷമായ അജപാലന സമീപനം അർഹിക്കുന്നു. പ്രത്യേകമായി അംഗപരിമിതരോ ഭിന്നശേഷിക്കാരോ മാനസികവളർച്ചയിൽ വെല്ലുവിളികളുള്ളവരോ ആയ കുട്ടികൾ ഉള്ള മാതാപിതാക്കളെ സഭാസമൂഹം പ്രത്യേകമാംവിധം അനുധാവനം ചെയ്യുകയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും വേണം. ഭാരമേറിയ വെല്ലുവിളി ധീരമായി ഏറ്റെടുത്ത് മക്കളെ കുടുംബങ്ങളിൽ ശുശ്രൂഷിക്കുന്ന ഈ മാതാപിതാക്കളെ സഭ അഭിമാനത്തോടെയും സന്തോഷത്തോടെയും ഓർക്കുന്നു. അവരുടെ ശുശ്രൂഷകളിൽ കൂടെ നിന്ന് അവരെ ബലപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഉചിതമായ വൈദ്യസഹായവും മറ്റ് സാങ്കേതിക സഹായവും ഇത്തരം ഭവനങ്ങൾക്ക് ലഭ്യമാക്കുവാനും സാഹചര്യങ്ങൾക്ക് യോജിച്ച വിധത്തിൽ സാമ്പത്തികമായ കൈത്താങ്ങ് നൽകുവാനും ഇടവക കൂട്ടായ്മകളും ശുശ്രൂഷാവേദികളും മുൻകൈ എടുക്കേണ്ടതാണ്.

ഇന്ന് മരണാസന്നരെയും മാറാരോഗികളെയും ഒക്കെ മരണത്തിലേക്ക് എളുപ്പത്തിൽ തള്ളിവിടുന്ന പുതിയ തത്ത്വശാസ്ത്രങ്ങൾ രൂപം കൊള്ളുന്നുണ്ട്. ഭാരതത്തിലെ പരമോന്നത നീതിപീഠം ഈ കഴിഞ്ഞ വർഷമാണ് (2018) രണ്ടു സുപ്രധാന വിധികളിൽ *എവുത്തനാസ്യ* (ദയാവധം) എന്ന് അറിയപ്പെടുന്ന അനായാസമരണത്തിനുള്ള അവകാശം സാങ്കേതികമായി അംഗീകരിച്ചത്. ഇതിൻപ്രകാരം മരണം ഉറപ്പുള്ള രോഗാവസ്ഥകളിലൂടെ കടന്നുപോകുന്നവർക്ക് തങ്ങൾ തിരിച്ചുവരവില്ലാത്ത അബോധാവസ്ഥയിൽ ആകുമ്പോഴോ, അറിവോടുകൂടി സമ്മതം നൽകാൻ സാധിക്കാത്ത അവസ്ഥയിൽ എത്തിക്കഴിഞ്ഞാലോ തങ്ങൾക്കുള്ള ചികിത്സകൾ പരിമിതപ്പെടുത്തി മരണം എളുപ്പമാക്കാനുള്ള സമ്മതം നേരത്തെ രേഖപ്പെടുത്താനുള്ള അവകാശവുമുണ്ട്. ഇത് പലതരത്തിൽ ദുരുപയോഗപ്പെടുത്താവുന്ന ഒന്നാണ്.

ജീവന്റെ സ്വാഭാവിക അവസാനം വരെ മനുഷ്യ വ്യക്തിയുടെ ജീവൻ വിലപ്പെട്ടതാണെന്ന് സഭ അസന്ദിഗ്ധമായി പഠിപ്പിക്കുന്നു. മരണാസന്നരുടെ ജീവൻ കൃത്രിമമായി നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള മാർഗങ്ങൾ എത്രത്തോളം തുടരണമെന്നത് രോഗികളുടെയും കുടുംബത്തിന്റെയും യഥാർത്ഥ സാഹചര്യം മുൻനിർത്തി എടുക്കേണ്ട തീരുമാനമാണ്. കൃത്രിമ മാർഗങ്ങളുപയോഗിച്ച് രോഗിയുടെ നിസ്സഹായ ജീവിതം അനാവശ്യമായി നീട്ടിക്കൊണ്ടുപോകുന്നത് പലപ്പോഴും ആ വ്യക്തിയുടെ മഹത്വത്തിന് യോജിക്കാത്തതായിരിക്കും. എന്നാൽ, മരണാസന്നർക്ക് ന്യായമായി കൊടുക്കാവുന്ന വൈദ്യസഹായം നിർത്തിവയ്ക്കുന്നത് വൈദ്യസഹായത്തോടെയുള്ള ആത്മഹത്യയോ കൊലപാതകമോ ആയി കരുതേണ്ടിവരും[70].

ചികിത്സാചിലവുകൾ ഭീമമായി വർദ്ധിക്കുന്ന ഈ കാലത്ത്, രോഗികളോ സവിശേഷ പരിഗണന അർഹിക്കുന്നവരോ ഉള്ള കുടുംബങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാകുന്നത് അജപാലകരും വിശ്വാസസമൂഹവും ശ്രദ്ധിക്കുകയും ക്രിയാത്മകമായി സഹായിക്കുകയും ചെയ്യേണ്ട ഒരു മേഖലയാണ്. രക്തദാനം, അവയവദാനം എന്നിവ ഈ രംഗത്തെ ഉപവിയുടെ

സവിശേഷരൂപങ്ങളാണ്. വ്യക്തിതന്നെ ദാനമായി മാറുന്ന ഇത്തരം പരസ്നേഹ പ്രവർത്തികൾ സഭാസമൂഹത്തിന്റെ പ്രോത്സാഹനം അർഹിക്കുന്നു.

അനാരോഗ്യം കൊണ്ടോ മറ്റു പ്രശ്നങ്ങൾകൊണ്ടോ കുടുംബങ്ങളിലുണ്ടാകുന്ന കട ബാധ്യതകൾ പലപ്പോഴും ആത്മഹത്യകളിലേക്കും മനുഷ്യാന്തസ്സിനു വിരുദ്ധമായ മറ്റു പരിഹാര ങ്ങളിലേക്കും നീങ്ങാൻ ഇടയാകുന്നുണ്ട്. മാതാപിതാക്കൾക്കും മക്കൾക്കുമിടയിൽ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് സുതാര്യമായ സംഭാഷണങ്ങൾ ഉണ്ടാകണം. മാതൃകുടുംബങ്ങളിലോ നവകുടുംബങ്ങളിലോ ഉള്ള കടബാധ്യതകൾ വിശാലകുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ചു നിന്ന് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും പ്രോത്സാഹിപ്പിക്കപ്പെടണം.

ജീവന്റെ ആരംഭത്തിലാകട്ടെ അവസാനത്തിലാകട്ടെ, അതിന്റെ സ്വാഭാവിക പരിണിതി യിൽ എതിരായി ഇടപെടുന്നതിനുള്ള അവകാശം വ്യക്തികൾക്കോ രാഷ്ട്രത്തിനോ ഇല്ല എന്നാണ് ക്രൈസ്തവനിലപാട്. ഇത് വ്യക്തമായി പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും എല്ലാ സാഹചര്യങ്ങളിലും മുറുകെപ്പിടിക്കുകയും വേണം.

**51. അതിരുകളറിയാത്ത കരുതൽ:** ജീവന്റെ സംസ്കാരത്തിൽ ഭാഗഭാക്കാവുക എന്നാൽ അവ നവന്റെ രക്തബന്ധത്തിലുള്ളവർക്ക് ഇന്നോ നാളെയോ ജീവിക്കാനുതകുന്ന കാര്യങ്ങൾ ശ്രദ്ധി ക്കുക എന്നത് മാത്രമല്ല, കൂടുതൽ വിശാലമായ ഒരു കാഴ്ചപ്പാടിലേക്ക് വ്യക്തികളായും കുടും ബങ്ങളായും നാം വളരേണ്ടതുണ്ട് എന്നും വിവക്ഷയുണ്ട്.

വിശപ്പടക്കുന്നതിനും വിദ്യാഭ്യാസം നേടുന്നതിനും പ്രയാസമുള്ള ഇളംതലമുറക്കാർ വളരെയധികമുള്ള നമ്മുടെ നാട്ടിൽ കുട്ടികളെ ജീവനോട് പ്രതിപത്തിയുള്ളവരാക്കി വളർത്തുക. എന്നാൽ, അവരുടെ കൂട്ടുകാരെ ഹൃദയം തുറന്നു സ്നേഹിക്കുന്നതിനും സഹായിക്കുന്നതിനും അവരെ നിരന്തരം പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുക എന്നുകൂടിയാണ്. ദത്തെടു ക്കൽ, വന്ധ്യത അനുഭവിക്കുന്ന ദമ്പതികൾക്കുള്ള പ്രായോഗിക വഴി എന്നുമാത്രമല്ല, സാധാരണ കുടുംബങ്ങൾക്ക് ക്രിസ്തീയമായ ഉപവിയിൽ വളരാനുള്ള വഴികൂടിയാണ്. സാമ്പത്തികമായി സുരക്ഷിതമായ ഭവനങ്ങൾ അതിനു നിവൃത്തിയില്ലാത്ത ഭവനത്തിലെ കുഞ്ഞുങ്ങളുടെ വിദ്യാ ഭ്യാസത്തിലും വളർച്ചയിലും ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ചും നന്മപ്രവർത്തി കളിൽ കുട്ടികളെക്കൂടി പങ്കുകാരാക്കുന്നത് അവരുടെ ആത്മീയവളർച്ചയിൽ വളരെയേറെ സഹാ യിക്കും.

കുടിയേറ്റം ഒരു സാമൂഹ്യവിഷയമായിക്കൊണ്ടിരിക്കുന്ന ഭാരതത്തിൽ, നമ്മുടെ കുടുംബ ങ്ങൾ സാമ്പത്തികമായും സാംസ്കാരികമായും കൂടുതൽ തുറവിയുള്ളവയായി തീരേണ്ടതുണ്ട്. സാംസ്കാരിക മുൻവിധികളിൽ കുടിയേറ്റതൊഴിലാളികൾക്കെതിരായ കുറ്റാരോപണങ്ങൾ അന്യായമായി പ്രചരിപ്പിക്കുകയും അവരെ സാമ്പത്തികമായി ചൂഷണം ചെയ്യുകയും ചെയ്യുന്ന പ്രവണത ഇന്ന് വളരെ കൂടുതലാണ്. നമ്മുടെ ഭവനങ്ങളും ദേവാലയങ്ങളും കുടിയേറ്റ സമൂഹാം ഗങ്ങളെ സ്വാഗതം ചെയ്യുന്ന ഇടങ്ങളാകണം.

അക്രമവാസന പലതരത്തിൽ പടരുന്നതിനെതിരെ കുടുംബങ്ങൾ നിലപാടെടുക്കണം. മതഭ്രാന്തും ജാതിചിന്തയും രാഷ്ട്രീയവൈരവും യുവജനങ്ങളിൽ രൂഢമൂലമാകുന്നത് തടയാ നാകുന്നത് കുടുംബാന്തരീക്ഷത്തിലാണ്. വിഭാഗീയതകൾക്ക് ഉപരിയായി ഇരയാക്കപ്പെടുന്നവ രോട് ചേർന്നുനിൽക്കുന്നതിൽ ക്രിസ്തീയമായ അന്തസ്സും സ്നേഹത്തിന്റെ സന്തോഷവു

മുണ്ടെന്ന് ഇളം തലമുറ പഠിക്കണം. സാമുദായികവും ലൈംഗികവും രാഷ്ട്രീയവുമായ ന്യൂന പക്ഷങ്ങളെ സമഭാവനയോടെ കാണുന്നതിനും ആവശ്യങ്ങളിൽ സംരക്ഷിക്കുന്നതിനുമുള്ള ജാഗ്രത കുടുംബങ്ങളിൽ നിന്ന് പകർന്നുകിട്ടണം. വിനോദ ഉപാധികളിൽ നിന്നും സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും അക്രമത്തിന്റെ പാഠങ്ങൾ ഇളംതലമുറ ഉൾക്കൊള്ളുന്നതിനെപ്പറ്റി കുടുംബ ങ്ങൾ നിരന്തരമായ ജാഗ്രത പുലർത്തണം.

കരുതൽ എന്ന ആശയം വീണ്ടും ശ്രദ്ധിക്കേണ്ടതുണ്ട്. ആത്മഹത്യ എന്ന വലിയ തിന്മ ഇന്ന് വ്യാപകമാവുകയാണ്. സാമ്പത്തികമോ ആരോഗ്യപരമോ ആയ കാരണങ്ങളാൽ ആത്മഹത്യ ചെയ്യുന്നതിനെക്കുറിച്ച് മുകളിൽ സൂചിപ്പിച്ചു. പ്രതിസന്ധികളിൽ പലപ്പോഴും കൂട്ടുത്തരവാദിത്തം എടുക്കുന്നതിനും കൂടെ നിൽക്കുന്നതിനും ആളില്ലാതെ വരുന്നതോ, അങ്ങനെ തോന്നുന്നതോ ആണ് കാരണം. നവമാധ്യമ സ്വാധീനങ്ങളിൽ കുടുംബ ബന്ധങ്ങളിൽ നിന്ന് ക്രമേണ അകന്ന് ഓൺ-ലൈൻ ബന്ധങ്ങളുടെ ത്രില്ലിലേക്ക് കയറിപ്പോകുന്ന കുട്ടികളും ചെറുപ്പക്കാരും ചില പ്പോഴെങ്കിലും ആത്മഹത്യയിലേക്ക് നയിക്കപ്പെടുന്നു. അന്ധവിശ്വാസങ്ങളെ മുൻനിർത്തി ആത്മ ഹത്യ ചെയ്യുന്നതും സാധാരണമായി വരുന്നു. ഇവിടെയെല്ലാം ക്രിയാത്മകമായ കരുതൽ ഉണ്ടാ കുന്നില്ല എന്നു കാണാവുന്നതാണ്. കുടുംബബന്ധങ്ങളിലും അയൽബന്ധങ്ങളിലും ഒക്കെ വരുന്ന വീഴ്ചയാണീ വിപത്തിന്റെ വേര്. സഹോദരനെക്കുറിച്ച് പരിഗണനയല്ല, ജാഗ്രതയുള്ള കരുതൽ ആവശ്യമുള്ള കാലമാണ് നമ്മുടേത്.

ഇന്നത്തെ ജീവനെ പരിപാലിക്കുന്നതിനെക്കുറിച്ച് മാത്രമല്ല മനുഷ്യകുലത്തിന്റെ നാളത്തെ ജീവിതത്തെക്കുറിച്ചും നമുക്ക് കരുതൽ ഉണ്ടാകണം. പാരിസ്ഥിതിക അവബോധം വളർത്തുന്ന തിൽ കുടുംബങ്ങൾക്കുള്ള പങ്ക് പരി. ഫ്രാൻസിസ് പാപ്പാ എടുത്തുപറഞ്ഞിട്ടുണ്ട്. "കുടുംബ ത്തിലാണ് നമ്മൾ ആദ്യമായി ജീവനോട് സ്നേഹവും ബഹുമാനവും കാണിക്കാൻ പഠിക്കുന്നത്; നാം വസ്തുക്കളുടെ ശരിയായ ഉപയോഗം പഠിക്കുന്നത്, വൃത്തിയും ക്രമവും പഠിക്കുന്നത്, പ്രാദേ ശിക ജീവവ്യവസ്ഥകളെ ബഹുമാനിക്കാനും എല്ലാ ജീവജാലങ്ങളെയും കരുതാനും പഠിക്കു ന്നത്[71]". ഭൂമിയോടും ജീവിതപരിസരങ്ങളോടും കരുതലുള്ളവരാവാൻ, നാളയെക്കുറിച്ച് ചിന്ത യുള്ളവരാവാൻ നമ്മെ സഹായിക്കുന്ന പ്രബോധനങ്ങൾ **കർത്താവേ അങ്ങേക്ക് സ്തുതി** (*ലൗദാത്തോ സി*) എന്ന് തലക്കെട്ടുള്ള പ്രബോധനരേഖയിലൂടെ പരി. ഫ്രാൻസിസ് മാർപാപ്പാ നമുക്ക് നൽകുന്നു. ഈ കരുതലിൽ നിന്നേ ഭൂമിയോടും ഇവിടുത്തെ ജീവതാളത്തോടും സ്നേഹ മുള്ള പുതിയ തലമുറയുണ്ടാകൂ.

**52. രോഗികളുടെയും മരണാസന്നരുടെയും ആത്മീയപരിപാലനം:** രോഗികൾക്കും മരണാ സന്നർക്കും ശാരീരിക ശുശ്രൂഷ മാത്രമല്ല നൽകേണ്ടത്. ശാരീരിക ക്ലേശങ്ങളെ ബലിയും കർത്താ വിനു പ്രീതികരമായ കാഴ്ചയും ആക്കുന്നത് വിശ്വാസമാണ്. ക്രൂശിതനോട് ചേർന്ന് സഹിക്കു മ്പോൾ സഹനത്തിന് ഭൗതികജീവനെ അതിലംഘിക്കുന്ന അർത്ഥങ്ങളുണ്ടാകുന്നു. ക്ലേശങ്ങളെ ആത്മീയമായ പ്രസാദത്തോടെ ഏറ്റെടുക്കാൻ രോഗികളെ സജ്ജരാക്കണം. ഭവനാംഗങ്ങൾ രോഗി കൾക്ക് നൽകുന്ന ശുശ്രൂഷ ഉപവിയുടെ ഏറ്റവും മഹനീയമായ പ്രകാശനങ്ങളിലൊന്നാണ്. അതോടൊപ്പം പ്രാർത്ഥനയുടെയും വേദവായനയുടെയും നിരന്തരമായ സാന്നിധ്യം രോഗകിടക്ക കൾക്കരികിൽ ഉണ്ടാകണം. കേരളത്തിലെ പ്രാചീന സഭയിൽ വചനം എഴുതിയ ഓല രോഗിക ളുടെ മേൽ വച്ച് പ്രാർത്ഥിക്കുന്ന രീതിയുണ്ടായിരുന്നു. വചനത്തിന്റെ സൗഖ്യദായകമായ ശക്തി യിലുണ്ടായിരുന്ന വിശ്വാസം രോഗീശുശ്രൂഷയിൽ നമുക്ക് മാതൃകയായി സ്വീകരിക്കാം.

രോഗികളുടെയും മരണാസന്നരുടെയും ശുശ്രൂഷയിൽ അജപാലകരെയും സമർപ്പിത രെയും ഉൾപ്പെടുത്തുന്നതിന് ഭവനാംഗങ്ങൾ ഉചിതമായ ശ്രദ്ധ പുലർത്തണം. പലപ്പോഴും തക്ക തായ ഉപദേശം നൽകുന്നതിനും, ആത്മീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും, ചികിൽസക്ക് മാർഗനിർദ്ദേശം നൽകുന്നതിനും ഒക്കെ അവർക്ക് സാധിക്കും. അതിലുപരി കുമ്പ സാരവും വിശുദ്ധ കുർബാനയുടെ സ്വീകരണവും വഴി കൗദാശിക ജീവനിൽ ആത്മാവിനെ നവീകരിക്കുന്നത് സൗഖ്യവും സഹനത്തിനാവശ്യമായ ക്രിസ്തീയ ശക്തിയും നൽകുന്ന കർമ്മ ങ്ങളാണ്. ഇക്കാര്യങ്ങളിൽ അജപാലക ശുശ്രൂഷ എളുപ്പമാക്കുന്ന രീതിയിൽ വിശ്വാസസമൂഹം ഉചിതമായ സഹായം നൽകണം.

മരണം ആസന്നമാകുമ്പോൾ മാത്രം നൽകുന്ന കൂദാശയല്ല രോഗിലേപനം. അസാധാ രണവും അപകടകരവുമായ ഏത് രോഗാവസ്ഥയിലും ദൈവികമായ ആശ്വാസവും സൗഖ്യവും പ്രദാനം ചെയ്യുന്ന കൂദാശയാണത്. രോഗിലേപനം നൽകുന്നത് മരണമടുക്കുന്നതിന്റെ ലക്ഷണ മാണെന്ന അനാവശ്യഭീതി പലപ്പോഴും തടസ്സമാകുന്നു. ഇക്കാര്യത്തിൽ ആളുകൾക്ക് ബോധവൽക്ക രണം നൽകണം.

### *4.3. നിത്യജീവനിലേക്ക്*

**53. മരണമെന്ന ക്രിസ്തീയ അനുഭവം:** ജീവനെ മുറുകെപ്പിടിക്കുക എന്നാൽ ജീവന്റെ സ്വാഭാ വികമായ അന്ത്യത്തെ അന്തസ്സോടെ സമീപിക്കാനാകുക എന്നതുകൂടിയാണ്. ദൈവത്തെ അറിഞ്ഞ് ജീവിക്കുന്നവർക്ക് ഈ ലോകത്തിലെ മരണം നിത്യമായ ഒരു സ്നേഹവ്യവസ്ഥയി ലേക്കുള്ള പ്രവേശനമാണ്. എന്തു വിലകൊടുത്തും സ്വജീവൻ സംരക്ഷിക്കാൻ കടപ്പെട്ടവരല്ല നാം. രാജ്യസേവനത്തിനോ പരനന്മക്കോ വേണ്ടി ജീവന് അപകടകരമായ ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും ഏറ്റെടുക്കുന്ന സഹോദരങ്ങളെ സഭ പ്രത്യേകം ബഹുമാനിക്കുന്നു. അതുപോലെ മഹനീയമാണ് ക്രിസ്തീയ സാക്ഷ്യത്തെപ്രതി മരണകരമായ അപകടങ്ങൾ ഏറ്റെടുക്കുന്നത്. ദൈവം അംഗീകരിച്ച രക്തസാക്ഷിത്വം ക്രിസ്തീയ പുണ്യങ്ങളുടെ പൂർത്തിയും പൂർണ്ണമായ ആത്മവിശുദ്ധീകരണത്തിനുള്ള ഏറ്റവും ഉറപ്പുള്ള പാതയുമാണ്.

ക്രിസ്തീയമായ അന്തസ്സോടെയും പ്രത്യാശയോടെയും കുടുംബങ്ങൾ മരണം എന്ന മഹാരഹസ്യത്തെ സമീപിക്കണം. മനുഷ്യാന്തസ്സിന് യോജിച്ച രീതിയിൽ ക്രിസ്തീയമായ ഒരുക്ക ത്തോടെ മരിക്കാൻ വയോധികരെയും രോഗഗ്രസ്തരെയും സഹായിക്കുന്നത് വീഴ്ചവരുത്താൻ പാടില്ലാത്ത ക്രിസ്തീയ ധർമ്മമാണ്.

മരണഭവനത്തിലെ ക്രിസ്തീയ സാന്നിധ്യം പലപ്പോഴും മതപരമായ കർമ്മങ്ങളിൽ അവ സാനിക്കുന്നു. മരണം ഒരു വ്യക്തിയുടെ വേർപാട് മാത്രമല്ല, അയാളോടൊപ്പം ജീവിതം പങ്കിട്ട പലരുടെയും സ്നേഹാനുഭവത്തിൽ സംഭവിക്കുന്ന മുറിവ് കൂടിയാണ്. പ്രത്യേകിച്ചും അപകട മരണങ്ങളും ആത്മഹത്യകളും കുടുംബങ്ങളെ വളരെ ആഴമുള്ള ആത്മീയവും മാനുഷികവു മായ പ്രതിസന്ധികളിൽ എത്തിക്കാറുണ്ട്. ഇക്കാര്യങ്ങൾ ശ്രദ്ധയോടെ മനസ്സിലാക്കുന്നതിനും ഔചിത്യത്തോടെ സഹായങ്ങൾ നൽകുന്നതിനും ക്രിസ്തീയ സമൂഹത്തിന് കടപ്പാടുണ്ട്. അനാ ഥത്വത്തിലേക്കും അശരണത്വത്തിലേക്കും ഭവനങ്ങൾ, പ്രത്യേകിച്ച് ബാല്യങ്ങൾ, ഉപേക്ഷിക്ക പ്പെടാൻ ഇടയാകരുത്.

മരിച്ചവരോടുള്ള കർത്തവ്യങ്ങൾ മറക്കാതിരിക്കുന്നത് പ്രധാനമാണ്. ശവസംസ്കാര കർമ്മങ്ങൾ ആഡംബരമാക്കുന്നതിനേക്കാൾ ഉചിതം മരിച്ച വ്യക്തിയുടെ പേരിൽ ഉപവി പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മരിച്ചവരുടെ ആത്മീയ ബലഹീനതകൾ നന്നായി അറിയുന്നത് കുടുംബാംഗങ്ങൾക്കാണ്. പരേതന്റെ ആത്മീയ അവസ്ഥക്ക് ഉചിതമായ രീതിയിൽ സഭ അംഗീകരിച്ച പാപപരിഹാരകർമ്മങ്ങൾ അനുവർത്തിക്കേണ്ടതാണ്. പാപപരിഹാര കർമ്മങ്ങളിൽ ഏറ്റവും സവിശേഷമായത് വിശുദ്ധ കുർബാന അർപ്പണമാണ്.

പരേതരുടെ ഓർമ്മയിൽ നടത്തപ്പെടുന്ന ചടങ്ങുകളിൽ ആഡംബരവും സാമൂഹ്യ ദുരാചാരങ്ങളും ഒഴിവാക്കണം. മരിച്ചവർക്ക് ദൈവസന്നിധിയിൽ നല്ല ഓർമ്മ ഉണ്ടാവുകയാണ് മരണാനന്തര തിരുക്കർമ്മങ്ങളുടെ അർത്ഥമെന്ന് മലങ്കര ആരാധനക്രമം നിരന്തരം ഓർമിപ്പിക്കുന്നുണ്ട്. ഓർമകളിൽ നന്മയും സന്തോഷവും നിറയാൻ ഉപവിയും പ്രാർത്ഥനയുമാണ് സഹായിക്കുന്നത്.

**54. നിത്യജീവനും വിളിയും:** ജീവൻ ദൈവത്തിന്റെ ദാനമാണ് എന്ന തിരിച്ചറിവാണ് ജീവനെ സംബന്ധിച്ച ക്രൈസ്തവ സമീപനത്തിന്റെ അടിത്തറ. നന്ദിപൂർവ്വം സ്വീകരിച്ച് ഉത്തരവാദിത്വപൂർണമായി പങ്കുവയ്ക്കേണ്ട, സംരക്ഷിക്കേണ്ട, പരിപാലിക്കേണ്ട ഒന്നാണിത്. ജീവന്റെ നാഥനായ ദൈവവുമായുള്ള നിരന്തര ബന്ധമാണ് യഥാർത്ഥത്തിൽ നമ്മെ - വ്യക്തികളെയും കുടുംബങ്ങളെയും - അതിനു പ്രാപ്തരാക്കുന്നത്. ഈ ജീവൻ ഈ ഭൂമിയുടെ പരിധികളിൽ അവസാനിക്കുന്നതല്ല. മരണത്തിനപ്പുറത്തേക്ക് നിത്യതയിലേക്ക് നമ്മെ ഒരുക്കുന്ന ഗർഭകാലം കൂടിയാണിത്. ഈ ക്ലേശത്തിന്റെ കാലം കഴിയുമ്പോൾ നാം നിത്യമായ സന്തോഷത്തിലേക്ക് പിറക്കുന്നു. ജീവൻ എന്ന ദാനം പ്രത്യാശ എന്ന പുണ്യത്തിന്റെ ആധാരമാണ്. ലൗകികമായ ആശകളാണ് മരണത്തിന്റെ സംസ്കാരത്തിലേക്ക് ഇന്നത്തെ കാലത്തെ നയിക്കുന്നത്. തങ്ങൾക്ക് ബാധ്യതയാകാൻ ഇടയുള്ളവരെ ഒഴിവാക്കാൻ യത്നിക്കുമ്പോൾ ജനനനിയന്ത്രണവും ഗർഭഛിദ്രവും വയോധികരെയും ഭിന്നശേഷിക്കാരെയും ഒഴിവാക്കുന്നതും ഒക്കെ അവകാശമാണെന്ന ബോധം വരുന്നു. ലൗകികമായ കണക്കുകൂട്ടലുകൾ പരാജയപ്പെടുന്ന ഇടത്തുനിന്ന് ആരംഭിക്കുന്ന നിരാശകളുടെ അവസാന ആവിഷ്കാരങ്ങളാണ് ദയാവധവും ആത്മഹത്യയുമെല്ലാം. നിത്യജീവനിലേക്കുള്ള പ്രത്യാശയാൽ നയിക്കപ്പെടുമ്പോഴാണ് ജീവന്റെ ശരിയായ അർത്ഥം ബോധ്യമാവുക.

നിത്യജീവന്റെ, ദൈവരാജ്യത്തിന്റെ, മൂല്യങ്ങൾ ഭൂമിയിൽ ആവിഷ്കരിക്കുക എന്നതാണ് ബ്രഹ്മചാരികളും സമർപ്പിതരും സഭാസമൂഹത്തിൽ നിർവഹിക്കുന്ന കർത്തവ്യം. ഭൗമികമായ ജീവനിലുള്ള ആശയും, അതിന്റെ പരിമിതമായ ഭാവിയും നിരാകരിച്ച് ദൈവത്തിന്റെ സ്നേഹത്തിലും അവിടുന്നു നൽകുന്ന ജീവനിലും സമർപ്പിതജീവിതം പ്രത്യാശവയ്ക്കുന്നു. കുടുംബജീവിതം ജീവനിലേക്കുള്ള വിളിയാണ്. അതേ വിളിയുടെ അടയാളപരമായ ആവിഷ്കാരമാണ് സമർപ്പിതജീവിതം. ഇരുകൂട്ടർക്കും ആ വിളിയും പ്രത്യാശയും പൂർത്തിയാകുന്നത് എല്ലാ ജീവന്റെയും ഉറവിടമായവന്റെ സന്നിധിയിലും.

മരണത്തിന്റെ സംസ്കാരം കടന്നുകയറുന്ന ഇടങ്ങളിൽ ജീവന്റെ വചനത്തെ മുറുകെപ്പിടിക്കുന്നതിനും, വെറുപ്പിനും അക്രമവാസനക്കും പകരം സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും മാതൃകകൾ പിൻപറ്റുന്നതിനും ജീവന്റെ പ്രത്യാശ നമ്മെ പ്രാപ്തരാക്കുന്നു. വിശ്വാസജീവിതവും ആരാധനയും വഴിയായി ആ പ്രത്യാശ പരിപോഷിപ്പിക്കുന്ന പ്രാഥമിക വേദിയും കുടുംബം തന്നെയാണ്. അതിനെക്കുറിച്ചാണ് ഈ പരിചിന്തനത്തിന്റെ അടുത്ത അധ്യായം.

# അദ്ധ്യായം 5

# കുടുംബം: വിശ്വാസത്തിന്റെ വിളനിലം

**55. വെറും ജീവനല്ല, കൃപാജീവിതം:** മുൻ അധ്യായങ്ങളിൽ ദാമ്പത്യത്തിന്റെ അടിസ്ഥാനഭാവങ്ങളെക്കുറിച്ചാണ് - സ്നേഹത്തെക്കുറിച്ചും വംശപരിപാലനത്തെക്കുറിച്ചും, അവയിൽ അധിഷ്ഠിതമായ കുടുംബമൂല്യങ്ങളെക്കുറിച്ചുമാണ് - പറഞ്ഞത്. സ്നേഹവും വംശപരിപാലനത്വരയും വിവാഹത്തിന്റെ സ്വാഭാവികവും മാനുഷികവുമായ ഘടകങ്ങളാണ്. അവയെ ക്രിസ്തീയമായി നാം പുനർവ്യാഖ്യാനം ചെയ്യുന്നതിന്റെ അടിസ്ഥാനം വിവാഹം കേവലം മാനുഷികമായ ഒരു ഉടമ്പടി മാത്രമല്ല, ദൈവികമായ ഒരു കൂദാശകൂടിയാണ് എന്നുള്ളതത്രേ. കൂദാശയെന്ന നിലയിൽ വിവാഹ വിശ്വാസത്തിൽ സ്വീകരിക്കപ്പെടേണ്ട ഒരു ദൈവികദാനമാണ്. ദാനമായി സ്വീകരിക്കുന്നത് പങ്കുവയ്ക്കപ്പെടാനുള്ളതാണ് കുടുംബത്തിൽ, പ്രധാനമായും ദമ്പതികൾക്കിടയിലും മാതാപിതാക്കളിൽ നിന്ന് മക്കളിലേക്കും, പങ്കുവയ്ക്കപ്പെടുന്നത് മാനുഷികമായ ജീവൻ മാത്രമല്ല, കൂദാശാപരമായി സ്വീകരിക്കുന്ന കൃപാവരം കൂടിയാണ്. ഈ പങ്കുവയ്പുവഴി ദമ്പതികൾ പരസ്പരം വിശുദ്ധീകരിക്കുന്നു; മാതാപിതാക്കൾ മക്കളെ വിശ്വാസ ജീവിതത്തിന്റെ ആദ്യപാഠങ്ങളിലൂടെ കൗദാശിക ജീവിതത്തിന് ഒരുക്കുകയും മാമോദീസാ മുതൽ അവരെ വ്യക്തിപരമായി സ്വീകരിക്കുകയും കൃപയുടെ അഭിഷേകത്തിൽ വളർത്തുകയും ചെയ്യുന്നു.

## *5.1. തലമുറകൾക്കിടയിലെ വിശ്വാസ കൈമാറ്റം*

**56. തലമുറകളിലെ വിശ്വസ്തത:** ഇസ്രായേലിന്റെ ചരിത്രത്തിൽ ദൈവം ചെയ്ത അത്ഭുതങ്ങൾ വിവരിക്കുന്ന പ്രാർത്ഥനാ ഗീതമാണ് 78-ാം സങ്കീർത്തനം. അത് ആരംഭിക്കുന്നത് ഈ അത്ഭുത കർമത്തെക്കുറിച്ചുള്ള ഓർമ്മകൾ കൈമാറുന്നതിനെപ്പറ്റി പാടിക്കൊണ്ടാണ്:

"അവരുടെ മക്കളിൽ നിന്നു നാം അതു മറച്ചുവയ്ക്കരുത്; കർത്താവു പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ ശക്തിപ്രഭാവവും അത്ഭുതകൃത്യങ്ങളും വരുംതലമുറയ്ക്കു വിവരിച്ചുകൊടുക്കണം. അവിടുന്നു യാക്കോബിനു പ്രമാണങ്ങൾ നൽകി; ഇസ്രായേലിനു നിയമവും; അതു മക്കളെ പഠിപ്പിക്കാൻ നമ്മുടെ പിതാക്കന്മാരോട് അവിടുന്ന് ആജ്ഞാപിച്ചു. വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ, അവ അറിയുകയും തങ്ങളുടെ മക്കൾ അവ പറഞ്ഞുകൊടുക്കുകയും ചെയ്യും. അവർ ദൈവത്തിൽ ആശ്രയിക്കുകയും അവിടുത്തെ പ്രവൃത്തികളെ വിസ്മരിക്കാതെ കൽപനകൾ പാലിക്കുകയും ചെയ്യും" (സങ്കീ. 78, 4-7).

പെസഹാ ആചരണത്തിന്റെ അവസരത്തിൽ ഇസ്രായേൽ ഭവനങ്ങളിൽ ആചാരപരമായ ഇത്തരം അനുഭവക്കൈമാറ്റം നടന്നിരുന്നതായും നമുക്കറിയാം. രക്ഷയുടെ അനുഭവവും ഇതുപോലെ പങ്കുവയ്ക്കപ്പെടാനുള്ളതാണ്. പുതിയ നിയമത്തിൽ ഉത്ഥിതനായ ക്രിസ്തു തന്നെ ദർശിക്കുന്നവരോട് സഹോദരങ്ങളെ അറിയിക്കുക എന്ന് ആവശ്യപ്പെടുന്നത് ഈ തത്വത്തിന്റെ തുടർച്ചയായി മനസ്സിലാക്കാവുന്നതാണ്.

പഴയനിയമത്തിലെ രക്ഷാകരചരിത്രത്തിന്റെ വിവരണത്തിൽ തലമുറകളുടെ തുടർച്ച വലിയൊരു വിഷയമായി മാറുന്നുണ്ട്. തലമുറകളിലെ വിശ്വസ്തതയാണ് തെരഞ്ഞെടുക്കപ്പെട്ടവന്റെ അടയാളം. മക്കളെ നേർവഴിക്ക് നയിക്കാനാകുന്നത് നീതിമാന്റെ മുഖമുദ്രയും. ജന്മം കൊടുക്കുക മാത്രമല്ല, ജീവനിലേക്കുള്ള വഴി കാട്ടിക്കൊടുക്കുക കൂടിയാണ് ജനയിതാവിന്റെ ധർമ്മം. (സുഭാ. 6, 20-23) അതനുസരിച്ച് മാതാപിതാക്കളുടെ ഉപദേശം ജീവനിലേക്ക് നയിക്കു

ന്നത് പ്രലോഭനങ്ങളെ നേരിടാൻ കരുത്തുകൂടി നൽകിക്കൊണ്ടാണ്. തോബിത്ത് എന്ന ഗ്രന്ഥ ത്തിന്റെ പാഠം നീതിമാനായ പിതാവിന് എങ്ങനെ അനുഗ്രഹീതനായ പുത്രൻ ജനിക്കുന്നു എന്നുള്ളതാണ്. ഏഴുമക്കളുടെ അമ്മയായ ധീരയായ രക്തസാക്ഷിണി (2 മക്ക.7) ശരിയായ മാതൃത്വത്തിന്റെ ഉജ്ജ്വല മാതൃകയാണ്.

പുതിയ നിയമത്തിൽ ശിക്ഷകനായ പിതാവ് ദൈവം തന്നെയാണ്. അവിടുന്ന് ക്ഷമ യോടെ തെറ്റുകൾ പൊറുക്കുന്നവനും മടങ്ങിവരവ് കാത്തിരിക്കുന്നവനുമാണ് (മത്താ. 21, 28-32; ലൂക്കാ.15:11-32). പിതാക്കന്മാരോട് നിങ്ങളുടെ മക്കളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശ ത്തിലും വളർത്തുവിൻ എന്ന് എഫേസ്യ ലേഖകൻ നിഷ്കർഷിക്കുന്നു (എഫേ.6:4).

**57. മാതൃകയും അനുധാവനവും:** പ്രതിമകളെ വാർത്തെടുക്കുന്നതുപോലെ ശ്രദ്ധിച്ചുവേണം മക്കളെ രൂപപ്പെടുത്താൻ എന്നുപദേശിച്ചത് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസാണ്[72]. ഈ ആശയത്തിന്റെ മനോഹരമായ സമകാലീന വ്യാഖ്യാനം കണ്ടെത്താവുന്നത് മതബോധന ഗ്രന്ഥത്തിന്റെ 2221 മുതൽ 2226 വരെ ഖണ്ഡങ്ങളിലാണ്. ദൈവത്തിന്റെ മക്കളായി കരുതിയും മനുഷ്യവ്യക്തികളെന്ന നിലയിൽ ബഹുമാനിച്ചും വേണം മക്കളെ വളർത്താൻ. വാൽസല്യം, ക്ഷമാ ശീലം, ബഹുമാനം, വിശ്വസ്തത, നിസ്വാർത്ഥ സേവനം എന്നിവയുള്ള ഭവനാന്തരീക്ഷത്തിൽ വേണം കുട്ടികൾ വളരാൻ. ഭൗതികവും സ്വാഭാവികവുമായ ജീവിതതലങ്ങളെ ആന്തരികവും ആദ്ധ്യാത്മികവുമായ ജീവിതാദർശങ്ങൾക്ക് വിധേയമാക്കി വളരാൻ കുട്ടികൾ അഭ്യസിക്കണം. കുട്ടികളെ എങ്ങനെ മനുഷ്യരാക്കി വളർത്തണം എന്ന് സൂചിപ്പിച്ചതിനുശേഷം മതബോധന ഗ്രന്ഥം പറയുന്നു:

തങ്ങളുടെ കുട്ടികൾക്ക് വിശ്വാസരഹസ്യങ്ങളുടെ പ്രഥമ മുന്നോടികളായ മാതാപിതാ ക്കൾ, അവരെ ആ രഹസ്യങ്ങളിലേക്ക് ചെറുപ്രായത്തിൽ തന്നെ പ്രവേശിപ്പിക്കണം. യഥാർത്ഥ വിശ്വാസത്തിന്റെ പ്രാരംഭവും പശ്ചാത്തലവുമായി ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ആന്ത രിക മനോഭാവങ്ങളെ പരിപോഷിപ്പിക്കാൻ ആരോഗ്യകരമായ കുടുംബജീവിതത്തിനു കഴിയും[73].

ഇപ്രകാരം ശൈശവത്തിൽതന്നെ ആരംഭിക്കുന്ന വിശ്വാസപരിശീലനത്തിന് അതുല്യ മായ പ്രാധാന്യമുണ്ടെന്ന് മതബോധനഗ്രന്ഥം തുടർന്നുപറയുന്നു. "കുടുംബത്തിലെ മതബോധനം വിശ്വാസശിക്ഷണത്തിന്റെ മറ്റുരൂപങ്ങൾക്ക് മുൻപേ പോവുകയും സഹഗമിക്കുകയും അവയെ സമ്പന്നമാക്കുകയും ചെയ്യുന്നു[74].

**58. ദൈവദത്തമായ ഉത്തരവാദിത്വം:** ഈ വിശ്വാസ രൂപീകരണ പ്രക്രിയ നടക്കേണ്ടത് ഓരോ കുടുംബത്തിന്റെയും സ്വതന്ത്ര തീരുമാനം അനുസരിച്ചല്ല. പഴയനിയമം വ്യക്തമാക്കുന്നതുപോലെ ഇത് ദൈവദത്തമായ ഒരു ചുമതലയാണ്. ഇതിന്റെ ഉള്ളടക്കവും ഒരു കുടുംബത്തിന്റെയോ, ഏതെങ്കിലും സമൂഹത്തിന്റെയോ തെരഞ്ഞെടുപ്പിനെ ആശ്രയിച്ചല്ല. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ സ്നേഹത്തിന് സ്വജീവിതത്തിലൂടെ മനുഷ്യൻ നൽകുന്ന മറുപടിയാണ് വിശ്വാസം. ഇതിന്റെ ഉറവിടങ്ങളും ഉള്ളടക്കവും ദൈവദത്തമാണ്.

## *5.2. വളരുന്ന വിശ്വാസം*

**59. വിശ്വാസത്തിന്റെ ഉള്ളടക്കം:** നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാന ഉറവിടം പ്രപഞ്ച സൃഷ്ടിയിലാരംഭിച്ച് യേശുക്രിസ്തുവിലൂടെ പൂർത്തിയാക്കപ്പെട്ട പിതാവും പുത്രനും പരിശു ദ്ധാത്മാവുമായ ത്രീയേകദൈവത്തെയും അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളെയും സംബ ന്ധിച്ച് ദൈവിക വെളിപാടാണ്. ഈ ദൈവിക വെളിപാട് തലമുറകളിലേക്കു കൈമാറപ്പെടു

ന്നത് ക്രിസ്തുവിന്റെ കൂദാശയും ശരീരവുമാകുന്ന തിരുസഭയിൽ വി. ഗ്രന്ഥത്തിലൂടെയും സഭയുടെ ആരാധനക്രമ പാരമ്പര്യത്തിലൂടെയും, ദൈവശാസ്ത്ര ദർശനങ്ങളിലൂടെയും കാലാകാലങ്ങളിലുള്ള പ്രബോധനങ്ങളിലൂടെയുമാണ്.

ദൈവിക വെളിപാടിന്റെ ഉള്ളടക്കമാണ് വിശ്വാസത്തിന്റെ ഉള്ളടക്കം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേകദൈവവും, സൃഷ്ടി മുതൽ യുഗാന്ത്യംവരെയുള്ള അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളുമാണ് ക്രിസ്തീയ വെളിപാടിന്റെ ഉള്ളടക്കം. യേശുക്രിസ്തുവിലൂടെ നല്കപ്പെട്ട ഈ ദൈവിക വെളിപാടനുസരിച്ച് നാം വിശ്വസിക്കേണ്ടത് എന്തൊക്കെയാണെന്ന് സഭയുടെ വിശ്വാസപ്രമാണത്തിൽ മനോഹരമായി സംഗ്രഹിച്ചിട്ടുണ്ട്. വിശ്വാസപ്രമാണത്തിലൂടെ നാം വിശ്വസിച്ച് ഏറ്റുപറയുന്നത് പ്രധാനമായും അഞ്ചു കാര്യങ്ങളാണ്.

1) പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേകദൈവത്തിലും പ്രപഞ്ച സൃഷ്ടിയിലുമാരംഭിച്ച് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ പൂർത്തീകരിച്ച അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങളിലും അവിടുത്തെ രണ്ടാം വരവിലുമുള്ള വിശ്വാസം, 2) തിരുസഭയിലുള്ള വിശ്വാസം, 3) പാപമോചനത്തിനുള്ള മാമോദീസാ ഒന്നുമാത്രമേയുള്ളൂ 4) മരിച്ചുപോയവരുടെ ഉയിർപ്പ്, 5) വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവൻ. ക്രിസ്തീയ വിശ്വാസികളെല്ലാവരും വിശ്വസിച്ച് ഏറ്റുപറയാനും ജീവിതത്തിൽ പ്രായോഗികമാക്കാനും കടപ്പെട്ടതാണ് വിശ്വാസപ്രമാണത്തിലെ ഈ അഞ്ചു കാര്യങ്ങളും.

**60. സ്വീകരിച്ച്, സ്വന്തമാക്കുന്ന നിയോഗം:** വെളിപാട് സ്വീകരിക്കുക എന്നത് മനുഷ്യനു സാധ്യമായ പ്രവൃത്തിയാണെങ്കിലും അതിന്റെ ആരംഭം മനുഷ്യനിൽ നിന്നല്ല. "എന്റെ പിതാവിനാൽ ആകർഷിക്കപ്പെട്ടല്ലാതെ ആർക്കും എന്റെ അരികിലേക്ക് വരുവാൻ സാധിക്കുകയില്ല" (യോഹ. 6, 44). ദൈവത്തിൽ നിന്നു ലഭിക്കുന്ന ദാനമാണ് വിശ്വാസം. എങ്കിലും അതിന്റെ പ്രായോഗിക തലത്തിൽ വിശ്വാസത്തിൽ ആഴപ്പെടാൻ ഓരോ വിശ്വാസിയും ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്. ഇതിനു പല തലങ്ങളുണ്ടാവാം. 1) യേശു എന്ന വ്യക്തിയെ അറിയാനും അവിടുന്ന് പഠിപ്പിച്ച ജീവിതരീതിയെ അനുകരിക്കാനും പരിശ്രമിക്കുക 2) യേശുവിലൂടെ വെളിപ്പെട്ട ത്രീയേക ദൈവവിശ്വാസവും മറ്റു ദൈവിക രഹസ്യങ്ങളും അംഗീകരിച്ച് ഏറ്റുപറയുക 3) ദൈവത്തിൽ ശരണംവച്ച് അവിടുത്തെ പരിപാലനയിൽ ജീവിതം സമർപ്പിക്കുക 4) ദൈവത്തോട് വിശ്വാസത്തിലുള്ള വിധേയത്വം വഴി ആത്മബന്ധം പുലർത്തുക 5) വചനവായനയിലും ആത്മാവിനോടുള്ള തുറവിയിലും ജീവിതം നിരന്തരം നവീകരിക്കുക.

വ്യക്തിപരമായി ദൈവത്തോട് അടുക്കുകയും, സ്വന്തം ഇച്ഛാശക്തിയെ അടിയറ വച്ചുകൊണ്ട് വ്യവസ്ഥകളില്ലാതെ തിരുഹിതത്തിനുമുമ്പിൽ തന്നെത്തന്നെ ആത്മാർപ്പണം ചെയ്യുകയും വേണം. ഇപ്രകാരമുള്ള വിശ്വാസത്തിലൂടെ ഒരുവൻ തന്റെ ബുദ്ധിക്കും യുക്തിക്കും ഉപരിയായി തികച്ചും വ്യത്യസ്തവും ചലനാത്മകവുമായ ഒരു ദൈവികലോകത്തിലേക്കും ജീവിതശൈലിയിലേക്കും പ്രവേശിക്കുന്നു. വിശ്വാസത്തിന്റെ ഈ ജീവിതക്രമം മനുഷ്യന്റെ അറിവിനും കണക്കുകൂട്ടലുകൾക്കും അതീതമായ ഫലം പുറപ്പെടുവിക്കും. ഇതു വിശ്വാസത്തിന്റെ വീരോചിത പുണ്യതലത്തിലേക്ക് നമ്മെ ഉയർത്തും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ,

> "ദൈവത്തിന്റെ മഹത്വത്തിന്റെ സമ്പന്നതയ്ക്കു യോജിച്ചവിധം അവിടുന്നു തന്റെ ആത്മാവിലൂടെ നമ്മുടെ ആന്തരീക മനുഷ്യനെ ശക്തിപ്പെടുത്തുകയും വിശ്വാസംവഴി ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുകയും നാം സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കുകയും ചെയ്യും. അങ്ങനെ എല്ലാ വിശുദ്ധരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹ

ത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നമുക്കു ശക്തി ലഭിക്കുകയും, അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നാം ഗ്രഹിക്കുകയും അതുവഴി ദൈവത്തിന്റെ സംപൂർണതയാൽ നാം പൂരിതരാവുകയും ചെയ്യും" (എഫേ 3:16-19).

**61. വിശ്വാസത്തിന്റെ പരിപോഷണം:** വിശ്വാസത്തിലേക്കുള്ള ഈ വഴിയിൽ ശരിയായി നടക്കാൻ ദൈവവചനവും, ജീവന്റെ അപ്പമായ പരി. കുർബാനയും സഭയുടെയും സഭാപിതാക്കൻമാരുടെയും പ്രബോധനങ്ങളുംകൊണ്ട് നിരന്തരം സ്വയം പരിപോഷിപ്പിക്കാനുള്ള ഉത്സാഹം നമുക്കുണ്ടാകണം എന്ന് പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മെ ആഹ്വാനം ചെയ്യുന്നു[75]. ഈ വിധത്തിൽ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കാനും സ്ഥിരപ്പെടുത്താനും ഏറ്റുപറയാനും തക്കവിധം വിശ്വാസത്തെക്കുറിച്ചുള്ള കൃത്യമായ അറിവ് സഭ മുഴുവൻ ആർജിക്കണം[76]. എന്നാൽ, വ്യക്തിക്കുള്ളിലെ യഥാർത്ഥ വിശുദ്ധ സ്ഥലമായ ഹൃദയം കൃപയാൽ തുറക്കപ്പെടുന്നില്ലെങ്കിൽ അറിവു ലഭിച്ചതുകൊണ്ടു മാത്രം കാര്യമില്ലെന്നും പരി. പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇപ്രകാരം വിശ്വാസത്തെ പരിപോഷിപ്പിക്കുന്നതിന് കുടുംബങ്ങൾക്ക് രണ്ട് പ്രധാന മാർഗ്ഗങ്ങളാണുള്ളത്. ഒന്നാമതായി വിശുദ്ധ കൂദാശകളിലെ പങ്കാളിത്തം വഴിയായി ക്രിസ്തുരഹസ്യത്തോട് ചേർന്നുനിൽക്കുക. രണ്ടാം വത്തിക്കാൻ സുന്നഹദോസ് മനോഹരമായി ഈ വിശ്വാസ തീർത്ഥാടനം വിവരിക്കുന്നുണ്ട്. മാമോദീസാ മുഖേന സഭാശരീരത്തിൽ അംഗങ്ങളായിത്തീരുന്ന വിശ്വാസികൾ ദൈവമക്കളായി നവജന്മം പ്രാപിക്കുന്നു; മൂറോനഭിഷേകത്താൽ സഭയുമായി ഗാഢബന്ധം പ്രാപിച്ച്, പരിശുദ്ധാത്മാവിലുള്ള സവിശേഷ ശക്തിയും, വാക്കാലും പ്രവൃത്തിയാലും വിശ്വാസം പ്രചരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തവും സ്വന്തമാക്കുന്നു. വിശുദ്ധ കുർബാനയിൽ ഭാഗഭാക്കുകളായിക്കൊണ്ട് അവർ ബലിവസ്തുവായ ക്രിസ്തുവിനോട് തങ്ങളെത്തന്നെ ചേർക്കുന്നു; അതുവഴി ആ കൂദാശയിൽ അതിശയകരമാംവിധം സൂചിതമായിരിക്കുന്ന ദൈവജനത്തിന്റെ ഐക്യം പ്രായോഗികമായി പ്രകടമാക്കുന്നു. കുമ്പസാരത്തിൽ പാപപ്പൊറുതി നേടി സഭയും സമൂഹവുമായി രമ്യപ്പെടുന്നു. വിവാഹമെന്ന കൂദാശവഴി ദമ്പതികൾ ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തെ പ്രത്യക്ഷീകരിക്കുന്നു[77].

സഭയോട് ചേർന്ന് വിശ്വാസത്തിൽ വളരാനും കൃപാദാനത്തിൽ ശക്തിപ്പെടാനുമുള്ള അവസരമാണ് ഓരോ കൂദാശയും. ഇവയുടെ അനുഷ്ഠാനം വഴി വിശ്വാസി നിത്യജീവനിലേക്ക് തിടുക്കത്തിൽ യാത്ര ചെയ്യുകയാണ്[78].

രണ്ടാമത്തെ മാർഗം സഭാവൽസരത്തിലെ അനുഷ്ഠാനക്രമത്തിലൂടെ യേശുവിന്റെ ജീവിതത്തെ അനുഗമിക്കുകയും അനുകരിക്കുകയുമാണ്. പന്ത്രണ്ടാം പിയൂസ് മാർപാപ്പ **ദൈവിക മദ്ധ്യസ്ഥൻ** *(മേദിയാത്തോർ ദേയി)* എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ആരാധനക്രമവത്സരം സഭയിൽ നിത്യം ജീവിക്കുന്ന ക്രിസ്തുതന്നെയാണ്. യേശുക്രിസ്തു തന്റെ അളവറ്റ സ്നേഹത്തോടെ ആരംഭിച്ച കരുണാർദ്ര സ്നേഹത്തിന്റെ ഇഹലോകജീവിതയാത്ര ആരാധനക്രമവത്സരത്തിലൂടെ ഇന്നും തുടരുകയാണ്. അതുവഴി മനുഷ്യമക്കൾക്ക് അവിടുത്തെ രക്ഷാകരമായ ദിവ്യരഹസ്യങ്ങൾ അടുത്തറിയുന്നതിനും അവ സ്വജീവിതത്തിൽ പകർത്തുന്നതിനും അവസരം ലഭിക്കുകയാണ്. രക്ഷയുടെ ഈ രഹസ്യങ്ങൾ സഭയിൽ എന്നും സജീവമാംവിധം സന്നിഹിതമാണ്[79]. ദൈവാത്മാവിനാൽ പ്രചോദിതനായി ഏശയ്യാ പ്രവാചകൻ പ്രഘോഷിച്ച കർത്താവിന്റെ കൃപാവത്സരം (ഏശ. 61, 2) യേശുനാഥന്റെ പരസ്യജീവിതത്തിലൂടെ സമാരംഭിച്ചു (ലൂക്കാ 4, 19). ഇവ സഭയുടെ ആരാധനാക്രമവത്സരത്തിലൂടെ വിശ്വാസികൾക്ക് ഇന്നിവിടെ എന്നപോലെ അനുദിനം അനുഭവിച്ചറിയാൻ അവസരം ലഭിക്കുന്നു.

കൂദാശകളിലൂടെയും സഭാവൽസരത്തിന്റെ അനുഷ്ഠാനത്തിലൂടെയും സഭയുടെ പൊതു വിശ്വാസ സഞ്ചയത്തോട് ചേർന്നുനിൽക്കുകയും, മൗതികമായ ജീവനിൽ (mystical life) സ്വയം പുതുക്കുകയുമാണ് അടിസ്ഥാനപരമായി കുടുംബങ്ങൾക്ക് ഗാർഹിക സഭ എന്ന നിലയിൽ ബലപ്പെടുന്നതിനുള്ള വഴി. ദൈവശാസ്ത്രപരമായ ഈ യാത്രാപദ്ധതിക്ക് മലങ്കരസഭയുടെ ജൈവസാഹചര്യങ്ങൾക്കിണങ്ങിയ കർമ്മപദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്.

### *5.3. കുടുംബം, ഇടവക, സമൂഹം*

**62. ഭവനങ്ങളിലെ വിശ്വാസപരിപാലനം:** കൂദാശകളുടെയും സഭാവൽസരത്തിന്റെയും അനുഷ്ഠാനം ദേവാലയവുമായി ബന്ധപ്പെട്ടാണ് പ്രധാനമായും നടക്കുക. ഈ അനുഷ്ഠാന ജീവിതത്തിന്റെ അന്തഃസത്ത വാർന്നുപോകാതെ ഭവനങ്ങളിൽ ആരാധനയുടെയും ഉപവിയുടെയും അനുഭവങ്ങളായി പകർത്തുമ്പോഴാണ് വിശ്വാസം ജീവിതബദ്ധമാകുന്നത്. അനുഷ്ഠാനത്തിലൂടെ അടയാളപരമായി രൂപപ്പെടുന്ന ക്രിസ്തുസാന്നിധ്യം ക്രിയാത്മകവും പരിവർത്തനാത്മകവുമായ ശക്തിയായി ക്രൈസ്തവജീവിതത്തെ നയിക്കണം.

ദൈവവചനമാണ് കുടുംബങ്ങളിൽ ദൈവസാന്നിധ്യത്തിന്റെ ഏറ്റവും തീക്ഷണമായ അടയാളം. ക്രിസ്തീയ ഭവനങ്ങൾ ഭവന പ്രതിഷ്ഠവഴിയായും ദൈവസാന്നിധ്യമുൾക്കൊള്ളുന്നു. മാമോദീസാ വഴിയായി ഓരോ ക്രൈസ്തവന്റെയും ഉള്ളിൽ സന്നിഹിതനാകുന്ന പരിശുദ്ധാത്മാവും, മറ്റു കൂദാശകളിലൂടെ ലഭിക്കുന്ന കൃപയുടെ അനുഭവങ്ങളും ക്രൈസ്തവന്റെ ജീവിത പരിസരങ്ങളെ ദൈവമേഖലയാക്കാൻ സഹായിക്കുന്നു. ദൈവത്തിന്റെ ഈ സജീവ സാന്നിധ്യത്തെക്കുറിച്ചുള്ള ബോധ്യമാണ് വിശ്വാസത്തിൽ വളരുന്നതിന് ഏറ്റവും ആവശ്യമുള്ളത്.

കുടുംബം ഗാർഹികസഭയാണ് എന്നുപറയുന്നതിന്റെ ഒരു പ്രധാന സൂചന ആരാധനാജീവിതം ഓരോ കുടുംബവും അതിന്റെ സാകല്യത്തിൽ ആവിഷ്കരിക്കണം എന്നാണ്. കുടുംബത്തിൽ സജീവവും അനുദിനവുമായ ആരാധന നടക്കണം. ദൈവവചനം വായിക്കപ്പെടണം. ആത്മാവിന്റെ അനുഭവത്തിൽ അത് പങ്കുവയ്ക്കപ്പെടണം. മറ്റനേകം വിഷയങ്ങളിൽ സംസാരിക്കാനുള്ള ആധികാരികത നാം നേടിയിട്ടുണ്ടല്ലോ. നമ്മുടെ അറിവിനും ഉൾക്കാഴ്ചക്കും അനുസരിച്ച് വായിക്കുന്ന, കേൾക്കുന്ന വചനത്തെക്കുറിച്ചും കുടുംബവേദികളിൽ നാം സംസാരിക്കണം. ആരാധനാക്രമവുമായി നിരന്തരം ബന്ധപ്പെടുന്നതിന് ഓരോ കാലത്തിനും യോജിച്ച വായനകൾ തെരഞ്ഞെടുത്ത് വായിക്കാവുന്നതാണ്. ടെലിവിഷൻ ചാനലുകളിൽ ഇപ്പോൾ ലഭ്യമായ വചന പ്രഘോഷണ, ഉദ്ബോധന ശുശ്രൂഷകൾ ഇക്കാര്യത്തിൽ കുടുംബങ്ങളെ സഹായിക്കുന്നവയാണ്.

കുടുംബപ്രതിഷ്ഠാ വേളകളിൽ വേദവായന കഴിഞ്ഞുവരുന്ന ബോവൂസോയിൽ ഉള്ളറകളിൽ നടക്കുന്ന പ്രാർത്ഥനയെക്കുറിച്ചാണ് നിരന്തര സൂചന. ക്രിസ്തീയ ഭവനങ്ങൾ പ്രാർത്ഥനയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ടവ കൂടിയാണ്. അടുത്തകാലം വരെയും കേരളത്തിലെ കത്തോലിക്കാ സഭകളിൽ ഭവനപ്രാർത്ഥനകളായി ഭക്താനുഷ്ഠാനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ സന്യസ്തരുടെ പ്രാർത്ഥനാക്രമത്തിൽ നിന്ന് സ്വീകരിച്ച, പൊതു ആരാധനാക്രമത്തിലെ യാമങ്ങൾക്കും കാലങ്ങൾക്കും അനുസരിച്ചുള്ള, ഭവനപ്രാർത്ഥനാക്രമം പുത്തൻകൂറ്റുകാർക്കുണ്ടായിരുന്നു. യാമങ്ങൾക്കും കാലങ്ങൾക്കും അനുസരിച്ച് അതിലെ പ്രാർത്ഥനകളും വേദപുസ്തകത്തിൽ നിന്ന് ഉചിതമായ വായനകളും ഭവനങ്ങളിൽ നടത്തണം. സുവിശേഷസംഘത്തിന്റെ പ്രവർത്തനം വഴി ഇക്കാര്യത്തിൽ കുറേയേറെ ഉണർവുണ്ടായിട്ടുണ്ട്.

**ഭവനത്തിന്റെ ക്രമീകരണം:** പ്രാർത്ഥനയ്ക്ക് ഉതകുന്നതായിരിക്കാൻ ശ്രദ്ധിക്കണം. വീടുകൂദാശ, സ്ലീബായുടെയും വിശുദ്ധ ചിത്രങ്ങളുടെയും സാന്നിദ്ധ്യം, വിശേഷവിധിയായി പരിശുദ്ധ അമ്മയെ അനുസ്മരിക്കുന്ന വിശുദ്ധ വസ്തുക്കൾ ഇവയെല്ലാം അനുദിനജീവിതത്തിൽ ക്രിസ്തു രഹസ്യത്തിന്റെ സാന്നിധ്യം പുതുക്കുന്നവയാണ്. വേദപുസ്തക സംബന്ധമായ അറിവുകൾ നൽകുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഭവനത്തിലെ വിശ്വാസരൂപീകരണത്തെ സഹായിക്കുന്നു.

**ഇടങ്ങളും വസ്തുക്കളും മാത്രമല്ല, സമയവും ക്രമീകരിക്കപ്പെടണം.** കുടുംബങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കുന്നതിന് ഉചിതമായ സമയം നിശ്ചയിക്കുകയും അത് നിഷ്ഠയോടെ കാക്കുകയും വേണം. അതുപോലെ കുട്ടികൾക്ക് വേദപഠനസംബന്ധമായ പാഠങ്ങൾ പുതുക്കുന്നതിനും വേദ പുസ്തകം സ്വയം വായിച്ച് പ്രാർത്ഥിക്കുന്നതിനും സമയം നിശ്ചയിച്ചു നൽകാവുന്നതാണ്. വിനോദം, സന്ദർശനം മുതലായ ഭവനത്തിലെ അനുദിന ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രാർത്ഥനയ്ക്കും വി. ഗ്രന്ഥവായനയ്ക്കുമായി നിശ്ചയിച്ചിരിക്കുന്ന സമയം കവർന്നെടുക്കാൻ ഇടയാക്കരുത്.

കുടുംബങ്ങൾ ഒരുമിച്ച് വിശ്വാസത്തിന്റെ അനുഭവങ്ങളിൽ പങ്കെടുക്കുന്നതിന് ഇടയ്ക്കൊക്കെ സമയം കണ്ടെത്തേണ്ടതാണ്. ഇടവകയിലെ തിരുക്കർമ്മങ്ങളിൽ കുടുംബം ഒരുമിച്ച് പങ്കെടുക്കാൻ തീർച്ചയായും ശ്രദ്ധിക്കണം. ഇതുകൂടാതെ ആണ്ടുവട്ടത്തിലെ നോമ്പുകൾ, തീർത്ഥാടനം, ധ്യാനം മുതലായ കർമ്മങ്ങൾ ഒരുമിച്ച് ചെയ്യുന്നത് ആദ്ധ്യാത്മിക വളർച്ച വിലയിരുത്തുന്നതിനും കുറവുകൾ നികത്തുന്നതിനും സഹായിക്കും.

ഇവയ്ക്കെല്ലാമുപരി, ദൈവീകപുണ്യം എന്ന നിലയിൽ വിശ്വാസവും ബലം പ്രാപിക്കുന്നത് സ്നേഹത്തിന്റെ പ്രായോഗിക പാഠങ്ങളിലൂടെയാണ്. മാതാപിതാക്കൾ അവരുടെ ദാമ്പത്യത്തിലെ പരസ്പര സമർപ്പണം അർത്ഥപൂർണ്ണമായി നിർവഹിക്കുമ്പോൾ, മക്കൾ തങ്ങളുടെ ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് നന്മകളിൽ ഉൽസുകരാകുമ്പോൾ, സഹോദരങ്ങൾ പരസ്പരം നിസ്വാർത്ഥം സ്നേഹിക്കുമ്പോൾ, നന്മയുടെ നല്ല സാക്ഷ്യങ്ങൾ അയൽക്കാർക്ക് നൽകുമ്പോഴെല്ലാം, വചനം ശരീരം ധരിക്കുന്ന വിശ്വാസത്തിന്റെ ദിവ്യ രഹസ്യം കുടുംബങ്ങളിൽ ദിനംപ്രതി ജീവിക്കുന്നു.

**63. ഒന്നാം പ്രമാണമെന്ന ആധാരശില:** ആരാധനാജീവിതത്തിന്റെ ആധാരശില, ഭവനത്തിലാണെങ്കിലും കൂട്ടായ്മയിലാണെങ്കിലും, ആരാധന ദൈവത്തിനുമാത്രം എന്ന് പഠിപ്പിക്കുന്ന ദൈവകല്പനയാണ്. അവിശ്വാസവും അന്ധവിശ്വാസവും കുടുംബങ്ങളുടെ അടിവേരിളക്കുന്ന ദുഷ്ട ശക്തികളാണ്.

സജീവ വിശ്വാസത്തിൽനിന്ന് അകലുന്ന യുവതലമുറ ഇപ്പോൾ അതിവേഗത്തിൽ അജ്ഞേയവാദത്തിലും പ്രായോഗിക നിരീശ്വരത്വത്തിലും എത്തിപ്പെടുന്നുണ്ട്. യുവതലമുറയുടെ ചോദ്യങ്ങളും പ്രശ്നങ്ങളും അവഗണിക്കാതെ വിശ്വാസത്തിൽ മുതിർന്നവരോട് സംവാദത്തിൽ ഏർപ്പെടാൻ അവർക്ക് അവസരങ്ങൾ ലഭ്യമാക്കണം. ആരാധനാകർമ്മങ്ങളിൽ മുടങ്ങാതെ പങ്കെടുക്കാൻ പരമാവധി പ്രോത്സാഹിപ്പിക്കുകയും വേണം. ദൈവാരാധന സജീവമായി നടത്തുകയും വിശ്വാസത്തെ സംബന്ധിച്ച ബോധ്യങ്ങൾക്ക് വ്യക്തത ലഭിക്കത്തക്കവിധം ജീവിക്കുകയും ചെയ്യുകയാണ് അവിശ്വാസത്തിന്റെയും നിരീശ്വരത്വത്തിന്റെയും പിടിയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം. സഭയെ സംബന്ധിച്ച ദുഷ്പ്രചരണങ്ങളും, വിശ്വാസത്തെ വിലയിടിക്കാൻ മാത്രം ഉന്നംവച്ചുള്ള പൊതുചർച്ചകളും സൃഷ്ടിക്കുന്ന പുകമറകളിൽ യുവജനതയ്ക്ക് ശരി

യായ ദർശനം ലഭിക്കാൻ വിശ്വാസത്തെ വിലമതിക്കുന്നവരുമായുള്ള സംസർഗം പരമാവധി പ്രോത്സാഹിപ്പിക്കണം.

അന്ധവിശ്വാസങ്ങളുടെ കടന്നുകയറ്റം ഒളിഞ്ഞും തെളിഞ്ഞും കാണാവുന്ന കാലമാണിത്. വിദ്യാഭ്യാസമുള്ള നവതലമുറ നഗരസങ്കല്പങ്ങൾക്ക് യോജിക്കുന്ന പുതിയ ഐതിഹ്യങ്ങളും അനാചാരങ്ങളും ഫാഷനാക്കുന്നു. സമയ ദോഷങ്ങളിലുള്ള വിശ്വാസം, സവിശേഷ ശക്തിയുള്ള ജന്തുക്കളിലും വസ്തുക്കളിലുമുള്ള വിശ്വാസം. പ്രേതാത്മാക്കളുമായുള്ള സമാഗമമാർഗ്ഗങ്ങൾ, വാസ്തുശാസ്ത്രം, സാത്താൻസേവ മുതലായവ സമ്പത്തും അധികാരവും ബന്ധങ്ങളും ഒക്കെ നേടാനുള്ള കുറുക്കുവഴിയായി സ്വീകരിക്കുന്ന യുവതലമുറക്കാരുടെ എണ്ണം കൂടിവരുന്നുണ്ട്. ഇവയുടെ സ്വാധീനങ്ങളിൽ വീണുപോകുന്ന കുടുംബങ്ങളിൽ നിന്ന് ദൈവവിശ്വാസത്തിന്റെ വെളിച്ചം കെട്ടുപോവുകയും ദുരാചാരങ്ങളുടെ പുതുവ്യവസ്ഥകളിലേക്ക് കൂടുതൽ വീണുപോകുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. ഇവിടെയും വിശ്വാസജീവിതത്തിൽ മുതിർന്നവരുമായുള്ള സംവാദവും പഠനവും ഒക്കെയാണ് ശക്തിയാവുക. ഇത്തരം സ്വാധീനങ്ങളെ പ്രാരംഭദിശയിൽ തന്നെ കണ്ടെത്തി ചെറുക്കേണ്ടതുണ്ട്.

സമാനമായ അന്ധവിശ്വാസങ്ങൾ ക്രിസ്തുമതത്തിന്റെ പേരിലും പ്രചരിക്കപ്പെടുന്നുണ്ട് എന്ന് കാണാതിരുന്നുകൂടാ. നൂലു ജപിച്ചു കെട്ടുക, വസ്തുക്കൾ ഓതിക്കൊടുക്കുക മുതലായ ആചാരങ്ങൾ ക്രിസ്തീയ കൂട്ടായ്മകളിൽ വ്യാപകമാകുന്നു. കുറ്റബോധത്തെ ഉദ്ദീപിപ്പിച്ചുള്ള പ്രായശ്ചിത്ത കർമ്മങ്ങളിൽ അധിഷ്ഠിതമായ ആത്മീയ ശൈലികൾ പ്രചാരത്തിലെത്തുന്നു. ഇവയുടെ എല്ലാം പിന്നിൽ മുൻപ് കണ്ട ദുരാചാരങ്ങളിലെപ്പോലെ ഇഷ്ടകാര്യങ്ങൾ നേടിയെടുക്കാനുള്ള കുറുക്കുവഴി കണ്ടെത്തൽ ഉണ്ട്. മിക്കപ്പോഴും ഭൗതിക നന്മകളുടെ പിന്നിലുള്ള ഓട്ടത്തിനുമാത്രം ബലം പകരുന്ന ഈ കുറുക്കുവഴികളും ഒന്നാം പ്രമാണത്തിന്റെ ലംഘനമാണ്.

ആരാധനാക്രമത്തിൽ അധിഷ്ഠിതവും വിശുദ്ധ ഗ്രന്ഥാധിഷ്ഠിതവുമായ ആധ്യാത്മികത രൂപപ്പെടുത്തുകയും അതിനു യോജിക്കുന്ന ഭക്തകൃത്യങ്ങളിൽ ആഴപ്പെടുകയുമാണ് വേണ്ടത്. പരമ്പരാഗതമായി സഭയിൽ സ്വീകരിച്ചിട്ടുള്ള ആധ്യാത്മിക ശൈലിയോട് ചേർന്നു ജീവിക്കുന്നത് തീർച്ചയായും യുക്തമാണ്. മലങ്കര സുറിയാനി കത്തോലിക്ക സഭയെ സംബന്ധിച്ചിടത്തോളം, യാമപ്രാർത്ഥന, നോമ്പ്, ഉപവാസം, ഉപവി എന്നിവയിൽ അധിഷ്ഠിതമായ ഒരു ആത്മീയപാത ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവ് നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. സുവിശേഷസംഘവുമായി ബന്ധപ്പെട്ട് ഈ ആത്മീയവഴി ആഴപ്പെടുന്നതിനും വ്യക്തികളും കുടുംബങ്ങളും സ്വാംശീകരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**64. കർത്താവിന്റെ ദിനവും അവിടുത്തെ ജനവും:** ഞായറാഴ്ചകൾ ദൈവകല്പനയും പദ്ധതിയും പ്രകാരം ദൈവമഹത്വത്തിനും മനുഷ്യനന്മക്കുമായി നീക്കിവച്ച വിശുദ്ധദിനങ്ങളാണ്. അവയെ പരിശുദ്ധമായി ആചരിക്കണം. കുടുംബമൊന്നിച്ച് ഇടവകയുടെ ആരാധന ജീവിതത്തിൽ പങ്കെടുക്കുന്ന കാര്യം പറഞ്ഞല്ലോ. അതിലുപരി ആ ദിവസത്തിന്റെ വിശുദ്ധീകരണം കുടുംബജീവിതത്തെ വിശ്വാസത്തിൽ ഉറപ്പിക്കാനും നവീകരിക്കാനും സഹായിക്കുന്നു.

ഞായറാഴ്ച ആചരണത്തിന് ഒരുങ്ങണം. ആഴ്ചയിലെ അധ്വാനങ്ങളിൽനിന്ന് വിശ്രമിക്കുന്നതിനും, ഭവനത്തിലെ കാര്യങ്ങൾ ക്രമീകരിക്കുന്നതിനും, വേദപാഠങ്ങൾ പുതുക്കുന്നതിനും, ഞായറാഴ്ചയുടെ വേദവായനകൾ പരിചയപ്പെടുത്തുന്നതിനും ശനിയാഴ്ചയിൽ സമയം കണ്ടെത്തണം. ദേവാലയത്തിൽ പോകാൻ യോഗ്യമായ വസ്ത്രങ്ങൾ ഒരുക്കിവയ്ക്കണം. ആത്മശോധന ചെയ്ത് കുമ്പസാരത്തിനു തയ്യാറെടുക്കണം. യഥാസമയത്ത് ദേവാലയത്തിലേക്ക്

പോകാൻ ഉതകുന്ന രീതിയിൽ വീട്ടുജോലികളും വ്യക്തിപരമായ ഉത്തരവാദിത്വങ്ങളും തീർത്തു വയ്ക്കണം.

സമാധാനത്തിലും സന്തോഷത്തിലും ഒരുങ്ങി ദേവാലയത്തിൽ പോകണം. യാമപ്രാർത്ഥനകളിൽ പങ്കെടുത്തുമാത്രമേ വിശുദ്ധ കുർബാന സ്വീകരിക്കാവൂ എന്നൊരു നിഷ്ഠ മലങ്കര സഭയിലുണ്ട്. വിശുദ്ധ കുർബാന സ്വീകരിക്കുന്നതുപോലെ പ്രധാനമാണ് ദൈവവചനം സ്വീകരിക്കുന്നതും. ശ്രദ്ധയോടെ വായനകളും അതിൻെ വിശദീകരണങ്ങളും കേൾക്കണം. ഉണർവോടെ ആരാധനയിൽ പങ്കുചേരണം.

ആരാധനയോട് ചേർന്നോ അതിനൊരുക്കമായോ എല്ലാ ക്രൈസ്തവവിശ്വാസികൾക്കും ദേവാലയത്തിൽ എന്തെങ്കിലും സവിശേഷ ഉത്തരവാദിത്തമുണ്ടാകും. ദേവാലയം ഒരുക്കുന്നവർ, ശുശ്രൂഷിക്കുന്നവർ, പ്രാർത്ഥനയും ഗാനവും നയിക്കുന്നവർ, മതബോധനം നൽകുന്നവരും സ്വീകരിക്കുന്നവരും, പള്ളിയുടെ ഭരണത്തിൽ വൈദികനെ പലവിധത്തിൽ സഹായിക്കുന്നവർ, ഉപവി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവർ എന്നിങ്ങനെ മിക്കവർക്കും സവിശേഷ പങ്കുവഹിക്കാനുണ്ട് പ്രത്യേകിച്ച്, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കൂട്ടായ്മകളിൽ. ഈ ഉത്തരവാദിത്വങ്ങൾ കൃത്യമായും ഔദാര്യബുദ്ധിയോടെയും നിർവഹിക്കണം. ദേവാലയവുമായി ബന്ധപ്പെട്ട ശുശ്രൂഷാവേദികളിൽ - എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എ., മാതൃവേദി, പിതൃവേദി മുതലായവയിൽ - തങ്ങൾക്കുചിതമായവയിൽ പങ്കെടുക്കണം.

ഇവയ്ക്കുപരിയായി, ഒരേ അപ്പത്തിൽ നിന്ന് ഭക്ഷിക്കുകയും ഒരേ കാസായിൽ നിന്ന് കുടിക്കുകയും ചെയ്യുന്ന ഭവനാംഗങ്ങളെന്ന നിലയിൽ സഹോദരങ്ങളുമായുള്ള ബന്ധം പുതുക്കുകയും ക്രൈസ്തവോചിതമായ ആശയങ്ങൾ പങ്കുവയ്ക്കുകയും നിയോഗങ്ങൾ പങ്കുവച്ച് പ്രാർത്ഥിക്കുകയും ഉപവിയുടെ പ്രകാശനങ്ങളിൽ ഒരുമിച്ചു പങ്കെടുക്കുകയും വേണം. സഹനത്തിലോ വേദനയിലോ കഴിയുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കണം.

ഞായറാഴ്ചയോ അല്ലാതെയോ നടത്തുന്ന കുടുംബകൂട്ടായ്മകളും ഞായറാഴ്ച ആചരണത്തിന്റെ ഭാഗങ്ങൾ തന്നെയാണ്. സഹോദരങ്ങൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുന്നത് സ്നേഹത്തിന്റെ ഉന്നതമായ ഒരു പ്രകാശനമാണ്. ദൈവനാമത്തിൽ ഭവനങ്ങളിലേക്ക് കടന്നു ചെല്ലുന്നതിനും അവരുടെ ഹൃദയഭാരങ്ങളേറ്റുവാങ്ങി പ്രാർത്ഥനയിൽ പങ്കുചേരുന്നതിനും ലഭിക്കുന്ന ഏതവസരവും മാമോദിസായിലൂടെ ലഭിക്കുന്ന രാജകീയ പൗരോഹിത്യത്തിന്റെ സവിശേഷമായ നിർവഹണമാണ്. ദൈവശുശ്രൂഷ ദേവാലയ പരിസരങ്ങളിൽ മാത്രമല്ല നടക്കുക. നാടിന് നന്മചെയ്യുകയും ക്രിസ്തീയമായ മൂല്യങ്ങൾക്ക് സാക്ഷ്യം നൽകുകയും ചെയ്യുന്ന ഏത് പ്രവർത്തിയും കർത്താവിന്റെ ദിനത്തിന് യോഗ്യമാണ്. സാബത്തിൽ നന്മചെയ്യണം എന്ന് പഠിപ്പിച്ച കർത്താവിന്റെ പാത പിന്തുടർന്ന്, മനുഷ്യനന്മയുടെ നല്ല സാക്ഷ്യങ്ങൾക്കായി ആരാധനാ കൂട്ടായ്മ കഴിഞ്ഞുള്ള സമയം പരമാവധി മാറ്റിവയ്ക്കണം.

ഈ ദിവസത്തെ പൂർണ്ണമായ ശ്രദ്ധയോടെ വിശുദ്ധീകരിക്കുന്നത് ക്രൈസ്തവജീവിതത്തെ അടിക്കടി നവീകരിക്കുന്നതിനുള്ള ഏറ്റവും സ്വാഭാവികമായ മാർഗമാണ്. സജീവമായി ഞായറാഴ്ച ആചരിക്കാൻ ഒരുമിച്ചുനിൽക്കുന്ന കുടുംബങ്ങൾ കൃപയിൽ ബലപ്പെടുകയും സ്നേഹത്തിൽ വളരുകയും ചെയ്യും.

**65. സ്വകാര്യ ലോകങ്ങൾ:** സഭയുടെ പൊതുജീവിതവുമായി ഇപ്രകാരം യഥാർത്ഥത്തിൽ പങ്കുചേരുമ്പോഴും ഓരോ കുടുംബത്തിനും അതിന്റേതുമാത്രമായ ആത്മീയ ഭാവങ്ങളും പാതകളു

മുണ്ടാവും. കാരണം ഓരോ കുടുംബത്തിലെയും അനുഭവങ്ങൾ വ്യത്യസ്തമാണ്; ഓരോ കുടുംബവും മുന്നിൽ കാണുന്ന പ്രശ്നങ്ങളും ഏറ്റെടുക്കുന്ന പ്രതിബദ്ധതകളും വ്യത്യസ്തമാണ്. ഓരോ കുടുംബത്തിന്റെയും ജീവിതത്തിനു യോഗ്യമായ ആത്മീയ മാർഗങ്ങൾ സവിശേഷമായി സ്വീകരിക്കേണ്ടതാണ്. കുട്ടികൾ വളരുന്ന പ്രായത്തിൽ വീട്ടിലുള്ള ശീലങ്ങളാവരുത് അവർ മുതിർന്ന് പുതിയ ഉത്തരവാദിത്വങ്ങളിലേക്ക് നീങ്ങുമ്പോൾ ഉണ്ടാകേണ്ടത്. രോഗഗ്രസ്ഥയായ ഒരു വ്യക്തി വീട്ടിലുള്ളപ്പോൾ ഉള്ള ആത്മീയ ഒരുക്കമല്ല, അങ്ങനെ ഒരു പ്രശ്നമില്ലാത്ത ഭവനത്തിൽ ഉണ്ടാകേണ്ടത്. കുടുംബപ്രാർത്ഥനയുടെ സമയക്രമം ഉചിതമായി കണ്ടെത്തണം; പ്രത്യേക ജോലികൾ ചെയ്യുന്നവർ ദേവാലയത്തിൽ പങ്കാളിത്വത്തിന് ഉചിതമായ സമയം കണ്ടെത്തണം; ഓരോ പ്രശ്നങ്ങൾക്കും നിയോഗങ്ങൾക്കും യോജിച്ച പ്രത്യേക മധ്യസ്ഥരെ സ്വീകരിക്കണം; സവിശേഷ സാഹചര്യങ്ങൾക്കിണങ്ങിയ ത്യാഗപ്രവർത്തികളും പുണ്യകർമ്മങ്ങളും സ്വീകരിക്കണം; ഓരോ കുടുംബത്തിനും ഇണങ്ങുന്ന ആത്മീയനവീകരണ പദ്ധതികൾ കണ്ടെത്തണം. ഇപ്രകാരം സ്വാംശീകരണങ്ങൾ നടന്നില്ലെങ്കിൽ വിശ്വാസത്തിന്റെ അനുഷ്ഠാനങ്ങൾ ചിലപ്പോൾ അപ്രായോഗികമായതുകൊണ്ട് ഉപേക്ഷിക്കപ്പെടും; അല്ലെങ്കിൽ യോജിക്കാത്തവയായതുകൊണ്ട് ഉപരിപ്ലവമാകും.

**66. സുവിശേഷത്തിന്റെ പ്രതിബദ്ധതകൾ:** കുടുംബങ്ങൾ വഴി വിശ്വാസം കൈമാറ്റം ചെയ്യപ്പെടുന്നതും ബലപ്പെടുന്നതും കുടുംബത്തിനുള്ളിൽ മാത്രമല്ല; ഗാർഹിക സഭ എന്ന നിലയിൽ ഓരോ ക്രൈസ്തവകുടുംബവും വിശാലസമൂഹവുമായി പുലർത്തുന്ന ഉറ്റ ബന്ധം വഴികൂടിയാണ്. കുടുംബങ്ങൾ ഏതുവിധത്തിൽ ദൈവജനത്തിന്റെ ത്രിവിധ ധർമ്മങ്ങൾ നിർവഹിക്കുന്നു എന്ന് നാം ചുരുക്കമായി മുൻപ് സൂചിപ്പിക്കുകയുണ്ടായി. സുവിശേഷത്തിന്റെ വെളിച്ചം ലോകത്തിലേക്ക് പ്രകാശിക്കുന്ന പ്രാഥമിക ഇടങ്ങൾ എന്ന നിലയിൽ കുടുംബങ്ങൾക്കുണ്ടാകേണ്ട ചില പ്രതിബദ്ധതകളെക്കുറിച്ചുകൂടി ചിന്തിക്കാനുണ്ട്.

**1) ദൈവം പ്രകാശിക്കുന്ന ഇടം:** "മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തട്ടെ" (മത്താ. 5, 16) എന്ന് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ക്രൈസ്തവ ജീവിതം ലോകത്തിനുമുന്നിൽ പ്രകാശിക്കുന്ന ഇടമാണ് കുടുംബം. തീർച്ചയായും ക്രൈസ്തവസാക്ഷ്യത്തിന്റെ മറ്റ് വേദികൾ ധാരാളമുണ്ട്; എങ്കിലും അനുദിന ജീവിതത്തിന്റെ വഴിയിൽ വിശാലസമൂഹം നിരന്തരം ക്രൈസ്തവജീവിതത്തിന്റെ അനുഗ്രഹവും ശക്തിയും അനുഭവിച്ചറിയുന്നത് തങ്ങളുടെ ക്രൈസ്തവരായ അയൽക്കാരിലൂടെയാണ്. സ്നേഹത്തിന്റെയും ത്യാഗപൂർവമായ സേവനത്തിന്റെയും മാതൃക വഴി ശിഷ്യത്വം വെളിപ്പെടുത്തുവാനാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. പരസ്പര സ്നേഹത്തിലും ഉപവിയിലും അടിയുറച്ച ജീവിതം രൂപപ്പെടുത്തുമ്പോൾ ഒരു കുടുംബം രൂപപ്പെടുത്തുമ്പോൾ, അവരുടെ അയൽക്കാർ ആ കുടുംബത്തിൽ ദൈവത്തിന്റെ പ്രകാശവും മഹത്വവും ദർശിക്കുന്നു. പ്രാർത്ഥനയും ഉപദേശവും അന്വേഷിച്ചെത്തുന്നു; തങ്ങളുടെ ഭാരങ്ങളിറക്കി ഇടക്കെങ്കിലും വിശ്രമിക്കുന്നു. സുവിശേഷത്തിന്റെ വെളിച്ചം ലോകത്തിലേക്ക് പ്രസരിക്കുന്ന ദീപങ്ങളാണ് സ്നേഹത്തിൽ ജീവിക്കുന്ന കുടുംബങ്ങൾ.

**2) സഭയെ ലോകവുമായി ബന്ധിപ്പിക്കുന്ന ഇടം:** ദൈവികമായ കൃപ മാത്രമല്ല മാനുഷികമായ ഒരു സാമുദായിക ക്രമീകരണംകൂടി ദൈവജനത്തിനുണ്ട്. ഈ ക്രമീകരണത്തിന്റെ ശക്തിയും ദൗർബല്യങ്ങളും പുറത്തെ സമൂഹം അനുഭവിച്ചറിയുന്നതും പ്രാഥമികമായി തങ്ങളുടെ അയല്പക്കത്തെ ക്രൈസ്തവർ വഴിയാണ്.

ഇക്കാരണത്താൽ ക്രൈസ്തവർ സഭ പൊതുവായി എടുക്കുന്ന നിലപാടുകൾ ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത് അത്യന്താപേക്ഷിതമാണ്. മതസ്വാതന്ത്ര്യം, മതാന്തര സംവാദങ്ങൾ, ലോകസമാധാനം, ജീവന്റെ സംസ്കാരം, പ്രകൃതിയുടെ പരിപാലനം, നവമാധ്യമങ്ങളുടെ ഉത്തരവാദിത്ത പൂർണ്ണമായ ഉപയോഗം എന്നിങ്ങനെ അനവധി വിഷയങ്ങളിൽ ലോകസംസ്കാരത്തിന് മാർഗദർശകമാണ് തിരുസഭയുടെ നിലപാടുകൾ. ഈ നിലപാടുകൾ മനസ്സിലാക്കി തങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ പ്രകാശിപ്പിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും ധർമ്മമാണ്. മിക്കപ്പോഴും കുടുംബങ്ങളുടെയും തൊഴിലിടങ്ങളുടെയും പശ്ചാത്തലത്തിലാണ് ഇപ്രകാരമുള്ള പ്രകാശനം നടക്കുന്നത്.

സഭാജീവിതത്തെപ്പറ്റിയും സഭയുടെ ഘടനാപരമായ ക്രമീകരണങ്ങളെപ്പറ്റിയും സവിശേഷ വിശ്വാസങ്ങളെപ്പറ്റിയും തെറ്റായ ആശയങ്ങൾ ധാരാളം പ്രചരിപ്പിക്കപ്പെടുന്നുണ്ട്. നവമാധ്യമ കാലം ഇത്തരം പ്രചാരണങ്ങളുടെ വ്യാപ്തിയും തീവ്രതയും വർദ്ധിപ്പിക്കുന്നുമുണ്ട്. ഇവിടെയും സഭാമക്കളാണ് വിശാലസമൂഹത്തിൽ സഭയുടെ വക്താക്കൾ ആകേണ്ടത്. സഭയെ ഉള്ളിൽ നിന്ന് കാണുന്നതിന്റെ പ്രത്യാശയും സന്തോഷവും മറ്റുള്ളവരിലേക്ക് പകരാൻ ക്രൈസ്തവ കുടുംബങ്ങൾക്ക് സാധിക്കണം.

പ്രാദേശിക സഭാ സമൂഹങ്ങളെ, ഇടവകകളെ ചുറ്റുമുള്ള ലോകവുമായി ബന്ധിപ്പിക്കുന്നതും കുടുംബങ്ങളാണ്. ഇടവകയിലെ ആഘോഷങ്ങളെ അയൽക്കാരോടൊരുമിച്ച് ക്രിയാത്മകമായി പങ്കുവയ്ക്കുന്നതും, ഇടവകയിൽ നടക്കുന്ന നന്മപ്രവർത്തികളുടെ ഫലങ്ങൾ അയൽക്കൂട്ടങ്ങളിൽ എത്തിക്കുന്നതും എന്നിങ്ങനെ തുടങ്ങി, ഇടവക കേന്ദ്രീകരിച്ചു നടക്കുന്ന ആത്മീയ ശുശ്രൂഷയെ വിശാലസമൂഹത്തിന്റെ നന്മക്കായി ചാലുകീറിയൊഴുക്കുന്നതുംവരെ നമ്മുടെ കുടുംബങ്ങളെ ആശ്രയിച്ചുമാത്രം നടക്കുന്ന പ്രവർത്തനങ്ങളാണ്.

**3) സംവാദത്തിന്റെയും സ്വീകരണത്തിന്റെയും ഇടം:** സ്വാഭാവികമായ ബഹുസ്വരതയുള്ള ഒരു രാഷ്ട്രത്തിലാണ് നാം ജീവിക്കുന്നത്. ശബ്ദം നഷ്ടപ്പെട്ടിരുന്നവർ കൂടി തങ്ങളുടെ സാമൂഹ്യാസ്തിത്വം വീണ്ടെടുത്തുകൊണ്ടിരിക്കുന്ന ഈ കാലം കൂടുതൽ ബഹുസ്വരമായിക്കൊണ്ടിരിക്കുന്നു. പല മതങ്ങൾക്കിടയിൽ, ജാതിപരമായ ഭിന്നതകൾക്കിടയിൽ, രാഷ്ട്രീയ ചായ്‌വുകൾക്കിടയിൽ സമചിത്തതയോടെ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിനും മറ്റുള്ളവരെ സഭാ കൂട്ടായ്മയുടെ പൊതുവേദികളിലേക്ക് അടുപ്പിക്കുന്നതിനും സഭക്കുള്ള ജനലുകളും വാതിലുകളും ആണ് കുടുംബങ്ങൾ. ലോകത്തിന്റെ മൂല്യങ്ങളോട് സഭ സംവാദത്തിൽ ഏർപ്പെടുന്നത്, സുവിശേഷത്തിന്റെ മാർഗനിർദേശങ്ങൾക്കനുസരിച്ച് ലോകസംസ്കാരത്തെ തിരുത്തുന്നത്, ദൈവജനത്തിന്റെ ജീവിതപരിസരങ്ങളിൽ നിന്ന് സ്വാഭാവിക നന്മകൾ സ്വീകരിച്ച് സഭ സ്വയം ബലപ്പെടുത്തുന്നത് ഒക്കെ പ്രാഥമികമായ ഒരർത്ഥത്തിൽ കുടുംബങ്ങളുടെ പരിസരങ്ങളിലാണ്.

ദൈവാത്മാവിന്റെ പ്രചോദനത്തിലും ലോകവുമായുള്ള നിരന്തര ബന്ധത്തിലും ദൈവജനത്തിന്റെ ഉൾക്കാഴ്ച (*സെൻസൂസ് ഫിദേലിയും*) രൂപംകൊള്ളുന്നു. ഈ രൂപീകരണത്തിന്റെ പ്രാഥമിക ഇടവും ക്രൈസ്തവ കുടുംബങ്ങളാണ്. വചനത്തോടുള്ള ബന്ധത്തിലും പരിശുദ്ധാത്മാവിനോടുള്ള തുറവിയിലും ക്രൈസ്തവ ലോകദർശനത്തിന്റെ ആദിരൂപങ്ങൾ ഉണ്ടാകുന്നത് കുടുംബങ്ങൾക്കുള്ളിലെ സ്നേഹസംവാദത്തിലും വിശ്വാസവിനിമയത്തിലുമാണ്. ചുരുക്കത്തിൽ

സഭ ലോകത്തോട് സംസാരിക്കുന്നതും ലോകത്തെ കേൾക്കുന്നതും വലിയ ഒരളവുവരെ ക്രൈസ്തവ കുടുംബങ്ങളിലൂടെയാണ്.

**4) സാമൂഹ്യനീതിയുടെ പ്രാഥമിക ഇടം:** സമകാലീന ലോകത്തിലെ പൊള്ളുന്ന വിഷയങ്ങളാണ് സാമൂഹ്യനീതിയുമായി ബന്ധപ്പെട്ടവ. ഇക്കാര്യങ്ങളിലും ദൈവജനം താൻ അറിയുന്ന ദൈവഹിതം പ്രകാശിപ്പിക്കുന്ന ആദ്യ ഇടം ക്രൈസ്തവ കുടുംബങ്ങളാണ്. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയുംകുറിച്ച്, അടിമത്തം, ബാലവേല മുതലായ സാമൂഹ്യ അനീതികളെക്കുറിച്ച്, രോഗികൾക്കും വയോധികർക്കും ജീവിക്കാനുള്ള അവകാശത്തെക്കുറിച്ച്, മതസ്വാതന്ത്ര്യത്തെക്കുറിച്ച്, പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും പ്രാഥമിക പരിഹാരങ്ങളെക്കുറിച്ച്, പ്രകൃതി ചൂഷണത്തിനെതിരെ സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ച് – തുടങ്ങിയ വിഷയങ്ങളിലെല്ലാം സഭ സംസാരിക്കുന്നത് കുടുംബം എന്ന അടിസ്ഥാന ഘടനയെ മുൻനിർത്തിയാണെന്ന് കാണാം. മാത്രമല്ല ഈ നിലപാടുകളുടെ ഏറ്റവും ആഴത്തിലുള്ള പ്രകാശനം നടക്കുന്നതും കുടുംബങ്ങളുടെ പശ്ചാത്തലത്തിലാണ്.

ദുർബലരോട് പക്ഷം ചേരുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സഭ നടത്തുന്ന എല്ലാ ശ്രമങ്ങളിലും പ്രാഥമികമായ കർതൃത്വം മിക്കപ്പോഴും കുടുംബങ്ങളാണ് നിർവഹിക്കുക. ഉദാഹരണത്തിന്, സമകാലീന സഭ പ്രത്യേകം ശ്രദ്ധിച്ച വിഷയമാണ് ഭിന്നലൈംഗികാഭിരുചിയുള്ളവരെയും ദേശാന്തരവാസം ചെയ്യുന്നവരെയും മുഖ്യധാരാസമൂഹങ്ങൾ സ്വീകരിക്കുന്നതിൽ ക്രൈസ്തവോചിതമായ മാനസാന്തരം ആവശ്യമുണ്ട് എന്നത്. പ്രാഥമികമായ സ്വീകരണവും അനുധാവനവും നടക്കുന്നത് ക്രൈസ്തവ കുടുംബങ്ങളുടെ പശ്ചാത്തലത്തിലാണ്.

**5) സഭയും രാഷ്ട്രവുമായുള്ള അടിസ്ഥാന കണ്ണി:** രാഷ്ട്രരൂപീകരണത്തിൽ സഭ ഇടപെടുന്നത് പ്രധാനമായും ക്രൈസ്തവകുടുംബങ്ങൾ വഴിയാണ്. സമൂഹമനഃസാക്ഷിയുടെ രൂപീകരണത്തിൽ, വിഷയങ്ങളിലെ ആഭിമുഖ്യങ്ങൾ ഏകീകരിക്കുന്നതിൽ, സാമൂഹ്യമാറ്റത്തിനുള്ള വിഭവങ്ങളും സങ്കല്പങ്ങളും വിതരണം ചെയ്യുന്നതിൽ എല്ലാം സഭയുടെ കൈയ്യും നാവും കുടുംബങ്ങളാണ്.

അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങളിൽ, മനുഷ്യാന്തസ്സിനു വിരുദ്ധമായി രാഷ്ട്രം നീങ്ങുമ്പോൾ സഭ കുടുംബങ്ങളുടെ മനഃസാക്ഷി രൂപീകരണം വഴിയാണ് പ്രധാനമായും പ്രതികരിക്കുന്നത്. അധാർമ്മികമായ സംവിധാനങ്ങളെ ന്യായീകരിച്ചും പ്രചരിപ്പിച്ചും രാഷ്ട്രീയ നിലപാടുകൾ വരുമ്പോൾ സഭ ഉത്തരം പറയുന്നത് ക്രൈസ്തവ കുടുംബങ്ങൾ സ്വീകരിക്കുന്ന ധീരമായ നിലപാടുകളിലൂടെയാണ്. ജനന നിയന്ത്രണം, ആരാധനാസ്വാതന്ത്ര്യം മുതലായ വിഷയങ്ങളിൽ കുടുംബങ്ങൾ സഭയ്ക്കൊപ്പം ധീരമായി നിൽക്കുന്നത് നമ്മുടെ കാലത്തെ അനുഭവമാണ്.

മേല്പറഞ്ഞ സവിശേഷ വഴികളിലൂടെയാണ് പ്രധാനമായും സഭ ഇന്ന് സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നത്. ദൈവരാജ്യ മൂല്യങ്ങൾ സമൂഹത്തിൽ വേരൂന്നുന്നതിനും വളരുന്നതിനും പ്രാഥമിക വഴികൾ ഒരുക്കുന്നത് ഗാർഹിക ദൈവാലയങ്ങളാണ്.

ദൈവരാധനയുടെ തെളിച്ചത്തിൽ, ദൈവസ്നേഹത്തിന്റെ വെളിച്ചത്തിൽ, നിലപാടുകളുടെ വ്യക്തതയിൽ, സമത്വത്തിനും നീതിക്കും വേണ്ടിയുള്ള സമർപ്പണത്തിൽ, സംവാദപര

മായ ജീവിതത്തിൽ ക്രൈസ്തവ കുടുംബങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി മാറുന്നു. ഇതാണ് സുവിശേഷ ദൗത്യത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ പൂർത്തീകരണം. എന്നാൽ സുവിശേഷ ദൗത്യത്തിന്റെ വ്യവസ്ഥാപിത രൂപങ്ങളുണ്ട്. സഭാനേതൃത്വം മുൻകൈയ്യെടുത്ത് നടത്തുന്ന ഈ ശ്രമങ്ങളിലും കുടുംബങ്ങൾ അവരുടേതായ പങ്കുവഹിക്കുന്നു. ഇത് പ്രധാനമായും സുവിശേഷ പ്രഘോഷകരോട് ചേർന്നുള്ള അധ്വാനത്തിലും, സുവിശേഷ പ്രഘോഷണത്തിനായുള്ള വിഭവസമാഹരണത്തിലും, സുവിശേഷവേലക്കായി ഇളംതലമുറയെ സമർപ്പിക്കുന്നതിലുമാണ് പ്രാവർത്തികമാകുന്നത്. ഈ മൂന്ന് മേഖലകളിലും മാതൃകാപരമായ ആത്മസമർപ്പണം നടത്തുന്ന കുടുംബങ്ങളുടെ ബാഹുല്യമാണ് സുവിശേഷക എന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഭാവിയെ പ്രത്യാശാഭരിതമാക്കുന്നത്.

**67. ദൈവത്തെ ശ്രവിക്കുന്ന ഇടങ്ങൾ:** മുൻപ് സൂചിപ്പിച്ചതുപോലെ, വിളിയുടെ ഗർഭഗേഹങ്ങൾ കൂടിയാണ് കുടുംബങ്ങൾ. യുവതീയുവാക്കൾ അവരുടെ അന്തരംഗത്തിൽ ദൈവസ്വരം ശ്രവിക്കുന്നതിന് കൂടുതൽ ഇടയുള്ളത് ഭവനത്തിൽ വിശ്വാസാനുഭവത്തിലാണ്. മാതാപിതാക്കളും മുതിർന്നവരും അവരെ പ്രോൽസാഹിപ്പിക്കയും ദൈവസ്വരത്തിനു ചെവികൊടുക്കുന്നതിനും, ഔദാര്യപൂർവ്വം പ്രത്യുത്തരിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കണം. മാതാപിതാക്കളുടെ ആത്മസമർപ്പണംകൂടി ഉൾക്കൊണ്ട് ഒരു ദൈവവിളി രൂപപ്പെടുമ്പോൾ അതിനു കൂടുതൽ ഓജസ്സും ശക്തിയുമുണ്ടാകും.

## പ്രവർത്തി പഥത്തിലേക്ക്

**68.** വിശ്വാസത്തിൽ ദൈവകൃപ സ്വീകരിക്കുന്ന, സ്നേഹത്തിലും ജീവനിലേക്ക് തുറക്കുന്ന പ്രത്യാശയിലും അതിനെ വളർത്തുന്ന, സഹജർക്കും സന്തതികൾക്കുമായി അതിനെ പങ്കുവയ്ക്കുന്ന, ഇടമായി ക്രിസ്തീയകുടുംബങ്ങളെ മനസ്സിലാക്കുകയായിരുന്നു നാം. ഉപക്രമത്തിൽ നാം സൂചിപ്പിച്ചതുപോലെ ദൈവവചനത്തിലും സഭാപ്രബോധനങ്ങളിലും ഭാരതസംസ്കാരത്തിന്റെ നന്മകളിലുംനിന്ന് നാം അതിനുള്ള വെളിച്ചം സ്വീകരിച്ചു.

മതബോധന വേദികളിലും പ്രബോധനങ്ങളിലും വായനകളിലും ഒക്കെ പലയിടങ്ങളിലും സമയത്തുമായി നാം സ്വീകരിച്ചിട്ടുള്ള ആശയങ്ങൾ തന്നെയാണിവ. ദൈവജനമെന്ന നിലയിൽ, പ്രാദേശിക സഭയെന്ന നിലയിൽ നാം ഒരുമിച്ചുവരുന്ന ഈ അവസരം കൃപാനുഭവത്തിന്റെ പ്രാഥമികമായ ഇടമായി നമ്മുടെ കുടുംബങ്ങളെ തിരിച്ചറിയുന്നതിന് ഈ ആശയങ്ങളെ സമാഹരിക്കുകയാണ് നാം ചെയ്തിട്ടുള്ളത്.

ഈ തിരിച്ചറിവ് സഭാ അസംബ്ലിയുടെ വിവിധ നടപടികളിലൂടെ നമ്മുടെ വിശ്വാസ സമൂഹത്തിന്റെ ഒരുമിച്ചുള്ള പ്രാർത്ഥനയ്ക്കും ധ്യാനത്തിനും വിഷയമാകണം. അതിൽ നിന്ന് കുടുംബങ്ങളെ മുൻനിർത്തിയുള്ള ഒരു അജപാലന സമീപനവും സഭാജീവിതദർശനവും നാം രൂപപ്പെടുത്തേണ്ടതുണ്ട്. ജീവിതത്തിന്റെ എല്ലാ തലങ്ങളെയും ഒരുപോലെ സ്പർശിക്കുന്ന, നവോന്മേഷം നൽകുന്ന, മാറ്റം വരുത്തുന്ന ഒന്നായി ഒരു കർമ്മപദ്ധതി ഇതിൽ നിന്ന് ഉരുവാകേണ്ടതുണ്ട്.

ഈ കർമ്മപദ്ധതിക്കുള്ള അടിസ്ഥാന രൂപരേഖ ഈ പുസ്തകത്തിന്റെ തുടർന്നുള്ള ഭാഗത്ത് നിർദ്ദേശിക്കപ്പെടുന്നു.

# രണ്ടാം ഭാഗം

# സമീപന രേഖ

# പ്രായോഗിക സമീപനങ്ങൾ

കുടുംബത്തെ സംബന്ധിച്ച ക്രിസ്തീയ ദർശനം ജീവിതത്തിന്റെ നിരന്തരമായ നവീകരണത്തിലേക്ക് നമ്മെ നയിക്കുന്ന ഒന്നായിത്തീരുവാൻ സഭ ആഗ്രഹിക്കുന്നു. സഭാമക്കൾ ഒരുമിച്ച് ഈ ദർശനത്തെപ്പറ്റി സംവാദത്തിലും പ്രാർത്ഥനയിലും ഏർപ്പെടുമ്പോൾ ഇതിനെ അനുദിനജീവിത പഥങ്ങളിൽ പ്രായോഗികമാക്കുന്നതിനുള്ള ആശയങ്ങൾ തീർച്ചയായും ഉരുത്തിരിയും. നമ്മുടെ സഭാ അസംബ്ലിയുടെ വിവിധ തലങ്ങളിൽ ഈ സംവാദങ്ങളും ആശയരൂപീകരണവും നടക്കും. ഇത്തരത്തിലുള്ള സംവാദങ്ങൾക്ക് ഒരു ലളിതമായ ദിശാസൂചിയാണ് ഇവിടെ ചേർക്കുന്നത്.

ഇത് വളരെ പ്രാഥമികമായ ഒരു രൂപരേഖ മാത്രമാണ്. ഇതിലുള്ളതിനെക്കാൾ വളരെയധികം വിഷയങ്ങൾ ചർച്ചചെയ്യാനുണ്ടാവും; പ്രായോഗിക നിർദ്ദേശങ്ങളും വിശദാംശങ്ങളും ഉൾപ്പെടുത്താനുണ്ടാവും. അസംബ്ലിയുടെ വിവിധതലങ്ങളിൽ സഭാമക്കൾ ഒരുമിച്ചുവരുമ്പോൾ അത്തരത്തിലുള്ള വിഷയങ്ങൾ അവയുടെ പൂർണ്ണതയിൽ ചർച്ചചെയ്യും. ഇത് ഒരു നയരേഖയോ തീരുമാനങ്ങളുടെ സഞ്ചയമോ അല്ല. മുൻ അദ്ധ്യായങ്ങളിൽ സൂചിപ്പിച്ച കാര്യങ്ങളുടെ പ്രായോഗികവശങ്ങളിലേക്ക് കടക്കാനുള്ള സൂചനകൾ മാത്രമാണ്. ഇവയെ ആശ്രയിച്ചും അധികരിച്ചും കൂടുതൽ ആശയങ്ങളും നിർദ്ദേശങ്ങളും രൂപം കൊള്ളട്ടെ.

## 1. ഉത്തമ കുടുംബങ്ങളുടെ രൂപീകരണം

തുടക്കം മുതലേ വിശ്വാസത്തിനും സ്നേഹബന്ധങ്ങളുടെ വളർച്ചയ്ക്കും ഉതകുന്ന തരത്തിൽ കുടുംബങ്ങൾ രൂപപ്പെടുത്തണം. ഇതിന് വിവിധ തലങ്ങളിൽ ശ്രദ്ധ ആവശ്യമാണ്.

### *1.1. വിശ്വാസ രൂപീകരണം*

കുടുംബ വ്യവസ്ഥയെ സംബന്ധിച്ച അടിസ്ഥാനപരമായ ബോധ്യങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തുന്നതിന് കുട്ടികളെയും മുതിർന്നവരെയും യോജിച്ച ശ്രദ്ധയോടെ പരിശീലിപ്പിക്കണം.

**കുട്ടികൾ :** കുടുംബജീവിതത്തിന്റെ മൂല്യങ്ങൾ മനസ്സിലാക്കി കുട്ടികൾ വളരാൻ ഇടനൽകണം. ദൈവത്തെ അറിഞ്ഞും സ്നേഹിച്ചും വളരാൻ മാതാപിതാക്കളും സഹോദരങ്ങളും ജീവിത സാഹചര്യങ്ങളും അവിടുന്ന് കനിവോടെ തന്ന ദാനമാണെന്നുള്ള തിരിച്ചറിവ് കുട്ടികൾക്ക് വേണം. മാതാപിതാക്കളെ ബഹുമാനിക്കുന്നതിലും അനുസരിക്കുന്നതിലും, സഹോദരങ്ങളോട് സ്നേഹപൂർവ്വം വർത്തിക്കുന്നതിലും ദൈവത്തിന്റെ ഇഷ്ടം ഉണ്ടെന്ന ബോധ്യം നൽകണം. മുതിർന്നവരെയും രോഗികളെയും ശുശ്രൂഷിക്കുന്നതിനും മറ്റുള്ളവരോട് ബഹുമാനത്തിലും ഔദാര്യത്തിലും പെരുമാറുന്നതിനുമുള്ള പ്രായോഗിക പരിശീലനം കുട്ടികൾക്ക് നൽകണം.

എല്ലാറ്റിലുമുപരി ദൈവത്തെയും അവിടുത്തെ ഇഷ്ടത്തെയും മുൻനിർത്തി ജീവിക്കാൻ കുട്ടികൾ പഠിക്കണമെങ്കിൽ, ദൈവാരാധന നടത്തുന്നതിന്, സഭയുടെ ആരാധനയോട് ചേർന്ന് ജീവിക്കുന്നതിന്, വേദപാഠം പഠിച്ചും സ്വാംശീകരിച്ചും വളരുന്നതിന്, കുട്ടികളെ ഒരുക്കണം. മാതാപിതാക്കളും അജപാലകരും അജപാലന സഹായികളും ഒരുപോലെ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം. കുടുംബപ്രാർത്ഥനകളിലും കൂട്ടായ്മകളിലും കുട്ടികളുടെ സാന്നിദ്ധ്യവും പ്രായത്തിനൊത്ത പങ്കാളിത്തവും ഉറപ്പുവരുത്തണം. ലൗകിക വിദ്യാഭ്യാസത്തിനു കുട്ടികൾക്ക് നൽകുന്ന

സഹായം അതേ പ്രാധാന്യത്തോടെ ഇക്കാര്യത്തിൽ നൽകുന്നതിന് ശ്രദ്ധിക്കണം. ഞായറാഴ്ച ട്യൂഷനും മറ്റ് പാഠ്യ സഹായങ്ങളും ക്രമീകരിച്ച് കുട്ടികളെ മതബോധനത്തിൽ നിന്ന് പിന്തിരിപ്പിക്കാനിടയാകരുത്.

ലൗകിക സമ്പത്ത് ആർജ്ജിക്കുന്നതിലും ഉപയോഗിക്കുന്നതിലും മിതത്വവും ഔദാര്യബുദ്ധിയും കുട്ടികൾ ചെറുപ്രായത്തിൽ തന്നെ പഠിക്കുന്നതും ശരിയായ വിശ്വാസരൂപീകരണത്തിന്റെ ഭാഗമാണ്. കുടുംബം ഒരുമിച്ച് ചെലവഴിക്കുന്ന ഉല്ലാസവേളകളും മനുഷ്യനന്മ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളും കുട്ടികൾ വിശ്വാസത്തിൽ പാകപ്പെടുന്നതിന് പ്രധാനപ്പെട്ട കാര്യമാണ്.

ശരീരം, ലൈംഗികത മുതലായ വിഷയങ്ങളെപ്പറ്റി പടിപടിയായ, പ്രായത്തിനും പക്വതക്കും യോജിച്ച തിരിച്ചറിവുകൾ ബാല്യകാലം മുതൽ കുട്ടികൾക്ക് ലഭിക്കുന്നതിന് ശ്രദ്ധിക്കണം. ഇതിനുതകുന്ന രീതിയിൽ മതബോധന പദ്ധതിയിലും പാഠങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ കുടുംബ ജീവിതത്തിന് ഉത്തമ ദൃഷ്ടാന്തങ്ങളായ വിശുദ്ധരുടെ ജീവിതങ്ങൾ പാഠങ്ങളുടെ ഭാഗമാക്കാൻ ശ്രദ്ധിക്കണം.

**യുവജനം :** കുടുംബത്തെ സംബന്ധിച്ച വിശ്വാസരൂപീകരണം കൂടുതൽ ഗൗരവം ആർജ്ജിക്കുന്നത് കൗമാരത്തിലേക്ക് കടന്ന കുട്ടികളുടെയും യുവജനങ്ങളുടെയും കാര്യത്തിലാണെന്ന് വ്യക്തമാണല്ലോ. കുടുംബത്തിലും ഇടവകകളിലും അവരുടെ സജീവമായ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തുള്ള, പങ്കാളിത്തം ഉറപ്പുവരുത്തണം. വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിൽ, പരാജയങ്ങൾ ഉൾക്കൊണ്ട് വിജയത്തിലേക്ക് ചുവടുവയ്ക്കുന്നതിൽ, കുടുംബത്തിലെ അനുദിന ഭാരങ്ങളിൽ സ്വന്തം പങ്കുവഹിക്കുന്നതിൽ ഒക്കെ അനുദിനബലിയും പ്രാർത്ഥനയുമുണ്ട്. ഇക്കാര്യം മനസ്സിലാക്കിവേണം അവരുടെ വ്യക്തിത്വങ്ങൾ പാകപ്പെടേണ്ടത്. അനുദിന പ്രാർത്ഥനകളും, വേദവായനയും, വിശ്വാസ കൂട്ടായ്മകളിൽ ഉള്ള പങ്കാളിത്തവും, സംഘടനാ പ്രവർത്തനവുമെല്ലാം വിശ്വാസത്തിൽ വളരുന്നതിനും വ്യക്തിത്വങ്ങൾ ശരിയായി വികസിക്കുന്നതിനും യുവജനങ്ങളെ സഹായിക്കുന്നു. ഒരുമിച്ചുചേർന്ന് പൊതുനന്മയ്ക്കോ ഉപവിക്കോ വേണ്ടി അധ്വാനിക്കുന്ന അവസരങ്ങൾ സ്നേഹത്തിന്റെ നാനാവിധമായ അർത്ഥങ്ങൾ തിരിച്ചറിയുന്നതിന് ഉപകരിക്കുന്ന പ്രായോഗിക അവസരങ്ങളാണ്.

സൗഹൃദങ്ങൾ രൂപപ്പെടുന്നതിൽ സവിശേഷമായ ശ്രദ്ധവേണം. സമഭാവനയും തുറവിയും ഉള്ള ബന്ധങ്ങൾ രൂപപ്പെടുത്തണം. അതേസമയം വിശ്വാസത്തെയും സന്മാർഗ്ഗത്തെയും ദോഷകരമായി ബാധിക്കുന്ന സ്വാധീനങ്ങളിൽ നിന്ന് സൗഹൃദങ്ങൾ മുക്തമായിരിക്കാൻ ശ്രദ്ധിക്കണം. സൗഹൃദങ്ങൾ വിശ്വാസത്തെ തള്ളിപ്പറയുന്നതിന് കാരണമാകാതിരിക്കാൻ ഏവരും ശ്രദ്ധിക്കണം; യുവജനങ്ങളും മാതാപിതാക്കളും ഇടവകയും.

കുടുംബജീവിതവും സമർപ്പണ ജീവിതവും ഒരുപോലെ ദൈവത്തിന്റെ വിളിയാണെന്നുള്ള തിരിച്ചറിവ്, ദൈവത്തോടുള്ള സംഭാഷണത്തിൽ തങ്ങളുടെ ദൈവവിളി വിവേചിച്ചറിയാനുള്ള ഒരുക്കം എന്നിവ യുവജനങ്ങൾക്ക് യഥാകാലത്ത് ലഭിക്കണം.

**മുതിർന്നവർ :** കുട്ടികൾക്കും യുവാക്കൾക്കും പരിശീലനം നൽകുന്നതുപോലെ പ്രധാനമാണ് മുതിർന്നവർ അവരുടെ വിശ്വാസപരമായ പാഠങ്ങൾ നവീകരിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സവിശേഷ ശുശ്രൂഷാവേദികൾ അതിനുള്ള ഏറ്റവും ഉചിതമായ ഇടങ്ങളാണ്. കുടുംബനാഥന്മാരും കുടുംബനാഥകളും കുടുംബത്തിലും സമൂഹത്തിലും അവർ

പുലർത്തേണ്ട ക്രൈസ്തവമായ മൂല്യബോധങ്ങളെക്കുറിച്ച് നിരന്തരം ചിന്തിക്കുകയും സമർപ്പണം പുതുക്കുകയും വേണം. വിശ്വാസത്തിന്റെ നവീകരണവും കാലികമായ വ്യാഖ്യാനവും വിശ്വാസ ജീവിതത്തിന്റെ തുടർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

കുടുംബത്തെ സംബന്ധിച്ച സഭാപ്രബോധനങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള സ്ഥിരം വേദികൾ രൂപതാ അടിസ്ഥാനത്തിലും ഇടവകതലത്തിലും ക്രമീകരിക്കണം. കുടുംബജീവിതത്തെ ബലപ്പെടുത്തുന്നതിനുതകുന്ന വിഷയങ്ങൾ അടിക്കടി ധ്യാനമായും ക്ലാസുകളായും ക്രമീകരിക്കുന്നതിനും അജപാലകർ ശ്രദ്ധിക്കേണ്ടതാണ്. വിശ്വാസരൂപീകരണത്തിന്റെ അടിസ്ഥാനം കൂദാശകളിലും ആരാധനാവൽസരത്തിലുമുള്ള പങ്കാളിത്തമാണെന്ന് മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. എല്ലാ പ്രായത്തിലുള്ളവർക്കും ഇക്കാര്യത്തിൽ സവിശേഷമായ പ്രോത്സാഹനം ആവശ്യമാണ്. കുടുംബ സന്ദർശനത്തിന്റെ അവസരങ്ങളിൽ വൈദികർ കുടുംബബന്ധങ്ങളുടെ ഭദ്രതയെ സംബന്ധിച്ച് ഉചിതമായ അന്വേഷണങ്ങൾ നടത്തുന്നതിനും ഓരോ കുടുംബത്തിനും യോജിച്ച ഉപദേശം നൽകുന്നതിനും ശ്രദ്ധിക്കണം.

### *1.2. മാനവീയ വിദ്യാഭ്യാസം*

**വ്യക്തിബഹുമാനം:** മനുഷ്യവ്യക്തിയുടെ മാഹാത്മ്യം മനസ്സിലാക്കി പരസ്പരം ബഹുമാനിക്കാൻ സഹായിക്കുന്ന അടിസ്ഥാന മാനവീയ വിദ്യാഭ്യാസമാണ് മികച്ച സമൂഹത്തിന്റെയും കുടുംബത്തിന്റേയും ഉത്തമമായ അടിത്തറ. മികച്ച പൗരന്മാരാകുന്നതിനും സമൂഹത്തോട് നല്ല രീതിയിൽ ബന്ധപ്പെട്ട് വളരുന്നതിനും വ്യക്തികൾക്ക് പരിശീലനം ലഭിക്കണം. മനുഷ്യരെ (അടുത്തവരെയും അകന്നവരെയും) സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള ഉപകരണങ്ങളായി കാണാതെ വ്യക്തികളെന്ന നിലയിൽ ബഹുമാനിക്കുന്നതിന് ശീലമുണ്ടാകണം.

വിദ്യാഭ്യാസം തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും മുൻനിർത്തി മാത്രമാകുമ്പോൾ മാനവീയ വിദ്യാഭ്യാസം അന്യംനിന്ന് പോകുന്നു. ഇക്കാര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരുന്ന കുറവ് കുടുംബങ്ങളും ഇടവകകളും നികത്തണം. മുൻവിധി വച്ച് പ്രൊഫഷണൽ വിദ്യാഭ്യാസം അടിച്ചേൽപ്പിക്കാതെ സ്വന്തം അഭിരുചിക്കനുസരിച്ച് വിദ്യാഭ്യാസം നേടുന്നതിനും ജീവിതം രൂപപ്പെടുത്തുന്നതിനും കുട്ടികളെ സഹായിക്കണം. അടിച്ചേൽപ്പിക്കപ്പെട്ട കരിയർ ഓറിയന്റേഷൻ അസംതൃപ്തരായ വ്യക്തികളെയും കയ്പ് നിറഞ്ഞ കുടുംബങ്ങളെയും സൃഷ്ടിക്കുന്നു.

**ശരീരത്തോടുള്ള ബഹുമാനം :** ശരീരം ദൈവം വസിക്കുന്ന ഭവനമാണ്. അതിന്റെ മഹത്വം നന്നായി മനസ്സിലാക്കണം. ശരീരത്തെ സംബന്ധിച്ച ശരിയായ അവബോധം വിശ്വാസത്തിന്റെയും കൂടി വെളിച്ചത്തിൽ രൂപപ്പെടുത്തേണ്ടതാണ്. ദൈവത്തിന്റെ വിളി പൂർത്തീകരിക്കുന്നതിനുള്ള പ്രാഥമിക ഇടം ശരീരമാണ്. ശരീരത്തെ ആത്മീയമായി ഒരുക്കാതെ നല്ല കുടുംബജീവിതം നയിക്കുന്നതിനോ സമർപ്പിതജീവിതം നയിക്കുന്നതിനോ കഴിയുകയില്ല.

**ലൈംഗിക സമത്വം:** സ്ത്രീകളെ ബഹുമാനിക്കുന്ന, അവരെ നേതൃത്വത്തിലേക്കും മുഖ്യധാരയിലേക്കും കൊണ്ടുവരുന്ന സമീപനങ്ങളുണ്ടാകണം. സഭയിലും സമൂഹത്തിലും ചെറുപ്പക്കാരായ സ്ത്രീകളും പുരുഷന്മാരും പക്വതയോടെ സ്നേഹത്തിൽ ഇടപഴകുന്നതിനുള്ള വേദികൾ ഉണ്ടാവണം. ലൈംഗികമായ എല്ലാത്തരം വിവേചനങ്ങളും വിവേചനത്തിലധിഷ്ഠിതമായ അശുദ്ധി കല്പനകളും ഇല്ലാതാവണം.

**ലൈംഗിക വിദ്യാഭ്യാസം :** ലൈംഗികതയെക്കുറിച്ചും ലൈംഗികവിനിമയങ്ങളെ സംബന്ധിച്ചും സത്യാധിഷ്ടിതവും പോസിറ്റീവുമായ സമീപനങ്ങൾ കൈമാറണം. ലൈംഗിക വിദ്യാഭ്യാസം എന്നാൽ മറ്റുവാക്കുകളിൽ പറഞ്ഞാൽ മാനുഷിക സ്നേഹത്തിലുള്ള വിദ്യാഭ്യാസമാണ്. തെറ്റായ ലൈംഗിക ചായ്‌വുകളെപ്പറ്റി ശരിയായ അവബോധം ഉണ്ടാകണം. ലൈംഗികതയെ സംബന്ധിച്ച സംശയങ്ങൾ മാതാപിതാക്കൾ കുടുംബത്തിന്റെ സ്വകാര്യതയിൽ കൈകാര്യം ചെയ്യുന്നതാണ് ഏറ്റവും ഉചിതം. ഇതിനുള്ള പരിശീലനം മുതിർന്നവർക്ക് നൽകണം. കുടുംബത്തിലും സൗഹൃദവേദികളിലും നല്ല സംഭാഷണവും തുറവിയുമുണ്ടാകുന്നത് ആരോഗ്യകരമായ ലൈംഗികത രൂപപ്പെടുത്തുന്നതിൽ പ്രധാനമാണ്.

**ആരോഗ്യ പരിപാലനം :** ആധുനിക കാലം ജീവിതശൈലിരോഗങ്ങൾ പടർന്നു പിടിക്കുന്ന കാലമാണ്. ഡയബെറ്റിസ് പോലെയുള്ള രോഗങ്ങൾ വന്ധ്യതക്കും മറ്റു അരക്ഷിതത്വങ്ങൾക്കും വഴിവയ്ക്കുന്നു. ഭക്ഷണക്രമീകരണവും വ്യായാമവും വഴി ശാരീരികാരോഗ്യം മെച്ചപ്പെടുത്താൻ യുവജനങ്ങളെ സഹായിക്കണം. ആരോഗ്യമുള്ള വ്യക്തികൾക്കാണ് ആരോഗ്യമുള്ള കുടുംബം രൂപപ്പെടുത്താൻ സാധിക്കുന്നത്.

### *1.3 വിവാഹ ഒരുക്കം*

**അജപാലന പദ്ധതികൾ :** വിവാഹപ്രായമെത്തിയ യുവതീയുവാക്കളെ ഈ കൂദാശ സ്വീകരണം മുൻനിർത്തി ഒരുക്കുന്നതിനുള്ള അജപാലന പദ്ധതികൾ ഉണ്ടാവണം. ബന്ധങ്ങൾ തെരഞ്ഞെടുക്കുന്നതിൽ പക്വമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുക, ജീവിതപങ്കാളിയെ നന്നായി മനസ്സിലാക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള ഒരുക്കം നൽകുക, ലൈംഗികത, പ്രജനനം മുതലായ വിഷയങ്ങളിലെ ധാർമ്മിക വശങ്ങൾ ഓർമ്മിപ്പിക്കുക, ഭൂതകാല ജീവിതത്തിൽ നിന്ന് ആർജ്ജിക്കാൻ ഇടയുള്ള കുറ്റബോധം, മാനസിക സമ്മർദ്ദങ്ങൾ മുതലായവക്ക് ഉചിതമായ പരിഹാരം നിർദ്ദേശിക്കുക, തൊഴിലും വരുമാനവും ക്രമീകരിക്കാനുള്ള മാർഗനിർദ്ദേശം നൽകുക ഇതൊക്കെ ഈ പ്രത്യേക ഒരുക്കത്തിന്റെ ഉള്ളടക്കമാവാം.

**മുഴുവൻ കുടുംബം :** ഇത് ദമ്പതികളെ മാത്രം ഒരുക്കുന്ന ഒരു പ്രക്രിയ ആകരുത്. അവരുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ഒക്കെ പല ഘട്ടങ്ങളിൽ ഈ പ്രക്രിയയിൽ ഉൾപ്പെടുത്തണം. കുടുംബങ്ങൾ ഒരുമിച്ച് ധ്യാനത്തിൽ പങ്കെടുക്കുന്നത് മാത്രമല്ല, ഇടവകതലത്തിലെ അജപാലനത്തിൽ, ഭാവിദമ്പതികളെ ഒരുമിച്ചും, അവരുടെ മാതാപിതാക്കളോടൊപ്പവും, അജപാലകർ കാണുന്നതും, അവരുടെ അഭിപ്രായങ്ങൾ ശ്രദ്ധിച്ച് ഉചിതമായ കാര്യങ്ങളിൽ മാർഗനിർദ്ദേശം നൽകുന്നതും അഭിലഷണീയമാണ്.

**ഇടവകതലത്തിൽ, ദീർഘകാല തയ്യാറെടുപ്പ്:** രൂപതാ തലത്തിലുള്ള പൊതു ധ്യാന പരിപാടി മാത്രമായി വിവാഹ ഒരുക്കം ചുരുങ്ങരുത്. ഇടവകതലത്തിൽ കൂടുതൽ സാവകാശത്തിലും ശ്രദ്ധയോടുമുള്ള അനുധാവനം ലഭിക്കണം. വിവാഹ പ്രായത്തിലേക്ക് കാലൂന്നുന്ന ചെറുപ്പക്കാരെ ഉൾപ്പെടുത്തി സണ്ടേസ്കൂളിനു സമാന്തരമായി ഒരു വർഷം നീളുന്ന ഒരുക്ക ക്ലാസുകൾ ഇടവക തലത്തിൽ ക്രമപ്പെടുത്താൻ സാധിക്കുമെങ്കിൽ നന്നായിരിക്കും. അത്തരം പദ്ധതികൾ പ്രായോഗികമല്ലെങ്കിൽ കൂടി, അജപാലകർ വിവാഹത്തിനൊരുങ്ങുന്നവരെയും കുടുംബങ്ങളെയും തുടർച്ചയായി കാണുന്നതിനും പ്രസക്തമായ വിഷയങ്ങളിൽ ഉപദേശം നൽകുന്നതിനും ശ്രദ്ധിക്കണം.

**പരസ്പരം അറിഞ്ഞുമാത്രം വിവാഹത്തിലേക്ക്:** തിടുക്കത്തിലുള്ള വിവാഹ ബന്ധങ്ങൾ ഒഴിവാക്കണം. വിവാഹാലോചന തുടങ്ങിയാൽ പ്രതിശ്രുത ദമ്പതികൾക്ക് കുടുംബത്തോടൊപ്പവും അല്ലാതെയും പരസ്പരം കാണുന്നതിനും ആശയവിനിമയം നടത്തുന്നതിനും വേദികളുണ്ടാകുന്നത് നല്ലതാണ്. പരസ്പരം അറിഞ്ഞു നൽകുന്ന സമ്മതത്തിൽ നിന്ന് ഉണ്ടാകുന്ന ബന്ധങ്ങൾക്കേ വിവാഹജീവിതത്തിന്റെ ആരംഭത്തിൽ ഏറ്റം ആവശ്യമായ സുരക്ഷിതത്വബോധം നൽകാൻ സാധിക്കൂ. മാനസിക അനാരോഗ്യവും അഡിക്ഷനും പോലെയുള്ള വിഷയങ്ങൾ മൂടിവച്ച് വിവാഹം നടത്തുന്ന അപകടകരമായ പ്രവണത കുറയുന്നതിന് ഇത് സഹായിക്കുകയും ചെയ്യും.

## *1.4. സ്വതന്ത്രവും പൂർണ്ണവുമായ സമ്മതം*

**ബാഹ്യസമ്മർദ്ദങ്ങൾ ഒഴിവാക്കുക :** സമ്പത്തും സാമൂഹ്യ ഉയർച്ചയും മാത്രം നോക്കി വിവാഹം ക്രമീകരിക്കുന്ന ദുരാചാരം അവസാനിക്കണം. വ്യക്തികൾക്ക് അവരുടെ അഭിരുചികൾ അറിഞ്ഞ് പരസ്പര സമ്മതം നൽകാൻ സാധിക്കണം. ജാതിചിന്തയുടെ സമ്മർദ്ദം ജീവിതപങ്കാളികളെ തെരഞ്ഞെടുക്കുന്നതിൽ ഉണ്ടാവരുത്. സാമ്പത്തിക കാരണങ്ങളാൽ ഉചിതമായ വിവാഹബന്ധം ലഭിക്കാത്തവരെ തൊഴിലും വരുമാനവും കണ്ടെത്തുന്നതിനും ഉചിതമായ ബന്ധങ്ങൾ തെരഞ്ഞെടുക്കുന്നതിനും ഇടവകസമൂഹം സഹായിക്കണം.

**യുവതികളുടെ സ്വാതന്ത്ര്യം :** ആൺകുട്ടികൾക്ക് ഇഷ്ടപ്പെട്ട വധുവിനെ തെരഞ്ഞെടുക്കാൻ ലഭിക്കുന്ന സാധ്യതകൾ പെൺകുട്ടികൾക്കും അവകാശപ്പെട്ടവയാണ്. ആൺകുട്ടികളാണെങ്കിലും പെൺകുട്ടികളാണെങ്കിലും ജീവിത പങ്കാളികളെ തിരഞ്ഞെടുക്കുമ്പോൾ വിശ്വാസജീവിതം കൂടി പരിഗണിക്കണം.

**കാനോനിക പരിശോധന :** അജപാലകർക്ക്, വിവാഹിതരാകുന്ന വ്യക്തികളെ സംബന്ധിച്ച് കാനോനിക പരിശോധന നടത്താനുള്ള ചുമതല വളരെ ഗൗരവമുള്ളതാണ്. മാനസികമായി പക്വതയില്ലാത്തവരെ, സ്വതന്ത്രമായി സമ്മതം അറിയിച്ചിട്ടില്ലാത്തവരെ വിവാഹ ജീവിതത്തിലേക്ക് തള്ളിവിടാൻ കുടുംബങ്ങൾ കാണിക്കുന്ന അപകടകരമായ ഉത്സാഹം തടയാൻ അജപാലകർ ആർജ്ജവം കാണിക്കണം. കുടുംബങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് സാഹചര്യങ്ങൾ മനസ്സിലാക്കി പ്രതിശ്രുത ദമ്പതിമാരെ സഹായിക്കാൻ അജപാലകർക്ക് അവസരം നൽകണം.

**പ്രീ മാരിറ്റൽ കൗൺസിലിംഗ് :** വിവാഹം മുന്നോട്ട് വയ്ക്കുന്ന വ്യക്തിസമർപ്പണത്തിന് ദമ്പതികളെ ഒരുക്കുന്ന കൗൺസിലിംഗ് ആവശ്യമാണെങ്കിൽ ക്രമീകരിക്കണം.

**സംവാദത്തിന്റെ അനിവാര്യത :** വിവാഹബന്ധം രൂപപ്പെടുത്തുമ്പോൾ വ്യക്തി സ്വാതന്ത്ര്യവും കുടുംബബന്ധങ്ങളും തമ്മിൽ വൈരുദ്ധ്യമില്ല എന്നതാണ് സത്യം. സ്നേഹപൂർവമായ തുറന്ന സംഭാഷണങ്ങൾ കുടുംബത്തിൽ ഉണ്ടായാൽ തലമുറകൾ തമ്മിൽ ഇക്കാര്യത്തിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിച്ച് മുന്നേറാൻ സാധിക്കും. ദമ്പതികളുടെ മേൽ അനുചിതമായ സമ്മർദ്ധങ്ങൾ ചെലുത്താതിരിക്കാൻ മുതിർന്ന തലമുറ ശ്രദ്ധിക്കുകയും വേണം.

വിവാഹബന്ധത്തിലേക്ക് പ്രവേശിക്കുന്ന കുടുംബങ്ങൾ തമ്മിലും തുറന്ന സംവാദങ്ങൾ ഉണ്ടാകണം. നമ്മുടെ നാട്ടിലെ പാരമ്പര്യത്തിൽ വിവാഹത്തിനു മുൻപും വിവാഹത്തെ തുടർന്നും നിരവധി ചടങ്ങുകൾ ക്രമീകരിച്ചിരുന്നതിന്റെ പ്രായോഗിക ഉൾകാഴ്ച ഇതാണ്. ബന്ധുക്കൾ ഒരുമിച്ചുവരുന്നതിന്, സംസാരിക്കുന്നതിന്, ജീവിത സാഹചര്യങ്ങൾ പരസ്പരം പരിചയപ്പെടുത്തുന്നതിനൊക്കെ അവസരങ്ങൾ സ്വാഭാവികമായി ലഭിച്ചിരുന്നു.

**സ്നേഹം മാത്രം ആധാരം :** ദമ്പതികൾ തമ്മിലുള്ള പരസ്പര സ്നേഹം മാത്രമാണ് വിവാഹ ബന്ധങ്ങൾക്ക് ആധാരമാകേണ്ടത്. വിവാഹത്തിനൊരുങ്ങുന്ന നാളുകളിൽ പ്രതിശ്രുത വധൂവരന്മാർ തമ്മിൽ യഥാർത്ഥമായ ആശയ സംവാദം നടക്കേണ്ടത് അനിവാര്യമാണ്. ശക്തികളും പരിമിതികളും പരസ്പരം മനസ്സിലാക്കി, തങ്ങളുടെ ജീവിതത്തിന്റെ ഏറ്റവും അടുത്ത തുണയെ നിശ്ചയിച്ച് ദാമ്പത്യത്തിലേക്ക് പ്രവേശിക്കുമ്പോഴാണ് യഥാർത്ഥത്തിൽ പക്വമായ വിവാഹ സമ്മതം നടക്കുന്നത്.

ഇക്കാര്യത്തിൽ പരസ്പരം മനസ്സിലാക്കുന്നതിനും തീരുമാനങ്ങൾ പരുവപ്പെടുത്തുന്നതിനും ദമ്പതികൾക്ക് സഹായങ്ങൾ ലഭ്യമാക്കാൻ കൂടിയാണ് അജപാലകരുടെയും, ആവശ്യമെങ്കിൽ കൗൺസിലർമാരുടെയും സാന്നിദ്ധ്യം പ്രയോജനപ്പെടുത്തേണ്ടത്.

### *1.5. വിവാഹ കൂദാശയുടെ ആഘോഷം*

**മിതത്വം :** പുതിയ സംസ്കാരം വിവാഹാഘോഷ വേളകളെ ഒരുവിധ ന്യായീകരണവുമില്ലാത്ത ധൂർത്തിന്റെ അവസരങ്ങളാക്കിക്കൊണ്ടിരിക്കുകയാണ്. സ്വന്തകുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും, തങ്ങളുടെ ഭാവിജീവിതത്തെ കരുതിയും യാഥാർത്ഥ്യ ബോധത്തോടെയും മിതത്വത്തോടെയും ആഘോഷപരിപാടികൾ തെരഞ്ഞെടുക്കാൻ വധൂവരന്മാരെ ബോധ്യപ്പെടുത്തണം. പലപ്പോഴും ക്രിസ്തീയമായ മാന്യതയ്ക്ക് പോലും നിരക്കാത്ത പരിപാടികൾ ഉൾപ്പെടുത്തി ഇവന്റ് മാനേജ്മെന്റുകാർ നടത്തുന്ന മെഗാഷോ ആയി വിവാഹപരിപാടികൾ അധഃപതിക്കരുത്. അനാവശ്യമായ ആർഭാടം സാമൂഹ്യമായ തിന്മയും ക്രിസ്തീയ ഉപവിക്ക് നിരക്കാത്ത അപരാധവുമാണ്. സമ്മാനങ്ങൾ നൽകുന്ന രീതി വെറും ചടങ്ങ് മാത്രമാകാതെ, കുടുംബത്തിൽ കൂട്ടായ ആലോചനകളുടെ വെളിച്ചത്തിൽ, ദമ്പതികളുടെ ഭാവി ജീവിതത്തിന് ഉതകുന്ന രീതിയിൽ ക്രമപ്പെടുത്താവുന്നതാണ്.

**ഉപവി :** മറ്റുള്ളവരെ ക്ഷണിക്കുന്നതിലും സത്കരിക്കുന്നതിലും സാമൂഹ്യ ഉച്ചനീചത്വങ്ങൾ പരിഗണിക്കാതിരിക്കുക. സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങൾ താഴേക്കിടയിലുള്ള കുടുംബങ്ങളെ വിവിധ ആവശ്യങ്ങളിൽ സഹായിക്കുന്നതിനുള്ള അവസരമായി ആഘോഷവേളകൾ മാറ്റുന്നത് ഉചിതമായിരിക്കും. പ്രത്യേകിച്ച് സാമ്പത്തിക ക്ലേശംകൊണ്ട് വിവാഹത്തിലേക്ക് പ്രവേശിക്കാൻ പ്രയാസമനുഭവിക്കുന്ന യുവതീയുവാക്കളെ സഹായിക്കുന്നത് ഏറെ നന്മനിറഞ്ഞ പ്രവർത്തിയാണ്. സമ്പന്നരുടെ വിവാഹരീതികളെ അന്ധമായി അനുകരിക്കുന്ന പ്രവണതകളെ അജപാലകർ സ്നേഹപൂർവ്വം തിരുത്തേണ്ടതാണ്.

**ആത്മീയതയുടെ അന്തരീക്ഷം :** പള്ളിയിലെ ചടങ്ങിൽ മാത്രമല്ല ആഘോഷങ്ങളുടെ മുഴുവൻ സമയത്തും പ്രാർത്ഥനയ്ക്ക് ഉചിതമായ സ്ഥാനം നൽകുക. ദേവാലയത്തിൽ ചടങ്ങിൽ പ്രാർത്ഥനാ ചൈതന്യത്തിനു വിരുദ്ധമായ ഒന്നും കടന്നു വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗായകസംഘം ഒരുമിച്ചു പ്രാർത്ഥിക്കാൻ വിശ്വാസികളെ സഹായിക്കാൻ മാത്രമുള്ളതാകണം.

ദമ്പതികൾ വിവാഹത്തിനൊരുക്കമായി ധ്യാനത്തിൽ പങ്കെടുക്കുന്നതും പ്രത്യേകം നിഷ്ഠകളോടെ പ്രാർത്ഥിക്കുന്നതും ഉചിതമാണ്. കൂദാശാപരമായ ഒരുക്കത്തിൽ വധൂവരന്മാർ മാത്രമല്ല, മറ്റു കുടുംബാംഗങ്ങളും ശ്രദ്ധിക്കണം. ഉചിതമായ ഒരുക്കത്തോടെ വിശുദ്ധ കുർബാന സ്വീകരിച്ച് വിവാഹ കർമ്മത്തിന് തയ്യാറെടുക്കണം. വിവാഹം അന്യാദൃശ്യവും അനിവാര്യവുമായ കൃപാഭിഷേകത്തിന്റെ അവസരമാണ്. യോഗ്യമായ ഒരുക്കം എന്താണെന്ന് ദമ്പതികളുടെ സാഹചര്യം അനുസരിച്ച് അജപാലകർ ഉപദേശം നൽകണം.

ക്രിസ്തീയമായ മാന്യതയ്ക്കും നമ്മുടെ പൈതൃകത്തിനും യോജിച്ച രീതിയിൽ വിവാഹ വസ്ത്രങ്ങൾ തെരഞ്ഞെടുക്കാൻ ദമ്പതികളെ പ്രോത്സാഹിപ്പിക്കണം.

**ബന്ധുത്വത്തിന്റെ സന്തോഷം :** വിശാലകുടുംബം ഒരുമിച്ചുവരുന്ന ആഘോഷം എന്ന നിലയിൽ കുടുംബങ്ങളുടെ കെട്ടുറപ്പ് വർദ്ധിപ്പിക്കുന്നതിൽ ആഘോഷത്തിനു വലിയ സ്ഥാനമുണ്ട്. അകൽച്ചകൾ ഉള്ള കുടുംബങ്ങൾ പരസ്പരം രമ്യപ്പെടുന്നതിനും, മുതിർന്ന തലമുറയും ഇളം തലമുറയും സ്നേഹം പങ്കുവയ്ക്കുന്നതിനുമെല്ലാം ഈ അവസരം ഏറ്റവും ഉചിതമാണ്. ബാഹ്യമായ ആഘോഷങ്ങളെക്കാൾ ഇത്തരം ആന്തരികമായ ഒരുക്കത്തിനു പ്രാധാന്യം നൽകണം.

**ഓർമ്മകൾ :** ഫോട്ടോ ആൽബം, വീഡിയോ മുതലായവ തീർച്ചയായും ആകാവുന്നതാണ്. ഇക്കാര്യത്തിലും മിതത്വം ശ്രദ്ധിക്കണം. പ്രത്യേകിച്ച് ദേവാലയത്തിലെ ചടങ്ങിനിടയിൽ ആരാധനാ ചൈതന്യത്തിനു യോജിക്കാത്ത വിധത്തിലും അതിഥികളുടെ സജീവ പങ്കാളിത്തം തടസ്സപ്പെടുത്തുന്ന രീതിയിലും സാങ്കേതിക പ്രവർത്തകർ പെരുമാറാതിരിക്കാൻ ഉചിതമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമാക്കണം.

**ഇടവകയിൽ :** വിവാഹാഘോഷങ്ങളെപ്പറ്റി ഇടവകതല രൂപരേഖകൾ ഉണ്ടാകുന്നത് നല്ലതാണ്. ശുശ്രൂഷകരുടെയും ഗായകരുടെയും പങ്കാളിത്തം, വിവാഹ ഒരുക്കത്തിന്റെ മേൽനോട്ടം, ആവശ്യമായ സഹായമെത്തിക്കൽ, സംഘടനകളുടെ പങ്കാളിത്തം, സ്വന്ത ഇടവകയിലും വിദൂര ഇടവകകളിലും നടക്കുന്ന വിവാഹ ആഘോഷങ്ങളിൽ ഇടവക സമൂഹം ഔപചാരികമായി സന്നിഹിതരാകാനുള്ള ധാരണകൾ, ഇങ്ങനെ ഇടവകതലത്തിൽ വിശദമായ ഒരു കോമൺ മിനിമം പ്രോഗ്രാം തയ്യാറാക്കാവുന്നതാണ്. ആവശ്യമായ കുടുംബങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും ഇടവകസമൂഹം ക്രിയാത്മകമായി ശ്രദ്ധിക്കണം.

### *1.6. നവകുടുംബങ്ങളുടെ പരിപാലനം*

**ആത്മീയ അടിത്തറ :** വിവാഹത്തിന്റെ എല്ലാ നന്മകളുടെയും ആധാരം ദൈവമാകയാൽ, ദാമ്പത്യത്തിന്റെ തുടക്കത്തിൽതന്നെ ദമ്പതികൾ അവരുടെ ദൈവാനുഭവത്തെ തങ്ങളുടെ പരസ്പര ബന്ധത്തിന്റെ അടിസ്ഥാനമാക്കാൻ യത്നിക്കേണ്ടതുണ്ട്. ഒരുമിച്ചുള്ള പ്രാർത്ഥനയിൽ, പരിശുദ്ധ കൂദാശകളിലെ പങ്കാളിത്തത്തിൽ, ക്രിസ്തീയമായ നന്മകളിൽ അവർ തങ്ങൾക്കിടയിലെ ദൈവസാന്നിദ്ധ്യത്തെ ഏറ്റുപറയുകയും അതിന്റെ നന്മകളെ പരിപോഷിപ്പിക്കുകയും വേണം. അജപാലകരും ഇടവക സമൂഹവും നവദമ്പതികളെ ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കണം.

**ബന്ധുത്വം എന്ന ബലം :** മുൻപ് സൂചിപ്പിച്ചതുപോലെ രണ്ടുവ്യക്തികൾ മാത്രമല്ല കുടുംബങ്ങൾ കൂടിയാണ് ഒരു വിവാഹത്തിലൂടെ അടുത്തുവരുന്നത്. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകരുന്ന അനുഭവജ്ഞാനവും, ആവശ്യനേരത്ത് കൈത്താങ്ങാകുന്ന കരുതലിന്റെ അടയാളങ്ങളും, പ്രാർത്ഥനയിൽ ഒരുമിച്ചുചേരുന്ന ഹൃദയൈക്യവും ഒക്കെ സ്വാഭാവികമായി ഉണ്ടാകുന്ന ഒന്നാണ് ബന്ധുത്വം എന്ന അനുഭവം. നവദമ്പതികൾ ഈ അനുഗ്രഹം സ്വന്തമാക്കാൻ തങ്ങളുടെ ബന്ധങ്ങളെയും ബന്ധുത്വങ്ങളെയും നവീകരിക്കുകയും ശക്തിപ്പെടുത്തുകയും വേണം. ഭാരതീയ സംസ്കാരത്തിൽ നിന്ന് ക്രിസ്തീയ കുടുംബങ്ങൾ ആർജ്ജിച്ചിട്ടുള്ള വലിയൊരു നന്മയാണിത്.

**സ്വാതന്ത്ര്യവും സ്വകാര്യതയും :** ബന്ധുത്വം ബലമാകുന്നതുപോലെ നവദമ്പതികളുടെ ജീവിതത്തിലേക്കുള്ള അനാവശ്യമായ കടന്നുകയറ്റങ്ങൾ ബാധ്യതയുമാകാം. പിതാവിനെയും മാതാ

വിനെയും വിട്ട് പുരുഷൻ സ്ത്രീയോട് ചേരും എന്ന് അരുളിച്ചെയ്ത കർത്താവ് സൂചിപ്പിക്കുന്നത് നവകുടുംബങ്ങളുടെ അലംഘനീയമായ സ്വാതന്ത്ര്യവും സ്വകാര്യതയും കൂടിയാണ്. മാതാപിതാക്കളും ബന്ധുക്കളും അത് ബഹുമാനിക്കാൻ ശീലിക്കണം. നവകുടുംബങ്ങളെ ശ്രദ്ധിക്കുന്ന അജപാലകർ ഇക്കാര്യത്തിലുണ്ടാകുന്ന പ്രശ്നങ്ങളും അസ്വാരസ്യങ്ങളും മറികടക്കാൻ കുടുംബാംഗങ്ങളെ പ്രത്യേകം സഹായിക്കേണ്ടതാണ്.

ബന്ധുക്കൾ മാത്രമല്ല സുഹൃത്തുക്കളും ഈ പ്രക്രിയയുടെ ഭാഗങ്ങളാണ്. ദാമ്പത്യത്തിൽ നവവും അനന്യവുമായ ഒരു പുതിയ സ്നേഹം രൂപംകൊള്ളുന്നു. നവദമ്പതികൾ അവരുടെ പഴയ ബന്ധങ്ങളെ എല്ലാം ഈ പുതുമയുടെ വെളിച്ചത്തിൽ പുതുതായി നിർവചിക്കേണ്ടിവരുന്നു. തള്ളേണ്ടവ തള്ളാനും, സ്വീകരിക്കേണ്ടവ സ്വീകരിക്കാനും, പുതുക്കേണ്ടവ പുതുക്കാനും അവർക്ക് അവകാശമുണ്ട്.

**പരാജയങ്ങൾക്ക് ഇടം നൽകണം :** വലിയ പ്രതീക്ഷകളോടെയാണ് എല്ലാ ദാമ്പത്യങ്ങളുടെയും ആരംഭം. യാഥാർത്ഥ്യങ്ങൾ പലപ്പോഴും ആ പ്രതീക്ഷകൾക്ക് നിരക്കുന്നതായിരിക്കണമെന്നില്ല. ദാമ്പത്യത്തിന്റെ ആരംഭത്തിൽ ഇത്തരം “നൈരാശ്യങ്ങളെ” സ്നേഹത്തിന്റെ അനന്തമായ സൃഷ്ടിശക്തി കൊണ്ട് പരിഹരിക്കാൻ ദമ്പതികൾക്ക് സാധിക്കണം. ജീവിത പങ്കാളിയുടെ പരിമിതികളെ തന്റെ നന്മകൾ കൊണ്ട് പരിഹരിക്കാൻ കൂടിയാണ് ദൈവം തന്നെ ശക്തിപ്പെടുത്തിയിരിക്കുന്നതെന്ന് ദമ്പതികൾ ഓരോരുത്തരും വിശ്വസിക്കണം. സ്നേഹം പ്രതിസന്ധികളിൽ ഇടറാത്ത ധീരമായ സമർപ്പണം ആവശ്യപ്പെടുന്നു.

**ആസൂത്രണവും ആലംബങ്ങളും :** ഗൗരവതരവും സങ്കീർണ്ണവുമായ തീരുമാനങ്ങൾ കൈകൊള്ളേണ്ട സമയമാണ് മിക്കപ്പോഴും ദാമ്പത്യത്തിന്റെ ആരംഭം. കുടുംബങ്ങൾ തമ്മിൽ ആലോചിച്ച് ബന്ധങ്ങൾ തീരുമാനിക്കുന്ന പശ്ചാത്തലം ശക്തമായി നിലനിൽക്കുന്ന നമ്മുടെ സംസ്കാരത്തിൽ വിവാഹത്തിനു മുൻപ് ദമ്പതികൾ ഗൗരവമായി ഭാവിജീവിതത്തെക്കുറിച്ച് പ്രായോഗികമായി ആലോചിക്കുന്ന സാഹചര്യങ്ങൾ കുറവാണ്. ദാമ്പത്യം ആരംഭിക്കുന്ന കാലത്താണ് ഈ ആലോചനകൾ ഉണ്ടാകുന്നത്. ഇക്കാര്യത്തിൽ അവർക്ക് നല്ല ദിശാബോധം നൽകുന്നതിൽ മുതിർന്നവരും അജപാലകരും ശ്രദ്ധിക്കേണ്ടതാണ്. താമസിക്കേണ്ട ഇടം, ജോലി, വരുമാനം, കുട്ടികൾ ഇങ്ങനെ കുടുംബത്തിന്റെ അടിസ്ഥാന ഭാവങ്ങൾ പലതും നിശ്ചയിക്കപ്പെടുന്ന ഈ കാലത്ത് എടുക്കുന്ന തെറ്റായ തീരുമാനങ്ങൾക്ക് വലിയ വിലകൊടുക്കേണ്ടി വരും. സാവകാശത്തിൽ, ദൈവവചനത്തിന്റെ വെളിച്ചത്തിലും പ്രാർത്ഥനയുടെ ബലത്തിലും, വിശദമായ ആലോചനകൾക്ക് ശേഷവും മികച്ച തീരുമാനങ്ങൾ എടുക്കാൻ അവരെ സഹായിക്കണം.

അതുപോലെ പ്രധാനമാണ് സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് അവർക്കുള്ള വിഭവങ്ങളെപ്പറ്റിയുള്ള ധാരണയും. സാമ്പത്തികമായ സാധ്യതകൾ, തങ്ങളുടെ ജോലിയും വരുമാനവും, കുട്ടികളെ വളർത്താൻ ആവശ്യമുള്ള കാര്യങ്ങൾ എല്ലാം വിലയിരുത്തി സമ്പത്തും മറ്റ് സാഹചര്യങ്ങളും (ബന്ധുബലം, സമൂഹത്തിന്റെ പിന്തുണ മുതലായവ) ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുന്നതിന് ദമ്പതികൾക്ക് സാധിക്കണം.

നവകുടുംബത്തിന്റെ സാഹചര്യം മനസ്സിലാക്കി ആവശ്യമെങ്കിൽ പൈതൃകസ്വത്ത് നേരത്തെ വീതംവച്ച് നൽകുന്നതിനും ആവശ്യമുള്ള സഹായങ്ങൾ നൽകുന്നതിനും മാതൃകുടുംബങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ, സ്ത്രീധനം പോലെയുള്ള തിന്മകരമായ വ്യവസ്ഥകൾ നിരാകരിക്കാനുള്ള ധീരത യുവജനതയ്ക്ക് ഉണ്ടാകണം.

ദമ്പതികളുടെ തൊഴിൽ സാഹചര്യങ്ങളും നവകുടുംബത്തിന്റെ സവിശേഷ സാഹചര്യങ്ങളും കണക്കിലെടുത്ത് നന്നായി വിലയിരുത്തപ്പെടണം. സാധ്യതയുള്ളിടത്തോളം യൗവനകാലത്ത് ദമ്പതികൾ ഒരുമിച്ച് കഴിയാൻ സാധിക്കുന്ന രീതിയിൽ തൊഴിൽ സാഹചര്യങ്ങൾ ക്രമപ്പെടുത്തണം. പഠനം തുടരാനുള്ളവരും, ജോലി കണ്ടെത്താനുള്ളവരും അതിനനുസരിച്ച് കുടുംബത്തിന്റെ മറ്റ് ആവശ്യങ്ങൾ, കുട്ടികളുടെ ജനനമുൾപ്പെടെ, ക്രമീകരിക്കാൻ ശ്രദ്ധിക്കണം.

**പ്രൊഫഷണൽ സഹായം:** ദാമ്പത്യത്തിന്റെ ആരംഭത്തിൽ ഭാവി ആസൂത്രണം ചെയ്യുന്നതിനോ, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ കുടുംബത്തിനുള്ളിലെ ഉപദേശവും ചർച്ചയും മാത്രം മതിയാകാതെ വരുന്ന സാഹചര്യങ്ങൾ അനവധിയാണ്. ഈ കാലയളവിന്റെ പ്രാധാന്യം കണക്കിലെടുത്ത് യഥാസമയം കൗൺസിലിംഗ് പോലെയുള്ള പരിശീലനം സിദ്ധിച്ച ആളുകളുടെ സഹായം ആവശ്യമാണെങ്കിൽ ദമ്പതികൾ സ്വീകരിക്കണം. ഇത്തരം സൗകര്യങ്ങൾ വിശ്വസനീയമായ രീതിയിൽ ക്രമീകരിക്കാൻ സഭാസംവിധാനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.

### *1.7. തുടരുന്ന രൂപീകരണം*

ദാമ്പത്യത്തിന്റെ ആദ്യ വർഷങ്ങൾകൊണ്ട് സ്നേഹബന്ധങ്ങൾ രൂപീകരിക്കപ്പെട്ട് തീരുകയല്ല; അവ ജീവിതാനുഭവങ്ങളിലൂടെ നിരന്തരമായ വൃദ്ധിക്ഷയങ്ങൾ അനുഭവിക്കുന്നു. അതുകൊണ്ടുതന്നെ ആത്മീയവും വൈകാരികവുമായ ബലപ്പെടുത്തൽ കുടുംബങ്ങൾക്ക് അടിക്കടി ആവശ്യമാണ്. അജപാലകരുടെ ഔചിത്യപൂർവമായ സാന്നിദ്ധ്യം വഴിയും കുടുംബ പ്രേഷിതത്വം, സുവിശേഷസംഘം മുതലായ വേദികളിലൂടെയും ക്രൈസ്തവമായ ഈ ബലപ്പെടുത്തൽ നടക്കുന്നുണ്ട്. എങ്കിലും സവിശേഷമായ തകർച്ചയോ പ്രശ്നങ്ങളോ ഉള്ളവർക്ക് ഉചിതമായ സഹായം ലഭ്യമാക്കുന്ന രീതിയിൽ നിലവിലുള്ള ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനും സഭാസമൂഹങ്ങൾ മുൻകൈ എടുക്കേണ്ടതാണ്. ഉദാഹരണത്തിന്, ദാമ്പത്യത്തിൽ പ്രശ്നമോ തകർച്ചയോ അനുഭവിക്കുന്ന ദമ്പതികൾക്കും, പരസ്പരബന്ധത്തിൽ താളപ്പിഴകൾ കണ്ടെത്തുന്ന മക്കൾക്കും മാതാപിതാക്കൾക്കും ഒരുമിച്ച് വന്ന് കുറച്ചുനാളുകൾ പ്രാർത്ഥിക്കുന്നതിനും ധ്യാനിക്കുന്നതിനും യോഗ്യരായ ഉപദേഷ്ടാക്കളിൽ നിന്ന് ഉപദേശം സ്വീകരിക്കുന്നതിനും കൂദാശാജീവിതം നവീകരിക്കാനും ഉതകുന്ന ഒരു ആനിമേഷൻ സെന്റർ ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്.

## 2. ക്രിസ്തീയ ഭവനങ്ങൾ നിർമ്മിക്കുമ്പോൾ

**കൂട്ടുകുടുംബം-നന്മകളും പരിമിതികളും:** പൊതുവേ മക്കൾ മാതാപിതാക്കളെ സംരക്ഷിച്ച് മാതൃകുടുംബത്തിൽ തന്നെ താമസിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന സംസ്കാരമാണ് നമ്മുടേത്. വിശാലകുടുംബവുമായി യോജിച്ച് ഒരു വീട്ടിൽ തന്നെ താമസിക്കുന്ന രീതിയും ചുരുക്കമായെങ്കിലും നിലനിൽക്കുന്നുണ്ട്. "സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത് നല്ലതും മനോഹരവുമാണ്". പക്ഷേ ഇങ്ങനെയൊരു വ്യവസ്ഥ വളരെയധികം പരിമിതികളും അടിച്ചേൽപ്പിക്കുന്നുണ്ട്. നവകുടുംബത്തിന്റെ ആത്മീയവും ഭൗതികവുമായ നന്മകൾ വിശാലകുടുംബത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തേണ്ടതായി വരും. ആത്മീയവും ഭൗതികവുമായ ഉൽക്കർഷത്തിന് ഉതകുന്ന രീതിയിൽ തുടരാനാവുമെങ്കിൽ കൂട്ടുകുടുംബ വ്യവസ്ഥ തുടരാവുന്നതാണ്. അല്ലെങ്കിൽ നവദമ്പതികൾ അവരുടേതായ ഭവനം രൂപീകരിക്കുന്നതാണ് പ്രായോഗികമായി അഭികാമ്യം.

മാനസികവും സാമൂഹികവുമായ സുരക്ഷിതത്വം മുൻനിർത്തി പറഞ്ഞാൽ, മാതാപിതാക്കളെ അവരുടെ ആവശ്യങ്ങളിൽ ശുശ്രൂഷിക്കാൻ സാധിക്കുന്ന അകലത്തിൽ മക്കൾ പുതിയ വീടുകൾ നിർമിച്ച് സ്വന്തം ജീവിതത്തിലേക്ക് മാറുന്നത് പ്രോത്സാഹിപ്പിക്കണം. ഏത് സാഹചര്യത്തിലും നവദമ്പതികൾക്ക് മാതൃകുടുംബങ്ങളുടെ ഉപദേശം സ്വീകരിച്ചും നന്മകൾ ഉൾക്കൊണ്ടും തങ്ങളുടേതായ ജീവിതവഴി കണ്ടെത്താനുള്ള സ്വാതന്ത്ര്യവും വൈകാരികമായ അടുപ്പം വളർത്തുന്നതിന് ഉതകുന്ന സ്വകാര്യതയും നൽകേണ്ടതാണ്.

**അകലം നിശ്ചയിക്കണം:** പുതിയ ഭവനം തെരഞ്ഞെടുക്കുമ്പോൾ ആദ്യം ചിന്തിക്കേണ്ടത് അകലങ്ങളെക്കുറിച്ചാണ്. ദൈവാരാധനയ്ക്ക് സഭാകൂട്ടായ്മയോട് ചേരാൻ എളുപ്പമുള്ള സ്ഥലങ്ങളിൽ മാത്രമേ ഭവനം പണിയാൻ ആഗ്രഹിക്കാവൂ. ദേവാലയത്തിൽ നിന്ന് വളരെ അകലത്താകുന്നത് കാലക്രമത്തിൽ ആത്മീയ ജീവിതോൽക്കർഷത്തെ പ്രതികൂലമായി ബാധിക്കും. അതുപോലെ മാതാപിതാക്കളിൽ നിന്നും ബന്ധുക്കളിൽനിന്നും വളരെ അകലെ പോകുന്നത് സ്നേഹബന്ധത്തെ ക്രമേണ ദുർബലമാക്കും. തൊഴിൽ, കുട്ടികളുടെ വിദ്യാഭ്യാസം മുതലായ കാര്യങ്ങളും പരിഗണിക്കണം. ജോലിസ്ഥലത്തേക്കും സ്കൂളുകൾ, ആശുപത്രികൾ മുതലായ അടിസ്ഥാനസൗകര്യങ്ങളിലേക്കും ഉള്ള അകലം അധികമാവാതിരിക്കാൻ ശ്രദ്ധിക്കുക.

**ഭവനം പണിയുമ്പോൾ :** കുടുംബങ്ങളുടെ സമീപഭാവിയിൽ വരാവുന്ന ആവശ്യങ്ങളും, ധനം മുതലായ വിഭവങ്ങളുടെ ലഭ്യതയും, സുരക്ഷിതത്വവും, യാത്രാസൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ (ജലം, വൈദ്യുതി, മുതലായവ) ലഭ്യതയും കണക്കിലെടുത്ത് വേണം വീടുപണി ആസൂത്രണം ചെയ്യാൻ. ആഡംബരങ്ങൾ ഒഴിവാക്കി ആവശ്യങ്ങൾ കണക്കാക്കി, വീടിന്റെ വലിപ്പവും സൗകര്യങ്ങളും പരിമിതപ്പെടുത്തുന്നതാണ് ഉചിതം. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് അത്യാവശ്യങ്ങൾക്ക് മാത്രമാകണം. നീർത്തടങ്ങളേയും കുന്നിൻപ്രദേശങ്ങളെയും സംരക്ഷിക്കാൻ സാധ്യമായതെല്ലാം ചെയ്യണം. കഴിവുള്ളിടത്തോളം പ്രകൃതിസൗഹൃദ നിർമാണ മാർഗ്ഗങ്ങൾ ഉപയോഗിക്കണം. കാറ്റും വെളിച്ചവുമുള്ള, പ്രകൃതിയോട് ബന്ധമുള്ള, ഭവനങ്ങളാണ് പ്രസന്നമായ ജീവിതത്തിന് ഉചിതം. വാഹനങ്ങൾ, ഇന്ധനത്തിന്റെ ഉപയോഗം മുതലായവയിലും പ്രകൃതി സംരക്ഷണത്തിന് അനുയോജ്യമായ മാർഗ്ഗങ്ങൾ കൈക്കൊള്ളണം. പരിസര ശുചിത്വം ആരോഗ്യസംരക്ഷണത്തിന് അനിവാര്യമാകയാൽ അതിനുള്ള മാർഗങ്ങൾ – മാലിന്യ സംസ്കരണത്തിനും മലിനജലം സുരക്ഷിതമായി ഒഴിവാക്കുന്നതിനുമുള്ള മാർഗങ്ങൾ – മുൻകൂട്ടി കാണണം.

**ക്രിസ്തീയമായ അടിത്തറകൾ:** കഴിയുന്നിടത്തോളം ക്രിസ്തീയമായ ഒരു അയൽപക്കം ഉണ്ടായിരിക്കുന്നത് നല്ലതാണ്. എല്ലാ അയൽക്കാരുമായിട്ടും നല്ല ബന്ധങ്ങൾ അത്യാവശ്യമാണ്. ക്രിസ്തീയമായ മിതത്വവും ഉപവിയും എല്ലാകാര്യങ്ങളിലും പാലിക്കപ്പെടണം. ക്രിസ്തുമത ബന്ധമില്ലാത്ത അനാചാരങ്ങൾ, വാസ്തുനോട്ടം, ശകുനം, സമയനോട്ടം, തകിടുകൾ, കണ്ണുദോഷ പരിഹാരം മുതലായവ ഒഴിവാക്കാൻ ശ്രദ്ധിക്കണം. സ്ഥലവും വീടുപണിയും യഥാകാലങ്ങളിൽ ആശീർവദിക്കാൻ സഭയിൽ നിശ്ചയിച്ചിട്ടുള്ള പ്രാർത്ഥനകൾ നടത്തണം.

ക്രിസ്തീയ ഭവനങ്ങളിൽ പ്രാർത്ഥനയ്ക്ക് ഇടം നിശ്ചയിക്കണം. വിശുദ്ധവചനവും സ്ലീബായും വിശുദ്ധരുടെ ചിത്രങ്ങളും ബഹുമാനത്തോടെ സൂക്ഷിക്കണം.

## 3. വളരുന്ന കുടുംബം

### *3.1. മക്കളെ സ്വീകരിക്കുമ്പോൾ*

**സ്നേഹത്തിന്റെ ഇടം:** മാതാപിതാക്കളുടെ മനസ്സിലാണ് മക്കൾ ആദ്യം ജനിക്കുന്നതെന്ന് പറയാറുണ്ട്. സ്നേഹത്തിന്റെ ഇടം ഒരുക്കി കുഞ്ഞുങ്ങളെ സ്വീകരിക്കണം. മാതാപിതാക്കളുടെ പരസ്പര സ്നേഹം ശക്തമാകുന്നതാണ് കുഞ്ഞുങ്ങൾക്ക് ഏറ്റവും മാനസിക സുരക്ഷിതത്വം ലഭിക്കുന്ന അന്തരീക്ഷം. കുഞ്ഞുങ്ങളെ പ്രതീക്ഷിക്കുന്ന കുടുംബങ്ങൾക്ക് എന്തെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അവയെ സമാധാനത്തിൽ പരിഹരിച്ച്, രമ്യതയിലും സ്നേഹത്തിലും ആയിരിക്കാൻ ശ്രദ്ധിക്കണം. ഗർഭകാലത്ത് ഭാര്യയെ പരിചരിക്കുന്നതിന് ഭർത്താവ് വ്യക്തിപരമായിത്തന്നെ മുൻകൈ എടുക്കണം.

**പ്രാർത്ഥന :** പ്രാർത്ഥന നൽകുന്ന പ്രസാദാത്മകമായ അന്തരീക്ഷത്തിൽ വേണം കുഞ്ഞുങ്ങൾ സ്വീകരിക്കപ്പെടേണ്ടത്. ഭവനത്തിലെ പ്രാർത്ഥനയോടൊപ്പം ദമ്പതികൾ ഒരുമിച്ച് തങ്ങൾക്കു ലഭിച്ചിരിക്കുന്ന അനന്യമായ ദാനത്തെപ്രതി ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുന്നതിനും അവിടുത്തെ കരങ്ങളിൽ നിന്ന് ശക്തിപ്രാപിക്കുന്നതിനും ശ്രദ്ധിക്കണം. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ കുഞ്ഞുങ്ങൾ ദൈവസാമീപ്യം അറിയുന്നതിന്റെയും വചനം കേൾക്കുന്നതിന്റെയും സൂചനകൾ വി. ഗ്രന്ഥത്തിലുണ്ട്.

**മാനസികമായ ഒരുക്കം:** ഗർഭകാലം വനിതകൾക്ക് ക്ലേശത്തിന്റെ കാലമാണ്. അതോടൊപ്പം പുരുഷനും പലകാര്യങ്ങളിൽ വ്യാകുലം അനുഭവിക്കേണ്ടതായിവരും. വിശാലകുടുംബത്തിനുള്ളിൽ നടക്കുന്ന സ്നേഹ സംഭാഷണവും പ്രത്യേകിച്ച് അമ്മമാരുടെയും മുതിർന്ന സഹോദരിമാരുടെയും സാന്നിദ്ധ്യവും ഉപദേശങ്ങളും ഇക്കാര്യത്തിൽ വലിയ സഹായമാണ്. കുടുംബത്തിനുള്ളിൽ പരിഹരിക്കാനാകാത്ത മാനസിക പ്രശ്നങ്ങളുടെ സൂചന എന്തെങ്കിലും കണ്ടാൽ വിദഗ്ധരുടെ സഹായം നിർബന്ധമായും തേടണം. ഗർഭകാലത്തും ഗർഭാനന്തരവും ശാരീരികമായ പ്രത്യേകതകൾകൊണ്ട് സ്ത്രീകൾ വിഷാദരോഗത്തിൽ വീഴുന്നതിനും പോഷണക്കുറവ് അനുഭവിക്കുന്നതിനും ഇടയാകാറുണ്ട്. ഇത്തരം കാര്യങ്ങളിൽ താമസംവിനാ വിദഗ്ധാഭിപ്രായം ഉറപ്പാക്കേണ്ടതാണ്.

**ആരോഗ്യപരിരക്ഷ :** ഗർഭകാലത്തും അതിനുശേഷവുമുള്ള ആരോഗ്യപരിരക്ഷ പരമപ്രധാനമാണെന്ന് പറയേണ്ടതില്ലല്ലോ. അമിതമായ ഉത്കണ്ഠകൾ ഒഴിവാക്കി, എന്നാൽ ആവശ്യമുള്ള നേരത്ത് വേണ്ട പരിചരണം ലഭിക്കാനുള്ള ശ്രദ്ധയുണ്ടാകണം. ഈ വിഷയത്തിൽ നിലവിലുള്ള നാട്ടാചാരങ്ങൾ മിക്കതും അശാസ്ത്രീയമാണെന്ന് ഓർക്കണം. പ്രത്യേകിച്ച് പ്രസവാനന്തര രക്ഷ എന്ന പേരിൽ നൽകുന്ന പ്രത്യേക ഭക്ഷണം ഒക്കെ സ്ത്രീകൾക്ക് പിൽക്കാലത്ത് അമിതവണ്ണവും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നവയാണ്. ശാസ്ത്രീയമായ ഉപദേശങ്ങൾ സ്വീകരിച്ചുമാത്രം ഇക്കാര്യങ്ങൾ ക്രമീകരിക്കുക.

കുട്ടികളുടെ ആരോഗ്യ പരിപാലനത്തെക്കുറിച്ച് സർക്കാർ തലത്തിലും ആശുപത്രികളിലും നൽകപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ ശ്രദ്ധിക്കണം. വാക്സിനേഷനെതിരെ നടക്കുന്ന പ്രചരണങ്ങളും വീട്ടിലെ പ്രസവത്തെ അനുകൂലിച്ചുള്ള പ്രചരണങ്ങളും മിക്കവാറും അശാസ്ത്രീയമാണ്. കുട്ടികൾക്കുള്ള വാക്സിനേഷൻ ക്രമമായി നടത്തണം. ഈ വക കാര്യങ്ങളെക്കുറിച്ച് സ്ത്രീകൾക്കുള്ള വേദികളിൽ ഇടവകതലത്തിൽ ക്ലാസുകൾ ക്രമീകരിക്കുന്നത് നല്ലതാണ്.

**കുടുംബാസൂത്രണം:** കൃത്രിമ ജനനനിയന്ത്രണം സഭ അനുവദിക്കുന്നില്ലെങ്കിലും കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണവും അവരുടെ ജനനത്തിന്റെ സമയവും മാതാപിതാക്കൾ പ്രാർത്ഥനയോടെയും ഔചിത്യത്തോടെയും തീരുമാനിക്കാൻ ശ്രദ്ധിക്കണമെന്ന കാര്യത്തിൽ സംശയമില്ല. ദമ്പതികളുടെ ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് കുടുംബത്തിന്റെ വലിപ്പം ക്രമീകരിക്കണം. പഠനം, ജോലി, കുട്ടികൾക്ക് വളരാനുള്ള സാഹചര്യങ്ങൾ മുതലായവ മുൻനിർത്തി നല്ല ആലോചനയോടെ വേണം കുഞ്ഞുങ്ങളെ സ്വീകരിക്കാൻ.

തങ്ങൾക്കുള്ള വിഭവങ്ങൾക്കനുസരിച്ച് കൂടുതൽ സന്താനങ്ങളാകാം എന്ന് തീരുമാനിക്കുമ്പോഴും സ്വന്തരക്തത്തിൽ ജനിച്ചവരല്ലാത്ത കുഞ്ഞുങ്ങളെക്കൂടി പരിഗണിക്കണം എന്ന് സഭ ഓർമ്മിപ്പിക്കുന്നു. തങ്ങളുടെ മാതാപിതാക്കളോടൊപ്പം ജീവിക്കാൻ സാഹചര്യങ്ങളില്ലാത്ത കുഞ്ഞുങ്ങളെ അവരുടെ ഭവനങ്ങളിലോ സ്വഭവനങ്ങളിലോ സ്വീകരിച്ച് വളർത്താനുള്ള അവസരങ്ങളെ ക്രിസ്തീയ ദമ്പതിമാർ ഔദാര്യത്തോടെ സമീപിക്കണം. ദത്തെടുക്കലോ, വിദൂര സ്വീകാരമോ (ഡിസ്റ്റന്റ് അഡോപ്ഷൻ) നടത്തുമ്പോൾ അതിന്റെ നൈയാമിക വശങ്ങൾ പഠിച്ചും ശ്രദ്ധിച്ചും വേണം ചെയ്യാൻ. ഉപവിയാൽ പ്രേരിതരായി എന്തു നന്മയും ചെയ്യാൻ നിയമം അനുവദിക്കുന്നില്ല.

**ആത്മീയ പരിചരണം:** ഗർഭകാലവും ഗർഭാനന്തരകാലവും സ്ത്രീകൾക്ക് അങ്ങേയറ്റം മാനസികവും ശാരീരികവുമായ ക്ലേശങ്ങളുടെ കാലം കൂടിയാണ്. മിക്കപ്പോഴും കുഞ്ഞിനെ സ്വീകരിക്കുന്നതിലുള്ള സന്തോഷം ഈ ക്ലേശങ്ങളെ മറക്കാൻ ഉപകരിക്കും. പക്ഷെ പലപ്പോഴും അസ്വസ്ഥതകൾ തൽക്കാലത്തേക്കെങ്കിലും വഹിക്കാൻ പ്രയാസമുള്ളതോ, ദീർഘകാല പ്രത്യാഘാതങ്ങളുള്ളവയോ ആയിരിക്കും. ഈ സാഹചര്യങ്ങളിൽ ആവശ്യമായ ആത്മീയ പരിചരണം കൂടി നൽകുന്നതിന് മുതിർന്ന കുടുംബാംഗങ്ങളും അജപാലകരും ശ്രദ്ധിക്കേണ്ടതാണ്. പ്രാർത്ഥനയിലും കൂദാശകളുടെ സ്വീകരണത്തിലും അമ്മമാർ സ്വയം ബലപ്പെടുത്തണം. ശിശുവിന്റെ ജനനവുമായി സ്ത്രീക്കുണ്ടാകുന്ന അശുദ്ധിയെ സംബന്ധിച്ച ധാരണകൾ ക്രിസ്തീയമല്ല. ആരോഗ്യം അനുവദിക്കുന്നത്ര വേഗത്തിൽ അമ്മയും നവജാതശിശുവും ദേവാലയത്തിൽ എത്താൻ പ്രോത്സാഹിപ്പിക്കണം.

സാമ്പത്തികമോ സാമൂഹ്യമോ ആയ കാരണങ്ങളാൽ മാമോദീസാ വൈകിക്കുന്ന ഒരു പ്രവണത ഇന്നു ചിലപ്പോഴെങ്കിലും കാണാം. ഇത് നല്ലതല്ല. കൂദാശകളുടെ തണലിലാണ് കുഞ്ഞിന്റെ ജീവിതം കൂടുതൽ സുരക്ഷിതമാവുന്നത്.

ആത്മീയമായ വലിയൊരു വെല്ലുവിളിയാണ് സ്വാഭാവിക ഗർഭഛിദ്രത്തിന്റെ അനുഭവത്തിൽ നിന്ന് അമ്മമാരെ സാധാരണ ജീവിതത്തിലേക്ക് അനുധാവനം ചെയ്യുക എന്നത്. കുടുംബാംഗങ്ങൾ അതീവസ്നേഹത്തോടെ ഈ യുവതികളെ ശുശ്രൂഷിക്കുകയും കൂടെ ചേർന്ന് പ്രാർത്ഥിച്ച് ആത്മീയമായ മുറിവുകൾ ഉണങ്ങാൻ സഹായിക്കുകയും വേണം. അജപാലകരുടെ ക്രിയാത്മകമായ ശ്രദ്ധയും പ്രാർത്ഥനയും ഇക്കാര്യത്തിലുണ്ടാവണം.

### *3.2 മക്കളെ വളർത്തുമ്പോൾ*

**ദൈവസ്നേഹത്തിന്റെ വിലയറിയിച്ച് വളർത്തുക:** കുഞ്ഞുങ്ങൾ തങ്ങളെ സ്നേഹിക്കുന്നതിൽ അധികമായി ദൈവത്തെ സ്നേഹിക്കണമെന്ന മനസ്സാണ് ഉത്തമക്രിസ്തീയ മാതാപിതാക്കൾക്ക് ഉണ്ടാകേണ്ടത്. ജീവിതത്തിന്റെ ആദ്യപടി മുതൽ ദൈവത്തെക്കുറിച്ച്, അവിടുത്തെ

കരുതുന്ന സ്നേഹത്തെക്കുറിച്ച്, കുഞ്ഞുങ്ങൾ കേട്ട് വളരണം. പ്രാർത്ഥനയുടെ പാഠങ്ങൾ കണ്ടും അനുഭവിച്ചും പഠിക്കണം. ദൈവവചനം കേട്ടും വായിച്ചും ഉച്ചരിച്ചും വളരണം.

ബാല്യത്തിലേക്ക് കയറുമ്പോൾ വിദ്യാഭ്യാസത്തോടൊപ്പം മതബോധനവും നൽകുന്നതിൽ വീഴ്ചവരുത്തരുത്. ഭൗതികമായ നേട്ടത്തെക്കാൾ വലുതാണ് ആത്മീയമായ അനുഗ്രഹങ്ങൾ എന്ന് തിരിച്ചറിയുന്ന കുഞ്ഞുങ്ങൾ ക്രിസ്തീയ കർത്തവ്യങ്ങളിൽ ഉൽസുകരായി വളരും.

**ബന്ധങ്ങളുടെ വിലയറിയിച്ച് വളർത്തണം:** കുടുംബത്തിനകത്തും പുറത്തും രൂപപ്പെടുന്ന സ്നേഹബന്ധങ്ങളുടെ വിലയറിഞ്ഞുവേണം കുഞ്ഞുങ്ങൾ വളരാൻ. വസ്തുവകകളും സമ്പത്തും കരുതിവയ്ക്കുന്നതിനേക്കാൾ ഉത്തമം സ്നേഹബന്ധങ്ങളെ സംരക്ഷിക്കുകയാണ് എന്ന പാഠം അവർക്ക് ജീവിതത്തിൽനിന്ന് ലഭിക്കണം. പ്രായമായവരെയും അവശത അനുഭവിക്കുന്നവരെയും കരുതുന്ന ശൈലി കുടുംബത്തിൽ നിന്ന് അവർക്ക് ലഭിക്കണം. മുതിർന്ന തലമുറയുമായി സമയം പങ്കിടുന്നതിനും സ്നേഹത്തിന്റെ ഉറപ്പും ഉപദേശങ്ങളുടെ വെളിച്ചവും സ്വീകരിക്കുന്നതിനും അവർക്ക് സമയം ലഭിക്കണം.

നല്ല മനുഷ്യരാകുക എന്നത് സർവപ്രധാനമായി കുട്ടികളുടെ മനസ്സിൽ ഉറയ്ക്കണം. മാനവീയമായ നന്മകളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെപ്പറ്റിയും ബോധ്യങ്ങളുണ്ടാകണം. മാനവീയമായ വിദ്യാഭ്യാസം ലഭിക്കുന്നതിനെപ്പറ്റി മുൻപ് സൂചിപ്പിച്ചിരുന്നു. വ്യക്തികളെ ഏതു സാഹചര്യങ്ങളിലും വസ്തുക്കൾക്കുപരിയായി കരുതാനുള്ള തെളിച്ചം ആ വഴിക്കാണ് ലഭിക്കുക. സ്നേഹത്തിന്റെ വില അറിയുന്നതിനും ഉത്തമപൗരന്മാർ ആകാനുള്ള പരിശീലനം ലഭിക്കുന്നതിനും കുടുംബത്തെപ്പോലെ മികച്ച മറ്റൊരു വേദി ഇല്ല.

**മാതാപിതാക്കൾ സംലഭ്യരാകുക:** ഇന്ന് ജീവിതത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം അന്വേഷിച്ചുള്ള പരക്കം പാച്ചിലിൽ മാതാപിതാക്കൾക്ക് മക്കളോടൊപ്പം ചിലവഴിക്കാൻ സമയം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ മാതാപിതാക്കളിൽ ഒരാളോ, ചിലപ്പോൾ രണ്ടുപേരുമോ നീണ്ടകാലത്തേക്ക് കുടുംബത്തിൽ നിന്ന് അകന്നു നിൽക്കുന്നു. ഈ സാഹചര്യം പരമാവധി ഒഴിവാക്കേണ്ടതാണ്. തീർത്തും ഒഴിവാക്കാനാകാത്ത അവസരങ്ങളിൽ കുടുംബത്തോട് ചേർന്നുനിൽക്കാനും കുട്ടികളുടെ കാര്യങ്ങൾ നേരിട്ട് അന്വേഷിക്കാനും അവരോട് സമയമെടുത്തു സംസാരിക്കാനും അകന്നുനിൽക്കുന്നയാൾ ശ്രദ്ധിക്കേണ്ടതാണ്. മിക്കപ്പോഴും മുതിർന്നവർ സംസാരിക്കുന്നതിലധികം കുട്ടികൾക്ക് ആവശ്യം അവരെ കേൾക്കാനും മനസ്സിലാക്കാനും ശ്രമിക്കുന്നതാണെന്നും ഓർത്തിരിക്കുക.

**നവീനപ്രവണതകളിൽ നിന്നുള്ള കരുതൽ:** ഉപഭോഗ സംസ്കാരം ഇന്ന് ഏറ്റവും കൂടുതൽ ഉന്നം വയ്ക്കുന്നത് കുട്ടികളെ ആണ്. ആശിക്കുന്നതെന്തും വാങ്ങിക്കൊടുക്കാൻ ശ്രമിക്കുന്നത് മാതാപിതാക്കൾ ചെയ്യുന്ന വലിയ പിഴവാണ്. അദ്ധ്വാനത്തിന്റെയും സമ്പാദ്യത്തിന്റെയും വിലയറിഞ്ഞും, മിതത്വം ശീലിച്ചും വളരാൻ കുട്ടികളെ പരിശീലിപ്പിക്കണം.

നവമാധ്യമശീലങ്ങൾ പലതരത്തിൽ ബാല്യങ്ങളെ നശിപ്പിക്കുന്നു. അക്രമവാസനയുള്ള ഗെയിമുകളും ടെലിവിഷൻ ഷോകളും കുട്ടികളുടെ മനസ്സിനെ വഴിതെറ്റിക്കുന്നു. അതിലുപരി മാനുഷികമായ സ്നേഹബന്ധങ്ങളിൽ നിന്ന് അകന്ന് യന്ത്രവുമായുള്ള സംവാദത്തിൽ ഉല്ലാസവും സംതൃപ്തിയും കണ്ടെത്താൻ കഴിയുന്നത് അവരുടെ മാനസിക വളർച്ചയെ തകിടം മറിക്കുന്നു.

സാമൂഹ്യവിനിമയ ഉപാധികളുടെ ഉപയോഗം ഇന്ന് പലവിധത്തിലുള്ള അഡിക്ഷനുകളായി മാറിയിട്ടുണ്ട്. സെൽഫോൺ അഡിക്ഷൻ, ഇന്റർനെറ്റ് അഡിക്ഷൻ, അതിന്റെ ഉപോല്പന്നമായ രതിവൈകല്യങ്ങൾ ഇവയ്ക്കെല്ലാം കുട്ടികൾ എളുപ്പമുള്ള ഇരകളായി മാറുന്നുണ്ട്. ഈ കാര്യത്തിൽ രക്ഷിതാക്കളുടെയും അജപാലകരുടെയും നിരന്തരമായ ജാഗ്രത ആവശ്യമുണ്ട്. ഇത്തരം ആശ്രിതത്വം നേരത്തേ കണ്ടെത്തി അത് പരിഹരിക്കാനുള്ള വഴികൾ യഥാസമയം സ്വീകരിക്കണം.

**ഉത്തരവാദിത്വങ്ങൾ:** അമിതമായ പരിചരണം കുട്ടികളെ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് അകറ്റി മായിക ലോകത്ത് വളരാൻ ഇടയാക്കുന്നുണ്ട്. അവരുടെ പ്രായത്തിനു യോജിച്ച ഉത്തരവാദിത്വങ്ങൾ കുടുംബങ്ങളിലും ഇടവകകളിലും ഏറ്റെടുത്തുവേണം കുട്ടികൾ വളരാൻ. അദ്ധ്വാനത്തിന്റെ വില മനസ്സിലാക്കുന്നതിനും സ്വാഭിമാനവും ആത്മവിശ്വാസവും ഉള്ളവരായിത്തീരുന്നതിനും അതുവഴി സാധിക്കും.

അദ്ധ്വാനത്തിലൂടെ മാത്രമെ പരാജയങ്ങളെ അഭിമുഖീകരിക്കാനുള്ള കരുത്ത് ലഭിക്കൂ. കണക്കുകൂട്ടുന്നതെല്ലാം എളുപ്പത്തിൽ കിട്ടുകയില്ലെന്ന് മനസ്സിലാക്കാതെ വളരുമ്പോഴാണ് ജീവിതത്തിലെ ആദ്യത്തെ പരാജയത്തിനു മുന്നിൽതന്നെ ആത്മഹത്യയിലേക്ക് തിരിയുന്ന ഒരു പ്രവണത പുതുതലമുറയിൽ രൂപപ്പെട്ടുവരുന്നു.

**അഭിരുചികൾ:** തൊഴിലിനുവേണ്ടി മക്കളെ പഠിപ്പിക്കുന്ന ഒരു ശൈലി ഇന്നു സമൂഹത്തെ കീഴ്പ്പെടുത്തിക്കളഞ്ഞിട്ടുണ്ട്. കുട്ടികളുടെ അഭിരുചികൾ സാവധാനം മനസ്സിലാക്കി അവരുടെ വ്യക്തിത്വത്തിനും സ്വച്ഛജീവിതത്തിനും ഉതകുന്ന പരിശീലനം ലഭിക്കാനാണ് ശ്രദ്ധിക്കേണ്ടത്.

മാതാപിതാക്കൾ സ്വപ്നം കാണുന്നതിൽ നിന്ന് ഭിന്നമായ അഭിരുചികളോടെ മക്കൾ വളരുമ്പോൾ പല കുടുംബങ്ങളിലും സംഘർഷവും അതൃപ്തികളും ഉണ്ടാകുന്നു. അജപാലകരുടെ സജീവമായ ശ്രദ്ധയുണ്ടാകേണ്ട ഒരു മേഖലയാണിത്. കുട്ടികളുടെ പിഴവാണിതെന്ന മുൻവിധിയോടെ പ്രശ്നങ്ങളെ സമീപിക്കരുത്. അവരുടെ അഭിരുചികളും താല്പര്യങ്ങളും മനസ്സിലാക്കി വളരാൻ അവരെ സഹായിക്കണം.

കുട്ടികളുടെ പഠനവും വളർച്ചയും തടസ്സപ്പെടുന്ന പല സാഹചര്യങ്ങൾ ഇന്ന് കുടുംബങ്ങളിൽ ഉണ്ടാകാറുണ്ട്. ഇടവക സമൂഹങ്ങളും അജപാലകരും മുൻകൈയ്യെടുത്ത് വേണ്ട സഹായങ്ങൾ എത്തിക്കണം.

**ഉല്ലാസവും വിശ്രമവും:** വിദ്യാഭ്യാസം ജീവിതവിജയം നേടാനുള്ള മൽസര ഓട്ടമാകുന്നതിന്റെ ഒരു പാർശ്വഫലം ധാരാളം ഉല്ലാസവും വിശ്രമവും ആവശ്യമുള്ള ബാല്യകാലം ആകാംഷകളിലും ഭയത്തിലും നഷ്ടപ്പെടുത്തി കുഞ്ഞുങ്ങൾ പാടുപെടുന്നതാണ്. ഒപ്പം ആധുനിക കളിക്കോപ്പുകളുമായി അടഞ്ഞ മുറികളിലേക്കുള്ള പിന്മാറ്റം കൂടിയാകുമ്പോൾ വ്യക്തിബന്ധങ്ങളിൽ താല്പര്യമില്ലാത്ത, നന്മകളിൽ വിശ്വാസമില്ലാത്ത, തോൽവികൾ താങ്ങാനറിയാത്ത, കരുതലിന്റെയും പങ്കുവയ്ക്കലിന്റെയും പാഠങ്ങളറിയാത്ത ഒരു ഇളം തലമുറ രൂപപ്പെടുന്നതാണ്. കുട്ടികൾ മാനസികമായി പക്വത പ്രാപിക്കണമെങ്കിൽ അവർക്ക് ഉല്ലാസവും വിശ്രമവും ആവശ്യമുണ്ട്. കുടുംബമൊന്നിച്ചുള്ള യാത്രകൾ, മറ്റുകുടുംബങ്ങളിലേക്കുള്ള സന്ദർശനങ്ങൾ, കളിസ്ഥലങ്ങളിലെ വിനിമയങ്ങൾ, നല്ല വായനയും കലാപരിപാടികളും നൽകുന്ന സാംസ്കാരിക വളർച്ച മുതലായവയിലേക്ക് കുട്ടികളെ മാതാപിതാക്കൾ തന്നെ നയിക്കണം.

## 4. ആദ്ധ്യാത്മിക വളർച്ച

**വിശ്വാസത്തിലും സ്നേഹത്തിലുമുള്ള വളർച്ച:** മൂന്നു മുതൽ അഞ്ചുവരെ അദ്ധ്യായങ്ങളിൽ സ്നേഹത്തിലും വിശ്വാസത്തിലും വളരുന്നതിന്റെ വിവിധ ഭാവങ്ങളെപ്പറ്റി നാം ചർച്ച ചെയ്തിരുന്നല്ലോ. കുടുംബത്തിന്റെ ആധ്യാത്മികതയുടെ പ്രാഥമിക ഉള്ളടക്കം അതു തന്നെയാണ്. പ്രത്യേകിച്ചും അഞ്ചാം അദ്ധ്യായം വിശ്വാസത്തിലും പ്രാർത്ഥനയിലും നിലനിൽക്കുന്നതിനെപ്പറ്റി പ്രായോഗികമായിത്തന്നെ സംസാരിച്ചിട്ടുണ്ട്. അക്കാര്യങ്ങൾ ആവർത്തിക്കേണ്ടതില്ല.

**നിഷ്ഠയുടെ വഴികൾ:** ആധ്യാത്മികമായ വളർച്ചയ്ക്ക് അത്യാവശ്യമായ ഒരു കാര്യം നിഷ്ഠയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആധ്യാത്മിക പൈതൃകം താപസജീവിതത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട ചില നിഷ്ഠകളിൽ അധിഷ്ഠിതവുമാണ്. പ്രാർത്ഥന, വചനവായന, നോമ്പുകൾ, ദാനധർമ്മം, അതിഥി സൽക്കാരം, എളിമ, മുതിർന്നവരോടുള്ള അനുസരണം എന്നിങ്ങനെ ആശ്രമപശ്ചാത്തലത്തിൽ ഉയർന്നുവന്ന നിഷ്ഠകളും ക്രമങ്ങളുമാണ് ഈ ആദ്ധ്യാത്മികതയുടെ പ്രധാന മൂല്യവ്യവസ്ഥിതി. ഇത് നമുക്ക് വിലയേറിയ പൈതൃകമാണ്. ഈ മൂല്യങ്ങളുടെ സമകാലീനമായ സ്വാംശീകരണമാണ് ഇന്നത്തെ സഭയിൽ ഉണ്ടാകേണ്ടത്.

നിഷ്ഠകൾക്കാണ് പ്രവൃത്തികളെ പുണ്യങ്ങളാക്കാൻ സാധിക്കുക. സൗകര്യമുള്ളപ്പോൾ പ്രാർത്ഥിക്കുകയല്ല; പ്രാർത്ഥന ആത്മാവിന്റെ സ്ഥിരം ഭാവമാകണം. സാധ്യമാകുമ്പോൾ ഉപവി ചെയ്യുകയല്ല; അത് സ്ഥിരമായ ഒരു സമർപ്പണമായി രൂപംകൊള്ളണം. അപ്പോഴാണ് പുണ്യമുണ്ടാവുക. നന്മകൾ പുണ്യങ്ങളായി രൂപം കൊള്ളുന്നതാണ് ആധ്യാത്മികതയുടെ അടിത്തറ.

കുടുംബത്തിന്റെ പ്രാർത്ഥനയുടെ അന്തരീക്ഷം നിലനിർത്തുന്നതിനാവശ്യമായ ചില നിർദ്ദേശങ്ങൾ ഒന്നാം ഭാഗത്തിൽ (അദ്ധ്യായം 5, നമ്പർ 60) നൽകിയിരുന്നത് ഓർമ്മിക്കുമല്ലോ. അത് ബാഹ്യമായ ചില സഹായങ്ങളാണ്. സ്ഥലവും സമയവും നിശ്ചയിച്ച്, വിശുദ്ധ വസ്തുക്കളിലൂടെ ദൈവസാന്നിദ്ധ്യമുറപ്പിച്ച് കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കാൻ ഇരിക്കുന്നത് നിഷ്ഠയിലേക്കുള്ള പ്രവേശനമാണ്. ആരാധനാക്രമ കാലത്തിന്റെ ചൈതന്യമുൾക്കൊണ്ട്, വചനവായനയോടെ പ്രാർത്ഥിക്കുമ്പോൾ ഓരോ തവണയും ആവർത്തനമല്ല; പുതുതായ അനുഭവമാണ്.

മലങ്കര സഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ നോമ്പും ഉപവാസവും പാപപരിഹാര കർമ്മങ്ങളുമെല്ലാം സവിശേഷമായ പ്രാധാന്യമുള്ളവയാണ്. ആരാധനാക്രമം നിർദ്ദേശിക്കുന്ന രീതിയിൽ നോമ്പുകൾ നിഷ്ഠയോടെ നോക്കുകയും അനുതാപത്തിന്റെ കാലങ്ങളിൽ ആത്മപരിശോധന നടത്തി പാപപരിഹാരം അനുഷ്ഠിക്കുന്നത് ആത്മീയമായ ഉണർവുനൽകുന്ന അനുഭവമാണ്. ആത്മാവിന്റെ കർക്കിടകക്കഞ്ഞിയാണ് നോമ്പുകാലം.

പ്രാർത്ഥനയുടെയും നോമ്പിന്റെയും ഒപ്പം തുല്യപ്രാധാന്യത്തോടെയാണ് പരസ്നേഹപ്രവർത്തികളെ മലങ്കര ആരാധനാക്രമം കാണുന്നത്. താപസഗ്രന്ഥങ്ങളിൽ ദാനധർമ്മവും അതിഥിസൽക്കാരവുമാണ് എടുത്തുപറയുക. ആത്മീയ വളർച്ചയുടെ ഏറ്റവും ശ്രേഷ്ഠവും ശക്തവുമായ ഉറവിടമാണ് ഉപവി എന്ന് മനസ്സിലാക്കി അതിൽ വളരുന്നതിന് കുടുംബങ്ങൾ നിഷ്ഠ വയ്ക്കണം.

**തനിയാവർത്തനമല്ല:** താപസ നിഷ്ഠകളുമായുള്ള തുടർച്ചയിൽ നിലനിൽക്കുന്നു എങ്കിലും താപസജീവിതത്തിന്റെ മൂല്യവ്യവസ്ഥിതിയുടെ തനിയാവർത്തനമല്ല കുടുംബങ്ങളുടെ ആദ്ധ്യാ

ത്മികത. ശാരീരിക സ്നേഹവും അതുവഴി ഉണ്ടാകുന്ന ആത്മസമർപ്പണത്തിന്റെ വിവിധ ഭാവങ്ങളുമാണ് കുടുംബ ധാർമ്മികതയുടെയും ആത്മീയതയുടെയും പ്രഭവസ്ഥാനം എന്ന് നാം വ്യക്തമാക്കിയതാണ്. തപസ്സിൽ നിന്ന് തികച്ചും വ്യതിരിക്തമായ പ്രായോഗിക മാനങ്ങളാണ് അതിനുള്ളത്.

ശാരീരിക സമർപ്പണത്തിന്റെ വിവിധ വശങ്ങളെ - ലൈംഗികത, അദ്ധ്വാനം, പരസ്പര ശുശ്രൂഷ മുതലായവ അടിസ്ഥാനമാക്കി - കുടുംബ ജീവിതത്തിന്റെ അനുദിന ഭാവങ്ങളെ ക്രിയാത്മകമായി സമീപിക്കുന്ന ആദ്ധ്യാത്മിക സമീപനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. ആരാധനാ ജീവിതത്തിൽ നിന്ന് ആർജിക്കുന്ന കൃപ ശരീരം ധരിക്കുന്നത് ഇവിടെയാണ്.

**ഇടവകയോട് ചേർന്ന് ജീവിക്കുക:** നിസ്സാരവും സ്വാഭാവികവുമായ വീഴ്ചകളിൽ നിന്നുപോലും കുറ്റബോധം ഉദ്ദീപിപ്പിച്ച്, താപസനിഷ്ഠകൾ ക്രമത്തിലധികം അടിച്ചേൽപ്പിച്ച്, കുടുംബജീവിതത്തിന്റെ സ്വാഭാവിക സന്തോഷം കെടുത്തി അതിനെ മറ്റെന്തൊക്കെയോ ആക്കിത്തീർക്കുന്ന പ്രവണതകൾ ഇന്ന് പരക്കെ കണ്ടുവരുന്നുണ്ട്. ഉത്തമ വിദ്യാഭ്യാസത്തിന്റെ വെളിച്ചത്തിലും സഭ കുടുംബജീവിതത്തെ സംബന്ധിച്ച് നൽകിയിട്ടുള്ള വ്യക്തമായ പ്രബോധനങ്ങളുടെ തെളിച്ചത്തിലും ഈ പ്രവണതകളെ നിരുൽസാഹപ്പെടുത്താൻ അജപാലകർ ശ്രദ്ധിക്കണം. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിക്കുന്നതുപോലെ 'സ്നേഹത്തിന്റെ സന്തോഷം' നിറയുന്ന ഇടങ്ങളാകട്ടെ കുടുംബങ്ങൾ. കുറ്റബോധത്തിന്റെ പേരിൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഭക്തികർമ്മങ്ങളിൽ നിന്ന് അകലം പാലിക്കുന്നത് ആത്മീയമായ പക്വതയുടെ അടയാളമാണ്.

ആത്മീയതയുടെ പേരിൽ വിറ്റഴിക്കപ്പെടുന്ന പലതിൽ നിന്നും നന്മയും തിന്മയും വിവേചിച്ചറിയാൻ, സഭയുടെ ഔപചാരിക പ്രബോധനങ്ങളെ മാർഗരേഖകളായി സ്വീകരിക്കുകയും ആരാധനക്രമത്തോട് ചേർന്നുള്ള ഭക്തകൃത്യങ്ങളോട് ആഭിമുഖ്യം പുലർത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്.

പലപ്പോഴും ആരാധനാകർമ്മങ്ങൾ ഹൃദയപൂർവമായ പ്രാർത്ഥനയ്ക്ക് സഹായകമല്ലാത്ത രീതിയിൽ നടത്തപ്പെടുന്നത് ജനങ്ങളുടെ ഇടയിൽ കൂടുതൽ ആത്മസംതൃപ്തി നൽകുന്ന പ്രാർത്ഥനാരീതികളിലേക്ക് തിരിയാൻ കാരണമാകുന്നുണ്ട്. നല്ല ഒരുക്കത്തോടെ വചനം വ്യാഖ്യാനിച്ചും ആരാധന മനോഹരമായി ആവിഷ്കരിച്ചും ഇടവകയോട് ചേർന്നുള്ള പ്രാർത്ഥനാകൂട്ടായ്മകൾ ശക്തിപ്പെടുത്തിയും പ്രാർത്ഥനാജീവിതത്തിലെ വിരസത മാറ്റുന്നതിന് അജപാലകർ ശ്രദ്ധിച്ചാൽ 'ചന്തയിൽ വിൽക്കുന്ന എന്തും വാങ്ങി ഭക്ഷിക്കുന്നതിൽ നിന്ന്' വിശ്വാസികൾ പിൻവാങ്ങിക്കൊള്ളും.

**ദൈവവിളി:** കുടുംബങ്ങളുടെ ആത്മീയ പക്വതയുടെ ഏറ്റവും പ്രകടമായ ഫലം സമർപ്പിത ജീവിതത്തിലേക്കുള്ള വിളികളാണ്. മാതാപിതാക്കളുടെ പ്രാർത്ഥനയിൽനിന്നും സ്നേഹജീവിതത്തിന്റെ മാതൃകയിൽ നിന്നുമാണ് ഉത്തമ സമർപ്പിതരുണ്ടാകുന്നത്. കുട്ടികളിൽ ശുശ്രൂഷാജീവിതത്തിനുള്ള താല്പര്യങ്ങൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മാതാപിതാക്കൾ ശ്രദ്ധിക്കണം. ഉത്തമരായ സമർപ്പിതരുടെയും വിശുദ്ധരുടെയും മാതൃകകൾ അവർക്ക് കാട്ടിക്കൊടുക്കണം. സമർപ്പിത ജീവിതത്തെ താറടിച്ചുകാട്ടുന്ന സമകാലീന പ്രവണതകളിൽ കുട്ടികൾ ഉലഞ്ഞുപോകാതിരിക്കാൻ അത്തരം കാര്യങ്ങൾ കുടുംബവേദികളിൽ നിരുൽസാഹപ്പെടുത്തണം.

ഉത്തമരായ അജപാലകരുടെയും സമർപ്പിതരുടെയും സാന്നിധ്യം പോലെ ദൈവ വിളിയെ പ്രചോദിപ്പിക്കുന്ന മറ്റൊന്നും ഇല്ല. വൈദികരും സമർപ്പിതരും കുട്ടികളുമായി ഉത്തമ സൗഹൃദം പുലർത്തുന്നതിനും ശുശ്രൂഷാജീവിതത്തിന്റെ ഭാഗ്യവും സന്തോഷവും അവരുടെ മുന്നിൽ സാക്ഷ്യപ്പെടുത്താൻ മുൻകൈ എടുക്കുകയും വേണം.

**തിന്മകളെ പ്രതിരോധിക്കണം:** കുടുംബങ്ങളുടെ ഭദ്രതയും വ്യക്തികളുടെ നന്മയും കെടുത്തി ക്കളയുന്ന തിന്മകളെ പ്രതിരോധിക്കുന്നത് കുടുംബങ്ങളുടെ ആത്മീയോൽക്കർഷത്തിന് അത്യാവശ്യമാണ്. കലഹപ്രവണത, വൈരാഗ്യം മുതലായവ ആത്മീയതയെ മുഴുവനായി നശി പ്പിക്കുന്നു. ദ്രവ്യാസക്തി മറ്റനേകം തിന്മകളിലേക്ക് നയിക്കുന്നു. മദ്യത്തോടോ ലഹരിയോടോ ഉള്ള ആസക്തി വ്യക്തികളെ കുടുംബങ്ങളിൽ നിന്ന് അകറ്റുന്നു. മൊബൈൽഫോൺ, ഇന്റർനെറ്റ് മുതലായവയോടുള്ള ആശ്രിതത്വം കുടുംബബന്ധങ്ങളുടെ ഊഷ്മളത കെടുത്തി പ്രശ്നങ്ങൾക്ക് വഴിതുറക്കുന്നു. സുഖലോലുപതയും ആഢംബരപ്രിയവും സമ്പത്തിന്റെ ദുർവിനിയോഗത്തിലും ഉപവിക്ക് വിരുദ്ധമായ മനോഭാവങ്ങളിലും കുടുംബങ്ങളെ തളച്ചിടുന്നു. ഇത്തരം പ്രശ്നങ്ങളെ ആരംഭത്തിലേ മനസ്സിലാക്കി ഒഴിവാക്കാൻ കുടുംബങ്ങൾ ജാഗരൂകത കാണിക്കണം.

ദൈവത്തിൽ നിന്ന് മനുഷ്യനെ അകറ്റുന്ന ദർശനങ്ങൾ പടർന്നു പിടിക്കുന്നുണ്ട്. അവി ശ്വാസവും നിർമ്മതത്വവും ജീവിതത്തിന്റെ കൃപയെ നഷ്ടമാക്കുന്നു. അന്ധവിശ്വാസവും പൈശാ ചിക ആരാധനകളും സ്വാധീനം വർദ്ധിപ്പിക്കുന്നു. പ്രത്യക്ഷമായി ലാഭമുള്ള എന്തിന്റെയും പിന്നാലെ പോകുന്ന ദുരാസക്തികളാണ് ഇവയിലേക്ക് വ്യക്തികളെ എത്തിക്കുന്നത്. ഈ വക തിന്മകളെ ആരംഭത്തിൽ തന്നെ കണ്ടെത്തി, വിശ്വാസത്തിന്റെ ചൈതന്യത്തിലേക്ക് വ്യക്തി കളെ തിരികെ കൊണ്ടുവരണം.

## 5. ഉത്തമ ക്രിസ്തീയ കുടുംബത്തിന്റെ സ്വാഭാവിക പ്രതിബദ്ധതകൾ

**സ്നേഹത്തിന്റെ പ്രകാശനം:** കുടുംബത്തിനുള്ളിൽ സ്നേഹം പൂർണ്ണതയിൽ ജീവിക്കാനുള്ള നിരന്തരമായ ശ്രമമാണ് കുടുംബത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ പ്രതിബദ്ധത. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് നാം മുൻപ് ചിന്തിച്ചിട്ടുണ്ട് (അധ്യായം 3).

**സംലഭ്യത:** സാമീപ്യവും സംഭാഷണവും പരസ്പര ശുശ്രൂഷയും വഴി നിരന്തരം അന്യോന്യം സംലഭ്യരാകുക എന്നതാണ് കുടുംബബന്ധങ്ങളെ നിലനിർത്തുന്ന ഘടകം. കഴിയുന്നിടത്തോളം സമയം ഒന്നിച്ച് ചിലവഴിക്കുന്നതിന് കുടുംബാംഗങ്ങൾ ഉൽസുകരാകണം. ഇതിൽ നിന്ന് അവരെ അകറ്റുന്ന എല്ലാ ഘടകങ്ങളെയും - സൗഹൃദങ്ങൾ, വിദൂരബന്ധങ്ങൾ, ഒറ്റതിരിഞ്ഞുള്ള ഉല്ലാ സങ്ങൾ മുതലായി എന്തിനെയും - നിയന്ത്രിക്കുകയും പ്രാർത്ഥന, ഭക്ഷണം മുതലായ സമയങ്ങളി ലെങ്കിലും എല്ലാവരും ഒന്നിച്ചുവരാൻ ഉൽസാഹിക്കുകയും വേണം. കുടുംബത്തിലെ ജോലികളിൽ ഒരുമിച്ച് അദ്ധ്വാനിക്കാനുള്ള അവസരങ്ങൾ മനഃപൂർവ്വം കണ്ടെത്തണം. ആരെങ്കിലും രോഗികളോ പരിചരണം ആവശ്യമുള്ളവരോ ആണെങ്കിൽ അവർക്കുചുറ്റും കുടുംബം ഒരുമിച്ച് നിൽക്കണം.

ശരിയായ സംഭാഷണങ്ങൾ കുറയുന്നതാണ് ഇന്ന് കുടുംബബന്ധങ്ങളുടെ വേരറുക്കുന്ന പ്രധാന അപകടങ്ങളിലൊന്ന്. ഉത്തമ സംഭാഷണങ്ങളുടെ ആരംഭം ശ്രദ്ധയാണ്. സംസാരി ക്കുന്ന ആളിനെ ശ്രദ്ധിക്കണം. കാണണം, കേൾക്കണം, പറയുന്നതിലപ്പുറം പറയാനുള്ളതെ ന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കണം. മനസ്സിലാകുന്നതുവരെ സംസാരിക്കാൻ അനുവദിക്കണം. എല്ലാ പ്രശ്നങ്ങൾക്കും സ്വന്തം കാഴ്ചപ്പാടിൽ നിന്ന് പരിഹാരം നിർദ്ദേശിക്കുന്നത് ഒഴിവാക്കണം.

പരസ്പരം പങ്കുവയ്ക്കുന്ന കാര്യങ്ങളെപ്പറ്റി കുറച്ചുനേരമെങ്കിലും, മൗനമായെങ്കിലും പ്രാർത്ഥിക്കാൻ ശ്രമിക്കണം. പ്രശ്നങ്ങളുണ്ടെങ്കിൽ ദൈവവചനം വായിച്ച് പ്രാർത്ഥിച്ചതിനുശേഷം പരിഹാരത്തെക്കുറിച്ച് ചിന്തിക്കാൻ ശ്രമിക്കണം. സംഭാഷണങ്ങൾ ആശയങ്ങൾ അടിച്ചേൽപ്പിക്കാനാകരുത്.

**ഉല്ലാസവും വിനിമയ മാർഗങ്ങളും:** സന്തോഷത്തിന്റെ സമയങ്ങൾ ഒരുമിച്ചു ചിലവഴിക്കുന്നത് കുടുംബത്തിന്റെ കെട്ടുറപ്പിന് ഏറ്റവും അത്യാവശ്യമാണ്. നന്മയും സന്തോഷവും പങ്കുവയ്ക്കുന്ന അവസരങ്ങൾ കുറയാൻ ഇടയാകരുത്. മാനസികോല്ലാസത്തിന് ഉതകുന്ന ടെലിവിഷൻ പരിപാടികളും മറ്റ് കലാപരിപാടികളും ഒരുമിച്ചിരുന്ന് കാണാം, നല്ല പുസ്തകങ്ങൾ വായിക്കാം, യാത്രകൾ പോകാം, കളികളിലും വിനോദങ്ങളിലും ഏർപ്പെടാം. ഇതെല്ലാം പരസ്പര സ്നേഹം ഉണർത്തുന്ന അനുഭവങ്ങളാണ്. ഒരുമിച്ചു ചിലവഴിക്കാൻ സമയം കുറയുന്ന ആധുനിക കാലത്ത് വിനിമയ മാർഗ്ഗങ്ങൾ വലിയൊരു സഹായമാണ്. കുടുംബാംഗങ്ങൾ എപ്പോഴും ഒരുമിച്ചായിരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകളെ കൂട്ടുപിടിക്കുന്നതിൽ തിന്മയൊന്നും ഇല്ല.

എന്നാൽ ഉല്ലാസവും വിനിമയമാർഗ്ഗങ്ങളും കുടുംബബന്ധങ്ങൾക്കു പുറത്തേക്ക് നയിക്കുന്നവ ആകുമ്പോൾ അവയെ ശ്രദ്ധിച്ചുമാത്രം ഉപയോഗിക്കണം. പ്രത്യേകിച്ച് മൊബൈൽ ഫോൺ ഇന്ന് കുടുംബബന്ധങ്ങളെ നശിപ്പിക്കുന്ന പ്രധാനശക്തിയായി മാറിയിരിക്കുന്നു. കാമ്പും കഴമ്പുമില്ലാത്ത വിദൂരസൗഹൃദങ്ങൾ വ്യക്തികളെ വഴിതെറ്റിക്കുന്നു. പലപ്പോഴും ലൈംഗികമായും വൈകാരികമായും ദുരുപയോഗം ചെയ്യപ്പെടുന്നു. കുടുംബത്തിനു പുറത്തുള്ള വിനിമയങ്ങൾക്ക് ആരോഗ്യകരമായ പരിധികൾ നിശ്ചയിക്കുന്നത് അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ കൗമാരക്കാരുടെ താല്പര്യങ്ങളെ മാതാപിതാക്കൾ സൂക്ഷ്മമായി ശ്രദ്ധിക്കുകയും ഉചിതമായ മാർഗനിർദ്ദേശം നൽകുകയും വേണം.

സിനിമ, ടിവി മുതലായവയിലും ഉത്തമമായവ തെരഞ്ഞെടുക്കുന്നതിനു ശ്രദ്ധിക്കണം. ടെലിവിഷൻ പരിപാടികളിലെ അതിവൈകാരികത പലരും അറിയാതെ ആർജിച്ചെടുക്കുന്ന ജീവിതപാഠമായി മാറുന്നുണ്ട്. അത് ബന്ധങ്ങളെ സംബന്ധിച്ച തെറ്റായ ധാരണകളിലേക്കും എടുത്തുചാടിയുള്ള തീരുമാനങ്ങളിലേക്കും നയിക്കും. അധാർമികവും അക്രമവാസനയുള്ളതും സ്ത്രീകളെ ലൈംഗികവസ്തുക്കളായി ചിത്രീകരിച്ചുമുള്ള പരിപാടികൾ കുടുംബാന്തരീക്ഷത്തിൽ നിന്ന് ഒഴിവാക്കുന്നതാണ് ഉത്തമം. അതുപോലെ വിശ്വാസവിരുദ്ധമായതും അന്ധവിശ്വാസങ്ങൾ പടർത്തുന്നതുമായ ഉല്ലാസപരിപാടികളും ഒഴിവാക്കണം.

**അന്തസ്സും സ്വകാര്യതയും:** വ്യക്തികളുടെ അന്തസ്സിനെ തകർക്കുന്ന ഒന്നും കുടുംബാന്തരീക്ഷത്തിൽ ഉണ്ടാകാൻ പാടില്ല. കുട്ടികൾ മുതൽ മുതിർന്നവർ വരെ എല്ലാവരും മാനിക്കപ്പെടണം. അതുപോലെ കുടുംബബന്ധങ്ങളുടെ ശക്തിയെ നിലനിർത്തുന്ന ഒരു ഘടകം അവയുടെ സ്വകാര്യതയാണ്. കുടുംബത്തിൽ പങ്കുവയ്ക്കപ്പെടേണ്ട വികാരങ്ങളും വാക്കുകളും കുടുംബത്തിന്റെ പരിധിക്കുള്ളിൽ മാത്രമേ പങ്കുവയ്ക്കപ്പെടാവൂ. അത്യാവശ്യ ഘട്ടങ്ങളിൽ പ്രശ്നങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ പോലും കൂടെ ജീവിക്കുന്നവരുടെ അഭിമാനത്തെ വ്രണപ്പെടുത്താതിരിക്കുന്നതിനും രഹസ്യമായിരിക്കേണ്ടവ അങ്ങനെതന്നെ ആയിരിക്കാനും ശ്രദ്ധിക്കണം. ആത്മീയ ഉൽക്കർഷത്തിനുതകുന്ന കാര്യങ്ങൾ മാത്രമേ ആദ്ധ്യാത്മിക പിതാക്കന്മാരോടുപോലും പങ്കുവയ്ക്കേണ്ടതുള്ളൂ.

മുൻപ് സൂചിപ്പിച്ചതുപോലെ കുടുംബത്തിന്റെ അന്തസ്സിനും സ്വകാര്യതയ്ക്കും ഇന്നത്തെ ഏറ്റവും പ്രധാന വെല്ലുവിളി എന്തും ഏതും സോഷ്യൽ മീഡിയായിലും ചാറ്റിംഗിലും പങ്കുവയ്ക്കുന്ന പ്രവണതയാണ്. ശ്രദ്ധിച്ചുതിരുത്തേണ്ട ഒരു തിന്മയാണിത്.

**ആരോഗ്യപരിപാലനം:** ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം നിമിത്തം ആരോഗ്യപരിപാലനം എല്ലാ കുടുംബങ്ങളുടെയും ജാഗ്രത ആവശ്യമുള്ള ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്നു.

കായികാദ്ധ്വാനം ദൈനംദിന ജീവിതത്തിന്റെ ഭാഗമല്ലാതായി മാറിക്കഴിഞ്ഞിട്ടും വ്യായാമത്തെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചും പഴയ ധാരണകൾ തുടരുന്നത് അപകടകരമാണ്. വ്യായാമവും ഭക്ഷണക്രമവും പരസ്പരപൂരകമായി ക്രമീകരിച്ചാൽ ഒട്ടുമിക്ക രോഗങ്ങളും അകന്നുനിൽക്കും. നിത്യജീവിതത്തിന്റെയും തൊഴിലിന്റെയും ഭാഗമായിത്തന്നെ ശാരീരികവ്യായാമത്തിനുള്ള മാർഗങ്ങൾ കണ്ടെത്താൻ സാധിക്കുമെങ്കിൽ അത് ചെയ്യണം. ഫാസ്റ്റ്ഫുഡ് ഉൾപ്പെടെയുള്ള അപകടകരമായ ഭക്ഷണരീതികൾ പരമാവധി ഒഴിവാക്കണം.

രോഗപ്രതിരോധ മരുന്നുകളുടെ ഉപയോഗം ശാസ്ത്രീയമായി നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നടത്തണം. സ്വാഭാവികമായി പ്രതിരോധ ശേഷി ഉയർത്തുന്ന ഭക്ഷണരീതികളും ശീലങ്ങളും കൈക്കൊള്ളണം. അപകട സൂചന കണ്ടാൽ യഥാസമയം ചികിൽസ തേടണം. ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള ചികിത്സാവിധികൾ മാത്രം സ്വീകരിക്കുന്നതാണ് സുരക്ഷിതം.

ആരോഗ്യരംഗത്തെപ്പറ്റി ജനത്തിന് നല്ല അവബോധം ഉണ്ടാക്കാൻ ഉതകുന്ന ബോധവൽക്കരണ ക്ലാസ്സുകൾ, രോഗനിർണ്ണയ ക്യാമ്പുകൾ മുതലായവ ഇടവക തലത്തിൽ സംഘടിപ്പിക്കുന്നത് തീർച്ചയായും നല്ലതാണ്.

**അദ്ധ്വാനം :** കുടുംബത്തിലെ ശാരീരിക സമർപ്പണത്തിന്റെ ഒരു പ്രധാനഭാവമാണ് അദ്ധ്വാനം. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ആരോഗ്യപരിപാലനത്തിനും അത് അത്യാവശ്യമാണ്. കായികാദ്ധ്വാനം വഴി പ്രകൃതിയെ രൂപപ്പെടുത്തുന്നത് മനുഷ്യന് ദൈവം ആദിയിൽ നൽകിയ അവകാശവും ചുമതലയുമാണ്. പ്രത്യേകിച്ചും കുടുംബത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കായി ഒരുമിച്ച് അദ്ധ്വാനിക്കുന്നത് ബന്ധങ്ങളെ കൂടുതൽ ഉറപ്പിക്കാൻ സഹായിക്കുന്നു.

**നീതി:** സ്നേഹംപോലെ കുടുംബങ്ങളുടെ അടിസ്ഥാനഭാവമാണ് നീതി. വ്യക്തികളെ വ്യക്തികളായി ബഹുമാനിക്കുന്ന, അവരുടെ അവകാശങ്ങൾ അന്തസ്സോടെ വിട്ടുനൽകുന്ന, നിലപാടുകൾ കുടുംബത്തിനുള്ളിൽ ഉണ്ടാകണം. സവിശേഷമായി ലിംഗസമത്വം പോലെ സാമൂഹ്യനീതിയുടെ ചില അടിസ്ഥാന ഭാവങ്ങൾ ആദ്യം രൂപം പ്രാപിക്കുന്നത് കുടുംബത്തിനുള്ളിലാണ്. സ്ത്രീകൾ, കുട്ടികൾ, പ്രത്യേകിച്ച് പെൺകുട്ടികൾ, ശാരീരികമായി സവിശേഷതകളോ അവശതകളോ ഉള്ളവർ, വളർച്ചയിൽ പ്രശ്നമുള്ള വ്യക്തികൾ മുതലായവർ വിവേചനമോ പീഡനമോ അനുഭവിക്കുന്ന സാഹചര്യങ്ങൾ ഒന്നുംതന്നെ കുടുംബത്തിനുള്ളിൽ ഉണ്ടാവാൻ പാടില്ല.

സമ്പത്തിന്റെ വിനിയോഗമാണ് നീതിയെ മുൻനിർത്തി തീരുമാനമെടുക്കേണ്ടുന്ന ഒരു പ്രധാനവിഷയം. പൈതൃക സ്വത്തും അദ്ധ്വാനവുമാണ് സ്വത്ത് ആർജിക്കുന്നതിനുള്ള സാധാരണ വഴികൾ. പൈതൃകസ്വത്ത് നേടിയെടുക്കുന്നതിൽ മാതാപിതാക്കളോടും സഹോദരങ്ങളോടുമുള്ള സ്നേഹം മുൻനിർത്തി ബന്ധപ്പെട്ട വ്യക്തികളുടെയും കുടുംബങ്ങളുടെയും സാഹചര്യങ്ങൾ മനസ്സിലാക്കി തീരുമാനം എടുക്കുമ്പോഴാണ് ക്രിസ്തീയമായ നീതി ആയി പരിഗണിക്കു

ന്നത്. അതുപോലെ അദ്ധ്വാനത്തിൽ സത്യസന്ധത പുലർത്താനും കൂടെയുള്ളവരുടെ ഭാരങ്ങൾ പരിഗണിച്ച് വിട്ടുവീഴ്ചകൾ ചെയ്യാനും ശ്രദ്ധിക്കണം. നീതിപൂർവ്വമായി നേടുന്ന സമ്പത്തിലേ ദൈവാനുഗ്രഹമുള്ളൂ. സ്ത്രീധനം പോലെയുള്ള തിന്മകരമായ വ്യവസ്ഥകളിൽ നിന്ന് ഉണ്ടാകുന്ന സാമ്പത്തികനേട്ടം ശാപകരമാണ്.

സമ്പത്ത് വ്യയം ചെയ്യുന്നതിൽ മിതത്വവും ഉപവിയും കാണിക്കേണ്ടത് ക്രിസ്തീയമായ ഉത്തരവാദിത്വമാണ്. കച്ചവടസംസ്കാരം മുന്നിൽ വയ്ക്കുന്ന എല്ലാ ജീവിത സൗകര്യങ്ങളും നമുക്ക് അനുയോജ്യമല്ല. സഹോദരങ്ങൾ ദാരിദ്ര്യമനുഭവിക്കുന്ന സാഹചര്യങ്ങളിൽ സുഖലോലുപത കാട്ടുന്നത് ശിക്ഷയർഹിക്കുന്ന പാപമാണെന്ന് കർത്താവ് പഠിപ്പിച്ചിട്ടുണ്ട് (ലൂക്ക. 16:19-31). സമ്പത്തിനെ ജീവിതത്തിന്റെ ആധാരമായി കണ്ട് അഹങ്കരിക്കുന്നതും ദൈവശിക്ഷ വിളിച്ചു വരുത്തുന്നു (ലൂക്കാ. 12:13-21). സമ്പത്തുള്ളവൻ അതിന്റെ കാവൽക്കാരനായി മാത്രം സ്വയം മനസ്സിലാക്കണമെന്നും മറ്റുള്ളവരുടെ നന്മകൂടി കരുതിമാത്രം അത് ഉപയോഗിക്കണമെന്നും മലങ്കരസഭയുടെ ആരാധനാക്രമവും[1] സഭയുടെ സമകാലീന പ്രബോധനങ്ങളും[2] നമ്മെ പഠിപ്പിക്കുന്നുണ്ട്.

പ്രകൃതിയോടുള്ള സമീപനത്തിൽ ക്രിസ്തീയ നീതി എന്നത് വിഭവങ്ങളുടെ ചൂഷണത്തിൽ കാണിക്കുന്ന മിതത്വവും പ്രകൃതിയെ സംരക്ഷിക്കുന്നതിലുള്ള ഔത്സുക്യവുമാണ്. ഭവന നിർമ്മാണത്തിലും വാഹനങ്ങളുടെ ഉപയോഗത്തിലും മുതൽ കടലാസ്, പ്ലാസ്റ്റിക് മുതലായവ കൊണ്ട് നിർമ്മിച്ച വസ്തുക്കളുടെ ഉപഭോഗത്തിലുംവരെ ശ്രദ്ധാലുക്കൾ ആകേണ്ട ഒരു വിഷയമാണിത്. ഈ വിഷയങ്ങളെക്കുറിച്ച് സഭ എന്ന നിലയിലും സമൂഹം എന്ന നിലയിലും കൂടുതൽ അവബോധം ആർജിക്കേണ്ടതുണ്ട്.

**രാഷ്ട്രവും സമൂഹവും:** പൊതുസമൂഹവുമായുള്ള സഭയുടെ ബന്ധം പ്രധാനമായും കുടുംബങ്ങളിലൂടെയാണ് നിർവഹിക്കപ്പെടുന്നതെന്ന് മുൻ അദ്ധ്യായത്തിൽ നാം കണ്ടിരുന്നു. സഭയുടെ ശബ്ദവും സാക്ഷ്യവുമായി പൊതുസമൂഹത്തിൽ എത്തുന്നത് പ്രധാനമായും ക്രിസ്തീയ കുടുംബങ്ങളിലെ ജീവിതമാണ്. ഉത്തരവാദിത്വമുള്ള, പൊതുനന്മയിൽ താല്പര്യമുള്ള ഉത്തമ പൗരന്മാരെ നാടിന് പ്രദാനം ചെയ്യേണ്ടത് ക്രിസ്തീയ കുടുംബങ്ങളുടെ ഉത്തരവാദിത്വമാണ്.

വിശ്വാസത്തിനും ധാർമ്മികതയ്ക്കും വിരുദ്ധമായ നിയമങ്ങളിൽ ഒഴികെ എല്ലാ കാര്യങ്ങളിലും രാജ്യതാല്പര്യത്തിനനുസരിച്ച് ജീവിക്കാനാണ് കത്തോലിക്കാ വിശ്വാസികളെ ലോകമെങ്ങും സഭ പരിശീലിപ്പിക്കുന്നത്. ദൈവനിയമത്തിനും മനുഷ്യാന്തസ്സിനും വിരുദ്ധമായ നിലപാടുകൾ ലോകനിയമത്തിൽ ഉണ്ടായാൽ അതിനെ സാധ്യമായ വിധത്തിൽ പ്രതിരോധിക്കുന്നതിനും ക്രിസ്ത്യാനിക്ക് കടമയുണ്ട്.

അഴിമതിപോലെയുള്ള സാമൂഹ്യതിന്മകളിൽ പ്രതിസന്ധിയിലായിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ക്രിസ്തീയ കുടുംബങ്ങൾക്കും വ്യക്തികൾക്കും വളരെയേറെ കർത്തവ്യങ്ങൾ നിർവഹിക്കാനുണ്ട്. തിന്മകളെ പ്രതിരോധിക്കാനും, നന്മകളെ ബലപ്പെടുത്താനും പൊതുസമൂഹത്തിനു താങ്ങായിത്തീരാൻ 'ഗാർഹിക സഭകൾക്ക്' സാധിക്കണം. ഉത്തമരായ സാംസ്കാരിക പ്രവർത്തകരെ, ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരെ, ആത്മാർത്ഥതയുള്ള വൈജ്ഞാനികരെ, ജാഗരൂകരായ സൈനികരെ, സത്യസന്ധരായ രാഷ്ട്രീയക്കാരെ, ഊർജസ്വലരായ തൊഴിലാളികളെ, ഉൽസാഹികളായ വിദ്യാർത്ഥികളെ നമ്മുടെ നാടിനു പ്രദാനം ചെയ്യാൻ കൂടിയാണ് നമ്മുടെ കുടുംബങ്ങളിൽ ദൈവം കൃപവർഷിക്കുന്നത്.

## 6. പ്രതിസന്ധികളും പ്രശ്നങ്ങളും

കുടുംബങ്ങളിൽ സാധാരണ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരസ്പരസ്നേഹത്തിലും ധാരണയിലും ഉണ്ടാകുന്ന വീഴ്ചകളാണ്. മിക്ക പ്രശ്നങ്ങളുടെയും കാരണം ലളിതമായിരിക്കും. ദമ്പതികൾ പരസ്പര സംവാദത്തിലും പ്രാർത്ഥനയിലും അവ പരിഹരിക്കുകയാണ് ചെയ്യുക. ഗൗരവമുള്ള പ്രശ്നങ്ങളിൽ കുടുംബത്തിലെ മുതിർന്നവരുടെയോ അജപാലകരുടെയോ സാന്നിദ്ധ്യം സഹായകരമായിരിക്കും. പരിഹാരം നീട്ടിവയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം. രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ പ്രതിസന്ധികളിൽ പതറാതിരിക്കാനുള്ള ബലം കൂടിയാണ് വിവാഹത്തിന്റെ കൗദാശിക കൃപ. ഈ ഭാഗത്ത് അതീവഗൗരവമേറിയ ചില സാഹചര്യങ്ങൾ മാത്രമാണ് നാം സൂചിപ്പിക്കുക. (തുടർന്നുള്ള ചർച്ചാവേദികളിൽ കൂടുതൽ പ്രസക്ത വിഷയങ്ങൾ കൂട്ടിച്ചേർക്കപ്പെടാം).

### *6.1. ദുരുപയോഗത്തിന്റെ അന്തരീക്ഷം*

ജീവിതപങ്കാളികളെയോ മക്കളെയോ കുടുംബത്തിലെ മറ്റു അംഗങ്ങളെയോ വ്യക്തികളായി കണക്കാക്കാതെ തങ്ങളുടെ താല്പര്യങ്ങൾ പൂർത്തീകരിക്കുന്നതിനോ മാനസിക തൃപ്തിക്കോ ഉതുകുന്ന വസ്തുക്കളായി കാണുന്ന മനോനിലയാണ് ദുരുപയോഗത്തിന്റെ അന്തരീക്ഷങ്ങൾ സൃഷ്ടിക്കുന്നത്. ശാരീരികമായോ വൈകാരികമായോ വ്യക്തികൾ ഇത്തരത്തിൽ പീഡിപ്പിക്കപ്പെടാറുണ്ട്. ശാരീരിക പീഡനം ചിലപ്പോൾ ലൈംഗിക സ്വഭാവമുള്ള അക്രമമായും മാറുന്നു.

**സഹായം തേടണം:** പീഡനത്തിന്, ദുരുപയോഗത്തിന്, ഇരയാകുന്നവർ ഉത്തരവാദിത്വമുള്ള മുതിർന്നവരോട് വിഷയം തുറന്ന് സംസാരിക്കുന്നത് തികച്ചും അനിവാര്യമാണ്. സവിശേഷ സാഹചര്യങ്ങളിൽ പെട്ടെന്നുണ്ടായ ഒരു പ്രതികരണം/അനുഭവം ചിലപ്പോൾ വ്യക്തിപരമായി സംസാരിച്ച് പരിഹരിക്കാവുന്നതായിരിക്കും. അതിനപ്പുറമുള്ള ഏത് സാഹചര്യവും ഗൗരവമായിട്ട് കാണണം, സുരക്ഷിതത്വം ഉറപ്പാക്കണം.

ചില വ്യക്തികളിൽ അക്രമപ്രവണതയോ ക്രമംതെറ്റിയ ലൈംഗിക അഭിരുചികളോ വാസനകളായി വികസിച്ചിട്ടുണ്ടാവാം. ഇത് മാനസികരോഗ വിദഗ്ധരുടെ ഇടപെടൽ ആവശ്യമായ വിഷയമാണ്. ആരംഭദശയിൽ ചികിത്സിച്ചാൽ പരിഹാരം എളുപ്പത്തിലുണ്ടാകാം.

ഗൗരവമല്ലാത്ത സ്വഭാവവൈകല്യങ്ങളാണ് അതിക്രമത്തിനു കാരണമാകുന്നതെങ്കിൽ അത് സ്നേഹപൂർവമായ തിരുത്തലിലും വചനത്തിന്റെ പിൻബലമുള്ള ഉപദേശത്തിലും ഒക്കെ പരിഹരിക്കാവുന്നതായിരിക്കാം. വിഷയം കേട്ട് പരിഹാരം നിർദ്ദേശിക്കാൻ താല്പര്യമുള്ള അജപാലകരെയോ വിശ്വാസത്തിലെടുക്കാവുന്ന മുതിർന്നവരെയോ ഇക്കാര്യത്തിൽ ഉൾപ്പെടുത്താം.

**ലൈംഗിക അതിക്രമങ്ങൾ:** ഇണയുടെ ലൈംഗിക വാസനയുടെ നാനാർത്ഥങ്ങളെ, അവ അധാർമ്മികമല്ലെങ്കിൽ, ക്രിയാത്മകമായി സമീപിക്കേണ്ടത് ദാമ്പത്യസ്നേഹത്തിന്റെ ഭാഗമാണ്. പരസ്പരം മനസ്സിലാക്കിയും സ്വപ്നങ്ങൾ പൂർത്തീകരിച്ചും, പുതുമകൾ കണ്ടെത്തിയും പങ്കുവച്ചും ഒക്കെയാണ് വിവാഹത്തിലെ ലൈംഗികത മുന്നോട്ട് പോകുന്നത്. ഒരാൾക്ക് ശീലമില്ലാത്ത എന്തിനോടും എളുപ്പത്തിൽ അറപ്പും വെറുപ്പും കാണിക്കുന്നത് ലൈംഗികതയുടെ

സന്തോഷം കെടുത്തുന്നു. എന്നാൽ, കുറ്റകരവും പ്രകൃതിവിരുദ്ധവുമായ ലൈംഗികതാല്പര്യങ്ങൾ ഇണ പ്രകടിപ്പിക്കുന്നുവെങ്കിൽ, ആവശ്യമെങ്കിൽ വിദഗ്ധനായ ഒരാളുടെ സഹായത്തോടെ പരിഹാരം കണ്ടെത്താൻ ശ്രമിക്കണം.

ഇണയുടെ താല്പര്യവും സമ്മതവും ഇല്ലാതെ നടത്തുന്ന, ബലപ്രയോഗമോ മാനസിക സമ്മർദ്ധമോ ഉൾപ്പെടുന്ന ലൈംഗിക ബന്ധം, ബലാൽക്കാരത്തിനു തുല്യമാണ്. സാഹചര്യങ്ങളുടെ ഗൗരവമനുസരിച്ച് അത് നിയമപരമായി പോലും കുറ്റകൃത്യമാകാം.

**ലൈംഗിക വൈകൃതങ്ങളും പീഡനവും:** ദാമ്പത്യത്തിനു പുറത്ത്, ഒരാൾ കുടുംബത്തിലെ മറ്റൊരാളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന സാഹചര്യങ്ങൾ ഇന്നു വളരെയധികം ചർച്ചചെയ്യപ്പെടുന്നുണ്ട്. ഇത്തരം ഏതു സാഹചര്യത്തിലും ഇരയായിത്തീരുന്ന വ്യക്തിയുടെ സുരക്ഷിതത്വത്തിനുവേണ്ടി കുടുംബമൊരുമിച്ച് ശക്തമായി നിലപാടെടുക്കണം.

ചൂഷണത്തിന് ഇരയാകുന്ന വ്യക്തി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ ചൂഷണത്തിന് നിയമപരമായ ഗൗരവം വളരെയാണ്. ഇത്തരം കാര്യങ്ങൾ അറിവോടെ മറച്ചുവയ്ക്കുന്നത്, സാമൂഹ്യപ്രവർത്തകരുടെയോ നിയമപാലകരുടെയോ സഹായം തേടാതിരിക്കുന്നത്, നിയമപരമായി കുറ്റകൃത്യമാണ്. പ്രശ്നം ഗൗരവമുള്ളതാണെങ്കിൽ ഒരിക്കലും സഹായം തേടാതിരിക്കരുത്.

ഇക്കാര്യത്തിൽ ഭാരത കത്തോലിക്കാ മെത്രാൻ സംഘവും (CBCI) കേരള കത്തോലിക്കാ മെത്രാൻ സമിതിയും (KCBC) നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ ക്രിസ്തീയ സ്ഥാപനങ്ങൾ പഠിക്കുകയും നടപ്പിൽ വരുത്തുകയും വേണം.

അക്രമം പ്രവർത്തിക്കുന്ന ആളും ബന്ധുവായതുകൊണ്ട് അയാളെയും സംരക്ഷിക്കേണ്ട വൈകാരിക ബാധ്യത പലപ്പോഴും കുടുംബങ്ങൾ അനുഭവിക്കുന്ന വലിയൊരു വിഷമവൃത്തമാണ്. ശിശുരതി പോലെ അപകടകരവും മനുഷ്യത്വവിരുദ്ധവുമായ കുറ്റവാസനകൾ കാണിക്കുന്നവരെ മറച്ചുപിടിക്കുന്നത് ഹീനമായ കുറ്റകൃത്യം തന്നെയാണ്. കുറഞ്ഞപക്ഷം അവർക്ക് അവരുടെ വൈകല്യം പരിഹരിക്കാൻ ഉതകുന്ന വിദഗ്ധസഹായം ലഭിക്കാനുള്ള മാർഗങ്ങളെങ്കിലും താമസംവിനാ കണ്ടെത്തണം. ഗൗരവമുള്ള ഏതുസാഹചര്യത്തിലും നിയമസഹായം തേടണം.

നിയമപരമായി കുറ്റമാകാത്ത ലൈംഗിക വൈകൃതങ്ങളുടെ കാര്യത്തിലും സാഹചര്യങ്ങളുടെ ഗൗരവം കണക്കിലെടുത്തുള്ള പരിഹാരം നിശ്ചയമായും അന്വേഷിക്കേണ്ടതാണ്.

**കുടുംബത്തിൽ ഒരാൾ ഇരയാകുമ്പോൾ:** ലൈംഗികമായ വിഷയങ്ങളിൽ സാമൂഹ്യമായ വിലക്കുകൾ (Social taboos) വളരെയധികമുള്ള നാടാണ് ഭാരതം. ഇതിന്റെ ഉപോല്പന്നമാണ് ലൈംഗികതയുമായി ബന്ധമുള്ള എല്ലാവിഷയങ്ങളും മറച്ചുവയ്ക്കൽ. ലൈംഗിക പീഡനത്തിന്റെ കാര്യത്തിൽ ഇത് മിക്കപ്പോഴും അതിക്രമങ്ങൾ വർദ്ധിക്കുന്നതും ഇരകൾ മൗനം പാലിക്കുന്നതിനും ഇടയാക്കുന്നു.

ലൈംഗികമായ പ്രശ്നങ്ങളും പ്രയാസങ്ങളും തുറന്നു സംസാരിക്കുന്ന സ്വാതന്ത്ര്യം കുടുംബത്തിൽ, സ്വകാര്യതയെ മാനിച്ചുകൊണ്ടുതന്നെ, ഉണ്ടാക്കിയെടുക്കേണ്ട ഒന്നാണ്. പ്രത്യേകിച്ച് മാതാപിതാക്കളും മക്കളും തമ്മിൽ അവരുടെ സ്വകാര്യ സംഭാഷണങ്ങളിൽ ആരോഗ്യകരമായി ലൈംഗികതയെക്കുറിച്ച് സംസാരിക്കാനുള്ള ഇടങ്ങൾ ഉണ്ടാകണം. ശരീരത്തെയും ലൈംഗികതയെയും കുറിച്ചുള്ള സംശയങ്ങളെ ഗൗരവമായിത്തന്നെ പരിഗണിച്ച് ദൂരീകരിക്കാൻ ശ്രമിക്കണം. ഇത്തരമൊരു സ്വാതന്ത്ര്യം കുട്ടികൾക്കുണ്ടാകുന്നതിന്റെ ഏറ്റവും വലിയ ഗുണം,

ഭവനത്തിനകത്തോ പുറത്തോ എന്തെങ്കിലും ദുരനുഭവമുണ്ടായാൽ കുട്ടികൾ അത് തുറന്നുപറയാൻ ധൈര്യം കാണിക്കും എന്നതാണ്.

നിയമപരമായ കുറ്റകൃത്യം നടന്നിട്ടുണ്ടെങ്കിൽ കുടുംബത്തിന്റെ അന്തസ്സിനെപ്രതി അത് മറച്ചുവയ്ക്കരുത്. വ്യക്തിപരമായ പ്രതികാരനടപടികളിലേക്ക് നീങ്ങുകയുമരുത്. നിയമപരമായ സഹായം തേടണം. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെ നടക്കുന്ന അക്രമങ്ങളിൽ ആവശ്യമായ നിയമസഹായം എത്തിക്കാൻ പ്രത്യേക ഗവൺമെന്റ് സംവിധാനങ്ങളും നിയമവേദികളും നിലവിലുണ്ട്.

ലൈംഗികമായ അതിക്രമത്തിനിരയാകുന്ന വ്യക്തി അനുഭവിക്കുന്ന ആത്മീയവും വൈകാരികവുമായ മുറിവുകൾ ഒരിക്കലും ശ്രദ്ധിക്കാതിരിക്കരുത്. പൂർണസൗഖ്യത്തിനുതകുന്ന എല്ലാ സഹായവും നൽകുകയും ആ വ്യക്തിയെ സ്വാഭാവിക ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരികയും വേണം.

**തണലിടങ്ങളെ ശ്രദ്ധിക്കുക:** കുട്ടികൾ ദുരുപയോഗത്തിനിരയാകുന്ന ഇടങ്ങൾ മിക്കപ്പോഴും അവർക്ക് സ്വാഭാവികമായ തണൽ നൽകേണ്ട ഇടങ്ങളാണെന്ന ഒരു ദുരന്ത വൈരുധ്യമുണ്ട്. അടുത്ത ബന്ധുക്കൾ, അധ്യാപകർ, ആത്മീയഗുരുക്കന്മാർ എന്നിവരിൽ നിന്നും ദുരുപയോഗമുണ്ടാകാം. സ്വാഭാവിക വാൽസല്യ പ്രകടത്തിനപ്പുറം താല്പര്യങ്ങൾ ആരെങ്കിലും കുട്ടികളുടെ കാര്യത്തിൽ കാണിക്കുന്നെങ്കിൽ മാതാപിതാക്കൾ അതു ശ്രദ്ധിക്കേണ്ടതാണ്. അതേ സമയം തുറന്ന സൗഹൃദബന്ധങ്ങൾ കുഞ്ഞുങ്ങൾക്കുണ്ടാകുന്നതിനെ പ്രോത്സാഹിപ്പിക്കുകയും വേണം.

**വൈകാരിക അതിക്രമങ്ങൾ:** കുടുംബത്തിനുള്ളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന അക്രമം ശാരീരികമോ ലൈംഗികമോ അല്ല, വൈകാരികമാണ്. വെറുപ്പിന്റെയും അവഗണനയുടെയും അടയാളങ്ങൾ തുടർച്ചയായി നൽകി വ്യക്തികളെ വൈകാരികമായി മുറിപ്പെടുത്തുന്നതാണത്. ഇരയാകുന്നത് ജീവിതപങ്കാളികളോ, മക്കളോ, മാതാപിതാക്കളോ ഒക്കെ ആകാം. മുറിവുണ്ടാക്കുന്ന തരത്തിൽ ആരെങ്കിലും ആരോടെങ്കിലും അകൽച്ച കാണിക്കുന്നെങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ സംഭാഷണങ്ങൾ, കൗൺസിലിംഗിന്റെ പിൽബലത്തോടെയോ അല്ലാതെയോ, ഉണ്ടാകണം. പ്രത്യേകിച്ചും ജീവിതപങ്കാളിയോട് തുടർച്ചയായി അവഗണനയും വെറുപ്പും കാണിക്കുന്നതും, കുട്ടികളോട് ക്രൂരതകാട്ടുന്നതും നിയമപരമായി വിവാഹബന്ധം വേർപെടുത്തുന്നതിനു മതിയായ കാരണങ്ങളാണ്.

**അഡിക്ഷൻ (ആശ്രിതത്വം/ആസക്തി):** വ്യക്തികളുടെ ആരോഗ്യം തകർത്ത് കുടുംബങ്ങളെ ദുരിതത്തിലാക്കുന്ന പുകയിലയുടെ ദുരുപയോഗം മുതൽ, മനുഷ്യന്റെ മാനസികാരോഗ്യത്തെയും മാനുഷികമായ കഴിവുകളെയും ആദ്യം തന്നെ നശിപ്പിച്ച് ഗൗരവമായ ആരോഗ്യപ്രതിസന്ധികളും അപകടങ്ങളും സൃഷ്ടിക്കുന്ന ലഹരിവസ്തുക്കൾവരെ, ആശ്രിതത്വത്തിന്റെ വിവിധ രൂപങ്ങളെ നാം നേരിടേണ്ടിയിരിക്കുന്നു.

കുടുംബ ജീവിതത്തിന്റെ ഭദ്രതയെയും, മന:സമാധാനത്തെയും, സ്വച്ഛതയെയും, ആദ്ധ്യാത്മീക ജീവിതത്തെയും അടിമുടി തകിടം മറിക്കുന്നതിൽ മദ്യപാനം എന്ന മഹാവിപത്തിന്റെ പങ്ക് വളരെ വലുതാണ്. മദ്യപാനം എത്രമാത്രം അധാർമ്മികവും, നീചവുമായ പ്രവർത്തികളിലേക്ക് ഒരുവനെ നയിക്കുന്നുവെന്ന് കൂടാരത്തിന് മുമ്പിൽ നഗ്നനായി കിടക്കുന്ന നോഹയെയും (ഉല്പ 9:20-27) മത്തുപിടിച്ച ലോത്തിനോടൊപ്പം കിടക്ക പങ്കിടുന്ന സ്വന്തം പെൺമക്കളുടെയും

(ഉല്പ 19:31-38) ചിത്രങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. വിജ്ഞാന ഗ്രന്ഥകാരൻ മദ്യപാനത്തെ നിശിതമായി അപലപിക്കുന്നു (സുഭാ: 23: 20, 21, 35) മദ്യം കലഹക്കാരനാണെന്നും അതിനടിമ പ്പെടുന്നവൻ വിവേകശൂന്യനായിത്തീരുന്നുവെന്നും (സുഭാ 20:1) പഠിപ്പിക്കുന്നു. "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ് ദുർബലമാകുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്ന് നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധി ക്കുവിൻ" (ലൂക്കാ 21:34) എന്ന് യേശുനാഥൻ അരുളിചെയ്യുന്നു. എല്ലാ തിന്മകളുടെയും പെറ്റ മ്മയും പോറ്റമ്മയുമാണ് മദ്യം എന്ന് രാഷ്ട്രപിതാവ് ഉദ്ബോധിപ്പിക്കുന്നു. മദ്യാസക്തി ഒരു രോഗമാണെന്ന് 1956-ൽ ലോകാരോഗ്യസംഘടനയും (WHO) 1957-ൽ അമേരിക്കൻ സൈക്കാ ട്രിസ്റ്റ് അസോസിയേഷനും (APA) പ്രഖ്യാപിച്ചു. മദ്യപാനം ആരോഗ്യത്തിന് ഹാനികരവും, മാനസിക തകർച്ചയ്ക്ക് വഴിവയ്ക്കുന്നതും, ആത്മീയ മുരടിപ്പുണ്ടാക്കുന്നതും, അനവധി സാമൂ ഹിക തിന്മകളിലേക്ക് നയിക്കുന്നതും, കുടുംബഭദ്രതയെ തകർക്കുന്നതും, സാമ്പത്തികാടി ത്തറയെ തകിടംമറിക്കുന്നതുമാകുന്നു. നമ്മുടെ രാജ്യത്തു നടക്കുന്ന കൊലപാതകങ്ങളിലും അക്രമ പ്രവർത്തികളിലും മദ്യത്തിന്റെ സ്വാധീനം എത്ര വലുതാണ് എന്ന് എല്ലാവർക്കും അറിയാം. മദ്യപാനം അനേക കുടുംബങ്ങളെ തകർത്തിട്ടുണ്ട്; ഇന്നും അത് തുടരുന്നു. അതിനാൽ ഇതി നെക്കുറിച്ചുള്ള ശരിയായ ബോധവത്കരണ പ്രവർത്തനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്.

പുകയിലയുടെയും ലഹരിവസ്തുക്കളുടെയും ദോഷവശങ്ങളെപ്പറ്റി ബോധവൽക്കരണം തുടർന്നുകൊണ്ടിരുന്നേ മതിയാവൂ. മാനസികവും ശാരീരികവുമായി അവയുണ്ടാക്കുന്ന ദോഷ ങ്ങളും, മാന്യതയുടെ നഷ്ടവും, വ്യക്തിയുടെ സാധ്യതകൾ പരിമിതപ്പെടുത്തുന്നതും, സാമ്പ ത്തികമായ ക്ലേശങ്ങളുണ്ടാക്കുന്നതും, ബന്ധങ്ങളിൽ തകർച്ചയ്ക്ക് വഴിവയ്ക്കുന്നതും എല്ലാം അടിക്കടി സംഭാഷണവിഷയങ്ങളാകണം.

യുവാക്കളിൽ സ്വഭാവത്തിനോ ലക്ഷ്യബോധത്തിനോ സാമൂഹിക ഇടപെടലുകളിലെ പൊതുരീതികൾക്കോ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ മാതാപിതാക്കൾ ശ്രദ്ധിക്കണം. മയക്കു മരുന്നിന്റെ ഉപയോഗം തുടക്കത്തിൽ തിരിച്ചറിഞ്ഞാൽ പ്രതിരോധിക്കാൻ എളുപ്പമാണ്.

ആവശ്യമായ സാഹചര്യങ്ങളിൽ ഡീ-അഡിക്ഷനുള്ള സാങ്കേതികസഹായം നൽകാൻ ഇന്ന് ക്രമീകരണങ്ങളുണ്ട് അവ സ്വീകരിക്കണം.

ലഹരിക്ക് അടിമപ്പെട്ട വ്യക്തികൾ ഉള്ള കുടുംബങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന അരക്ഷിതത്വം, സാമ്പത്തിക പരാധീനത, കുട്ടികളുടെ വൈകാരിക അനാഥത്വം മുതലായവ കഴിയുന്നിടത്തോളം പരിഹരിക്കാൻ അജപാലകരും ഇടവകസമൂഹങ്ങളും ക്രിയാത്മകമായി ഇടപെടണം.

**ആശ്രിതത്വത്തിന്റെ നവീനമുഖങ്ങൾ:** നവമാധ്യമ കാലത്തിന്റെ സൃഷ്ടിയാണ് ഇന്റർനെറ്റി നോടും മൊബൈൽ ഫോണിനോടും ഡിജിറ്റൽ ഗെയിമുകളോടും ഉള്ള ആശ്രിതത്വങ്ങൾ. മാന സികമായ അവമാനവീകരണമാണ് (dehumanization) ഇതിന്റെ മൊത്തത്തിലുള്ള ഫലം. സ്വാഭാ വികമായ മനുഷ്യബന്ധങ്ങൾക്ക് വിലകല്പിക്കാത്ത അവസ്ഥയിലേക്കും, പിന്നീട് സ്വാഭാവിക ബന്ധങ്ങൾ സാധ്യമല്ലാത്ത അവസ്ഥയിലേക്കും വ്യക്തികൾ വീണുപോകുന്നു.

കുട്ടിക്കാലം മുതലേ മൊബൈൽഫോൺ കളിക്കാൻ നൽകുന്ന മാതാപിതാക്കൾ അവർ കുട്ടികളോട് ചെയ്യുന്ന ദ്രോഹം മനസ്സിലാക്കുന്നില്ല. മൊബൈൽഫോൺ കുട്ടികളുടെ ഉപയോ ഗത്തിനുള്ളതല്ല. അതിന്റെ സ്ക്രീൻ കുട്ടികളുടെ കണ്ണുകൾക്ക് സ്ഥിരമായ വൈകല്യമുണ്ടാക്കു

കയും അവയിൽ നിന്നുള്ള വികിരണങ്ങൾ അവരുടെ ലോലമായ ആന്തരികാവയവങ്ങൾക്ക് ദോഷം ചെയ്യുകയും ചെയ്യും. മാനസികമായ പ്രശ്നങ്ങൾ ബാല്യം മുതൽ കണ്ടുതുടങ്ങും.

കൂട്ടുകാരോടൊപ്പം കളിക്കുന്ന മാനസികോല്ലാസത്തിൽ നിന്നും, അടുത്തുനിൽക്കുന്ന ആളുമായി സംസാരിക്കുന്നതിലുള്ള ഊഷ്മളതയിൽ നിന്നുമെല്ലാം പിന്മാറി ഒരു ശബ്ദമോ എഴുതിയ വാക്കോ മാത്രം വികാരങ്ങളെ (നല്ലതും ചീത്തയുമായ വികാരങ്ങളെ) ഉദ്ദീപിപ്പിക്കുന്ന ഒരു സാങ്കൽപിക ലോകമാണ് സാമൂഹ്യമാധ്യമ വേദി. ഇതു നൽകുന്ന സാങ്കല്പിക സംതൃപ്തിയിലേക്ക് വ്യക്തികൾ പിന്മാറുകയാണ് വിനിമയോപാധികൾക്ക് അഡിക്റ്റാകുമ്പോൾ സംഭവിക്കുന്നത്. മാനുഷികമായ നന്മകളെ ഒന്നൊന്നായി നശിപ്പിക്കുന്ന ഈ വിപ്ലവത്തിന്റെ ലക്ഷണങ്ങൾ കണ്ടാലുടനെ വ്യക്തികൾക്ക് ആവശ്യമായ ഉപദേശവും സഹായവും നൽകി ഇതിൽ നിന്ന് പിന്തിരിപ്പിക്കണം.

### *6.2. പരിചരണം ആവശ്യമുള്ള വ്യക്തികൾ*

രോഗികളുടെയും ഭിന്നശേഷിക്കാരുടെയും വയോധികരുടെയും പരിചരണത്തെക്കുറിച്ചുള്ള പൊതുതത്വങ്ങൾ നാലാം അദ്ധ്യായത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. ഓരോ വിശ്വാസ സമൂഹത്തിന്റെയും പശ്ചാത്തലത്തിൽ അവയ്ക്കുള്ള പ്രായോഗിക സാധ്യതകൾ ചർച്ച ചെയ്ത് തീരുമാനിക്കണം.

ഇക്കാര്യത്തിൽ ആത്മീയ ശ്രദ്ധ കുറഞ്ഞുപോകാതെ കാക്കണം. അജപാലകരും ഇടവക സമൂഹങ്ങളും ഇത്തരം വ്യക്തികൾ ഉള്ള കുടുംബങ്ങൾ അനുഭവിക്കുന്ന ക്ലേശങ്ങളിൽ ഔദാര്യത്തോടെ പങ്കുചേരുകയും അവരോടൊപ്പം ചേർന്ന് പ്രാർത്ഥിക്കുകയും കൂദാശപരമായ അനുധാവനം നന്നായി ക്രമീകരിക്കുന്നതിൽ ശ്രദ്ധിക്കുകയും വേണം.

വാർദ്ധക്യത്തിൽ ഏകാന്തരായിപ്പോകുന്നവരെ നിരന്തരം ശ്രദ്ധിക്കുന്നതിന് ഓരോ ഇടവകക്കും തങ്ങളുടെ സാഹചര്യമനുസരിച്ച് ഒരു കോമൺ മിനിമം പ്രോഗ്രാം ഉണ്ടാകുന്നത് നല്ലതായിരിക്കും.

പരാശ്രയത്തിൽ ജീവിക്കുന്നവർ മാനസികമായി സന്തുഷ്ടരായിരിക്കാൻ സവിശേഷ ശ്രദ്ധ വേണം. തങ്ങൾ സ്നേഹിക്കപ്പെടുന്നുണ്ടെന്നും മാനിക്കപ്പെടുന്നുണ്ടെന്നും അവർക്ക് തോന്നണം. മാനസികോല്ലാസത്തിന് ഓരോ ഭവനത്തിനും സാധ്യമായ മാർഗങ്ങൾ അവർക്ക് നൽകണം (പ്രത്യേകം ടെലിവിഷൻ ക്രമീകരിക്കുക മുതലായ കാര്യങ്ങൾ) മുതിർന്നവർക്കും രോഗികൾക്കും ആവശ്യമായ സൗകര്യങ്ങൾ കഴിയുന്നിടത്തോളം വീടുകളിൽ ഉൾപ്പെടുത്തണം. പ്രഥമശുശ്രൂഷയ്ക്കുതകുന്ന സാധനങ്ങൾ വീട്ടിൽ കരുതണം. മുതിർന്നവർ ഉള്ള കുടുംബങ്ങളിൽ വീൽചെയർ ഉപയോഗിക്കാവുന്ന ഒരു വാതിലും ഒരുമുറിയുമെങ്കിലും ക്രമീകരിക്കുന്നതിനെക്കുറിച്ചും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ സാധ്യതയനുസരിച്ച് ഉല്ലസിക്കാൻ ഉള്ള ഇടം ഒരുക്കുന്നതിനെപ്പറ്റിയും സാധ്യമെങ്കിൽ ചിന്തിക്കണം. എല്ലാറ്റിലുമുപരി കുടുംബ പ്രാർത്ഥന അവരോടൊപ്പമാക്കുന്നത് ഏറ്റവും ഉചിതമായിരിക്കും.

### *6.3. മരണം*

മരണാസന്നർക്കുള്ള ശുശ്രൂഷകളെക്കുറിച്ചും മരിച്ചവരോടുള്ള കടമകളെക്കുറിച്ചും പ്രാഥമിക ആശയങ്ങൾ നാം നാലാം അദ്ധ്യായത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.

അപ്രതീക്ഷിതമായ മരണങ്ങൾ മിക്കപ്പോഴും കുടുംബങ്ങളെ പിടിച്ചുകുലുക്കുന്ന പ്രതിസന്ധികളാണ്. റോഡ് ആക്സിഡന്റുകൾ, അവിചാരിതമായി പ്രത്യക്ഷപ്പെടുന്ന മാരകരോഗങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ ഇങ്ങനെ അനവധി സാഹചര്യങ്ങളിൽ കുട്ടികളും ചെറുപ്പക്കാരും ഉൾപ്പെടെയുള്ളവർ പെട്ടെന്ന് വേർപെട്ടുപോകുന്ന അവസ്ഥകൾ കുടുംബങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു.

യേശുവിന്റെ ജീവിതത്തിന്റെ ആരംഭം ഒരു ദേശത്തെ മുഴുവൻ വിലാപത്തിലേക്ക് ഉണർത്തിയ കൊടുംക്രൂരതയുടെ നടുവിലായിരുന്നു. യൗവ്വനത്തിന്റെ നിറവിൽ ചോരപ്പാടണിഞ്ഞ ഒരു മരണമാണ് അവിടുത്തെ കാത്തിരുന്നതും. അപ്രതീക്ഷിതമായ മരണം ദൈവത്തിന്റെ ശിക്ഷയല്ല; അവിടുന്ന് നമ്മെ മറക്കുന്നതിന്റെ അടയാളവുമല്ല. എത്ര കടുത്തവേദനയിലും രക്ഷയുടെ വഴികൾ ഒരുക്കാൻ ദൈവം ശക്തനാണെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. നിരാശയിൽ ദൈവത്തിൽ നിന്ന് അകന്നുനിൽക്കുന്നതിനോ അനാവശ്യമായ കുറ്റബോധങ്ങൾ ചുമന്ന് ജീവിതം നരകമാക്കുന്നതിനോ ഇത്തരം സന്ദർഭങ്ങൾ കാരണമാകരുത്. ആശ്വസിപ്പിക്കുന്നതിനും ഭാരം വഹിക്കുന്നതിനും ജീവിതത്തിന്റെ പുതുവഴികൾ ഒരുമിച്ചുള്ള പ്രാർത്ഥനയിൽ കണ്ടെത്തുന്നതിനും അജപാലകരും വിശ്വാസസമൂഹവും ഇത്തരം കുടുംബങ്ങളോട് ചേർന്നുനിൽക്കണം.

കുടുംബത്തിൽ സാമ്പത്തിക പരാധീനതയുണ്ടാക്കിയാണ് ഇത്തരം ദുരനുഭവങ്ങൾ വരുന്നതെങ്കിൽ അവരെ സഹായിക്കുന്നതിൽ ഇടവകസമൂഹം പ്രത്യേക പരിഗണന കാണിക്കണം.

ആത്മഹത്യകൾ പെരുകിവരുന്ന ഇക്കാലത്ത് മരിച്ചുപോയവർ ജീവിച്ചിരിക്കുന്നവരിൽ അവശേഷിപ്പിച്ചുപോകുന്ന വലിയ മുറിവുകൾ കാണാതിരിക്കരുത്. ആത്മീയവും മാനസികവുമായ സ്വാസ്ഥ്യം ലഭിക്കുന്നതുവരെ സവിശേഷമായ ശ്രദ്ധയും പരിചരണവും ഈ കുടുംബങ്ങൾക്ക് ലഭിക്കേണ്ടതാണ്. ആത്മഹത്യ ചെയ്യുന്നവരെപ്രതി കുടുംബാംഗങ്ങൾ അപമാനവും ശിക്ഷയും അനുഭവിക്കേണ്ടിവരുന്നത് അത്യന്തം വേദനാജനകവും സുവിശേഷവിരുദ്ധവുമാണ്. മുൻപുണ്ടായിരുന്ന നാട്ടാചാരങ്ങളിലും സഭാ നിയമങ്ങളിലും ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി ഈ മാറ്റങ്ങളെ ഏറ്റവും മികച്ച രീതിയിൽ ഉപയോഗിക്കാൻ അജപാലകർ ബാദ്ധ്യസ്ഥരാണ്.

ജീവിതപങ്കാളിയെ നഷ്ടപ്പെടുന്നവർ മക്കളോടൊപ്പമോ അല്ലാതെയോ ജീവിതത്തിന്റെ പുതിയ ഒരു വഴിയിലേക്ക് കാൽവയ്ക്കുന്നവരാണ്. ദൈവവചനം വിധവകളുടെ സംരക്ഷണത്തെക്കുറിച്ച് ധാരാളം സംസാരിക്കുന്നത് ഈ ജീവിതാനുഭവത്തിന്റെ കാഠിന്യം ഉൾക്കൊണ്ടുകൊണ്ടാണ്. അവരുടെ പ്രാർത്ഥനയെയും ദൈവാനുഭവത്തെയും വ്യക്തിബന്ധങ്ങളെയും എല്ലാം ആഴത്തിൽ സ്വാധീനിക്കുന്ന ഒരു അനുഭവമാണത്. ഏകാന്തതയുടെ പലവശങ്ങളെയും മറികടക്കാൻ കുടുംബത്തിൽ സ്വാഭാവികമായ വഴികൾ ഉണ്ടാകാമെങ്കിലും എല്ലാ വശങ്ങളും പരിഹരിക്കപ്പെടുന്നില്ല.

ഇവരുടെ സഹനങ്ങളെ ദൈവകൃപകൊണ്ട് നിറയ്ക്കാനാണ് വചനവും ആദിമ ക്രൈസ്തവ സമൂഹവും നമ്മെ പഠിപ്പിക്കുന്നത്. വൈധവ്യം ആദിമസഭയിൽ ഒരു സവിശേഷ ശുശ്രൂഷാസ്ഥാനമായി നിശ്ചയിക്കപ്പെട്ടിരുന്നു. വിധവകൾക്ക് സഭയിൽ നിന്ന് ജീവനാംശത്തിനുള്ള അവകാശം മാത്രമല്ല, പ്രാർത്ഥനാ കൂട്ടായ്മകളിൽ പ്രത്യേകസ്ഥാനവും അവകാശങ്ങളും ഉണ്ടായിരുന്നു.

ശാരീരിക ഏകാന്തതയെ മറികടക്കാനുള്ള ഏറ്റവും എളുപ്പമുള്ള വഴി ശാരീരിക പുണ്യപ്രവർത്തികളുടെ അനുഷ്ഠാനമാണ്. പ്രായവും ശേഷിയും അനുസരിച്ച് ശുശ്രൂഷയുടെ പുതിയ മേഖലകൾ ഏറ്റെടുക്കുന്നത് കൂടുതൽ അർത്ഥപൂർണ്ണമായി പ്രാർത്ഥിക്കുന്നതിനും ജീവിക്കുന്നതിനും സഹായിക്കും. ഇടവകയുമായി ബന്ധപ്പെട്ട കൂടുതൽ ഉത്തരവാദിത്വങ്ങളിലേക്കും ഇവരെ സാഹചര്യങ്ങൾ അനുവദിക്കുന്നെങ്കിൽ ചേർത്തുനിർത്താവുന്നതാണ്.

**മരണാനന്തരകർമ്മങ്ങളും ഓർമ്മദിവസങ്ങളും:** മരിച്ചവരോട് സ്നേഹം പ്രകടിപ്പിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും മാത്രമല്ല, അവരെപ്രതി നന്മപ്രവർത്തികൾ ചെയ്യുന്നതിനും കൂടിയുള്ള അവസരങ്ങളാക്കി മാറ്റണം. ആനീദേ ഞായറാഴ്ചയും ദുഃഖശനിയാഴ്ചയുമെങ്കിലും പൊതു അനുസ്മരണങ്ങൾ നടത്തുന്ന കാര്യം അജപാലകർ സജീവമായി ശ്രദ്ധിക്കുകയും വേണം.

**സെമിത്തേരികൾ** ആത്യന്തികമായ ക്രിസ്തീയ പ്രത്യാശയെ സൂചിപ്പിക്കുന്ന ഇടങ്ങളായിരിക്കാൻ ദൈവജനത്തിന്റെയും ശുശ്രൂഷകരുടെയും ശ്രദ്ധ ആവശ്യമാണ്. പരേതരെ ഇടയ്ക്കിടെ സന്ദർശിക്കുന്നതിനും അവരുടെ വിശ്രമസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും കുടുംബങ്ങൾ ശ്രദ്ധിക്കണം. മരിച്ചവർക്ക് വേണ്ടിയുള്ള പൊതുപ്രാർത്ഥനയുടെ അവസരങ്ങൾക്ക് മുന്നോടിയായിട്ടെങ്കിലും സെമിത്തേരി പരിസരങ്ങളുടെ ശുചീകരണവും അത്യാവശ്യമായ കേടുപോക്കലും നടക്കണം.

ജനസാന്ദ്രതയേറിയ നാടുകളിൽ എല്ലാ ഇടവകകൾക്കും പരമ്പരാഗത സെമിത്തേരി സാധ്യമല്ലാതെ വരുന്നുണ്ട്. ക്രിസ്തീയമായും മാന്യമായും മരിച്ചവരെ സംസ്കരിക്കാൻ പല ഇടവകകൾക്ക് പൊതുവായി ഇടങ്ങൾ ക്രമീകരിക്കുന്നതിന് കൂട്ടായ പരിശ്രമവും പൊതുനിർദ്ദേശങ്ങളും വേണം.

### *6.4. വേർപിരിവും സിവിൽ വിവാഹമോചനവും*

ഇക്കാര്യത്തിലും പൊതുതത്വങ്ങൾ മുൻപ് വിശദീകരിച്ചിട്ടുണ്ട് (അധ്യായം 3). *അമോരിസ് ലെത്തീസ്യ*യും അതിനുശേഷം വന്ന നൈയാമിക മാറ്റങ്ങളും ഉൾക്കൊണ്ട് വിശദമായ പ്രായോഗിക സമീപനം രൂപപ്പെടുത്തണം.

വേർപിരിഞ്ഞു ജീവിക്കുന്നവരും നൈയ്യാമികമായി ബന്ധം പിരിഞ്ഞവരും സമൂഹത്തിലോ സഭാ ജീവിതത്തിലോ പിന്തള്ളപ്പെട്ടുപോകാതിരിക്കാൻ സവിശേഷശ്രദ്ധ ആവശ്യമാണ്. അവർക്ക് സ്വന്തമായി ജീവിതം രൂപപ്പെടുത്താനുള്ള സാഹചര്യങ്ങൾ, ഭവനം, തൊഴിൽ, വരുമാനം, സുരക്ഷിതത്വം എല്ലാം ലഭിക്കാൻ പ്രയാസമുണ്ടെങ്കിൽ അവ ക്രമീകരിച്ചുകൊടുക്കാൻ സഭാ കൂട്ടായ്മകൾ ശ്രദ്ധിക്കണം.

ഒറ്റയ്ക്ക് കുഞ്ഞുങ്ങളെ വളർത്തുന്ന മാതാവിനോ പിതാവിനോ ആവശ്യമായ ധാർമ്മിക പിന്തുണയും സഹായവും നൽകാൻ നമ്മുടെ വിദ്യാലയങ്ങളിലും ഇടവകകളിലും സവിശേഷമായ ക്രമീകരണങ്ങൾ വേണം.

### *6.5. വിശ്വാസപരമായ വെല്ലുവിളികൾ*

കുടുംബത്തിലെ ഒരംഗമോ ചിലരോ വിശ്വാസജിവിതം ഉപേക്ഷിക്കുന്ന സാഹചര്യമുള്ള കുടുംബങ്ങൾ, പല സഭാവിഭാഗങ്ങളിൽ ദൈവാരാധന നടത്തുന്നവർ ഒരുമിച്ചുള്ള കുടുംബങ്ങൾ, പലമതത്തിൽ വിശ്വസിക്കുന്നവർ, ഒരു കൂരയ്ക്ക് കീഴിൽ കഴിയുന്ന കുടുംബങ്ങൾ

മുതലായവയിൽ മലങ്കര കത്തോലിക്കരെന്ന നിലയിൽ അർത്ഥപൂർണ്ണമായും ക്രിയാത്മകമായും ജീവിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ഉതകുന്ന ഉപദേശം ആവശ്യമായ സാഹചര്യങ്ങളിൽ നൽകണം. ഇത്തരം കുടുംബങ്ങളെ കൈകാര്യം ചെയ്യുന്നതിൽ അജപാലകർക്കും സവിശേഷമായ പരിശീലനം നൽകണം.

വിശ്വാസമുപേക്ഷിക്കുന്നവരെയും നിർമതത്വം സ്വീകരിച്ചവരെയും വിശ്വാസത്തിലുറപ്പിക്കാൻ ഉതകുന്ന കർമ്മ പദ്ധതികൾക്ക് രൂപം നൽകണം.

സഭയ്ക്കെതിരെ നടക്കുന്ന പ്രചരണങ്ങൾ, വിശ്വാസത്തെ വിലയിടിച്ചുകാണിക്കുന്ന പ്രവണതകൾ ഇവയ്ക്കെതിരെ നവമാധ്യമങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ചാനലുകൾ മുതലായവ വിവേചനത്തോടെ ഉപയോഗിക്കണം. സഭാകൂട്ടായ്മയിൽ നിന്ന് തെരഞ്ഞെടുക്കുന്ന യുവാക്കൾക്ക് മീഡിയാ പരിശീലനം നൽകുന്നതും ഉചിതമായിരിക്കും.

## 7. അജപാലന പദ്ധതി

കുടുംബങ്ങളെ ദൈവത്തിന്റെ കൃപയുടെ നൂതനമായ തുടരനുഭവങ്ങളിലേക്ക് നയിക്കാൻ ഉതകുന്ന ഒരു അജപാലന പദ്ധതി സഭാ അസംബ്ലിയിലെ വിശദമായ ചർച്ചയിൽ ഉരുത്തിരിയുന്നതായിരിക്കും. ചില പ്രാഥമികാഭിമുഖ്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ.

**വിവര സമാഹരണം, വിതരണം:** രൂപതകൾ കേന്ദ്രമാക്കി, കുടുംബങ്ങളുടെ കെട്ടുറപ്പ് വർദ്ധിപ്പിക്കുന്നതിനുതകുന്ന വിവരങ്ങൾ സമാഹരിക്കണം. ശാസ്ത്രീയവും കാര്യക്ഷമവുമായ അജപാലന സമീപനങ്ങൾ രൂപപ്പെടുത്തുന്നതിനും അടിസ്ഥാന സഹായങ്ങൾ ലഭ്യമായവർക്ക് പരമാവധി വേഗത്തിൽ ലഭ്യമാക്കുന്നതിനും ഉതകുന്ന വിധത്തിൽ ഒരു കേന്ദ്രീകൃത ഡേറ്റാ ബേയ്സ് രൂപീകരിക്കണം. ആനുകാലിക കുടുംബങ്ങൾ അനുഭവിക്കുന്ന വെല്ലുവിളികളെ ശാസ്ത്രീയമായി പഠിക്കാനുതകുന്ന എല്ലാ വിവരങ്ങളും ശേഖരിക്കാം. സാമ്പത്തിക പരാധീനതകൾ, തൊഴിൽ ദൗർലഭ്യം, കുടിയേറ്റവും പ്രവാസവും, വേർപിരിയലിന്റെ അനുഭവമുള്ള കുടുംബങ്ങൾ, വിശ്വാസവിപരീതമായ ദാമ്പത്യബന്ധങ്ങൾ, അഡിക്ഷൻ പ്രശ്നമാകുന്ന കുടുംബങ്ങൾ, സ്ഥിര രോഗികളും ഭിന്നശേഷിക്കാരുമുള്ള കുടുംബങ്ങൾ, വിധവകൾ, വിഭാര്യർ, ഒറ്റയ്ക്ക് ജീവിക്കുന്നവർ, മക്കൾ അരികിലില്ലാത്ത മാതാപിതാക്കൾ എന്നിങ്ങനെ കുടുംബ അജപാലനത്തെ സഹായിക്കുന്ന എല്ലാ വിവരങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

അജപാലകർക്ക് സഹായമാകുന്ന വിധത്തിൽ ഈ വിവരങ്ങൾ സുരക്ഷിതമായും സ്വകാര്യത ഉറപ്പാക്കിയും കൈമാറാവുന്നതാണ്. ഈ ഡേറ്റാബെയ്സ് ആനുകാലികമായി പരിഷ്കരിക്കുന്നതിനുള്ള മാർഗങ്ങളുണ്ടാവണം. സമാഹരണത്തിനും പരിഷ്കരണത്തിനും എം.സി.വൈ.എം. പോലെ എല്ലാ ഇടവകകളിലും വേരുകളുള്ള ഒരു സംഘടനയെ നിയോഗിക്കാവുന്നതാണ്.

**ഗുണാത്മകമായ കാഴ്ചപ്പാട്:** പുണ്യങ്ങളിൽ അധിഷ്ഠിതമായ ഒരു പോസിറ്റീവ് സമീപനം കുടുംബങ്ങളെക്കുറിച്ച് രൂപപ്പെടുത്തണം. പുണ്യജീവിതത്തെ സംബന്ധിച്ച് കുടുംബം ഒരു ബാധ്യതയല്ല അനന്തമായ സാധ്യതകളുടെ ഇടമാണെന്ന സത്യം അജപാലകർ ഉയർത്തിക്കാട്ടണം. വിവാഹിതർ സഭയിൽ രണ്ടാം തരക്കാരല്ലെന്നും കുടുംബങ്ങളിലെ ക്രിസ്തീയ ജീവിതത്തെ പരിപോഷിപ്പിക്കാൻ നിയോഗിക്കപ്പെട്ട ശുശ്രൂഷകർ മാത്രമാണ് അജപാലകരും സമർപ്പിത

ജീവിതക്കാരും എന്ന കാഴ്ചപ്പാട് സ്വീകരിക്കണം. ഗാർഹിക സഭകളെന്ന നിലയിൽ കുടുംബങ്ങളെ കൃപാവരങ്ങളിലും, വിശുദ്ധീകരണം, വചനപ്രഘോഷണം, കർമ്മനിരതമായ ജീവിതം എന്നീ പൗരോഹിത്യ ധർമ്മങ്ങളിൽ അവർക്കുചിതമായ രീതിയിൽ പങ്കാളികളാകുന്നതിനു ശക്തിപ്പെടുത്തുകയും വേണം.

കുടുംബത്തെ സംബന്ധിച്ച് അജപാലനപരമായ ഔൽസുക്യവും കരുണാപൂർണ്ണമായ സമീപനങ്ങളും നമ്മുടെ സമൂഹത്തിൽ പ്രായോഗികമാക്കാനുള്ള എല്ലാ നടപടികളും സഭയോന്നിച്ച് സ്വീകരിക്കണം.

വിവാഹവും ലൈംഗികജീവിതവും കുടുംബങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് സഭ നൽകുന്ന പ്രബോധനങ്ങൾ യഥാസമയം ഇടവക കൂട്ടായ്മകളിൽ പരിചയപ്പെടുത്തുന്നതിനും കാഴ്ചപ്പാടുകൾ പകർന്നുനൽകുന്നതിനും സ്ഥിരം ക്രമീകരണമുണ്ടാകണം.

സാമ്പത്തികമായ ക്ലേശവും, അനാഥത്വവും അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സഭ അവർക്ക് സമീപസ്ഥയാണെന്ന ബോധ്യമുണ്ടാകാൻ ഉതകുന്ന നിലപാടുകൾ രൂപീകരിക്കണം.

**കുടുംബ കൂട്ടായ്മകൾ:** ഇടവകകൾക്ക് പുറമെ കുടുംബങ്ങൾ ഒരുമിച്ചുവരുന്ന വേദികളെ - പ്രാർത്ഥനാകൂട്ടായ്മകൾ, കുടുംബയോഗങ്ങൾ, ചെറു സഹകരണസംഘങ്ങൾ മുതലായ - സഭയുടെ ഔപചാരികമായ സാമൂഹ്യകർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ എങ്ങനെ ഉൾപ്പെടുത്താം എന്നതിനെപ്പറ്റി കൂടുതൽ വ്യക്തമായ കാഴ്ചപ്പാടുകൾ രൂപീകരിക്കണം.

**പരിശീലനം:** കുടുംബങ്ങളെ കൂടുതൽ മെച്ചമായി ശുശ്രൂഷിക്കാൻ ഭാവി അജപാലകരെ സജ്ജമാക്കാൻ ഉതകുന്ന രീതിയിൽ വൈദിക പരിശീലന പദ്ധതി പരിഷ്കരിക്കണം. വൈദികരോടൊപ്പം കുടുംബങ്ങളുടെ അജപാലനത്തിൽ സഹകരിക്കുന്നവർക്കും ഉചിതമായ പരിശീലനം നൽകേണ്ടതാണ്.

## അടിക്കുറിപ്പുകൾ

[1] ഫ്രാൻസിസ് പാപ്പാ, ആനന്ദിക്കുവിൻ ആഹ്ലാദിക്കുവിൻ, 7. വിശുദ്ധിയുടെ അനുദിന മാതൃകകളായി പാപ്പാ ഇവരെ ഉയർത്തിക്കാട്ടുന്നു.

[2] ഇഞ്ചക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, (മെത്രാഭിഷേകദിനത്തിലെ മറുപടി പ്രസംഗത്തിൽ നിന്നുള്ള ഉദ്ധരണി) 2012 എഡിഷൻ, 181.

[3] 1994-ൽ അമേരിക്കയിലെ നാഷണൽ മലങ്കര കാത്തലിക് കൺവെൻഷനിൽ നൽകിയ സന്ദേശം.

[4] ബസേലിയോസ് ക്ലീമീസ് ബാവാ. സഭക്കും സമൂഹത്തിനുമായി, 197.

[5] *ഇൻസ്ട്രുമെന്തും ലബോറിസ്,* 4.

[6] അസംബ്ലി നൽകിയ പ്രായോഗിക നിർദ്ദേശങ്ങൾ 2. Acts of the Synod, 312-14.

[7] ഉദാ. ഫമിലിയാരിസ് കൊൺസോർസ്യോ 77-83; അമോരിസ് ലെത്തീസ്യ 32-54; 151-238)

[8] ഹിപ്പോയിലെ വി. അഗസ്തിനോസ് ദേ ബോനോ കോൺയുഗാലി എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിനു മുൻപും അനുരണനങ്ങളുള്ള ഈ പ്രബോധനത്തിന് നിയതരൂപം നൽകിയത്. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന ലാറ്റിൻ പദപ്രയോഗങ്ങൾ അദ്ദേഹത്തിന്റേതാണ്.

[9] സഭ ആധുനിക ലോകത്തിൽ 48:1, പൗ. കാനോന 776, 1.

[10] പൗരസ്ത്യ കാനോൻ നിയമം 776 & 1-3.

[11] മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമം, കൂദാശക്രമം (2008), 78-79

[12] 'സഭയാം തിരുസഭയാമീ ഞാൻ' എന്ന ഗീതം, മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമം, കൂദാശക്രമം (2008), 56-57.

[13] സഭ ആധുനിക ലോകത്തിൽ 48

[14] മതബോധനഗ്രന്ഥം 1640

[15] സഭ ആധുനിക ലേകാത്തിൽ 48:2

[16] മലങ്കര ആരാധനാക്രമം.

[17] അമോരിസ് ലെത്തീസ്യ, 296-312.

[18] തിരുസ്സഭ, 11

[19] ഫമിലിയാരിസ് കൊൺസോർസ്യോ, 56.

[20] ഫമിലിയാരിസ് കൊൺസോർസ്യോ, 39.

[21] വി. ജോൺപോൾ മാർപ്പാപ്പാ, 1979 ജനുവരി 28-ലെ വി. കുർബാനയിലെ പ്രഭാഷണത്തിൽ നിന്ന്.

[22] അമോരിസ് ലെത്തീസ്യ, 11

[23] അമോരിസ് ലെത്തീസ്യ, 91-119

[24] മതബോധന ഗ്രന്ഥം 1641

[25] വിവാഹത്തിന്റെ ഒന്നാം ശുശ്രൂഷയുടെ സമാപനത്തിൽ ദമ്പതികൾക്ക് വേണ്ടിയുള്ള പ്രാർത്ഥന

[26] അമോരിസ് ലെത്തീസ്യ, 21.

[27] ഫമിലിയാരിസ് കൊൺസോർസ്യോ, 13.

[28] ഫമിലിയാരിസ് കൊൺസോർസ്യോ, 57.

[29] ഫമിലിയാരിസ് കൊൺസോർസ്യോ, 19.

[30] അമോരിസ് ലെത്തീസ്യ, 151.

[31] ജോൺ പോൾ പാപ്പായുടെ പ്രബോധനത്തിൽ നിന്നുള്ള ഉദ്ധരണി, അമോരിസ് ലെത്തീസ്യ, 151.

[32] ഫമിലിയാരിസ് കൊൺസോർസ്യോ, 19.

[33] ഫമിലിയാരിസ് കൊൺസോർസ്യോ, 21 പോലെയുള്ള രേഖകളിൽ പരി. പിതാക്കന്മാർ തന്നെ ഈ ഇടർച്ചയെ ശ്രദ്ധിക്കുന്നതായി കാണാം.

[34] രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭ ആധുനികലോകത്തിൽ, 48.

[35] താഴെ നമ്പർ 36-ലുള്ള വിശദീകരണം കാണുക.

[36] ഉദാ. അമോരിസ് ലെത്തീസ്യ 45-47.

[37] അമോരിസ് ലെത്തീസ്യ, 199-258; 291-312.

[38] അമോരിസ് ലെത്തീസ്യ 293-4

[39] അമോരിസ് ലെത്തീസ്യ, 199-258; 291-312.
[40] അമോരിസ് ലെത്തീസ്യ, 241.
[41] അമോരിസ് ലെത്തീസ്യ, 296-7
[42] Mitis Misericors lesus. ഇത് പൗരസ്ത്യ സഭകൾക്കുള്ള നിയമനിർമ്മാണമാണ്. പാശ്ചാത്യസഭക്കുള്ള സമാനമായ രേഖ Mitis ludex Dominus lesus ആണ്.
[43] അമോരിസ് ലെത്തീസ്യ, 244.
[44] അമോരിസ് ലെത്തീസ്യ, 243.
[45] അമോരിസ് ലെത്തീസ്യ, 245-246.
[46] അമോരിസ് ലെത്തീസ്യ, 299.
[47] ഫമിലിയാരിസ് കൊൺസോർസ്യോ, 27.
[48] അമോരിസ് ലെത്തീസ്യ, 191.
[49] The Law of Gradualness, ഇത് പരി. ജോൺ പോൾ മാർപാപ്പായുടെ ആശയമാണ്. ഫമിലിയാരിസ് കൊൺസോർസ്യോ, 34. അമോരിസ് ലെത്തീസ്യ, 112-125-ൽ ഫ്രാൻസിസ് പാപ്പ ഇതേ കാര്യം മറ്റു വാക്കുകളിൽ വിശദീകരിക്കുന്നുണ്ട്.
[50] അമോരിസ് ലെത്തീസ്യ, 119.
[51] ഫമിലിയാരിസ് കൊൺസോർസ്യോ, 16.
[52] അമോരിസ് ലെത്തീസ്യ, 161
[53] അമോരിസ് ലെത്തീസ്യ, 11.
[54] അമോരിസ് ലെത്തീസ്യ, 13.
[55] സ്ത്രൊമാത്തേയിസ്, 3,10.68.
[56] ദേ ബോനോ കോൺയുഗാലി, 16, 18.
[57] തീത്തോസിനെഴുതിയ ലേഖനത്തിന്മേലുള്ള പ്രഭാഷണം 5
[58] റോമാ ലേഖനത്തിന്മേലുള്ള പ്രഭാഷണം 24
[59] എഫേസ്യ ലേഖനത്തിന്റെ അഞ്ചാം അധ്യായത്തിന്മേലുള്ള പ്രഭാഷണം 20.
[60] വന്ധ്യംകരണവും ജനന നിയന്ത്രണോപാധികളും സംബന്ധിച്ച് വിശദമായി വായിക്കാൻ, ഹുമാനേ വീത്തേ (1968), കാണുക. പൊതുവായി സഭാപ്രബോധനത്തിന്റെ ചുരുക്കം ഏവൻഗേലിയും വീത്തെ 12-17-ൽ ഉണ്ട്.
[61] ദിവീനി ഇല്ലിയൂസ് മജിസ്ത്രി (1926), 11-12.
[62] അമോരിസ് ലെത്തീസ്യ, 80; മതബോധന ഗ്രന്ഥം 2366.
[63] അമോരിസ് ലെത്തീസ്യ, 82.
[64] സൊളിചിത്തൂദോ റേയി സോച്യാലിസ്, 25.
[65] സ്വാഭാവിക ജനനനിയന്ത്രണം പ്രോൽസാഹിപ്പിക്കുന്നതിനെപ്പറ്റി ജോൺ പോൾ മാർപാപ്പാ ഏവൻ ഗേലിയും വീത്തേ 88-ൽ പരാമർശിക്കുന്നുണ്ട്.
[66] ഉല്പത്തി പുസ്തക വ്യാഖ്യാനം, 9,7.
[67] അമോരിസ് ലെത്തീസ്യ, 178-179.
[68] ഡിഡാക്കെ, 2.
[69] അമോരിസ് ലെത്തീസ്യ, 83
[70] ഏവൻഗേലിയും വീത്തേ, 64-65.
[71] ലൗദാത്തോസി, 213.
[72] പൊങ്ങച്ചത്തെയും വിദ്യാഭ്യാസത്തെയും പറ്റി, 22.
[73] മതബോധന ഗ്രന്ഥം, 2225.
[74] മതബോധന ഗ്രന്ഥം, 2226.
[75] വിശ്വാസത്തിന്റെ കവാടം, 3,9,11.
[76] വിശ്വാസത്തിന്റെ കവാടം, 4.
[77] തിരുസ്സഭ, 11.
[78] മലങ്കര കത്തോലിക്കാ സഭ, മൂറോനഭിഷേകത്തിന്റെ ക്രമം, കൂദാശക്രമം, 2008, 34.
[79] മീദിയാത്തോർ ദേയി, 165.